# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## യെരുശലേം വിഭാഗം

### പാഠാവലി എട്ട്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 2572890

**AN OSSAE PUBLICATION**
**Sunday School Padavali-VIII**
First Edition: December 2014
Second Edition: October 2015
Copies 8,000
Price ₹ 60.00
Printed at Alois Graphics, Kottayam
aloisgraphics@gmail.com

# പ്രവേശിക

വിദ്യാഭ്യാസം സംശുദ്ധവും വിജയകരവുമായ ജീവിതത്തിന് ഇളം തലമുറയെ പരിശീലിപ്പിച്ച് തയ്യാറാക്കുന്ന തുടർപ്രക്രിയയും ഭാവിയിലേക്കുള്ള സമൂഹനന്മയുടെ നിക്ഷേപവുമാണ്. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ മതങ്ങളും രാഷ്ട്രങ്ങളും പ്രത്യയശാസ്ത്രങ്ങൾപോലും പ്രയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ “ക്രിസ്തീയ വിദ്യാഭ്യാസം” എന്നത് സഭയുടെ ഒരു ministry (ശുശ്രൂഷ) ആയിട്ടാണ് പരിഗണിക്കുന്നത്.

ഭൗതിക വിദ്യാഭ്യാസം ഇന്ന് ഏറെ പരിവർത്തനവിധേയമായിട്ടുണ്ട് എന്നു മാത്രമല്ല, വിദ്യാഭ്യാസപദ്ധതികൾ താത്വികാടിസ്ഥാനങ്ങൾ, ഉള്ളടക്കം, ബോധനരീതികൾ, പഠിതാക്കളുടെ വിശാലപങ്കാളിത്തം, മൂല്യനിർണ്ണയ രീതികൾ, അടിസ്ഥാനവിദ്യാഭ്യാസം എന്നിവകളിൽ കൂടുതൽ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടന്നുകൊണ്ടുമിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഈ രംഗത്ത് പരിണാമങ്ങൾ ഉണ്ടാകുന്നത് അനിവാര്യമാണ്.

സൺഡേസ്കൂൾ ഊന്നൽ നൽകുന്ന “ജീവിതവിദ്യാഭ്യാസം” ഭൗതിക വിദ്യാഭ്യാസസമ്പ്രദായങ്ങളുടെ തനിപ്പകർപ്പല്ല. അതിന് തനതായ ഉദ്ദേശ്യലക്ഷ്യങ്ങളും ദർശനങ്ങളുമുണ്ട്. എന്നാൽ ആധുനിക ബോധനശാസ്ത്രത്തിലെ സ്വീകാര്യമായ ചില സങ്കേതങ്ങൾ സൺഡേസ്കൂൾ പഠനപദ്ധതി ആവിഷ്കരിച്ചെടുക്കുന്നതിൽ തെറ്റില്ല; എന്നാൽ ഓർത്തഡോക്സ് ദർശനങ്ങൾ വിസ്മൃതമാകാതിരിക്കാൻ ജാഗ്രത വേണമെന്നുമാത്രം.

ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പാഠ്യപദ്ധതി സമ്പൂർണ്ണമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ധീരമായ ഒരു തീരുമാനമെടുത്തത് ശുഭോദർക്കമാണ്. ഈദൃശ്യ സംഗതികളിൽ താല്പര്യവും അവഗാഹവുമുള്ളവരുടെ ഒരു സംഘം, തുടർച്ചയായ പഠനവും സംവാദവും സംശോധനയും നടത്തിക്കൊണ്ടാണ് ഓരോ പാഠവും തയ്യാറാക്കുന്നത്. അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പ്രത്യേക സംവിധാനവുമുണ്ട്. പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സമാനമായി തയ്യാറാക്കുകയാണ്. വിദേശരാജ്യങ്ങളിൽ ഈ പാഠ്യപദ്ധതിയുടെ ഘടന അടിസ്ഥാനമാക്കി, പ്രാദേശികവും പ്രസക്തവും ഭാഷാപരവുമായി അനിവാര്യമായ വ്യത്യാസങ്ങളോടെ ഇത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ അടിസ്ഥാനങ്ങളും പൊതുഘടകങ്ങളും മാറ്റാൻ പാടുള്ളതല്ല. സഭയെയും യേശുവിന്റെ അരുമകളായ കുഞ്ഞുങ്ങളെയും സ്നേഹിക്കുന്നവർ ഈ സദുദ്ദേശത്തെ സഹർഷം സ്വാഗതം ചെയ്യും എന്ന പ്രത്യാശയോടെ ഈ ഉദ്യമത്തെ പരിശുദ്ധ സഭയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

*പ്രസിഡന്റ്, ഓർത്തഡോക്സ് സിറിയൻ*
*സൺഡേസ്കൂൾ അസ്സോസിയേഷൻ*

## പാഠങ്ങൾ തയ്യാറാക്കിയവർ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ. വി. തോമസ്

ഫാ. ഡോ. റജി മാത്യൂസ്

ഫാ. കെ. വി. ഏലിയാസ്

ഫാ. യൂഹാനോൻ ജോൺ

ഫാ. തോമസ് വറുഗീസ്

ഫാ. ബ്രിൻസ് മാത്യു

പ്രൊഫ. ചെറിയാൻ തോമസ്

## ആമുഖം

വിദ്യാഭ്യാസമേഖലയിൽ അദ്ധ്യയനരീതിയിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതിയും പരിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഉള്ള പാഠപുസ്തകങ്ങൾ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് പ്രസ്താവിക്കുന്നതിൽ സന്തോഷിക്കുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് നേതൃത്വം നൽകിയത് സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. ഒ. തോമസ് അച്ചൻ കൺവീനറായും പ്രൊഫ. ഡോ. സാം വി. ദാനിയേൽ എക്സിക്യൂട്ടീവ് എഡിറ്ററായും നേതൃത്വം കൊടുത്ത ഒരു കരിക്കുലം കമ്മറ്റിയാണ് ഈ പരിഷ്കരണത്തിന് നേതൃത്വം കൊടുത്തത്. ഇതിലെ വിവിധ യൂണിറ്റിലെ പാഠങ്ങൾ തയ്യാറാക്കിയവരുടെ സേവനം നിസ്തുലമാണ്. എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ലോകജ്ഞാനത്തിനായുള്ള പരക്കംപാച്ചിലിനിടയിൽ ദൈവികജ്ഞാനം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ ക്രിസ്തീയജീവിതം പൂർണ്ണമാകയില്ലായെന്ന് കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും മനസ്സിലാക്കണം. ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യസ്നേഹബന്ധമാണ് സൺഡേസ്കൂൾ അദ്ധ്യയനത്തിന്റെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേയ്ക്ക് സംവേദിക്കുവാൻ ഇതിലെ അവതരണരീതി അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ദേവലോകം<br>1-10-2015

**ഫാ. ഡോ. റെജി മാത്യു**<br>*ഡയറക്ടർ ജനറൽ*

# എഡിറ്റോറിയൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി കാലാനുസൃതമായി സമ്പൂർണ്ണമായി പരിഷ്ക്കരിച്ചിരിക്കുന്നു. പാഠങ്ങളുടെ ഉള്ളടക്കത്തിലും ഘടനയിലും സമഗ്രമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. സൺഡേസ്കൂൾ പഠനം നിങ്ങൾക്ക് അനുഭവവേദ്യമാകുവാനും, നിങ്ങൾ പഠനം ആസ്വദിക്കുവാനുമായി വൈവിധ്യമാർന്ന അനുഭവങ്ങളാണ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

ഇതിലെ യരുശലേം എന്ന വിഭാഗത്തിലെ എട്ടാം ക്ലാസിലേക്കുള്ള പാഠപുസ്തകമാണിത്. സൺഡേസ്കൂൾ ക്ലാസ്സുകളിൽ ആദിയോടന്തം ശ്രദ്ധയോടെ പങ്കെടുക്കണം. ക്ലാസുകൾ ഒരിക്കലും മുടക്കരുത്. അദ്ധ്യാപകരോട് വളരെ സ്നേഹത്തോടും ആദരവോടും കൂടെ ഇടപെടണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ ഗ്രൂപ്പായി ചർച്ചകളും അഭിനയങ്ങളും നടത്തണം. പാഠഭാഗങ്ങൾ ക്ലാസിൽ പഠിപ്പിക്കുന്നതിനു മുമ്പായിത്തന്നെ നന്നായി വായിച്ച് കഴിയുന്നത്ര കാര്യങ്ങൾ മനസ്സിലാക്കി വേണം ക്ലാസിൽ എത്താൻ. അപ്പോൾ നിങ്ങൾക്ക് നല്ല സംശയങ്ങൾ ചോദിക്കുവാനും, പഠനം ആസ്വദിക്കുവാനും കഴിയും. ഈ പുസ്തകത്തിലെ വിവിധ പാഠങ്ങളുടെ ഘടന ഒന്ന് പരിചയപ്പെടുത്താം.

## 1. പാഠോദ്ദേശ്യങ്ങൾ

ഓരോ പാഠവും പഠിച്ചു കഴിയുമ്പോൾ നിങ്ങളുടെ ബുദ്ധിയിലും സ്വഭാവത്തിലും ഉണ്ടാകേണ്ട മാറ്റങ്ങളാണ് ഇവിടെ പഠനോദ്യേശ്യങ്ങളായി നൽകിയിരിക്കുന്നത്. സൺഡേസ്കൂൾ പഠനത്തിന്റെ ആത്യന്തികലക്ഷ്യം- “ഒരു ഉത്തമ ദൈവ പൈതലായി ജീവിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അഥവാ നിത്യജീവന്റെ അവകാശിയായിത്തീരുക” എന്നതാണ്. ആ ലക്ഷ്യം നിറവേറുവാൻ തക്കവണ്ണം പ്രാർത്ഥന, നോമ്പ്, അനുഷ്ഠാനങ്ങൾ, തിരുവചന ധ്യാനം, ആരാധന, നല്ല ശീലങ്ങൾ, വിശ്വാസസത്യങ്ങൾ തുടങ്ങിയ വിവിധ പാഠങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസിൽ പഠനത്തോടൊപ്പം പ്രാർത്ഥിക്കുവാനും, പാട്ടുപാടുവാനും, അഭിനയിക്കുവാനും, ചർച്ച ചെയ്യുവാനും ഒക്കെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ഈ ലക്ഷ്യങ്ങൾ നേടുവാൻ നമുക്ക് കഴിയും.

## 2. മനഃപാഠവാക്യം

ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വാക്യം ഓരോ ക്ലാസിനും ശേഷം ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം വേദപുസ്തകത്തിൽ നിന്നു തന്നെ വായിച്ച് പല പ്രാവശ്യം പറഞ്ഞ് പഠിക്കണം. അതിന്റെ അർത്ഥവും സന്ദർഭവും മനസ്സിലാക്കണം. അടുത്ത ക്ലാസിൽ ഈ വാക്യവും അതിന്റെ റഫറൻസും കാണാതെ പറഞ്ഞു കേൾപ്പിക്കുവാൻ ഉത്സാഹിക്കണം.

## 3. പഠന സഹായികൾ

ഓരോ പാഠഭാഗവും നന്നായി മനസ്സിലാക്കുവാനായി ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം (പാമ്പാക്കുടനമസ്ക്കാരം), ചാർട്ടുകൾ തുടങ്ങിയവ ഈ ഭാഗത്ത് നൽകിയിരിക്കുന്നു. ഇവ പഠനത്തിനായി ഉപയോഗപ്പെടുത്തുവാൻ അദ്ധ്യാപകരെ സഹായിക്കണം. വീട്ടിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ഉള്ളവർക്ക് വെബ്സൈറ്റിൽനിന്നും ധാരാളം ചിത്രങ്ങളും, വിശദാംശങ്ങളും ലഭിക്കുന്നതാണ്. അവയും നിങ്ങൾ പ്രയോജനപ്പെടുത്തണം. കൂടാതെ സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ, തിരുവചനഭാഷ്യം, ബൈബിൾ നിഘണ്ടു തുടങ്ങിയ ഗ്രന്ഥങ്ങൾ പരിശോധിച്ച് പാഠപുസ്തകത്തിലെ ചുരുങ്ങിയ ആശയങ്ങളെ നിങ്ങൾക്ക് ആഴത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ആശയങ്ങൾ നിങ്ങൾ ഡയറിയിൽ കുറിച്ചുവച്ച് പഠിക്കണം.

## 4. ആമുഖം

പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി മനസ്സിലാക്കുവാൻവേണ്ടി വളരെ ലളിതമായ ഒരു തുടക്കമാണ് ഈ ഭാഗത്ത് നൽകിയിരിക്കുന്നത്. നിങ്ങൾ കേട്ടിട്ടുള്ളതും, കണ്ടിട്ടുള്ളതും, നിങ്ങൾക്ക് വളരെ പരിചയമുള്ളതുമായ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ ഈ ഭാഗം വായിച്ചിട്ടുമാത്രമേ പാഠഭാഗം പഠിക്കുവാൻ തുടങ്ങാവൂ.

## 5. പാഠഭാഗം

പാഠത്തിന്റെ ഉള്ളടക്കമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇത് കഴിയുന്നത്ര ലളിതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ബുദ്ധിമുട്ടുള്ളവ അദ്ധ്യാപകർ ക്ലാസിൽ പഠിപ്പിക്കുമ്പോൾ ശ്രദ്ധയോടെ മനസ്സിലാക്കണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ നിങ്ങൾ മിണ്ടാതെയിരുന്ന് കേൾക്കുന്നവർ മാത്രമാകരുത്. അദ്ധ്യാപകരോടൊത്ത് നിങ്ങളും സജീവമായി പഠനത്തിൽ പങ്കെടുക്കണം. പഠനത്തിൽ നല്ല ഉത്സാഹമുള്ളവരായിരിക്കണം. വി. വേദപുസ്തകം, നോട്ടുബുക്ക്, പേന, പാഠപുസ്തകം ഇവ എല്ലാ ക്ലാസിലും കൊണ്ടുപോകണം. വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം ഇവ വീട്ടിൽ വന്ന് നോക്കി പാടുകയും, പ്രാർത്ഥിക്കുകയും ചെയ്യണം. പഠനത്തിനിടയിൽ ഒരു തിരിഞ്ഞുനോട്ടത്തിനായി അല്പം നിർത്താം..... ചിന്തിക്കാം..... എന്നൊരു ഭാഗം നൽകിയിട്ടുണ്ട്. പഠിച്ച അത്രയും ഭാഗത്തുനിന്നുള്ള രണ്ടോ മൂന്നോ ചോദ്യങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇവ അദ്ധ്യാപകർ ചോദിക്കുമ്പോൾ നന്നായി ഉത്തരം നൽകണം. ഇതുപോലെ പലയിടത്തും ആരാധനാഗീതങ്ങളും, പ്രാർത്ഥനകളും ഒക്കെ പരിചയപ്പെടുത്തുന്നുണ്ട്. വി. വേദപുസ്തകം ക്ലാസിൽ ഉടനീളം ഉപയോഗപ്പെടുത്തണം. അദ്ധ്യാപകർ ഒരു വാക്യം പറയുമ്പോൾത്തന്നെ അത് എടുത്ത് വായിച്ചു കേൾപ്പിക്കണം.

പ്രാർത്ഥന, ആരാധനാഗീതം, എന്റെ സഭ, വിശ്വാസസത്യങ്ങൾ, വി. കുർബ്ബാന ഒരു പഠനം, മഹദ്‌വ്യക്തിപരിചയം, നല്ല ശീലങ്ങൾ ഇവയ്ക്കെല്ലാം പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. ''പ്രാർത്ഥന'' എന്ന യൂണിറ്റിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുന്ന കുടുംബാരാധന ക്രമത്തിലെ പ്രാർത്ഥനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഭവനത്തിൽ പ്രാർത്ഥിച്ചുതന്നെ മന:പാഠമാക്കുവാൻ ശ്രദ്ധിക്കണം. ഭവനത്തിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുവാൻ ഉത്സാഹിക്കണം. 'ആരാധനാ ഗീതങ്ങൾ' എന്ന ഭാഗത്ത് വി. കുർബ്ബാനയിലെ ഗീതങ്ങളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. അത് നന്നായി പഠിച്ച് അർത്ഥം മനസ്സിലാക്കി, വി. കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ, ചൊല്ലുകയും അങ്ങനെ അവ മന:പാഠമാക്കുകയും വേണം. 'മഹദ്‌വ്യക്തിപരിചയം' എന്ന യൂണിറ്റിൽ സഭാപിതാക്കന്മാരുടെ ജീവിതചരിത്രമാണ് പഠിക്കുന്നത്. ഇതോടൊപ്പം അവരെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാനും, കബറിടങ്ങൾ സന്ദർശിക്കുവാനും, ജീവചരിത്രപുസ്തകങ്ങൾ വായിക്കുവാനും ഉത്സാഹിക്കണം. ചുരുക്കത്തിൽ പാഠഭാഗത്ത് പഠിക്കുന്ന ആശയങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കണം.

## 6. നമുക്ക് ചിന്തിക്കാം

പാഠഭാഗത്തിലെ ആശയങ്ങളെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട ചില ചോദ്യങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇവ ടീച്ചർ ക്ലാസിൽ ചോദിക്കുമ്പോൾ നിങ്ങൾ നന്നായി ഉത്തരം നൽകണം. വീട്ടിൽ വച്ച് ഇവയുടെ ഉത്തരങ്ങൾ ചിന്തിക്കുകയും, ഡയറിയിൽ കുറിച്ചു വയ്ക്കുകയുമാകാം. ഇത് പഠനത്തിനുമുമ്പും ബുദ്ധിമുട്ടുള്ളവ പഠനത്തിനുശേഷവും ചെയ്യണം.

## 7. പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും പ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുക, ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക, റോൾപ്ലെ/സ്ക്കിറ്റ്/മൈം/സംഭാഷണങ്ങൾ തുടങ്ങിയവ അഭിനയിക്കുക, ഡയറിക്കുറിപ്പ് തയ്യാറാക്കുക, ചാർട്ടുകൾ നിർമ്മിക്കുക തുടങ്ങിയ രസകരങ്ങളായ പ്രവർത്തനങ്ങളാണ് ഇവയെല്ലാം. ഇതു നന്നായി ചെയ്യുന്നപക്ഷം നിങ്ങൾ പഠനത്തെ ഇഷ്ടപ്പെടുകയും പഠിച്ച ആശയങ്ങൾ നന്നായി മനസ്സിലാക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും അത് സഹായിക്കുകയും ചെയ്യും.

## 8. നമുക്ക് പാടാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. എല്ലാവരും നല്ല ഉത്സാഹത്തോടെ ഈ ഗീതങ്ങൾ ചൊല്ലണം. ഈ പുസ്തകത്തിൽ നൽകിയിട്ടുള്ളത് വി. കുർബ്ബാനയിൽ പ്രത്യേക ദിവസങ്ങളിൽ ഉപയോഗിക്കുന്ന ഗീതങ്ങളാണ് അധികവും. വി. കുർബ്ബാന ക്രമത്തിൽ അവസാന ഭാഗത്ത് നൽകിയിരിക്കുന്ന പ്രത്യേക ദിവസങ്ങളിലെ ഗീതങ്ങളാണ് ഇവ. ക്ലാസിൽ ടീച്ചറോടൊപ്പം പാഠപുസ്തകത്തിൽ നിന്ന് ഇവ ചൊല്ലുകയും ഭവനത്തിൽവന്ന് വി. കുർബ്ബാനക്രമം നോക്കി നന്നായി വീണ്ടും ചൊല്ലിപഠിക്കുകയും വേണം. ഇതോടൊപ്പം വി. കുർബ്ബാന ക്രമത്തിൽ ആ ഭാഗത്ത് നൽകിയിട്ടുള്ള മറ്റ് ഗീതങ്ങളും ചൊല്ലി ആസ്വദിക്കാവുന്നതാണ്. ഈ ഭാഗത്ത് നൽകിയിട്ടുള്ള ഗീതങ്ങൾ പരീക്ഷയ്ക്ക് ചോദ്യങ്ങളിൽ ഉൾപ്പെടുത്തുന്നതല്ല.

## 9. നിശ്ചയം

ഓരോ പാഠത്തിന്റെയും അവസാനം നിങ്ങൾ കൈക്കൊള്ളേണ്ട ഒരു തീരുമാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ വാചകങ്ങൾ ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ചേർന്ന് ഉത്സാഹത്തോടെ ഏറ്റുചൊല്ലണം. വെറുതെ യാന്ത്രികമായി ചൊല്ലുകയല്ല, മറിച്ച് നിങ്ങളുടെ ജീവിതത്തിൽ അത് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുക തന്നെ ചെയ്യണം.

## 10. നമുക്ക് പ്രാർത്ഥിക്കാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥനയോടെയാണ് ക്ലാസ് അവസാനിക്കുന്നത്. അതിനാൽ എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശ് വരച്ച് ശ്രദ്ധയോടെ പ്രാർത്ഥിക്കണം. ടീച്ചർ ചൊല്ലിത്തരുന്ന വാചകങ്ങൾ നിങ്ങൾ ഏറ്റു ചൊല്ലണം. പാമ്പാക്കുട (പ്രാർത്ഥനാക്രമം) നമസ്ക്കാര പുസ്തകത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള പ്രാർത്ഥനകളാണ് ഓരോ പാഠത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഭവനത്തിൽ ചെന്നു, ഈ പ്രാർത്ഥന പേജ് നമ്പർ നോക്കി കണ്ടുപിടിച്ച്, പ്രാർത്ഥിക്കണം. കൂടാതെ ഇതേ ഭാഗത്തുതന്നെ കൂടുതൽ പ്രാർത്ഥനകൾ പ്രാർത്ഥനാക്രമത്തിൽ നൽകിയിട്ടുണ്ട്. അവയും ശ്രദ്ധയോടെ വായിക്കേണ്ടതാണ്. നമ്മുടെ സഭാപിതാക്കന്മാർ ശ്രദ്ധയോടെ പ്രാർത്ഥിച്ചിരുന്ന മനോഹരങ്ങളായ പ്രാർത്ഥനകളാണിവ. അവ പരിചയപ്പെടുന്നതും പ്രാർത്ഥിക്കുന്നതും ജീവിതത്തിലെ ഒരു ഭാഗ്യം തന്നെയായി കരുതണം.

## 11. തുടർ വായനയ്ക്ക്

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ അടുത്ത ഒരാഴ്ച വിവിധ ദിവസങ്ങളിൽ രാവിലെയും, വൈകുന്നേരവും വായിക്കുന്നതിനും, ധ്യാനിക്കുന്നതിനുമായി ഈ ഭാഗത്ത് നൽകിയിരിക്കുകയാണ്. ഓരോ ഞായറാഴ്ചയും വൈകുന്നേരം മുതൽ അടുത്ത ഞായറാഴ്ച രാവിലെ വരെ വായിക്കുന്നതിനുള്ള വേദഭാഗങ്ങളാണ് ഇവ. സൺഡേസ്കൂൾ പഠനം ഇടമുറിയാതെ നിലനിർത്തുവാനും, തിരുവചന ധ്യാനത്തിൽ താൽപര്യം വർദ്ധിക്കുവാനും ഇത് സഹായിക്കുന്നു. ഈ തിരുവചന ഭാഗങ്ങൾ മുടങ്ങാതെ നിങ്ങൾ വൈകുന്നേരവും, പ്രഭാതത്തിലും പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുള്ള സമയത്ത് വായിച്ച് ഒരു നിമിഷം ധ്യാനിക്കണം. ഈ പരിശീലനം പതിവായ കുടുംബപ്രാർത്ഥനയ്ക്കും നിങ്ങളെ സഹായിക്കും.

യരുശലേം വിഭാഗത്തിലെ ക്ലാസിലാണ് നിങ്ങൾ എത്തിയിരിക്കുന്നത്. പാഠഭാഗങ്ങൾ സ്വയം പഠിക്കുവാനുള്ള പ്രാപ്തി നിങ്ങൾക്ക് ഉണ്ട്. ശനിയാഴ്ച രാത്രി പ്രാർത്ഥന കഴിഞ്ഞുള്ള സമയം സൺഡേസ്കൂൾ പഠനത്തിനായി നീക്കിവയ്ക്കണം. ഈ സമയത്ത് പാഠപുസ്തകം നോക്കി സ്വയമായി പഠിക്കണം. വി. വേദപുസ്തകവും, മറ്റ് പഠന സഹായികളും ഉപയോഗപ്പെടുത്തണം. ഓരോ പാഠവും വീട്ടിൽവച്ച് നന്നായി പഠിച്ച് നോട്ടുബുക്കിൽ പ്രധാന ആശയങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ആശയങ്ങളും എഴുതിവച്ച് തയ്യാറായി വേണം സൺഡേസ്കൂളിലെത്താൻ. ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ ക്ലാസിൽ ടീച്ചറോടൊത്ത് ചിന്തിക്കുകയും, ചർച്ചചെയ്യുകയും ഒക്കെ ചെയ്യാൻ സമയം ലഭിക്കുന്നതാണ്. ക്ലാസിൽ നിങ്ങൾ വളരെ ഉത്സാഹമുള്ളവരായിരിക്കണം.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീകമായി പരിശീലിപ്പിക്കുകയും, സത്യ വിശ്വാസത്തിലും, സത്യാരാധനയിലും ഉറപ്പിക്കുന്നതിലും ഗണ്യമായ പങ്കുവഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകർ ചെയ്യുന്ന സേവനം നിസ്തുലമാണ്. നിങ്ങൾ എല്ലാവരും അവരെ സ്നേഹിക്കണം, അനുസരിക്കണം, അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവർ നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് തിരിച്ചറിയണം. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും, ഭാവനാപൂർണ്ണവുമായ നടത്തിപ്പിന് നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും, പ്രിയപ്പെട്ട വിദ്യാർത്ഥികളുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായേ മതിയാവൂ. പുതിയ പാഠ്യപദ്ധതി, പഴയ രീതികളിൽ നിന്നും ഒരുനല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധയോടുകൂടി ഈ പദ്ധതിയും, ഇതിലെ പഠനരീതികളും ഉപയോഗപ്പെടുത്തണം. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, പ്രോത്സാഹനങ്ങളും ഞങ്ങളെ അറിയിക്കണമെ.

കർത്തൃശുശ്രൂഷയിൽ,

**ഡോ. സാം വി. ഡാനിയേൽ**
എക്സിക്യൂട്ടീവ് എഡിറ്റർ
ഫോൺ: 9495300773

# ഉള്ളടക്കം


**യൂണിറ്റ് 1 വേദപുസ്തക പഠനം**

*പാഠം 1* ആദിമകാല പ്രവാചകന്മാർ ............ 13
*പാഠം 2* യിസ്രായേൽ രാജ്യത്തിന്റെ വിഭജനം ............ 20
*പാഠം 3* യോശിയാവ് : ദൈവാലയ ശുദ്ധീകരണം ............ 25
*പാഠം 4* വടക്കേ രാജ്യത്തിന്റെ (യിസ്രായേൽ) പതനം ............ 28
*പാഠം 5* തെക്കേ രാജ്യത്തിന്റെ പതനം ............ 34
*പാഠം 6* മത്ഥിയാസിന്റെ തെരഞ്ഞെടുപ്പ് ............ 40
*പാഠം 7* കാത്തിരിപ്പും പെന്തിക്കോസ്തിയും ............ 45
*പാഠം 8* ആദിമ സഭയിലെ ജീവിതരീതി ............ 50
*പാഠം 9* സ്തേഫാനോസും ഫീലിപ്പോസും ............ 55
*പാഠം 10* വിശുദ്ധ പത്രോസിന്റെ പ്രേഷിത പ്രവർത്തനം ............ 60

**യൂണിറ്റ് 2 പ്രാർത്ഥന**

*പാഠം 11* മാലാഖമാരുടെ സ്തുതിപ്പ് ............ 64
*പാഠം 12* നോമ്പിലെ നമസ്കാരക്രമം ............ 70
*പാഠം 13* സൂത്താറാ പ്രാർത്ഥന (നാലാം സങ്കീർത്തനം) ............ 75

**യൂണിറ്റ് 3 ആരാധനാ ഗീതങ്ങൾ**

*പാഠം 14* ആചാര്യന്മാരുടെ കുക്കിലിയോൻ ............ 79
*പാഠം 15* പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ ............ 85

**യൂണിറ്റ് 4 എന്റെ സഭ**

*പാഠം 16* വിശുദ്ധ സഭ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ............ 91
*പാഠം 17* വിശുദ്ധ സഭ അഞ്ചാം നൂറ്റാണ്ടുവരെ ............ 95
*പാഠം 18* മലങ്കര സഭ ഒൻപതാം നൂറ്റാണ്ടുവരെ ............ 100
*പാഠം 19* മലങ്കര സഭ പത്താം നൂറ്റാണ്ടുവരെ ............ 104

**യൂണിറ്റ് 5 വി. കുർബ്ബാന ഒരു പഠനം**
*പാഠം 20* വി. കുർബ്ബാനയുടെ മുൻകുറികൾ ........ 108
*പാഠം 21* വി. കുർബ്ബാനയിലെ തുബ്ദേനുകൾ ........ 115

**യൂണിറ്റ് 6 വിശ്വാസ സത്യങ്ങൾ**
*പാഠം 22* വി. മാമ്മോദീസ ........ 121
*പാഠം 23* ശിശുസ്നാനം ........ 126
*പാഠം 24* ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായുള്ള സംസർഗ്ഗം ........ 130

**യൂണിറ്റ് 7 മഹത്വ്യക്തി പരിചയം**
*പാഠം 25* നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ് ........ 135
*പാഠം 26* പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ ........ 140
*പാഠം 27* പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ ........ 145

**യൂണിറ്റ് 8 നല്ല ശീലങ്ങൾ**
*പാഠം 28* പൗരബോധം ........ 150
*പാഠം 29* വായനാശീലം-അറിവിന് ഉത്തമം ........ 156
*പാഠം 30* സമയത്തിന്റെ ശരിയായ വിനിയോഗം ........ 162

**അർദ്ധവാർഷിക പരീക്ഷയ്ക്കുമുമ്പ് പഠിക്കേണ്ട പാഠങ്ങൾ**

അദ്ധ്യായങ്ങൾ

1, 2, 3, 4, 5, 11, 12, 14, 16, 17, 20, 22, 23, 25, 28

യൂണിറ്റ് 1

# വേദപുസ്തക പഠനം

പാഠം 1

## ആദിമകാല പ്രവാചകന്മാർ

**(നാഥാൻ, ഏലിയാവ്, എലീശാ)**

**(2 ശമു. 7, 12, 1 രാജാ. 17-19, 2 രാജാ. 1-2, 4-9)**

### പഠനോദ്ദേശ്യങ്ങൾ

യിസ്രായേലിലെ മുൻകാല പ്രവാചകന്മാരായ നാഥാൻ, ഏലിയാവ്, എലീശാ എന്നിവരുടെ പ്രവാചക ദൗത്യങ്ങൾ മനസ്സിലാക്കുക. ദൈവത്തോടുള്ള ബന്ധത്തിൽ അവർ ചെയ്ത നല്ല പ്രവൃത്തികൾ മനസ്സിലാക്കി, ദൈവത്തോടുള്ള ബന്ധത്തിൽ ജീവിക്കുവാനും, ദൈവത്തിന്റെ കൃപ നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തുവാനും കഴിയുക. പ്രാർത്ഥനയുടെ ശക്തി ജീവിതത്തിൽ അനുഭവവേദ്യമാക്കുക.

**മനഃപാഠവാക്യം:** ആകയാൽ രാജാക്കന്മാരെ ബുദ്ധി പഠിപ്പീൻ, ഭൂമിയിലെ ന്യായാധിപന്മാരേ, ഉപദേശം കൈക്കൊൾവിൻ. ഭയത്തോടെ യഹോവയെ സേവിപ്പിൻ (സങ്കീ. 2:10).

**പഠനസഹായികൾ:** യിസ്രായേലിലെ രാജാക്കന്മാരുടെ ഭരണകാലഘട്ടം കാണിക്കുന്ന ചാർട്ട്, വി. വേദപുസ്തകം, പാലസ്തീൻ നാടിന്റെ ഭൂപടം, പാമ്പാക്കുട നമസ്ക്കാര ക്രമം (പ്രാർത്ഥനാക്രമം), വി. കുർബ്ബാനക്രമം.

### ആമുഖം

പ്രവാചകന്മാരെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ആരാണ് പ്രവാചകന്മാർ എന്ന് നിങ്ങൾക്ക് പറയാമോ? ചിലരുടെ പേര് പറയാമോ? അബ്രഹാം, മോശ, യോശുവാ, ശമുവേൽ എന്നിവരെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ? യിസ്രായേലിലെ ആദ്യ രാജാക്കന്മാരായ ശൗൽ, ദാവീദ്, ശലോമോൻ എന്നിവരെക്കുറിച്ച് നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചത് ഓർക്കുമല്ലോ. ഈ രാജാക്കന്മാരുടെയും പിൻഗാമികളുടെയും കാലത്ത് യിസ്രായേലിൽ പല പ്രവാചകന്മാരും ദൈവത്തിന്റെ വക്താക്കളായി ജീവിച്ചിരുന്നു. ചിലർ അവരുടെ പ്രവചനങ്ങൾ എഴുതിവച്ചു. അവരെ എഴുതുന്ന പ്രവാചകന്മാർ (writing prophets) എന്നാണ് വിളിക്കുന്നത്. എന്നാൽ ആദ്യകാലത്തെ ചിലർ അവരുടെ പ്രവചനങ്ങൾ രേഖപ്പെടുത്തിയില്ല. അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് രാജാക്കന്മാരുടെ ചരിത്രമെഴുതിയ

വരിലൂടെയാണ് നാം പലതും മനസ്സിലാക്കുന്നത്. നാഥാൻ, ഏലിയാവ്, എലീശാ എന്നിവർ ഈ ഗണത്തിൽപ്പെടുന്നവരാണ്. ദൈവത്തിന്റെ സ്ഥാനപതികളായ രാജാക്കന്മാർ ദൈവേഷ്ടത്തിനെതിരായി പ്രവർത്തിച്ചപ്പോഴൊക്കെ അവരെ തിരുത്തുവാൻ ദൈവം ഇങ്ങനെയുള്ളവരെ തന്റെ വക്താക്കളായി അയച്ചിട്ടുണ്ട്. ഈ മൂന്ന് പ്രവാചകന്മാരെക്കുറിച്ചാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

### പാഠഭാഗം

യിസ്രായേലിൽ ക്രിസ്തുവിനു മുമ്പ് 10, 9 നൂറ്റാണ്ടുകളിൽ (ബി.സി. 10, 9) ജീവിച്ചിരുന്ന പ്രവാചകന്മാരാണ് ഇവർ.

## 1. നാഥാൻ പ്രവാചകൻ

'നാഥാൻ' എന്ന വാക്കിന്റെ അർത്ഥം 'അവൻ നൽകി' (He has given) എന്നാണ്. ദാവീദു രാജാവിന്റെ ഭരണകാലത്ത് യിസ്രായേലിൽ ഉണ്ടായിരുന്ന പ്രവാചകനാണ് നാഥാൻ. ദാവീദ് രാജാവ് ദൈവത്തിന് ഒരു മന്ദിരം പണിയുവാൻ ആഗ്രഹിക്കുന്ന സംഭവത്തോടനുബന്ധിച്ചാണ് നാഥാൻ പ്രവാചകന്റെ രംഗപ്രവേശം (2 ശമു. 7, 1 ദി. 17). ഈ പ്രവാചകനെക്കുറിച്ച് മറ്റ് വിവരങ്ങളൊന്നും പരാമർശിക്കാതെ ദൈവസന്ദേശവുമായി ദാവീദിന്റെ മുന്നിൽ വന്നയാളെന്നു മാത്രമേ പരാമർശമുള്ളൂ. തുടർന്ന് ദാവീദിന്റെയും പിൻഗാമികളായ ശലോമോന്റെയും രാജത്വത്തിന്റെ വിശ്വസ്ത കാവൽക്കാരനായിരുന്നു ഇദ്ദേഹം.

നാഥാൻ പ്രവാചകൻ പറഞ്ഞ മനോഹരമായ ഒരു കഥ വേദപുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടോ? മഹാനായ ദാവീദ് രാജാവിന്റെ ജീവിതത്തിൽ വന്നുപോയ ഒരു വലിയ തെറ്റിനെ ധൈര്യപൂർവ്വം വളരെ തൻമയത്ത്വത്തോടെ ചൂണ്ടിക്കാണിക്കുകയാണ് നാഥാൻ ഇവിടെ ചെയ്തത് (2 ശമു. 12). നാഥാന്റെ ഈ പ്രവർത്തനം ദാവീദ് രാജാവിനെ വലിയ അനുതാപത്തിലേക്ക് നയിച്ചു. അന്ന് അദ്ദേഹം ഹൃദയം നുറുങ്ങി പാടിയ അനുതാപ പ്രാർത്ഥനയാണ് നാം നിത്യവും പ്രാർത്ഥിക്കുന്ന 51-ാം സങ്കീർത്തനം.

തുടർന്നും ദൈവം നാഥാൻ പ്രവാചകനിലൂടെ പ്രവർത്തിച്ചു. അതിന്റെ മറ്റൊരു ഉദാഹരണം നമുക്ക് നോക്കാം. ദാവീദിന്റെ മകനായ അദോനിയാവ് രാജ്യാവകാശിയായി സ്ഥാനമേൽക്കാൻ പദ്ധതികളുമായി നിൽക്കുമ്പോൾ അതിനെ മറികടന്ന്, ബെത്ത്ശേബയുമായി ആലോചിച്ച്, ശലോമോനെ രാജാവാക്കി വാഴിക്കുന്നത് നാഥാൻ പ്രവാചകനാണ് (1 രാജാ. 1:11-45).

ദൈവകല്പന പ്രകാരം ദാവീദ് ദൈവാലയനിർമ്മാണം ഉപേക്ഷിച്ചുവെങ്കിലും നാഥാൻ പ്രവാചകന്റെ പ്രേരണയാൽ ദൈവാലയാരാധനയ്ക്ക് കീർത്തനങ്ങൾ തയ്യാറാക്കിയതായി 2 ദിന. 29:25-ൽ നാം കാണുന്നു.

**ഒരു പ്രവാചകൻ ദൈവത്തിന്റെ സന്ദേശവാഹകനാണെന്ന ബോദ്ധ്യത്തോടെ പ്രവർത്തിച്ച് ലൗകികാധികാരികളെ ഭയക്കാതെ ദൈവസന്ദേശം അവരുടെ മുഖത്തു നോക്കി പ്രസ്താവിക്കുന്ന പ്രവാചക പാരമ്പര്യത്തിലെ പ്രഥമ ഗണനീയനാണ് ബി. സി. പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നാഥാൻ പ്രവാചകൻ.**

**അല്പം നിർത്താം... ചിന്തിക്കാം...**

1. നാഥാൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. നാഥാൻ പ്രവാചകൻ ഏത് രാജാവിനെയാണ് സത്യഅനുതാപത്തിലേക്ക് നയിച്ചത്?
3. നാഥാൻ പ്രവാചകൻ ശലോമോനെ രാജാവാക്കി വാഴിച്ചതെങ്ങനെ?
4. നാഥാൻ പ്രവാചകന്റെ ശ്രേഷ്ഠമായ ഗുണം എന്ത്?

## 2. ഏലിയാ പ്രവാചകൻ

ഏലിയ എന്ന വാക്കിന്റെ അർത്ഥം 'യഹോവ എന്റെ ദൈവം' എന്നാണ്. ശലോമോൻ രാജാവിനുശേഷം രണ്ടായി വിഭജിക്കപ്പെട്ട രാജ്യത്തിന്റെ വടക്കേ രാജ്യം (യിസ്രായേൽ) ഭരിച്ച ആഹാബ് രാജാവിന്റെ കാലഘട്ടത്തിൽ ജീവിച്ച പ്രവാചകനാണ് ഏലിയാവ് (ബി.സി. 9-ാം നൂറ്റാണ്ട്). ഈ പ്രവാചകന്റെ പ്രവർത്തനങ്ങൾ 1 രാജാക്കന്മാർ 17 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിലും, 21-ാം അദ്ധ്യായത്തിലും 2 രാജാക്കന്മാർ ഒന്നും രണ്ടും അദ്ധ്യായങ്ങളിലുമായി വിവിധ ഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്നു.

തിശ്ബ്യനായ ഏലിയാവ് ജീവിച്ചിരുന്നത് യിസ്രായേലിലെ ക്രൂരന്മാരായ രാജാക്കന്മാരിൽ ഒരുവനായ ആബാഹ് രാജാവിന്റെ കാലത്തായിരുന്നു (1 രാജാക്കന്മാർ 17). ദൈവേഷ്ടത്തിന് വിരോധമായി പ്രവർത്തിച്ച ആഹാബിനോട് ഏലിയാവ് മൂന്നു വർഷത്തെ വരൾച്ച പ്രവചിച്ചു. അതിനുശേഷം കെരീത്ത് തോട്ടിനരികിലും സരേഫാത്തിലെ വിധവയുടെ വീട്ടിലും വസിച്ച് ചില അത്ഭുതങ്ങൾ ചെയ്തു. ഇതാണ് ഏലിയാവിന്റെ പ്രവർത്തനങ്ങളുടെ ഒന്നാം ഭാഗം.

മൂന്നുവർഷം കഴിഞ്ഞ് പ്രവാചകൻ വീണ്ടും ആഹാബ് രാജാവിനെ കാണുന്ന സംഭവമാണ് രണ്ടാം ഭാഗം. ബാലിന്റെ പ്രവാചകന്മാരെ വെല്ലുവിളിച്ച് കർമ്മേൽ മലയിൽ യാഗം അർപ്പിക്കുന്നു. യഹോവ തന്നെ ദൈവം എന്ന് തെളിയിക്കുകയും ദേശത്ത് മഴപെയ്യുകയും ചെയ്യുന്നു (1 രാജാക്കന്മാർ 18-ാം അദ്ധ്യായം.)

1 രാജാക്കന്മാർ 19-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതാണ് മൂന്നാം ഭാഗം. ആഹാബിനെയും അവന്റെ ഭാര്യ ഇസബേലിനെയും ഭയന്ന് ഏലിയാവ് ഹോറേബ് പർവ്വതത്തിലേക്ക് പോകുന്നു. നാല്പതു ദിവസത്തെ ഉപവാസം ഈ പ്രയാണത്തിന്റെ ഭാഗമാണ്. ദൈവം മോശയുമായി ഉടമ്പടിയിൽ എത്തിയ ഹോറേബിൽവച്ച് (സീനായ് പർവ്വതം) ഏലിയാവ് ദൈവവുമായി സംസാരിക്കുന്നു. തുടർന്ന് തിരികെ ശമര്യയിലെത്തി അരാം രാജാവായി ഹസായേലിനെയും, യിസ്രായേൽ രാജാവായി യേഹൂവിനെയും, തനിക്ക് പിൻഗാമിയായി എലീശായെയും നിയമിക്കുന്നു.

നാലാം ഭാഗം- നാബോത്തിന്റെ മുന്തിരിത്തോട്ടം ആഹാബ് കൈക്കലാക്കാൻ ശ്രമിക്കുന്ന സംഭവമാണ് (1 രാജാക്കന്മാർ 21-ാം അദ്ധ്യായം). ഇസബേൽ നാബോത്തിനെ കൊല്ലിച്ചു മുന്തിരിത്തോട്ടം സ്വന്തമാക്കുന്നു. ആഹാബിന്റെ ഈ പ്രവൃത്തിക്കുള്ള ശിക്ഷ ദൈവം ഏലിയാവിലൂടെ അറിയിക്കുന്നു. ആഹാബിന്റെ പാപം നാബോത്ത് എന്ന വ്യക്തിയുടെ ഭൂമി കൈവശം ആക്കി എന്നുള്ളത് മാത്രമല്ല, മോശയുടെ കല്പന അനുസരിച്ച് ഒരു ഗോത്രത്തിന് അവകാശപ്പെട്ട ഭൂമി മറ്റൊരു ഗോത്രം കൈവശപ്പെടുത്തി എന്നതുകൂടെയാണ്.

ഏലിയാ പ്രവാചകന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അന്ത്യരംഗം 1 രാജാക്കന്മാർ 2-ാം അദ്ധ്യായത്തിലാണ്. ശിഷ്യനായ എലീശായെയും കൂട്ടി പ്രവാചകൻ യോർദ്ദാൻ അക്കരെ ചെന്ന് അവിടെവെച്ച് ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതാണ് ഈ സംഭവം. യഹൂദാ ചരിത്രത്തിൽ ജനിച്ചിട്ട് മരിക്കാതിരുന്നതായി പറയപ്പെടുന്ന രണ്ടുപേരിൽ ഒരാളാണ് ഏലിയാ പ്രവാചകൻ. യഹോവയുടെ വലതും ഭയങ്കരവുമായ ദിവസം വരും മുമ്പേ ഏലിയാ പ്രവാചകൻ വീണ്ടും വരുമെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു (മാലാഖി 4:9).

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഏലിയാവ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. ഏലിയാവ് ജീവിച്ചിരുന്നത് ഏതു രാജാവിന്റെ കാലത്താണ്?
3. ആഹാബിനെ ഭയന്ന് ഏലിയാവ് കയറിപ്പോയ പർവ്വതം?
4. തനിക്ക് പിൻഗാമിയായി ഏലിയാവ് ആരെയാണ് നിയമിച്ചത്?

## 3. എലീശാ പ്രവാചകൻ (ബി.സി. 850-800)

എലീശാ എന്ന വാക്കിന്റെ അർത്ഥം 'ദൈവം രക്ഷകനാകുന്നു' എന്നാണ്. നാം മനസ്സിലാക്കിയതുപോലെ എലീശാ പ്രവാചകൻ ഏലിയാവിന്റെ ശിഷ്യനും പിൻഗാമിയുമാണ്. തന്റെ പിതാവായ ശാഫാത്തിന്റെ വയലിൽ നിലം ഉഴുതുകൊണ്ടിരുന്ന എലീശായുടെമേൽ ഏലിയാവ് തന്റെ പുതപ്പ് എറിഞ്ഞാണ് ശിഷ്യത്വത്തിലേക്ക് വിളിക്കുന്നത് (1 രാജാക്കന്മാർ 19:19). ഗുരുവിന്റെ ആത്മാവിന്റെ ഇരട്ടിപങ്ക് ആവശ്യപ്പെട്ട എലീശായ്ക്ക് ഏലിയാവിന്റെ പുതപ്പ് തന്നെയാണ് പ്രവാചകത്വത്തിന്റെ മുദ്രയായി ലഭിക്കുന്നത് (2 രാജാക്കന്മാർ 9:14). ഇദ്ദേഹം യിസ്രായൽ രാജാക്കന്മാരായ യോരാം, യേഹൂ, യെഹോവാസ്, യോവാശ് എന്നിവരുടെ കാലത്ത് പ്രവർത്തിച്ചു. ഗുരുവായ ഏലിയാവ് ഗുഹകളിൽ ആണ് വസിച്ചിരുന്നതെങ്കിൽ ഇദ്ദേഹം നഗരപ്രാന്തങ്ങളിലാണ് താമസിച്ചിരുന്നത്. ശൂനേംകാരിയായ ഒരു ധനികസ്ത്രീ അദ്ദേഹത്തിന് വസിക്കുവാൻ ഒരു മാളിക പണിത് ഒരുക്കി (2 രാജാക്കന്മാർ 4:8-10). എന്നാൽ അദ്ദേഹത്തിന് ശമര്യയിലെ സ്വന്തം വീട് തന്നെയായിരുന്നു പ്രധാനം. ശിഷ്യഗണങ്ങളോടൊരുമിച്ചായിരുന്നു ജ്ഞാനിയും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ എലീശാ പാർത്തിരുന്നത്. ബഥേൽ, ഗിൽഗാദ്, കർമ്മേൽമല എന്നിവിടങ്ങളിലെ പൂജാഗിരികൾ അദ്ദേഹം സന്ദർശിച്ചിരുന്നു (2 രാജാക്കന്മാർ 2 മുതൽ 9 വരെ അദ്ധ്യായങ്ങളിലും 13-ാം അദ്ധ്യായം 14 മുതൽ 21 വരെ വാക്യങ്ങളിലുമാണ് എലീശായുടെ പ്രവർത്തനങ്ങൾ വിവരിച്ചിരിക്കുന്നത്.)

**അല്പം നിർത്താം... ചിന്തിക്കാം...**

1. എലീശാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. എലീശായെ ശിഷ്യഗണത്തിലേക്ക് ഏലിയാവ് വിളിച്ചത് എവിടെവെച്ചാണ്?
3. എലീശായ്ക്ക് വസിക്കുവാൻ ഒരു പ്രത്യേക മുറി പണിത് ഒരുക്കിയത് ആര്?
4. എലീശാ സന്ദർശിച്ച പൂജാഗിരികൾ ഏതെല്ലാം?

യിസ്രായേലിൽ മൂന്നു മേഖലകളിൽ ഈ പ്രവാചകന്റെ പ്രവർത്തനം കാണാം.

**1. വ്യക്തിതലം**

സാധാരണക്കാർക്ക് പ്രാപ്യനായിനിന്നുകൊണ്ട് അവരുടെ അനുദിന ജീവിത പ്രശ്നങ്ങളിൽ ഇടപെടുന്ന വ്യക്തിയായി എലീശായെ കാണാം. ഇത് വ്യക്തമാക്കുന്ന ചില സംഭവങ്ങൾ നമുക്ക് നോക്കാം.

(എല്ലാവരും വി. വേദപുസ്തകം കയ്യിൽ എടുക്കുന്നു. താഴെപ്പറയുന്ന അഞ്ച് സംഭവങ്ങൾ ഓരോരുത്തരായി വി. വേദപുസ്തകത്തിൽനിന്ന് വായിച്ച് മനസ്സിലാക്കിയിട്ട് ക്ലാസിൽ അവ കഥയായി അവതരിപ്പിക്കുന്നു.)

1) യെറിഹോ നഗരത്തിലെ ചീത്തയും ഗർഭനാശകവുമായ വെള്ളത്തിന്റെ ഉറവ ഉപ്പിട്ട് പത്ഥ്യമാക്കി (2 രാജാ. 2:19-22).
2) തനിക്ക് മാളിക പണിത് ഒരുക്കിയ ശൂനേംകാരിയുടെ മകനെ ഉയർപ്പിക്കുന്നു. (2 രാജാ. 4:18-37).
3) ഗിൽഗാലിൽവച്ച് പ്രവാചക ശിഷ്യന്മാർക്ക് പായസം കൊണ്ടുണ്ടായ വിഷബാധ ശമിപ്പിച്ചു (2 രാജാ. 4:38-41).
4) ആരാം രാജാവിന്റെ സേനാപതി നയമാന്റെ കുഷ്ഠം സുഖപ്പെടുത്തി (2 രാജാ. 5:1-9).
5) കടം വാങ്ങിയ മഴു തെറിച്ച് നദിയിൽ വീണതിൽ ദു:ഖിതരായ പ്രവാചകശിഷ്യൻമാർക്ക് അത് അത്ഭുതകരമായി പുറത്തെടുത്തുകൊടുത്തു (2 രാജാ. 6:1-7).

**2. സാമൂഹ്യസാമ്പത്തികതലം**

1) വിധവയുടെ തുരുത്തിയിലെ എണ്ണയുടെ വർദ്ധനവ് (2 രാജാ. 4:1-7).
2) യവത്തപ്പത്തിന്റെ വർദ്ധനവ് (2 രാജാ. 4:43-44).
3) ശൂനേംകാരി സ്ത്രീയുടെ വസ്തുതിരികെ ലഭിക്കുന്ന സംഭവം (2 രാജാ. 8:1-6).

**3. രാഷ്ട്രീയ തലം**

1) ഹസായേലിനു പകരം യേഹൂവിനെ രാജാവായി വാഴിക്കുന്നു (2 രാജാ. 8:7-15).
2) മോവാബ്യരുമായി യുദ്ധത്തിനിറങ്ങിയ യിസ്രായേലിന്റെ കൂട്ടുരാജ്യസൈന്യം വെള്ളം ഇല്ലാതെ ബുദ്ധിമുട്ടിയപ്പോൾ വെള്ളം നൽകി (2 രാജാ. 3:4-20).
3) അരാം യിസ്രായേലിനെതിരെ സൈന്യത്തെ സജ്ജീകരിച്ച ഇടങ്ങൾ പ്രവാചകൻ യിസ്രായേൽ രാജാവിന് വെളിപ്പെടുത്തുന്നു (2 രാജാ. 6:8-12).
4) അരാമിന്റെ ഭീകരതയിൽ നിന്ന് യിസ്രായേലിനെ രക്ഷിച്ചു? (2 രാജാ. 6:13-7:23).
5) മരണകിടക്കയിൽവച്ചു യോവാശ് രാജാവ് അരാമ്യരെ നിർമ്മൂലമാക്കും എന്നു പറഞ്ഞു. (2 രാജാ. 13:14-18).

എലീശായുടെ രാഷ്ട്രീയ ഇടപെടലുകൾ പലപ്പോഴും ദൈവനിഷേധിയായ യിസ്രായേലിനെ ദൈവത്തിന്റെ സർവ്വാധിപത്യസ്ഥാനം അംഗീകരിപ്പിക്കുക തന്നെയായിരുന്നുവെന്നത് എലീശായുടെ പ്രവർത്തനപഥത്തിൽ നിന്നുള്ള വ്യതിയാനമായി കാണാം. എലീശായുടെ ശിഷ്യനായ ഗേഹസിയുടെ അത്യാഗ്രഹവും തത്ഫലമായ ശിക്ഷയും ശ്രദ്ധേയമായ ഒരു സംഭവം തന്നെയാണ്. അതുപോലെ എലീശാ മരിച്ച് അടക്കപ്പെട്ട

ശേഷം ആ കല്ലറയിൽ വീണ മൃതദേഹം ജീവിച്ചെഴുന്നേറ്റ സംഭവവും (2 രാജാ. 13:20-21) പ്രാധാന്യമുള്ളതു തന്നെ. നമ്മുടെ കാനോനാ നമസ്ക്കാരത്തിൽ വിശുദ്ധന്മാരുടെ അസ്ഥികൾക്ക് ശക്തിയുണ്ടെന്നു രേഖപ്പെടുത്തിയിട്ടുള്ളത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

## നമുക്ക് ചിന്തിക്കാം

1. നാഥാൻ പ്രവാചകന് ദാവീദ് രാജാവിന്റെ ഭരണത്തിൽ ഉണ്ടായിരുന്ന സ്വാധീനം എന്ത്? സംഭവങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാക്കുക.
2. ദൈവത്തിന്റെ വക്താവ് എന്ന നിലയിൽ നാഥാൻ പ്രവാചകൻ നടത്തിയ മൂന്ന് പ്രധാന കർമ്മങ്ങൾ ഏവ?
3. ഏലിയാവ് ബലിയർപ്പിച്ചപ്പോൾ ദൈവത്തോട് പ്രാർത്ഥിച്ച പ്രാർത്ഥന എന്ത്? (1 രാജാ. 18:35-37)
4. വി. കുർബ്ബാനയിൽ ഈ പ്രാർത്ഥന പട്ടക്കാരൻ പ്രാർത്ഥിച്ചു പറയുന്നു. അത് ഏത് സന്ദർഭത്തിൽ?
5. പ്രവാചകൻ എന്ന നിലയിൽ ഏലിയാവ് ചെയ്ത മഹത് സംഭവങ്ങൾ ഏതെല്ലാം?
6. ഹോറേബ് പർവ്വതത്തിൽ ഏലിയാവിനുണ്ടായ ദൈവാനുഭവം വിശദീകരിക്കുക.
7. വാങ്ങിപ്പോയ വിശുദ്ധന്മാരുടെ അസ്ഥികൾക്കുപോലും ശക്തിയുണ്ട് എന്ന് എലീശായുമായി ബന്ധപ്പെടുത്തി തെളിയിക്കുക (2 രാജാ. 13:21)
8. പ്രവാചക ശുശ്രൂഷയുടെ വിവിധ തലങ്ങൾ എലീശായുടെ പ്രവർത്തനങ്ങളെ ആധാരമാക്കി വിവരിക്കുക.

## പ്രവർത്തനങ്ങൾ

1. ആ മനുഷ്യൻ നീ തന്നെ  ഇത് ആര് ആരോടു പറഞ്ഞു എന്ന് വി. വേദപുസ്തകം നോക്കി കണ്ടുപിടിക്കുക.
2. ജനിച്ചിട്ടു മരിക്കാതിരുന്ന രണ്ടു വ്യക്തികളിൽ ഒരാൾ ഏലിയാവ് ആണ് എന്ന് നമ്മൾ പഠിച്ചു. രണ്ടാമത്തെ ആൾ ആരാണെന്ന് കണ്ടുപിടിക്കുക. (എബ്രാ. 11:5-ൽ ഉത്തരമുണ്ട്)
3. മോശയെയും ഏലിയാവിനെയും ബന്ധിപ്പിച്ച് നമ്മുടെ ആരാധനകളിൽ എവിടെയെല്ലാം സൂചനകളുണ്ട് എന്ന് കണ്ടുപിടിക്കുക.
4. എലീശാ ചെയ്ത വ്യക്തിഗതങ്ങളായ അത്ഭുതങ്ങൾ അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

## നമുക്ക് പാടാം

സഹദേന്മാരേന്മാരുടെ ഓർമ്മ കൊണ്ടാടുന്ന ദിവസം വി. കുർബ്ബാനയിൽ (ഹൂത്തോമ്മോ) ചൊല്ലുന്ന ഗീതം. വി. കുർബ്ബാനക്രമം പേജ് 335

(യജമാനൻ വരുമന്നേരത്ത്.......എന്ന രീതി)

നീരിൻ നികടേ നിന്നിമ്പം-നാഥനു നൽകീടും
ആത്മതരുക്കൾ സഹദേന്മാർ-ദേവാഗാരത്തിൻ

അങ്കണമാർന്നോൻ-ആമോസിൻ പുത്രൻ
മുൻ ചൊന്നതുപോൽ-ലോകത്തിൻ പാപം

മോചിപ്പാൻ ഗോൽഗുത്തായിൽ-ഭേദിച്ച വിലാവിൽ
നിന്നൊഴുകീടും ദിവ്യജലം-പാനം ചെയ്യുന്നോൻ
ഹാലേലുയ്യാ-തൽ പ്രാർത്ഥന ശരണം.

**നിശ്ചയം**

**ദൈവത്തിന്റെ ഹിതമറിഞ്ഞ് മറ്റുള്ളവരോട് ധൈര്യത്തോടെ സംസാരിപ്പാനും, അതനുസരിച്ച് പ്രവർത്തിക്കുവാനും ഞങ്ങൾ പരിശ്രമിക്കും.**
**പ്രാർത്ഥന ഞങ്ങൾ ഒരുനാളും മുടക്കുകയില്ല.**

## നമുക്ക് പ്രാർത്ഥിക്കാം

പാമ്പാക്കുട നമസ്കാരത്തിലെ ഒരു പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 235)

*കർത്താവേ.... സത്യവിശ്വാസം ഞങ്ങളോട് ഉപദേശിക്കുകയും നല്ല മേച്ചിൽ സ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ഉപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ നടപടികളിൻ പ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കി തീർക്കണമെ. അവരെപ്പോലെ സത്യവിശ്വാസത്തെ പ്രസിദ്ധപ്പെടുത്തുവാനും, ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനം വരുത്തുന്നവയായി അവർ ഉപദേശിച്ചു തന്നിട്ടുള്ള നോമ്പ്, നമസ്കാരങ്ങൾ മുതലായ സർവ്വ പ്രമാണങ്ങളെയും ആചരിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുമാറാകണമെ. ബാറെക്മോർ.*

### തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | 2 ശമുവേൽ 7 |
| തിങ്കൾ | 2 ശമുവേൽ 12 | 1 രാജാ. 1 |
| ചൊവ്വ | 1 രാജാ. 17 | 1 രാജാ. 10 |
| ബുധൻ | സങ്കീ. 51 | 1 ദിന. 17 |
| വ്യാഴം | 2 ദിന. 29 | 1 രാജാ. 19 |
| വെള്ളി | 2 രാജാ. 1 | 2 രാജാ. 2 |
| ശനി | 1 രാജാ. 21 | 2 രാജാ. 3-9 |
| ഞായർ | 2 രാജാ. 3 | - |

പാഠം 2

# യിസ്രായേൽ രാജ്യത്തിന്റെ വിഭജനം

**(1 രാജാക്കന്മാർ 11, 12 അദ്ധ്യായങ്ങൾ)**

## പഠനോദ്ദേശ്യങ്ങൾ

ദൈവേഷ്ടത്തിന് വിരുദ്ധരായി നിൽക്കുന്നവരെ ദൈവം ശിക്ഷിക്കുമെന്നും അവരുടെ സ്ഥാനങ്ങളിൽ നിന്നും അവരെ നീക്കും എന്നും മനസ്സിലാക്കുക. എന്നാലത് നിത്യനാശത്തിനല്ല മാനസാന്തരത്തിനുള്ള അവസരമായി ദൈവം നല്കുന്നതാണ് എന്ന് പാഠഭാഗത്തിലൂടെയും സ്വന്തജീവിതവുമായി താരതമ്യം ചെയ്തും ഉൾക്കൊള്ളുക. ദൈവകല്പനയ്ക്ക് വിധേയപ്പെട്ട് ജീവിക്കുക.

**മനഃപാഠവാക്യം:** ഞാൻ നിന്നോട് കല്പിക്കുന്നതൊക്കെയും നീ കേട്ട് എന്റെ വഴികളിൽ നടന്ന് എന്റെ ദാസനായ ദാവീദ് ചെയ്തതുപോലെ എന്റെ ചട്ടങ്ങളും കല്പനകളും പ്രമാണിച്ചുകൊണ്ട് എനിക്ക് പ്രസാദമായുള്ളത് ചെയ്താൽ ഞാൻ നിന്നോടുകൂടെ ഇരിക്കും (1 രാജാ. 11:38).

**പഠനസഹായികൾ:** ദാവീദ്, ശലോമോൻ എന്നിവരുടെ ഭരണകാലത്തെ യിസ്രായേലിന്റെ ഭൂപടം, വി. വേദപുസ്തകം, പ്രാർത്ഥനാക്രമം (പാമ്പാക്കുട നമസ്ക്കാരം) വി. കുർബ്ബാനക്രമം.

## ആമുഖം

ദൈവം ദാവീദ് രാജാവുമായി ഉണ്ടാക്കിയ ഉടമ്പടി ഏഴാം ക്ലാസിൽ നമ്മൾ പഠിച്ചതാണല്ലോ (2 ശമു. 7:16). എന്നാൽ ആ ഉടമ്പടി പ്രകാരമുള്ള ദൈവവഴി വിട്ടുമാറാതെ ഭരണം നിർവ്വഹിക്കുവാൻ ശലോമോന് സാധിക്കാതെപോയത് രാജ്യത്തിന്റെ തകർച്ചയ്ക്ക് നാന്ദികുറിച്ചു. ശലോമോന്റെ നേതൃത്വത്തിൽ ശക്തമായിരുന്ന യിസ്രായേൽ എന്ന രാജ്യം എങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു എന്ന് നമുക്ക് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

ക്രിസ്തുവിനുമുമ്പ് 961 മുതൽ 922 വരെ യിസ്രായേലിനെ ഭരിച്ച ശലോമോൻ ഏറ്റവും ബലവാനും, ധനവാനും, ജ്ഞാനിയുമായിരുന്നു. യിസ്രായേൽ രാജ്യം അതിന്റെ പരമോന്നതിയിലെത്തിയ കാലഘട്ടമായിരുന്നു ഇത്. എന്നാൽ ശലോമോൻ അയൽരാജ്യങ്ങളിൽ നിന്ന് പുറജാതി ഭാര്യമാരെ സ്വീകരിച്ചു (2 രാജാ. 11:1-4). ശലോമോൻ ദാവീദിന്റെ

വഴികളെവിട്ട് യഹോവയെ അനുസരിക്കാതെ അന്യദേവന്മാരിലേക്കു ശ്രദ്ധതിരിച്ചു (1 രാജാ. 11:9-13). ഇങ്ങനെ ന്യായപ്രമാണത്തിൽ ദൈവം കല്പിച്ചിരുന്ന പ്രമാണങ്ങൾക്കെതിരെ ശലോമോൻ പ്രവർത്തിച്ചു (ആവർ. 7:1-4).

ഇതിന്റെ ഫലമായി ശലോമോനെതിരെ ചില പ്രതിയോഗികൾ ഉണ്ടാകുന്നതിനിട യായി. ദാവീദ് ഏദോമ്യരെ നശിപ്പിച്ചപ്പോൾ ഏദോമ്യ രാജകുടുംബത്തിൽ നിന്ന് മിസ്രയി മിലേക്ക് പോയിരുന്ന ഹദദ് ശലോമോനെതിരെ വളർന്നുവന്നു (1 രാജാ. 11:14-22).

ദാവീദിന്റെ കാലത്ത് സോബാക്കരുടെ നേതാവായിരുന്ന രെസോൻ എന്നൊരാൾ, ദരൊശേക്കിലെ രാജാവായി. ശലോമോന്റെ കാലത്തു വളരെദോഷം ചെയ്തു (1 രാജാ. 11:23-25).

ശലോമോന്റെ തന്നെ ദാസനായിരുന്ന സെരേദയിൽ നിന്നുള്ള യൊരൊബെയാവും ശലോമോനോടു മത്സരിച്ചു (1 രാജാ. 11:26-40). എന്നാൽ ശലോമോന്റെ ഭരണകാലത്ത് ഇവരിലാർക്കും ആധിപത്യം നേടാനായില്ല.

ഇങ്ങനെ യഹോവ ശലോമോനെ ഉപേക്ഷിക്കയും, ആഭ്യന്തര കലഹങ്ങൾ ഉരുത്തി രിയുകയും ചെയ്യിച്ച് രാജ്യവിഭജനത്തിന് കാരണമായി. ശീലോഹ്യനായ അഹീയാ പ്രവാ ചകന്റെ ഇടപെടൽ (1 രാജാ. 11:29-35) ഇത് ദൈവതാല്പര്യമെന്ന് സൂചിപ്പിക്കുന്നുണ്ട്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ശലോമോനെതിരെ വളർന്നുവന്ന നേതാക്കൾ ആരൊക്കെയായിരുന്നു?
2. യൊരൊബെയാവിനെ വഴിയിൽവച്ചു കണ്ട പ്രവാചകൻ ആര്?

ശലോമോന്റെ മരണശേഷം മകനായ രെഹബെയാവിനെ രാജാവാക്കാൻ ജനങ്ങളും രെഹസെയാവും ശേഖേമിൽ ഒരുമിച്ചുകൂടിയപ്പോൾ യൊരൊബെയാവും അവിടെചെന്നു. ശലോമോന്റെ സാമ്പത്തിക നടപടികളാൽ വിഷമിക്കുന്ന ജനത്തിന്റെ നികുതിഭാരം കുറ യ്ക്കണമെന്ന് യൊരൊബെയാവും സംഘവും ആവശ്യപ്പെട്ടു. മൂന്നു ദിവസത്തേക്കു അവരെ പറഞ്ഞയച്ച രെഹെബയാം പിതാവിന്റെ ഉപദേഷ്ടാക്കളോടും (വൃദ്ധർ) തന്റെ സഹപ്ര വർത്തകരായ സുഹൃത്തുക്കളോടും ആലോചിച്ചശേഷം, യുവാക്കളുടെ ഉപദേശപ്രകാരം യൊരൊബെയാമിന്റെയും, ആളുകളുടെയും ആവശ്യത്തെ കഠിനവാക്കുകളോടെ നിർഭയം നിരാകരിച്ചു (2 രാജാ. 12:1-15). ക്ഷുഭിതരായ ജനങ്ങൾ ദാവീദിൽ ഞങ്ങൾക്ക് എന്ത് ഓഹ രിയാണുള്ളത് എന്നു ചോദിച്ചുകൊണ്ട് പിരിഞ്ഞുപോയി. രെഹെബയാ തങ്ങൾക്ക് കാര്യ വിചാരകനായി നിയമിച്ച അദോരാവിനെ കല്ലെറിഞ്ഞു കൊല്ലുകയും മിസ്രയീമിൽ നിന്നു മടങ്ങിവന്ന യൊരൊബെയാവിനെ രാജാവാക്കുകയും ചെയ്തു (1 രാജാ. 12:16-20). യഹൂദാ, ബെന്യാമിൻ ഗോത്രങ്ങൾ യരുശലേമിൽ രെഹെബെയാമിനെ രാജാവായി അംഗീകരിച്ചു. പത്തുഗോത്രങ്ങൾ യൊരൊബെയാവിനേയും സ്വീകരിച്ചു. അങ്ങനെ ശലോമോന്റെ മര ണശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യൊരൊബെയാമും യിസ്രായേൽജനവും സമർപ്പിച്ച അപേക്ഷയോട് രെഹെബെയാം പ്രതികരിച്ചത് ആരുടെ ഉപദേശപ്രകാരം?
2. യിസ്രായേൽ ഗോത്രങ്ങളെത്ര? യൊരെബെയാവിനെ എത്ര ഗോത്രങ്ങൾ രാജാവായി അംഗീകരിച്ചു.
3. രെഹെബെയാവിനെ രാജാവായി അംഗീകരിച്ച ഗോത്രങ്ങളേതെല്ലാം?

രെഹെബെയാം യരുശലേമിലെത്തിയശേഷം യിസ്രായേൽ ഗൃഹത്തോടു യുദ്ധം ചെയ്യുവാൻ തയ്യാറെടുത്തപ്പോൾ ദൈവം ശെമര്യാവു മുഖാന്തിരം ആ നീക്കത്തെ തടഞ്ഞു. സഹോദരന്മാരോടു യുദ്ധം ചെയ്യാതെ സ്വന്തഭവനത്തിലേക്കു മടങ്ങിപ്പോകുവിൻ എന്നു പറഞ്ഞു (1 രാജാ. 12:21-24). വിഭജിതമായി രണ്ടു രാജ്യങ്ങളായതിൽ യൊരൊബെയാവിന്റെ രാജ്യം യിസ്രായേൽ എന്ന പേരിലും (വടക്ക്), രെഹബെയാമിന്റെ രാജ്യം യഹൂദ്യ എന്ന പേരിലും അറിയപ്പെട്ടു. യഹൂദ്യയുടെ തലസ്ഥാനം യരുശലേമും, യിസ്രായേലിന്റെ തലസ്ഥാനം ആദ്യം തിർസ്സായും പിന്നീട് ശമര്യയും ആയിരുന്നു.

രാജ്യത്തിന്റെ വിഭജനത്തിന് ശലോമോന്റെ ഒരു ജീവിതത്തിലെ വീഴ്ചകളും തെറ്റായ സാമ്പത്തിക നടപടികളുമാണ് കാരണമായതെന്ന് നമുക്കു മനസ്സിലാക്കാം.

## നമുക്കു ചിന്തിക്കാം

1. യിസ്രായേലിന്റെ രാജാവായ ശലോമോന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
2 ശലോമോൻ ദൈവസന്നിധിയിൽ ചെയ്ത തെറ്റ് എന്തായിരുന്നു?
3 അതിന് ദൈവം നൽകിയ ശിക്ഷ എന്തായിരുന്നു?
4 അതിന്റെ അനന്തരഫലം എന്തായിരുന്നു?
5 ശലോമോൻ രാജാവിന്റെ രാജ്യഭരണശൈലി എപ്രകാരമുള്ളതായിരുന്നു?

## പ്രവർത്തനങ്ങൾ

**1. സത്യവേദപുസ്തകം നോക്കി പൂരിപ്പിക്കുക** (1 രാജാ. 11-ാം അദ്ധ്യായം)

യഹോവ ശലോമോനോട് അരുളിചെയ്തത് എന്തെന്നാൽ: എന്റെ നിയമവും.................. ........................................................ എന്നുള്ള സംഗതി നിന്റെ പേരിൽ ഇരിക്കകൊണ്ട് ഞാൻ ................................................................... നിന്റെ ദാസന് കൊടുക്കും. എങ്കിലും നിന്റെ ............................................................ ഞാൻ നിന്റെ ജീവകാലത്ത് അത് ചെയ്കയില്ല. എന്നാൽ നിന്റെ .......................................................... അതിനെ പറിച്ചുകളയും. എങ്കിലും രാജത്വം മുഴുവനും പറിച്ചുകളയാതെ .......................................................... ഒരു ഗോത്രത്തെ ഞാൻ നിന്റെ മകന് കൊടുക്കും.

**2. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം സത്യവേദപുസ്തകം നോക്കി കണ്ടെത്തുക** (1 രാജാ. 11, 12 അദ്ധ്യായങ്ങൾ മാത്രം).

1. ശലോമോൻ അന്യദേവന്മാർക്ക് ധൂപം കാണിക്കുന്നതിന് കാരണം എന്ത്?

2. ശലോമോന്റെ നേരെ ദൈവം എഴുന്നേൽപ്പിച്ച പ്രതിയോഗികൾ ആരെല്ലാം?

3. രെഹബെയാമിന് യൗവ്വനക്കാർ നൽകിയ ഉപദേശം എന്തായിരുന്നു.

4. യൊരൊബെയാമിന്നുള്ള ദൈവസന്ദേശം അഹിയാ പ്രവാചകൻ നൽകിയത് എങ്ങനെ?

**5. പദപ്രശ്നം**

**A വലത്തോട്ട്**

1. യഹൂദ രാജ്യത്തെ ആദ്യത്തെ രാജാവ്
3. ദൈവവുമായി ഉടമ്പടിയിലേർപ്പെട്ട രാജാവ് (3 അക്ഷരം)
4 വടക്കേ രാജ്യത്തിന്റെ പ്രഥമ തലസ്ഥാനം (3 അക്ഷരം)

**B ഇടത്തോട്ട്**

2. അവിഭജിത യിസ്രായേലിന്റെ അവസാനത്തെ രാജാവ്

**C താഴോട്ട്**

2. യിസ്രായേലിന്റെ (വടക്ക്) തലസ്ഥാനമായ പ്രമുഖ പട്ടണം

| | | | |
|---|---|---|---|
| 1 | | | |
| | X | X | X |
| | | | 2 |
| 3 | | | |
| 4 | | | |

## നമുക്ക് പാടാം

(സ്വർഗ്ഗാരോഹണപെരുന്നാളിൽ) വി. കുർബ്ബാനയിൽ ഏവൻഗേലിയോനു ശേഷം ആലപിക്കുന്ന ഗീതം)

(യജമാനൻ വരുമന്നേരത്ത്............................ എന്ന രീതി)
(വി. കുർബ്ബാനക്രമം പേജ് 316)

കൈകൊട്ടിടുവിൻ ജാതികളെ, ചെന്നേവം ദാവീ-
ദെല്ലാറ്റിനുമധിപൻ കർത്താ-വാരോഹം ചെയ്തു
വിശ്വസ്ത സഭേ.... മോദിച്ചേറുക നീ
ത്വൽപ്രിയനാഥൻ.... വാനിലുമൂഴിയിലും
നിന്നേയാഘോഷിച്ചുയിരിൻ-ബലിപീഠം നിന്നിൽ
സ്ഥാപിച്ചേകി ജഗത്തിനു നീ മൂലം-മുക്തിക്കായ്
ഹാലേലൂയ്യാ-രക്തശരീരങ്ങൾ

### നിശ്ചയം

**ദൈവത്തിന്റെ കല്പനകൾ വിട്ട് ഞങ്ങൾ**
**ഒരു നാളും അകന്നു മാറുകയില്ല.**
**ദൈവം തരുന്ന അനുഗ്രഹങ്ങൾ ഒരിക്കലും മറക്കാതെ**
**ദൈവത്തെ സ്തുതിച്ച് ഞങ്ങൾ ജീവിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാ ക്രമത്തിലെ (പാമ്പാക്കുട) രഹസ്യ പ്രാർത്ഥനകൾ എന്ന ഭാഗത്തുള്ള ബുധനാഴ്ച പാതിരാത്രിയുടെ 3-ാം കൗമ്മാ പ്രാർത്ഥന (പേജ് 296)

*കാരുണ്യവാനായ കർത്താവേ..... നിന്റെ അറിവിൻ പ്രകാശത്തെ ഞങ്ങളിൽ ഉദിപ്പിക്കണമെ. അനശ്വരമായ നിത്യസന്തോഷത്തിന് ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ സോപ്പാകൊണ്ട് തളിച്ച് ഞങ്ങളെ ശുദ്ധീകരിച്ച് വെണ്മയാക്കണമെ. നിന്നെ സ്തുതിക്കുന്നതിൽനിന്നും നിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചുള്ള ധ്യാനത്തിൽ നിന്നും ഞങ്ങൾ ഒഴിഞ്ഞിരിക്കാതിരിപ്പാനായിട്ട് ഞങ്ങളുടെ ഹൃദയ പലകകളിന്മേൽ നിന്റെ വിശുദ്ധ ഓർമ്മയുടെ മുദ്ര കുത്തണമെ. നിന്റെ സംക്ഷേപിക്കപ്പെടാവതല്ലാത്തതും മഹത്വമുള്ളതുമായ അവസ്ഥയെക്കുറിച്ചുള്ള വിസ്മയത്താൽ ഞങ്ങൾ ആനന്ദിപ്പാനായിട്ട് സദാനേരത്തും നിന്റെ സന്നിധിയിൽ ഞങ്ങളെ നിറുത്തേണമെ. എല്ലായ്പ്പോഴും നിന്റെ സഹായങ്ങളുടെ ശക്തി ഞങ്ങളിൽ വസിപ്പിക്കണമെ. ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിപ്പാനായിട്ട് നിന്റെ പരിശുദ്ധ സ്നേഹത്തെക്കുറിച്ചുള്ള താല്പര്യത്തിൽ ഞങ്ങളുടെ ഹൃദയത്തെ ബന്ധിക്കുകയും ചെയ്യണമെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | 1 രാജാ. 11:1-8 |
| തിങ്കൾ | 1 രാജാ. 11:9-22 | 1 രാജാ. 11: 23-25 |
| ചൊവ്വ | 1 രാജാ. 11:26-30 | 1 രാജാ. 11:31-40 |
| ബുധൻ | 1 രാജാ. 11:41-43 | 1 രാജാ. 12:1-5 |
| വ്യാഴം | 1 രാജാ. 12:6-10 | 1 രാജാ. 12:11-20 |
| വെള്ളി | 1 രാജാ. 12:21-28 | 1 രാജാ. 12:29-33 |
| ശനി | ആവർത്തനം 7: 1-4 | 2 രാജാ. 12:1-15 |
| ഞായർ | 2 ശമുവേൽ 7-ാം അദ്ധ്യായം | - |

പാഠം 3

# യോശിയാവ്: ദൈവാലയ ശുദ്ധീകരണം

**(2 രാജാ. 22:1 – 23:30)**

## പഠനോദ്ദേശ്യങ്ങൾ

ദൈവത്തിന്റെ പ്രമാണങ്ങൾ പാലിക്കുന്നവരെ സുനിശ്ചിതമായ നാശത്തിൽ നിന്നു പോലും ദൈവം വിടുവിക്കും എന്ന് മനസ്സിലാക്കുക. ആരാധനയിലും അനുഷ്ഠാനങ്ങളിലും ബദ്ധശ്രദ്ധരായി ദൈവപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുക.

**മനഃപാഠവാക്യം:** നിങ്ങൾ എന്റെ വാക്കുകേട്ടനുസരിച്ച് ഞാൻ നിങ്ങളോടു കല്പിച്ചതുപോലെയെല്ലാം ചെയ്യുവിൻ. എന്നാൽ നിങ്ങൾ എനിക്കു ജനവും ഞാൻ നിങ്ങൾക്കു ദൈവവും ആയിരിക്കും (യിരെ. 11:4).

**പഠനസഹായികൾ:** യിസ്രായേലിന്റെ ഭൂപടം, പ്രാർത്ഥനാക്രമം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം.

## ആമുഖം

യഹൂദാരാജാക്കന്മാരിൽ യഹോവയുടെ തൊഴിൽ തെരഞ്ഞെടുത്ത രാജാക്കന്മാരിൽ ഒരാളായിരുന്നു യോശീയാവ്. യരുശലേമിന്റെ നാശം ആസന്നമാണ്, യഹോവയുടെ കോപം അണയുകയില്ല, അനർത്ഥം ഉറപ്പാണ് എന്നുമുള്ള........ പ്രവാസിയുടെ വചനം, പക്ഷേ യോശിയാവിന്റെ കാലത്ത് അതു സംഭവിക്കുകയില്ലെന്നും ഉറപ്പുനൽകുന്നു. ഈ രാജാവിന്റെ ഭരണത്തെക്കുറിച്ച് നമുക്ക് പഠിക്കാം.

## പാഠഭാഗം

നന്നേ ചെറുപ്പത്തിൽ, എട്ടാംവയസ്സിൽ യഹൂദാരാജാവായി 31 വർഷം ഭരണം നിർവ്വഹിച്ച രാജാവാണ് യോശിയാവ് (ബി.സി. 640-609). പിതാവ് ആമോൻ, മാതാവ് ഷെദീദാ. അക്കാലത്തെ മഹാപുരോഹിതൻ ഹില്കിയാസ്, രായസക്കാരൻ (principal secontary, a scribe) ശാഫാൻ. രാജാവിന്റെ 18-ാം ആണ്ടിൽ ദേവാലയ ശുദ്ധീകരണത്തിനുള്ള കല്പന ശാഫാൽ വഴി നൽകിയ പുരോഹിതനു കൊടുത്തു. അങ്ങനെ പണിനടക്കുമ്പോൾ, ദൈവാലയത്തിൽ നിന്ന് കണ്ടെടുത്ത ന്യായപ്രമാണ പുസ്തകം ഹില്കിയാസ് ശാഫാനെ ഏല്പിച്ചു. ശാഫാൻ രാജാവിനെ അതു വായിച്ചു കേൾപ്പിച്ചു (ആവ. 15:19-18:22 ദാനങ്ങളാണ് കണ്ടെടുക്കപ്പെട്ടതെന്ന് വേദപണ്ഡിതർ). രാജാവ് അതുകേട്ട് വിനയപ്പെട്ട് ദൈവത്തിന്റെ അരുളപ്പാട് എന്തെന്ന് അന്വേഷിക്കാൻ ഹുൽദാ പ്രവാസികയുടെ അടുക്കലാള

യച്ചു. പ്രവാസിക യരുശലേമിന്റെ നാശം നിശ്ചിതമെന്ന് അറിയിച്ചു. എങ്കിലും അത് ദൈവ മുമ്പാകെ സ്വയം താഴ്ത്തിയ യോശിയാവിന്റെ കാലത്ത് സംഭവിക്കുകയില്ലെന്നും അറിയിച്ചു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യോശിയാവിന്റെ ഭരണകാലഘട്ടം എന്തായിരുന്നു?
2. യോശിയാവിന് അരുളപ്പാട് നൽകിയ പ്രവാചിക ആര്?
3. അക്കാലത്തെ മഹാപുരോഹിതൻ ആരായിരുന്നു?
4. കണ്ടെടുത്ത ന്യായപ്രമാണ പുസ്തകമേത്?

ന്യായപ്രമാണം വായിച്ചുകേട്ട യോശിയാവ് യഹൂദായിൽ നിന്ന് സകല വിഗ്രഹ ങ്ങളും അന്യദേവന്മാരുടെ ബലിപീഠങ്ങളും തകർത്ത്, അതു തീയിലിട്ടു ചുട്ടു ചാരമാക്കി. ബേഥേലിലെ യാഗപീഠവും പൂജാഗിരിയും നശിപ്പിച്ചു. മലയിലുണ്ടായിരുന്ന ശവകുടീര ങ്ങൾ തുറന്ന് അവയിലെ അസ്ഥികൂടങ്ങളെടുത്ത് ഈ ബലിപീഠങ്ങളിൽ വച്ച് ദഹിപ്പിച്ച് ബലിപീഠം അശുദ്ധമാക്കി, എന്നാൽ ബേഥേലിലെ ബലിപീഠത്തിനെതിരെ പ്രവചനം നടത്തിയ പേരില്ലാത്ത പ്രവാചകന്റെ (1 രാജാ. 13:2-32) ശവകുടീരം മാത്രം നിലനിർത്തി.

തുടർന്ന്, യോശിയാവ് ജനത്തോട് ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്ന പ്രകാരം പെസഹാ ആചരിക്കണമെന്ന് കല്പിച്ചു. യോശിയാവിന്റെ 18-ാം ആണ്ടിൽ (കൊ. 622) ന്യായാധിപന്മാരുടെ കാലം മുതലിന്നോളം നടന്നിട്ടില്ലാത്തവിധം രാജാവും ജനവുമെല്ലാം പെസഹാ ആചരിച്ചു (2 രാജാ. 23:21-23). സകല മ്ലേച്ഛതകളും രാജ്യത്തുനിന്ന് നീക്കി. അവനെപ്പോലെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണ ശക്തിയോടുംകൂടെ മോശയുടെ ന്യായപ്രമാണപ്രകാരമെല്ലാം യഹോവയിലേക്കു തിരിഞ്ഞ ഒരു രാജാവ് മുമ്പു ണ്ടായിട്ടില്ല. പിന്നീട് ഒരുവൻ എഴുന്നേറ്റിട്ടുമില്ല (2 രാജാ. 23:25).

**അല്പം നിർത്താം... ചിന്തിക്കാം...**

1. ജനമെല്ലാം ചേർന്ന് പെസഹാ ആചരിച്ച വർഷം?
2. ന്യായപ്രമാണ പുസ്തക വാക്യങ്ങൾ നിവർത്തിപ്പാൻ തക്കവിധം യോശിയാവ് ചെയ്തത് എന്ത്? (2 രാജാ. 23:24)

യോശിയാവ് ന്യായപ്രമാണ പ്രകാരം ജീവിച്ചു എങ്കിലും അദ്ദേഹത്തിന്റെ പൂർവിക നായ മനശ്ശെയുടെ പാപത്തിന്റെ പെരുപ്പം യരുശലേമിന്റെ നാശത്തിന് കാരണമായി. യിസ്രായേലിനെ നശിപ്പിച്ചതുപോലെ യഹൂദായെയും നശിപ്പിക്കും എന്ന് ദൈവം കല്പിച്ചു.

മിസ്രയീം രാജാവായ ഫറവോനെഖോ അശൂരിനെതിരെ യുദ്ധത്തിനുവന്നപ്പോൾ യോശിയാവ് അവനെതിരെ യുദ്ധത്തിനുപോയി. മെശിദോവിൽവച്ച് ഫറവോനെഖോ യോശിയാവിനെ വധിച്ചു. അവന്റെ ഭൃത്യന്മാർ അദ്ദേഹത്തിന്റെ ദേഹം യരുശലേമിലേക്കു കൊണ്ടുവന്ന് അടക്കം ചെയ്തു. മകൻ യഹോവാഹാസ് രാജാവായി (2 ദിനവൃ. 35:20-27).

## നമുക്ക് ചിന്തിക്കാം

1 യോശിയാവിന്റെ ഭരണകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

2 യോശിയാവിന്റെ കാലത്തെ പെസഹാ ആചരണത്തിന്റെ പ്രത്യേകതകൾ എന്ത്?

3 യോശിയാവ് ന്യായപ്രമാണ പ്രകാരം ജീവിച്ചു. എന്നിട്ടും യരുശലേമിന്റെ നാശത്തിന് ഇടയാക്കിയ കാരണമെന്ത്?

4 യോശിയാവിന്റെ അന്ത്യം എപ്രകാരമായിരുന്നു?

## പ്രവർത്തനങ്ങൾ

1. ആവർ. 15:19–18:22 വായിച്ച് അതിൽ പറയുന്ന പ്രമാണങ്ങൾ സംഗ്രഹിച്ചെഴുതുക.
2. 1 രാജാ. 13 മുതൽ കാണുന്ന പേരില്ലാത്ത പ്രവാചകനും, ബേഥേലും തമ്മിലുള്ള ബന്ധം സത്യവേദപുസ്തകം നോക്കി മനസ്സിലാക്കുക.
3. 1–ാം ചോദ്യത്തിനു കണ്ടെത്തുന്ന ഉത്തരം യോശിയാവിന്റെ പരിഷ്ക്കാരങ്ങളുമായി താരതമ്യം ചെയ്യുക.

### നിശ്ചയം

**സഭയുടെ ആരാധനയിലും, അനുഷ്ഠാനങ്ങളിലും ഹൃദയപൂർവ്വം പങ്കാളികളാവുകയും ദൈവീകപ്രമാണങ്ങൾ അനുസരിച്ച് ഞങ്ങൾ ജീവിക്കുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

(മൂന്നു നോമ്പിന്റെ പാതിരാത്രിയുടെ പ്രാർത്ഥനയിലെ 3–ാം കൗമായ്ക്കു ശേഷമുള്ള പ്രാർത്ഥന. പ്രാർത്ഥനാക്രമം പേജ് 94)

*യേശുവേ നീ ഞങ്ങൾക്കു സഹായക്കാരനായിരിക്കണമെ യേശുവേ, നീ ഞങ്ങൾക്കു അഭയസ്ഥാനമായിരിക്കണമെ. യേശുവേ നീ ഞങ്ങളെ ശക്തിപ്പെടുത്തണമെ. യേശുവേ നീ ഞങ്ങളെ കാത്തുകൊള്ളണമെ. യേശുവേ ദുഷ്ടനെ ഞങ്ങളിൽനിന്ന് മാറ്റിക്കളയണമെ. യേശുവേ ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും നീ പരിഹരിക്കണമെ. യേശുവേ നീ ന്യായം വിസ്തരിക്കുമ്പോൾ ഞങ്ങളോട് ദയവു ചെയ്യണമെ. കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ.*

## തുടർ വായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | ആവ. 15 |
| തിങ്കൾ | 2 രാജാ. 22 | ആവ. 16 |
| ചൊവ്വ | 2 രാജാ. 23: 1–20 | ആവ. 17 |
| ബുധൻ | 2 രാജാ. 23: 21–27 | ആവ. 18 |
| വ്യാഴം | 1 രാജാ. 12 | യിരെമ്യ. 11 |
| വെള്ളി | 2 ദിന. 35 | 1 രാജാ. 13 |
| ശനി | 1 രാജാ. 14 | – |

പാഠം 4

# വടക്കേ രാജ്യത്തിന്റെ (ഇസ്രായേൽ) പതനം

**(പ്രമുഖരായ രാജാക്കന്മാർ)**

## പാഠോദ്ദേശ്യങ്ങൾ

രാജത്വം ദൈവത്താൽ സ്ഥാപിതമാണ്. ദൈവജനത്തോടുള്ള ഉത്തരവാദിത്തംപോലെ പ്രാധാന്യമുള്ളതാണ് രാജാവിന് ദൈവഭക്തിയും എന്ന് മനസ്സിലാക്കുക. അന്യദൈവങ്ങളോടു ചേരുന്നത് ദൈവത്തോടും ദൈവവിളിയോടുമുള്ള അവിശ്വസ്തതയാണ്. അത് രാജ്യത്തെ തകർച്ചയിലേക്കും, വീഴ്ചയിലേക്കും നയിക്കും എന്നും മനസ്സിലാക്കുക. ദൈവത്തോടുള്ള പൂർണ്ണ വിശ്വസ്തതയിൽ ജീവിക്കുക.

**മനഃപാഠവാക്യം:** യഹോവയ്ക്കു അവരോടു കരുണയും മനസ്സലിവും തോന്നി, അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരോടുള്ള തന്റെ നിയമം നിമിത്തം അവൻ അവരെ കടാക്ഷിച്ചു. അവരെ നശിപ്പിക്കാൻ അവനു മനസ്സായില്ല; ഇതുവരെ തന്റെ സന്മുഖത്തുനിന്ന് അവരെ തള്ളിക്കളഞ്ഞതുമില്ല (2 രാജാ. 13:23).

**ആമുഖം:** ശലോമോന്റെ കാലശേഷം വിഭജിതമായ രാജ്യം പഞ്ചഗോത്രങ്ങൾ ചേർന്ന് വടക്ക് ശമര്യ ആസ്ഥാനമാക്കി യിസ്രായേൽ എന്ന പേരിൽ യെരൊബെയാവിന്റെ നേതൃത്വത്തിൽ രൂപീകൃതമായ കഥ നാം പഠിച്ചുവല്ലോ. ബി.സി.ഇ. 922 മുതൽ, ശമര്യയെ അശ്ശൂർ കീഴടക്കിയ ബി.സി.ഇ. 721 വരെയുള്ള ചരിത്രകാലഘട്ടത്തിലെ പ്രമുഖ രാജാക്കന്മാരെക്കുറിച്ച് നമുക്ക് പഠിക്കാം.

## പാഠഭാഗം

യെരൊബെയാം മുതൽ (ബി.സി.ഇ. 922-901) ഹോശേയാവരെ (ബി.സി.ഇ. 732-721) 19 രാജാക്കന്മാർ യിസ്രായേലിൽ ഭരണം നിർവ്വഹിച്ചിട്ടുണ്ട്. ഒമ്പത് വ്യത്യസ്ത വംശങ്ങളിൽ നിന്ന് / കുടുംബങ്ങളിൽനിന്നുമുള്ളവരായിരുന്നു ഈ രാജാക്കന്മാർ. 1 രാജാക്കന്മാർ 12-ാം അദ്ധ്യായം മുതൽ 2 രാജാ. 17:41 വരെയുള്ള ഭാഗങ്ങളിൽ ഈ രാജാക്കന്മാരെക്കുറിച്ചുള്ള വിവരങ്ങൾ വിസ്തരിച്ചിട്ടുണ്ട്. എല്ലാവരേയുംകുറിച്ച് പഠിക്കുക പ്രയാസമാകയാൽ പ്രധാനപ്പെട്ട ചിലരെക്കുറിച്ചു മാത്രം നാം ഇവിടെ പഠിക്കുന്നു.

### 1. യെരൊബെയാം (ബി.സി.ഇ. 922-901) (1 രാജാ. 12:25 - 14:20)

വടക്കേരാജ്യമായ യിസ്രായേലിലെ ആദ്യത്തെ രാജാവ്. ശലോമോനോട് മത്സരിച്ച്, പരാജയപ്പെട്ട് മിസ്രയീം രാജാവായ ശീശക്കിന്റെ അടുക്കൽ അഭയം പ്രാപിച്ചിക്കയായിരുന്നു (2 രാജാ. 11:26-40). ശലോമോന്റെ മരണശേഷം മകനായ മെഹസെയാവുമായി

സന്ധിസംഭാഷണത്തിലേർപ്പെട്ടെങ്കിലുംഅതു പരാജയപ്പെട്ടപ്പോൾ പത്ത് ഗോത്രങ്ങളുടെ പിന്തുണയിൽ ശെഖേം ആസ്ഥാനമാക്കി യിസ്രായേൽ രാജ്യത്തിനധിപനായി. ഇദ്ദേഹം 22 വർഷം യിസ്രായേലിൽ വാണു.

യെരുശലേമിൽ യാഗം കഴിക്കുവാൻ ജനം തെക്കോട്ടുപോകുന്നത് തന്റെ രാഷ്ട്രീയ ഭാവിക്കും രാജ്യസുരക്ഷയ്ക്കും ഭീഷണിയാകുമെന്ന് കണ്ട യൊരൊബെയാം പൊന്നു കൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ബേഥേലിലും ദാനിലും സ്ഥാപിച്ചു പ്രതിഷ്ഠിച്ച് ജനത്തെ ന്യായപ്രമാണത്തിൽ നിന്നകറ്റി. ലേവ്യരല്ലാത്ത പുരോഹിതന്മാരെ നിയമിച്ച് ന്യായപ്രമാണലംഘനം വർദ്ധിപ്പിച്ചു. രാജാവു തന്നെ ഈ വിഗ്രഹങ്ങൾക്ക് ധൂപം അർപ്പിക്കുവാൻ പോയി. ബേഥേലിൽ ധൂപാർപ്പണത്തിനായി രാജാവു നിൽക്കുമ്പോൾ യഹൂദായിൽനിന്നെത്തിയ ഒരു ദൈവപുരുഷൻ ഈ യാഗപീഠത്തിനെതിരെ, ദാവീദു ഗൃഹത്തിൽ ജനിക്കുന്ന യോശിയാവ് എന്ന പുത്രൻ ഈ യാഗപീഠത്തെ നശിപ്പിക്കുമെന്ന് പ്രവചിച്ചു. ദൈവപുരുഷനെ നശിപ്പിക്കാനാഗ്രഹിച്ച യൊരൊബെയാവിന്റെ കൈവരണ്ടിട്ട് മടക്കാനാകാതെപോയതും, ബേഥേലിലെ യാഗപീഠം പിളർന്ന് യാഗവസ്തുക്കൾ ചിതറിപ്പോയതും പ്രവചനനിവൃത്തിക്ക് അടയാളമായി.

യൊരൊബെയാം തന്റെ ദുർമാർഗ്ഗം വിട്ടുതിരിയാതിരുന്നതിനാൽ അദ്ദേഹത്തിന്റെ മകനായ അബിയാം രോഗബാധിതനായി മരിച്ചുപോയി. അഹീയാ പ്രവാചകൻ അബിയാവിന്റെ മരണത്തെക്കുറിച്ചും, യൊരൊബെയാമിന്റെ ഗൃഹത്തിനുണ്ടാകാൻ പോകുന്ന നാശത്തെക്കുറിച്ചും, യിസ്രായേലിനെ ദൈവം ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നു എന്ന കാര്യവും യൊരൊബെയാവിന്റെ ഭാര്യയെ അറിയിച്ചു. ''യിസ്രയേലിനെക്കൊണ്ടു പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യൊരൊബെയാം'' എന്ന് പിൽക്കാലചരിത്രത്തിൽ ഇദ്ദേഹം അറിയപ്പെട്ടു. ബി.സി.ഇ. 901-ൽ യൊരൊബെയാം മരിച്ചു. മകൻ നാദാബ് പകരം രാജാവായി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യൊരൊബെയാമിന്റെ വീഴ്ചയ്ക്കുള്ള കാരണമെന്ത്?
2. വൃദ്ധനായ അഹിയാ പ്രവാചകന്റെ അടുക്കലേക്ക് യൊരൊബെയാമിന്റെ ഭാര്യ പോയത് എന്തിന്?
3. പ്രവാചകന്റെ സന്ദേശം എന്തായിരുന്നു?

## 2. ആഹാബ് (ബി.സി.ഇ. 860-850) (1 രാജാ. 16:29-22:40)

ആഹാബ് യൊരൊബെയാമിന്റെ സന്തതി പരമ്പരയിൽ പെട്ടയാളല്ല; യിസ്രായേലിനെ വാണ രാജപരമ്പരകളിൽ നാലാമത്തെ പരമ്പരയിലെ 2-ാമത്തെ രാജാവാണ്. യിസ്രായേലിലെ പ്രശസ്തനും പ്രഗത്ഭനുമായ ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങൾ ഈ രാജാവിന്റെ ഭരണകാലത്തായിരുന്നു. (ഏലിയാവ്, എലീശ എന്നിവരെക്കുറിച്ച് 7-ാം ക്ലാസ് പാഠഭാഗം നോക്കുക). ആഹാബ് യിസ്രായേലിൽ 22 വർഷം രാജാവായിരുന്നു. നെബാത്തിന്റെ മകനായ യൊരൊബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നിയിട്ട് സീദോന്യാ രാജാവിന്റെ മകൾ ഈസേബെലിനെ ഭാര്യയാക്കി, ബാലിനെ സേവിച്ചു, അശേരാ പ്രതിഷ്ഠയുണ്ടാക്കി. തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേൽ രാജാക്ക

ന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചുവെന്നാണ് എഴുത്തുകാരൻ പറയുന്നത് (1 രാജാ. 16:31-34). അതുകൊണ്ടുതന്നെ ഏലിയാ പ്രവാചകൻ പല അവസരങ്ങളിലും ആഹാബിനെ ശാസിക്കുന്നുണ്ട്. “ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല (1 രാജാ. 17:1) എന്ന് പറഞ്ഞതുമൂലം യിസ്രായേലിൽ മൂന്നു വർഷം വരൾച്ചയായിരുന്നു.

കർമ്മേലിലെ ബലിക്കുശേഷം, ബാലിന്റെ നാനൂറ്റിയമ്പതു പ്രവാചകന്മാർ വധിക്കപ്പെട്ടപ്പോൾ, ഈസേബെൽ ഏലിയാവിനെ കൊല്ലുവാൻ കല്പന നൽകുന്നു (1 രാജാ. 19:1-3). എന്നാൽ ഏലിയാവിനെ വധിക്കാനാകുന്നില്ല. രാജത്വം ആഹാബിന്റെ കുടുംബത്തിൽ നിന്ന് നീക്കപ്പെടുവാനുള്ള മുഖാന്തിരമായി ഈ സംഭവം മാറുന്നു.

അരാം രാജാവായ ബെൽഹദദ് യിസ്രായേലിനെ ഭീഷണിപ്പെടുത്തി യുദ്ധസന്നദ്ധമാകുമ്പോൾ ഒരു പ്രവാചകന്റെ വാക്കുപ്രകാരം ആഹാബ് പ്രവർത്തിച്ച് അരാമിനെ പരാജയപ്പെടുത്തി (1 രാജാ. 20:1-34).

നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാനായി ശ്രമിച്ചതും, ഈസേബെൽ നാബോത്തിനെ കൊന്ന് തോട്ടം ചീരത്തോട്ടത്തിനായി ഏറ്റെടുക്കുകയും ചെയ്തതും ദൈവകോപത്തിന് കാരണമായി (1 രാജാ. 21:1-24). മൂന്നുവർഷത്തിനുശേഷം വീണ്ടും അരാമിനോട് യുദ്ധത്തിനു പോയ ആഹാബ്, പ്രവാചകനായ മീഖായാവ് അരുളിച്ചെയ്തതുപോലെ യുദ്ധക്കളത്തിൽവച്ചു മരിച്ചുപോയി (1 രാജാ. 22:1-40). അവന്റെ രക്തം ഏലിയാ പ്രവാചകൻ മുമ്പ് പ്രവചിച്ചതുപോലെ (1 രാജാ. 21:19) നായ്ക്കൾ നക്കി (1 രാജാ. 22:38).

**അല്പം നിർത്താം... ചിന്തിക്കാം...**

1. ആഹാബിന്റെ കാലത്തുണ്ടായിരുന്ന രണ്ടു പ്രവാചകന്മാരുടെ പേരു പറയുക?
2. ആരുടെ മുന്തിരിത്തോട്ടം സ്വന്തമാക്കാനാണ് ആഹാബ് ആഗ്രഹിച്ചത്. അത് എന്തിനുവേണ്ടിയായിരുന്നു?
3. ആഹാബിന്റെ കുറ്റം എന്തായിരുന്നു?

### 3. യേഹൂ (ബി.സി.ഇ. 842-815) 2 രാജാ. 8:1-10:36)

ഹോരേബ് പർവ്വതത്തിൽ നിന്ന് മടങ്ങുന്ന ഏലിയാ പ്രവാചകനു ദൈവം നൽകുന്ന മൂന്ന് ചുമതലകളിൽ ഒന്ന് യിസ്രായേലിൽ ‘യേഹൂവി’നെ രാജാവായി വാഴിക്കുക എന്നതായിരുന്നു (1 രാജാ. 19:16). ആ ദൈവനിർദ്ദേശപ്രകാരം ഏലിയാവിന്റെ ശിഷ്യനായ എലീശാ ഒരു പ്രവാചകശിഷ്യനെവിട്ട് യേഹൂവിനെ രാജാവായി അഭിഷേകം ചെയ്തു (2 രാജാ. 9:1-10). യേഹൂ യിസ്രായേലിന് 28 വർഷം രാജാവായിരുന്നു. ആഹാബിന്റെ കുടുംബത്തിന്റെ നാശമാണ് യേഹൂവിനോട് ആവശ്യപ്പെട്ടിരുന്ന പ്രധാന കാര്യം. യേഹു ആഹാബിന്റെ മകനും ഇസ്രായേൽ രാജാവുമായ യോരാമിനെ ലെയാദിലെ രാമോത്തിൽവച്ച് വധിച്ചശേഷം ശമര്യായിലേക്ക് പോയി (2 രാജാ. 9:14-26). യോരാമിന് യഹോരാം എന്നു കൂടി പേരുണ്ട് (2 രാജാ. 1:17). ശമര്യായിലെത്തിയ യേഹൂവിനെ തന്റെ സൗന്ദര്യത്താൽ വശീകരിക്കാൻ ശ്രമിച്ച ഈസേബെലിനെ കിളിവാതിലിലൂടെ തള്ളി താഴെവീഴ്ത്തി. ഈസേബെലിന്റെ ഷണ്ഡന്മാരെക്കൊണ്ടുതന്നെ കൊല്ലിച്ചു. അവളുടെ മാംസം നായ്ക്കൾ തിന്നുകളയുമെന്ന പ്രവചനവും പൂർത്തിയായി (1 രാജാ. 21:23, 2 രാജാ. 9:16).

തുടർന്ന് യേഹൂ ആഹാബിന്റെ പിൻതലമുറക്കാരെ മുഴുവൻ ഇല്ലാതാക്കുന്നു (2 രാജാ. 10:1-17). യിസ്രായേലിലെ വിഗ്രഹാരാധനയും ബാലിന്റെ പ്രവാചകന്മാരെയും പൂർണ്ണമായി നശിപ്പിച്ചു. എന്നാൽ ബേഥേലിലും ദാനിലും യൊരെബെയാം സ്ഥാപിച്ച കാളക്കുട്ടികളെ നശിപ്പിച്ചില്ല. അതുകൊണ്ട് ദൈവം യേഹൂവിന്റെ പിൻതലമുറയിൽ നാലാം തലമുറവരെ രാജത്വം അവകാശമാക്കിക്കൊടുത്തുള്ളൂ (2 രാജാ. 10:18-36).

**അല്പം നിർത്താം... ചിന്തിക്കാം...**

1. യേഹൂവിനെ രാജാവായി അഭിഷേകം ചെയ്തതാര്?
2. യേഹൂവിന്റെ കുടുംബം എത്ര തലമുറവരെ ഭരണസാരഥ്യം വഹിക്കും.
3. ഭരണം എതാനും തലമുറകളിലേക്കു മാത്രം ഒതുക്കിയതിന്റെ കാരണമെന്ത്?

## 4. ഹോശേയ (ബി.സി.ഇ. 732-723) (2 രാജാ. 17:1 മുതൽ)

വടക്കേ രാജ്യത്തെ അവസാന രാജാവാണ് (19-ാമത്തെ) ഹോശേയ. 9 വർഷം യിസ്രായേലിൽ രാജാവായിവാണു. അവൻ യഹോവയ്ക്കു അനിഷ്ഠമായുള്ളതു ചെയ്തു. അശ്ശൂർ രാജാവായ ശൽമനേസ്സർ ശമര്യ ആക്രമിച്ചപ്പോൾ, ഹോശേയ അദ്ദേഹത്തിന് കപ്പം കൊടുത്ത് ആശ്രിതനായി കഴിഞ്ഞു. എന്നാൽ മിസ്രയിമിനെ ആക്രമിച്ചുകൊണ്ട് ഹോശേയാ കപ്പം കൊടുക്കുന്നത് നിർത്തിയപ്പോൾ അശ്ശൂർ രാജാവ് ഹോശേയയെ പിടിച്ച് ബന്ധനസ്ഥനാക്കി/കാരാഗൃഹത്തിലാക്കി.

## അശ്ശൂരിന്റെ അധിനിവേശം

ബി.സി. 721-ൽ ശൽമനേസ്സർ ശമര്യ പിടിച്ചടക്കുകയും യിസ്രായേലിനെ തടവുകാരാക്കി അശ്ശൂരിലേക്കു കൊണ്ടുപോയി വിവിധ സ്ഥലങ്ങളിൽ പാർപ്പിക്കുകയും ചെയ്തു (2 രാജാ. 17:6).

യിസ്രായേൽ മക്കൾ ന്യായപ്രമാണ വിരുദ്ധരായി പ്രവർത്തിക്കുകയും യഹോവയെ ഉപേക്ഷിച്ച് അന്യദേവന്മാരെ സേവിക്കുകയും അവരുടെ വിഗ്രഹങ്ങൾ നിർമ്മിക്കുകയും ചെയ്തതാണ് ശമര്യയുടെ വീഴ്ചയ്ക്ക് കാരണമായത് (2 രാജാ. 17:7-18).

അശ്ശൂർ രാജാവ് ബാബേൽ, കുഥാ, അവ്വ, ഹമാത്ത്, സെഫർവ്വയീം എന്നിവിടങ്ങളിൽ നിന്ന് ആളുകളെക്കൊണ്ടുവന്ന് യിസ്രായേൽ മക്കൾക്കു പകരം ശമര്യായിൽ പാർപ്പിച്ചു (2 രാജാ. 17:24).

അങ്ങനെ ബി.സി. 721-ൽ വടക്കേരാജ്യമായ യിസ്രായേൽ എന്നേക്കുമായി നശിച്ചു. ശമര്യയിലെ ജനങ്ങൾക്ക് അവരുടെ ഗോത്രശുദ്ധി കൂടെ നഷ്ടമാവുകയും ചെയ്തു.

## നമുക്കു ചിന്തിക്കാം

1 യെരൊബെയാം, ആഹാബ്, യേഹു, ഹോശേയാ എന്നീ പ്രമുഖ രാജാക്കന്മാരുടെ ഭരണകാലഘട്ടത്തെ പ്പറ്റിയും അവരുടെ പ്രത്യേകതകളെപ്പറ്റിയും ലഘു ഉപന്യാസങ്ങൾ തയ്യാറാക്കുക.

2 യെരോബെയാമിന്റെ ജീവിതത്തിൽ നേരിട്ട ദുരനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയുടെ കാരണമെന്തായിരുന്നു?

3 ജീവിത പങ്കാളിയുടെ സ്വഭാവത്തിന്റെ പ്രത്യേകതകൾ ആഹാബിന്റെ ഭരണത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് വിശദമാക്കുക?

4 മേല്പ്പറഞ്ഞ രാജാക്കന്മാരുടെ ചരിത്രത്തിൽനിന്ന് നിങ്ങൾ പഠിച്ച ഗുണപാഠങ്ങൾ എന്തെല്ലാം?

5 ഇസ്രായേൽ രാജ്യത്തിന്റെ നാശത്തിന്റെ കാരണമെന്തായിരുന്നു?

6 യേഹുവിനെ രാജാവായി അഭിഷേകം ചെയ്തത് ആര്? ആ സാഹചര്യം വിശദീകരിക്കുക?

7 വടക്കേ രാജ്യത്തെ അവസാനത്തെ രാജാവ് ആരായിരുന്നു? അദ്ദേഹത്തിന്റെ ഭരണം ഇസ്രായേലിന്റെ നാശത്തിന് കാരണമായതെങ്ങനെ?

## പ്രവർത്തനങ്ങൾ

1. 1 രാജാ. 12:1-2 രാജാ. 17:41 വരെയുള്ള ഭാഗങ്ങളിൽ നിന്ന് യിസ്രായേലിനെ (വടക്കേ രാജ്യം) ഭരിച്ച പത്തൊൻപതു രാജാക്കന്മാർ ആരൊക്കെയെന്നു കണ്ടുപിടിക്കുക.
2. ഈ രാജാക്കന്മാരിൽ കുടുംബ പിന്തുടർച്ചയുള്ളവർ ആരൊക്കെ?
3. എത്ര വ്യത്യസ്ത കുടുംബങ്ങളെ കണ്ടെത്താനാകും?
4. 1 രാജാ. 18-ാം അദ്ധ്യായം വായിച്ച് കൊച്ചുകുട്ടികൾക്കായി കർമ്മേലിലെ ബലി എന്നൊരു ചെറു കഥ തയ്യാറാക്കുക.

**നിശ്ചയം**

**സത്യവിശ്വാസം കാത്തുസൂക്ഷിക്കുന്ന സഭയായ ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും എന്നും ഞങ്ങൾ കാത്തുസൂക്ഷിക്കും.**
**ദൈവത്തോട് വിശ്വസ്തതയുള്ളവരായി ജീവിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 12, സൂത്താറാ പ്രാർത്ഥനയിൽ കൗമായ്ക്കു ശേഷം ചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ. നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ. നിന്റെ നൽവരത്തിന്റെ ഭണ്ഡാരം കവർച്ചചെയ്യപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കണമെ. ബാറെക്മോർ.*

*വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ കർത്താവ് പരിശുദ്ധനെന്നും തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരുടേയും വിചാരങ്ങളെ നീ വിശുദ്ധീകരിച്ച് വെടിപ്പാക്കണമെ.*

*മൊറിയോറാഹേം മെലെൻ.......*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | 1 രാജാ. 15, 16 |
| തിങ്കൾ | 2 രാജാ. 1, 2 | 1 രാജാ. 17, 18 |
| ചൊവ്വ | 2 രാജാ. 3, 4 | 1 രാജാ. 18,19 |
| ബുധൻ | 2 രാജാ. 5, 6 | 1 രാജാ. 20, 21 |
| വ്യാഴം | 2 രാജാ. 7, 8 | 1 രാജാ. 22 |
| വെള്ളി | 2 രാജാ. 9, 10 | 2 രാജാ. 13,14 |
| ശനി | 2 രാജാ. 11, 12 | 2 രാജാ. 17 |
| ഞായർ | 2 രാജാ. 15, 16 | – |

പാഠം 5

# തെക്കേ രാജ്യത്തിന്റെ പതനം

**(ബാബേൽ പ്രവാസം)**

**(2 രാജാ. 15, 18, 23, 25 അദ്ധ്യായങ്ങൾ)**

## പഠനോദ്ദേശ്യങ്ങൾ

ദൈവം ദാവീദുമായി ഉണ്ടാക്കിയ ഉടമ്പടിബന്ധത്തിന്റെ ആഴം മനസ്സിലാക്കുക. യഹൂദ്യാ രാജ്യത്തിന്റെ പതനത്തിനും ബാബേൽ പ്രവാസത്തിനും കാരണമായ ഘടക ങ്ങൾ വിശകലനം ചെയ്യുക. യഹോവയോടുള്ള ഭക്തിയിലെ വീഴ്ചയുടെ അനന്തരഫല ങ്ങൾ ദാവീദ് ഗൃഹത്തിന്റെയും യഹൂദ്യാ രാജ്യത്തിന്റെയും പശ്ചാത്തലത്തിൽ വിലയിരു ത്തുക. ഈ പാഠഭാഗത്തിലെ സന്ദേശങ്ങൾ കുട്ടികൾ തങ്ങളുടെ ജീവിതസാഹചര്യങ്ങ ളിൽ പ്രാവർത്തികമാക്കുക.

**മനഃപാഠവാക്യങ്ങൾ:** ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ.... ഒരു നന്മയ്ക്കും കുറവില്ല (സങ്കീ. 34:10).

**പഠനസഹായികൾ:** യിസ്രായേൽ ഗോത്രങ്ങളെ കാണിക്കുന്ന ഭൂപടം, വി. വേദപുസ്തകം പ്രാർത്ഥനാക്രമം, വി. കുർബ്ബാനക്രമം

## ആമുഖം

യിസ്രായേലിലെ ആദ്യത്തെ രാജാവ് ആരായിരുന്നു എന്ന് മുൻപാഠത്തിൽ പഠിച്ചതു ഓർക്കുന്നുണ്ടല്ലോ.

കുട്ടികൾ: ശൗൽ രാജാവ്. ടീച്ചർ: ശരിയാണ്. ശൗലിനുശേഷം ആരായിരുന്നു രാജാവ്? 'ദാവീദ് രാജാവ്'. അതിനുശേഷം ദാവീദിന്റെ മകനായ ശലോമോനും രാജാവായി അല്ലേ? കുട്ടികൾ അതേ, ശലോമോനു ശേഷം വിഭജിക്കപ്പെട്ട യിസ്രായേലിലെ രണ്ട് ഗോത്ര ങ്ങൾ മാത്രമാണ് യരുശലേം ആസ്ഥാനമാക്കി ദാവീദ് ഗൃഹത്തോട് ചേർന്നുനിന്നത് എന്നും നമ്മൾ പഠിച്ചല്ലോ. ഏതെല്ലാമായിരുന്നു ആ രണ്ട് ഗോത്രങ്ങൾ? കുട്ടികൾ, 'യഹൂദഗോത്ര വും, ബന്യാമിൻ ഗോത്രവും'. ടീച്ചർ മിടുക്കർ. ദാവീദിന്റെ കുടുംബവാഴ്ചയായിരുന്നു തെക്കെരാജ്യമായ യഹൂദ്യയിൽ ഉണ്ടായിരുന്നത് അല്ലേ? ബാബേൽ രാജാവ് ക്രിസ്തു വിന് മുമ്പ് 586 (ബി.സി.)ൽ യരുശലേം പിടിച്ചടക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ 20 രാജാക്കന്മാർ യഹൂദ്യ ഭരിച്ചിട്ടുണ്ട്. ഈ രാജാക്കന്മാരിൽ ചിലരെക്കുറിച്ചും, യഹൂദ്യരാജ്യ ത്തിന്റെ പതനത്തെപ്പറ്റിയും ബാബേൽ രാജ്യത്തേക്ക് ജനം പ്രവാസികളായി പോകേണ്ടി വന്ന സാഹചര്യത്തെ (ബാബേൽ പ്രവാസം) കുറിച്ചുമാണ് നമ്മൾ ഇന്നു പഠിക്കാൻ പോകുന്നത്.

## പാഠഭാഗം

ശലോമോന്റെ മകനായ രെഹബെയാം (1 രാജാ. 14:21-31) ആയിരുന്നു യഹൂദ്യ രാജ്യത്തിന്റെ ആദ്യത്തെ രാജാവ്. യരുശലേം തലസ്ഥാനമാക്കി 17 വർഷം അദ്ദേഹം യഹൂദ്യ ഭരിച്ചു. തുടർന്നുവന്ന ദാവീദിന്റെ പിൻഗാമികളിൽ പ്രധാനികളായ ചിലരെക്കുറിച്ചുമാത്രം ചില കാര്യങ്ങൾ നമുക്കു മനസ്സിലാക്കാം.

### ഉസ്സിയാവ് (ക്രി.മു. 783-742) 2 രാജാ. 15:1-7, 2 ദി. വൃത്താ. 26:3-23

പതിനാറാം വയസ്സിൽ രാജാവായി 52 വർഷം യഹൂദ്യരാജ്യം വാണ ഉസ്സിയാവിന് അസര്യാവ് എന്നുകൂടെ പേരുണ്ട്. യശയ്യാ പ്രവാചകൻ യരുശലേമിൽ പ്രവചനം നടത്തിയത് ഉസ്സിയാവിന്റെ കാലത്തായിരുന്നു (യെശ. 1:1, 6:1). ദീർഘകാലം രാജ്യം ഭരിച്ച ഉസ്സിയാവ് ദൈവേഷ്ടപ്രകാരം മഹാപുരോഹിതനായ സെഖര്യാവിന്റെ ഉപദേശം അനുസരിച്ച് ഭരണം ആരംഭിച്ചെങ്കിലും ശക്തനായപ്പോൾ തന്നിഷ്ടപ്രകാരം ദൈവാലയത്തിൽ ധൂപാർപ്പണത്തിന് മുതിർന്നത് വിനയായി. രാജാവിന്റെ നെറ്റിമേൽ കുഷ്ഠം പൊങ്ങിയത് മഹാപുരോഹിതൻ അസര്യാവും മറ്റു പുരോഹിതന്മാരും കണ്ട്, രാജാവിനെ ദേവാലയത്തിൽനിന്ന് പുറത്താക്കി. തുടർന്ന് ജീവപര്യന്തം ഒരു പ്രത്യേക ശാലയിൽ കുഷ്ഠരോഗിയായി താമസിച്ചു. ഉസ്സിയാവിനുവേണ്ടി മകനായ യോഥാമാണ് പിന്നീട് രാജ്യഭരണം നിർവ്വഹിച്ചത്.

ദൈവഹിതപ്രകാരം ജീവിച്ചപ്പോൾ സമൃദ്ധിയും സുരക്ഷയും, ദൈവത്തെ മറന്നപ്പോൾ ഏകാന്ത ജീവിതവും കുഷ്ഠവും അനുഭവിച്ച രാജാവായിരുന്നു അസര്യാവ് എന്നുകൂടി പേരുള്ള ഉസ്സിയാവ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1) യഹൂദ്യരാജ്യത്തെ ആദ്യത്തെ രാജാവ്?
2) ഉസ്സിയാവിന്റെ മറ്റൊരു പേര്?
3) ഉസ്സിയാവിന്റെ ഭരണം നമുക്കു നൽകുന്ന പാഠം എന്ത്?

### ഹിസ്കിയാവ് (ക്രി. മു. 715-687) 2 രാജാ. 18:1-20 :21

യഹൂദാരാജ്യത്തെ 13-ാമത്തെ രാജാവായ ഹിസ്കിയാവ് 29 വർഷം യഹൂദാ രാജ്യത്തെ ഭരിച്ചു. ഇദ്ദേഹം ദൈവത്തിന് പ്രീതികരമായി ഭരണം നിർവ്വഹിച്ചുവെന്ന് വേദപുസ്തകം സാക്ഷിക്കുന്നു. 29 വർഷത്തെ ഭരണത്തിൽ രണ്ടാമത്തെ 15 വർഷം ദൈവം ആയുസ്സു നീട്ടിക്കൊടുത്തതിന്റെ ഫലമാണ്. ഹിസ്കിയാവിന് മരിക്കത്തക്കതായ ഒരു രോഗം പിടിക്കുന്നതായി 2 രാജാ. 20:1; 2 ദി.വൃ. 32:24, യെശ. 38:1 എന്നീ വേദഭാഗത്തുനിന്നു മനസ്സിലാക്കാം. ദൈവം യെശയ്യാപ്രവാചകനെ രാജാവിന്റെയടുക്കൽ അയച്ച് 'ഗൃഹകാര്യം ക്രമപ്പെടുത്തികൊള്ളുവാൻ' അറിയിക്കുന്നു. ഈ ദൈവവചനത്തോട്, രാജാവ് പ്രാർത്ഥനയോടും, കണ്ണുനീരോടും പ്രതികരിച്ചതിനാൽ ദൈവം യെശയ്യാവിലൂടെ തന്നെ രാജാവിന് 15 വർഷം ആയുസ്സു നീട്ടിക്കൊടുക്കുന്നതായി അറിയിച്ചു. അടയാളമായി ആഹാ

സിന്റെ സൂര്യഘടികാരത്തിൽ ഇറങ്ങിപ്പോയിരുന്ന നിഴൽ പത്തുപടി പിന്നോക്കം തിരിയുമാറാക്കി. യെശയ്യാവ് അത്തിപ്പഴംകൊണ്ട് ഹിസ്കിയാവിന്റെ രോഗം സുഖപ്പെടുത്തി. ഹിസ്കിയാവിന്റെ മകനായ മനശ്ശെ 12-ാം വയസിൽ രാജാവായെന്നത് വ്യക്തമാക്കുന്നത്, ദൈവം ആയുസ്സ് നീട്ടിക്കൊടുത്തിരുന്നില്ലെങ്കിൽ ഹിസ്കിയാവിനുശേഷം രാജാവാകുവാൻ ദാവീദ് ഗൃഹത്തിൽ ആളില്ലാതാകുമായിരുന്നുവെന്നതാണ്. ഏറ്റവും ദീർഘകാലം യഹൂദാ ഭരിച്ച രാജാവായിരുന്നു ഹിസ്കിയാവിന്റെ മകനായ മനശ്ശെ (2 രാജാ. 21:1).

**അല്പം നിർത്താം... ചിന്തിക്കാം...**

1) ഹിസ്കിയാവിനെ സുഖപ്പെടുത്തിയ ആൾ?
2) ഹിസ്കിയാവിന്റെ മകൻ?
3) യഹൂദായിൽ ഏറ്റവും അധികകാലം ഭരണം നടത്തിയ ആൾ?
4) ജീവിതത്തിൽ രോഗവും പ്രയാസവും നേരിട്ടപ്പോൾ ഹിസ്കിയാവ് പ്രതികരിച്ചതെങ്ങനെ?

## യോശീയാവ് (ക്രി. മു. 640-609)

രാജാവിനെക്കുറിച്ചും ദേവാലയ ശുദ്ധീകരണത്തെക്കുറിച്ചും മുൻപാഠത്തിൽ നാം പഠിച്ചുവല്ലോ. യഹൂദ്യയിലെ 16-ാമത്തെ രാജാവായിരുന്നു യോശീയാവ്.

## അവസാന രാജാക്കന്മാർ (ക്രി. മു. 609-578) 2 രാജാ. 23:31 - 25:7

മൂന്നുമാസം മാത്രം വീതം ഭരിച്ച യഹോവാഹാസ് (609); യഹോയാഖിൻ (597) എന്നിവരും പതിനൊന്നുവർഷം വീതം ഭരിച്ച എല്യാക്കിം (യഹോയാക്കിം) 809-598); മത്ഥന്യാവ് (സീദെക്കിയാവ്) (597-587) എന്നിവരാണ് യഹൂദ്യ രാജ്യത്തിലെ അവസാന രാജാക്കന്മാർ. ഇവരുടെ ഭരണകാലത്ത് ബാബേൽ രാജാവായ നെബൂഖദ്നെസ്സർ രണ്ടും പ്രാവശ്യം യരുശലേം ആക്രമിച്ചു. യെഹോയാക്കിമിന്റെ കാലത്ത് ക്രി.മു. 598-ൽ ബാബേൽ രാജാവ് യരുശലേം ആക്രമിച്ചു എങ്കിലും പൂർണ്ണമായി നശിപ്പിച്ചില്ല. മനശ്ശെ ചെയ്ത പാപത്തിന്റെ ഫലമാണിതെന്ന് 2 രാജാ. 24:3 പറയുന്നു. തുടർന്നുവന്ന യഹോയാഖിന്റെ കാലത്ത് ദേവാലയ ഉപകരണങ്ങളും മറ്റും ദേവാലയത്തിൽനിന്ന് ബാബേലിലേക്കു കൊണ്ടുപോയി. കൂടെ വളരെയധികം നൈപുണ്യമുള്ള (skilled) ആളുകളേയും ബാബേലിലേക്കു കൊണ്ടുപോയി. യഹോയാഖിന് പകരം മത്ഥന്യാവിന് സിദെക്കിയാവ് എന്ന പേരു നൽകി യഹൂദ്യായിൽ രാജാവാക്കി. സീദെക്കിയാവ് ദൈവത്തിന് അനിഷ്ടമായത് ചെയ്ത് ദൈവകോപത്തിന് കാരണമായി.

ബാബേൽ രാജാവ് നെബുഖദ്നെസ്സർ സർവ്വസൈന്യവുമായി വന്ന് യരുശലേം കീഴടക്കി നശിപ്പിച്ച്, ദേവാലയവും, രാജഭണ്ഡാരവും കൊള്ളചെയ്തു ദ്രവ്യവും വിശുദ്ധ പാത്രവുമെല്ലാം ബാബേലിലേക്കു കൊണ്ടുപോയി. ഇത് ക്രി.മു. 587-ൽ സംഭവിച്ചു. സീദെക്കിയാവിന്റെ കണ്ണുപൊട്ടിക്കുകയും മക്കളെ കൊന്നുകളയുകയും അനേകം യൗവ്വനക്കാരെ-ബുദ്ധിയും സാമർത്ഥ്യവും സൗന്ദര്യവും ഉള്ളവരെ ബാബേലിലേക്കു കൊണ്ടുപോകയും ചെയ്തു. ഈ സംഭവമാണ് യഹൂദാ/വേദപുസ്തക ചരിത്രത്തിൽ 'ബാബേൽ പ്രവാസം' എന്ന പേരിൽ അറിയപ്പെടുന്നത്. യഹൂദ്യരാജ്യം അതിന്റെ സ്വാതന്ത്ര്യം നഷ്ട

പ്പെട്ട്, ദേവാലയം നശിക്കപ്പെട്ട്, യഹോവയ്ക്കു യാഗം അർപ്പിക്കുവാനുള്ള സൗകര്യം നിഷേധിക്കപ്പെട്ട് പരിപൂർണ്ണ നാശത്തിലേയ്ക്ക് വീണു. ജനത്തിന്റെ പാപവും നേതൃത്വം നൽകിയവരുടെ ദൈവനിഷേധവും ഈ നാശത്തിന്റെ കാരണമായി വേദപുസ്തക രചയിതാക്കൾ വിസ്തരിക്കുന്നു. ഉടമ്പടിയാൽ ദൈവം തന്റെ ജനമായി തിരഞ്ഞെടുത്തിരുന്ന ജാതി അങ്ങനെ അവരുടെ വിശ്വാസ-രാഷ്ട്രീയ ജീവിതത്തിൽ പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു.

## നമുക്ക് ചിന്തിക്കാം

1) ഉസ്സിയാ രാജാവിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു.
2) ഉസ്സിയാവിന്റെ അധ:പതനത്തിന്റെ കാരണം എന്തായിരുന്നു.
3) ഹിസ്ക്കിയാവിന്റെ ആയുസ്സ് നീട്ടിക്കിട്ടിയതെങ്ങിനെ?
4) ഹിസ്ക്കിയാവിന് രോഗസൗഖ്യം ലഭിച്ചതെങ്ങനെ?
5) യഹൂദ്യയുടെ പ്രവാസത്തിന് കാരണം എന്ത്?
6) യഹൂദ്യയിലെ അവസാന രാജാക്കന്മാർ ആരെല്ലാം?
7) യഹൂദ്യാ രാജ്യത്തിന്റെ അധ:പതനത്തിന്റെ കാരണങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. 2 രാജാക്കന്മാർ 24-ാം അദ്ധ്യായം വായിച്ച് ബാബേൽ രാജാവ് എത്ര പ്രാവശ്യം യഹൂദ്യായെ ആക്രമിച്ചു എന്ന് കണ്ടെത്തുക.
2. രാജാക്കന്മാരുടെ പുസ്തകം വായിച്ച് യഹൂദ്യായിലെയും, യിസ്രായേലിലെയും രാജാക്കന്മാരുടെ പേരുകൾ കണ്ടെത്തി ഒരു ചാർട്ട് തയ്യാറാക്കുക.
3. 2 രാജാക്കന്മാർ 18-ാം അദ്ധ്യായം വായിച്ച് താഴെത്തരുന്ന വാക്യങ്ങളിലെ വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക. ഓരോ വാക്യത്തിന്റെയും വേദപുസ്തക റഫറൻസും എഴുതുക.

| | വേദപുസ്തകഭാഗം | ഉത്തരം | വേദപുസ്തക റഫറൻസ് |
|---|---|---|---|
| 1. | മൂന്നാം ആണ്ടിൽ ആഹാസിന്റെ മകൻ .......... രാജാവായി | 1......................... | .............................. |
| 2. | യിസ്രായേൽ രാജാവായ. ......................യുടെ ഒമ്പതാം ആണ്ടിൽ തന്നേ, ശമര്യാ പിടിക്കപ്പെട്ടു. | 2......................... | .............................. |
| 3. | ഹിസ്ക്കിയാവിന്റെ പതിനാലാം ആണ്ടിൽ ആശൂർ രാജാവായ.............................. യഹൂദയിലെ ഉറപ്പുള്ള എല്ലാ പട്ടണങ്ങളുടെയും നേരെ പുറപ്പെട്ടുവന്നു അവയെ പിടിച്ചു. | 3......................... | .............................. |

4. മിസ്രയിം രാജാവായ............................. തന്നിൽ ആശ്രയിക്കുന്ന ഏവർക്കും അങ്ങനെ തന്നെയാകുന്നു. 4......................... ..............................

5. ഹില്ക്കിയാവിന്റെ മകനായ ................എന്ന രാജധാനി വിചാരകനും രായസക്കാരനായ ......................................യും ആസാഫിന്റെ മകനായ ............................... എന്ന............................................... മന്ത്രിയും വസ്ത്രംകീറി........................... ന്റെ അടുക്കൽ വന്നു 5......................... ............................

## നമുക്ക് പാടാം

(വി. കുർബ്ബാനയിൽ ഏവൻഗേല്യോൻ വായനയ്ക്കുശേഷം ആലപിക്കുന്ന ഒരു ഗീതം)

അഖിലം ഞാനാരാ-ഞ്ഞിട്ടും
ദൈവഭയത്തെ മിക-ച്ചൊന്നും
ഞാൻ ദർശി-ച്ചില്ല-തൽസ്നേഹ-ത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മിസ്രേം രാജ-ത്വം
മഹിതൻ മൂശവിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യയന്മാരതിനാൽ-
അഗ്നിയിൽ നിന്നും രക്ഷിതരായ്
തങ്കത്തെക്കാളതു കാമ്യം
മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ

### അർത്ഥം

(സങ്കീ. 19:9-11. ലോകത്തിലുള്ളവരെയെല്ലാം ഞാൻ പരിശോധിച്ചിട്ടും ദൈവഭയ ത്തേക്കാൾ മെച്ചമായ ഒന്നും ഞാൻ കണ്ടിട്ടില്ല. ദൈവസ്നേഹത്താൽ ധാർമ്മികനായ യൗസേഫ് മിസ്രേമിൽ രാജാവായി. ശ്രേഷ്ഠനായ മോശ വടിയാൽ സമുദ്രത്തെ വിഭാഗി ച്ചു. ഹാനനിയാ സഹോദരങ്ങൾ അഗ്നിയിൽ നിന്നും രക്ഷപെട്ടു. തങ്കത്തേക്കാൾ ഇതു വിശിഷ്ഠം; തേൻകട്ടയേക്കാൾ ഇതു അതിമധുരം. ദൈവാരാധന ഇഷ്ടപ്പെടുന്നവൻ അനു ഗ്രഹീതനാകുന്നു.)

### നിശ്ചയം

**യഹൂദ്യാ രാജ്യത്തിൽനിന്നും ബാബേൽ പ്രവാസത്തിനും ഇടയായ സാഹചര്യങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ദൈവത്തിന്റെ അഭിഷിക്തന്മാരായ പുരോഹിതന്മാരുടെയും സഭയുടെ പിതാക്കന്മാരുടെയും ഉപദേശങ്ങൾ അനുസരിച്ച് ഞങ്ങൾ ജീവിക്കും. ദൈവത്തോടുള്ള ഭക്തിയിൽ നിന്ന് ഒരുനാളും ഞങ്ങൾ അകന്നു പോവുകയില്ല.**

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമായ കർത്താവേ കഴിഞ്ഞ കാലത്തെ അനുഭവങ്ങളിൽ നിന്ന് നല്ല പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഞങ്ങളെ സഹായിക്കണമെ. നീ ഞങ്ങളുടെ ജീവിതത്തിൽ നൽകിയിട്ടുള്ള നന്മകൾ ഞങ്ങൾ മറക്കരുതെ. നിന്റെ ഇഷ്ടമനുസരിച്ച് ജീവിക്കുന്നതിന് ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ ജീവിതയാത്രയിൽ തെറ്റുകൾ സംഭവിക്കുമ്പോൾ അവ തിരുത്തുവാനും, കൂടുതലായി നിന്നിലേക്ക് അടുക്കുവാനും, നിന്നോടു ചേരുവാൻ താൽപര്യമുള്ളവരായിത്തീരുവാനും ഞങ്ങൾക്ക് ഇടയാകണമെ. ഞങ്ങൾ എന്നും നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | 1 രാജാ. 14: 21-31 |
| തിങ്കൾ | ദിനവ. 26: 3-23 | യശയ്യാ 1: 1-4, 6: 1-3 |
| ചൊവ്വ | യശയ്യാ 7: 1-17 | 2 രാജാ 15: 1-7 |
| ബുധൻ | സങ്കീ 19: 9-11 | 2 രാജാ 15: 822 |
| വ്യാഴം | 2 രാജാ 18 | 2 രാജാ 19 |
| വെള്ളി | 2 രാജാ 20 | 2 രാജാ 21 |
| ശനി | 2 രാജാ 23 | 2 രാജാ 24 |
| ഞായർ | 2 രാജാ. 25 | - |

പാഠം 6

# മത്ഥിയാസിന്റെ തിരഞ്ഞെടുപ്പ്

**(അപ്പൊസ്തോല പ്രവൃത്തികൾ 1:15-26)**

## പാഠോദ്ദേശ്യങ്ങൾ

വി. മത്ഥിയാസിനെ അപ്പോസ്തോലിക ഗണത്തിലേക്ക് തെരഞ്ഞെടുക്കുവാനുണ്ടായ സാഹചര്യം മനസ്സിലാക്കുക. തെരഞ്ഞെടുപ്പിന്റെ പ്രത്യേകതകൾ മനസ്സിലാക്കുക. തെരഞ്ഞെടുപ്പുകൾ വന്നുചേരുമ്പോൾ അതിനെ എപ്രകാരം നേരിടണമെന്ന് മനസ്സിലാക്കി ദൈവഹിതത്തിന് വിധേയപ്പെടുവാൻ കഴിയുക.

**മനഃപാഠവാക്യം:** ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ട് ആരോഹണം ചെയ്ത നാൾവരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചുപോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടി നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടു കൂടി അവന്റെ പുനരുത്ഥാനത്തിന് സാക്ഷിയായി തീരേണം (അപ്പോ. 1:21).

**പഠനസഹായികൾ**

1. പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകളും ചിത്രങ്ങളും
2. വി. വേദപുസ്തകം
3. പാമ്പാക്കുട നമസ്ക്കാരക്രമം (പ്രാർത്ഥനാക്രമം)
4. വി. കുർബ്ബാനക്രമം
5 ശ്ഹീമാ നമസ്കാര പുസ്തകം

## ആമുഖം

കർത്താവിന്റെ അപ്പോസ്തോല സമൂഹത്തിൽ എത്ര പേരായിരുന്നു ഉണ്ടായിരുന്നത്? അവർ ആരെല്ലാമാണ്? കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരെ ഓർമ്മിക്കുന്നതിനായി നമ്മൾ താഴ്ന്ന ക്ലാസ്സിൽ പഠിച്ച ഒരു ഗീതം ഒന്നു പാടാം. ദ്യുതി ഉദയം ചെയ്തെൻ കർത്താവേ..... എന്ന രീതിയിൽ പാടാം.

ശ്ലീഹന്മാർ പന്ത്രണ്ടാണവരിൽ
മൂപ്പൻ പത്രോസ് സോദരനാം
അന്ത്രയോസ് യാക്കോബ് യൂഹാനോൻ
    മത്തായി ബർത്തുൽമയ് തോമസ്
ഫിലിപ്പോസും ശീമോനും

യാക്കോബ് യൂദാ വഞ്ചകനാം
യൂദാസ്ക്കറിയോത്താ ഇവർതാൻ
ശിഷ്യന്മാരെന്നോർത്തിടുവിൻ

എന്തിനായിട്ടാണ് കർത്താവ് ശിഷ്യന്മാരെ തെരഞ്ഞെടുത്തതെന്നറിയാമോ? തന്നോടൊപ്പം ആയിരിക്കുവാനും, ദൈവരാജ്യം പ്രസംഗിക്കുവാനുമായിട്ടാണല്ലോ. കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് ഈ പന്ത്രണ്ടു പേരും ഉണ്ടായിരുന്നോ? വി. മത്തായി 27:3-10 വരെ വായിച്ച് ചർച്ച ചെയ്യുക. കുറ്റബോധം തോന്നിയ യൂദാ ചെയ്ത നടപടി ശരിയാണോ. കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാ ശിഷ്യസമൂഹത്തിൽനിന്നും മാറ്റപ്പെട്ടു. ആ സ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കേണ്ടത് ആവശ്യമായിരുന്നില്ലേ? അങ്ങനെ തെരഞ്ഞെടുത്ത വി. മത്ഥിയാസ് ശ്ലീഹായെക്കുറിച്ചാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

സ്വർഗ്ഗാരോഹണത്തിന് ശേഷം ക്രിസ്തുവിന്റെ പതിനൊന്ന് അപ്പൊസ്തോലന്മാരും മറ്റ് ശിഷ്യന്മാരും എല്ലാം യെരുശലേമിൽ ഒരുമനപ്പെട്ട് പ്രാർത്ഥിച്ച് ജീവിക്കുകയായിരുന്നു. അക്കൂട്ടത്തിൽ കർത്താവിന്റെ അമ്മയായ മറിയാമും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ഏകദേശം നൂറ്റിയിരുപത് പേരുള്ള ഒരു വിശ്വാസിസംഘം കൂടിവന്ന ഒരു ദിനത്തിൽ അപ്പൊസ്തോല സമൂഹത്തിന്റെ തീരുമാനപ്രകാരം ശിഷ്യന്മാരിൽ മുതിർന്നവനായ പത്രോസ് ശ്ലീഹാ എഴുന്നേറ്റ് ഒരു തീരുമാനം പ്രഖ്യാപിച്ചു. തീരുമാനം ഇതായിരുന്നു.

അപ്പൊസ്തോല സംഘത്തിലെ അംഗമായിരുന്ന യൂദാ ഇസ്കരിയോത്താവിന്റെ സ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കണം. അവന്റെ അദ്ധ്യക്ഷസ്ഥാനം മറ്റൊരുത്തനു ലഭിക്കട്ടെ (സങ്കീ. 109:8). എപ്രകാരമാണ് ഈ തെരഞ്ഞെടുപ്പ് നടന്നത് എന്ന് വേദപുസ്തകം നോക്കി കണ്ടുപിടിക്കുക (അപ്പൊ. പ്രവൃ. 1:23-26). ഈ വേദഭാഗം ഒരാൾ ക്ലാസ്സിൽ വായിക്കുക. ടീച്ചർ നൽകുന്ന വിശദീകരണം ശ്രദ്ധിച്ച് മനസ്സിലാക്കുക.

**അൽപം നിർത്താം... ചിന്തിക്കാം...**

1. എത്രപേരുടെ സംഘം കൂടിവന്നപ്പോഴാണ് പത്രോസ് എഴുന്നേറ്റു നിന്ന് സംസാരിച്ചത്?
2. യൂദാ ക്രിസ്തുവിനെ പിടിച്ചവർക്ക് വഴികാട്ടിയായി തീരുമെന്ന് ആര് മുൻകൂട്ടി പറഞ്ഞു എന്നാണ് പത്രോസ് പറയുന്നത്?
3. വി. മത്ഥിയാസിനെ തെരഞ്ഞെടുത്തത് എങ്ങിനെയാണ് എന്ന് വിശദമാക്കുക.

ഈ തെരഞ്ഞെടുപ്പ് ഒരു സാധാരണ തെരഞ്ഞെടുപ്പ് ആയിരുന്നില്ല. സഭയുടെ അടിസ്ഥാനം കർത്താവിന്റെ പുനരുത്ഥാനമാണ്. ഈ പുനരുത്ഥാനത്തിന്റെ ഉത്തമ സാക്ഷിയായി ഭയരഹിതനായി നിലകൊള്ളുക എന്നതാണ് ഒരു അപ്പൊസ്തൊലിക ധർമ്മം. ആയതിൽ ഈ സ്ഥാനത്തിനുവേണ്ടി കൃത്യമായ നിബന്ധനകളും മാനദണ്ഡങ്ങളും അവർ വെക്കുന്നു. മാനദണ്ഡം ഇതാണ്. കർത്താവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന യോഹ

ന്നാന്റെ സ്നാനം മുതൽ കർത്താവിന്റെ സ്വർഗ്ഗാരോഹണം വരെയുള്ള മനുഷ്യാവതാര കാലഘട്ടത്തിൽ ബാക്കി 11 അപ്പൊസ്തോലന്മാരുമൊപ്പം സഞ്ചരിച്ച ഒരുവൻ ആയിരിക്കണം അത്. ദൈവം മനുഷ്യാവതാരം ചെയ്തു എന്നും ഒരു പൂർണ്ണമനുഷ്യനായി ജീവിച്ചു എന്നും സാക്ഷ്യം ഉള്ള ഒരുവന് മാത്രമെ അവന്റെ പുനരുത്ഥാനത്തിനും സാക്ഷിയാകുവാൻ സാധ്യമാകു എന്നാണ് അതിന്റെ അർത്ഥം.

**അൽപം നിർത്താം... ചിന്തിക്കാം...**

1. യൂദായ്ക്ക് ലഭിച്ച അനീതിയുടെ കൂലികൊണ്ട് വാങ്ങിയ സ്ഥലത്തിന്റെ പേരെന്ത് (അപ്പോ. 1:19)
2. ഏത് കാലം മുതൽ കർത്താവിനെ പിൻതുടർന്നവനാകണം പുതിയ അപ്പൊസ്തോലൻ?
3. കർത്താവിന്റെ ഈ ലോകജീവിതത്തിന് സാക്ഷിയായവൻ ഇനി എന്തിന് സാക്ഷിയാകണം എന്നാണ് പറഞ്ഞിരിക്കുന്നത്?

ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന രണ്ടുപേർ അവിടെ ഉണ്ടായിരുന്നു. യോസഫ് ആയിരുന്നു അവരിൽ ഒരുവൻ അവന് യൂസ്തോസ് എന്നും ബർശബാ എന്നും മറ്റ് രണ്ടു പേരുകളുണ്ടായിരുന്നു. രണ്ടാമന്റെ പേര് മത്ഥ്യാസ് എന്നായിരുന്നു. രണ്ടുപേരുകളും എഴുതി ദൈവസന്നിധിയിൽ പ്രാർത്ഥന സമർപ്പിച്ച് അവരുടെ പേർക്ക് ചീട്ടിട്ടു. ഈ തിരഞ്ഞെടുപ്പ് മാനുഷികമല്ല എന്ന് അവർക്ക് പൂർണ്ണ ബോധ്യം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ചീട്ടു വീഴുന്നവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണെന്ന് അവർ ആഴത്തിൽ വിശ്വസിച്ചിരുന്നു. ചീട്ട് മത്ഥിയാസിന് വീണു. അങ്ങനെ മത്ഥിയാസ് അപ്പൊസ്തോലിക ഗണത്തിലേക്ക് പരിഗണിക്കപ്പെടുകയും ചെയ്തു.

**അൽപം നിർത്താം... ചിന്തിക്കാം...**

1. യോസഫിന്റെ മറ്റ് രണ്ടുപേരുകൾ എന്തൊക്കെയാണ്?
2. ഏത് സ്ഥാനം ലഭിക്കുവാനായി ഒരുവനെ കാണിച്ചുതരണമെ എന്നാണ് വിശ്വാസി സമൂഹം പ്രാർത്ഥിച്ചത്?
3. മത്ഥിയാസിന് ചീട്ടു വീണപ്പോൾ വിശ്വാസി സമൂഹം എന്താണ് ചെയ്തത്?

   (ആധുനിക ചരിത്രത്തിലും ഇതുപോലെ നറുക്കിട്ട് സഭാതലവനെ തെരഞ്ഞെടുത്തിട്ടുണ്ട്.)

## നമുക്ക് എന്തെല്ലാം മനസ്സിലായി

1. ക്രിസ്തുവിന്റെ ശിഷ്യത്വം സാക്ഷ്യജീവിതം നയിക്കുന്നവർക്ക് ഉള്ളതാണ്.
2. പ്രാർത്ഥനയിൽ അധിഷ്ഠിതമായി ആവണം സഭയിലെ തെരഞ്ഞെടുപ്പുകൾ
3. ദൈവിക തെരഞ്ഞെടുപ്പ് പൂർത്തിയായാൽ ഏക മനസ്സോടെ അതിനെ അംഗീകരിക്കണം.

4. പന്ത്രണ്ട് അപ്പൊസ്തോലന്മാർ എന്ന എണ്ണത്തിന് കുറവ് വന്നപ്പോൾ അത് സഭയുടെ ഒരു ന്യൂനത ആയി അവർ എണ്ണി. വിശ്വാസി സമൂഹത്തിൽ നിന്നും ദൈവിക തിരഞ്ഞെടുപ്പിനാൽ ഉയർന്നുവരേണ്ട പൗരോഹിത്യഗണത്തിന്റെ പ്രസക്തി ഇത് ചൂണ്ടിക്കാട്ടുന്നു.

5. നാം അഭിമുഖീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ മുൻപു പറഞ്ഞപോലെയുള്ള നിബന്ധനകളോ മാനദണ്ഡങ്ങളോ നാം പാലിക്കാറുണ്ടോ. നാം തിരഞ്ഞെടുക്കപ്പെട്ടില്ല എങ്കിൽ പൂർണ്ണമനസ്സോടെ നാം അതിനെ അംഗീകരിക്കാറുണ്ടോ?

6. ഏതു മാർഗ്ഗത്തിലൂടെയും സ്ഥാനമാനങ്ങൾ കൈവരിക്കണം എന്ന് ചിന്തിക്കുന്ന ആധുനികലോകത്തിൽ ആദിമസഭയിലെ ഈ തെരഞ്ഞെടുപ്പ് ഒരു മാതൃകയാണ്.

## നമുക്ക് ചിന്തിക്കാം

1. കർത്താവിന്റെ അപ്പോസ്തോലന്മാർ ആരെല്ലാം? അവരെ തെരഞ്ഞെടുത്തത് എന്തിനായിട്ടാണ്?

2 യൂദാസിനു പകരം തെരഞ്ഞെടുത്ത ശ്ലീഹാ ആര്? തെരഞ്ഞെടുത്ത വിധം വിശദമാക്കുക?

3 ആദിമസഭയിൽ നടന്ന ഈ തെരഞ്ഞെടുപ്പും ഇന്നത്തെ തെരഞ്ഞെടുപ്പുകളുമായി താരതമ്യം ചെയ്ത് അന്നത്തെ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതകൾ വിശദമാക്കുക.

4 വി. മത്ഥിയാസ് ശ്ലീഹായുടെ പ്രേഷിതവൃത്തിയെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക

## പ്രവർത്തനങ്ങൾ

1. വി. മത്ഥിയാസ് ശ്ലീഹാ എവിടെയൊക്കെ സുവിശേഷപ്രചരണം നടത്തിയെന്നും, എന്നാണ് മരിച്ചതെന്നും കണ്ടുപിടിക്കുക.

2. ആദിമസഭയിൽ നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകൾ കണ്ടുപിടിക്കുക. (അപ്പൊ. പ്ര. 6, 13)

3 വി. മത്ഥിയാസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുക

### നമുക്ക് പാടാം

ശ്ഹീമാ നമസ്ക്കാരത്തിൽ വ്യാഴം രാത്രി നമസ്ക്കാരത്തിലെ ഒരു ഗീതം

(യേശു പിതൃസുതനേ....... എന്ന രീതി)

പന്തിരുതൂണുകളി- ധരയെ താങ്ങുന്നു.
പന്തി-രു-മാസങ്ങൾ -ആണ്ടിൻ മകുടങ്ങൾ
പന്ത്രണ്ടുറവുളമായ് ആശീമോൻ ദേശേ
പന്തിരുശ്ലീഹന്മാർ -വചനം ഘോഷിച്ചു
വാനിലുമൂഴിയിലും- നാനാ ദിശകളിലും
തൻപ്രാർത്ഥന ഞങ്ങൾ-ക്കഭയം സങ്കേതം.

## നിശ്ചയം

**പന്ത്രണ്ട് അപ്പൊസ്തോലന്മാരിലൂടെ ആണ് കർത്താവ് തന്റെ അധികാരം ഞങ്ങൾക്ക് പകർന്നു തന്നത് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജീവിതത്തിലെ തെരഞ്ഞെടുപ്പുകളിൽ ദൈവികമായി മാത്രമെ ഞങ്ങൾ പെരുമാറുകയും പ്രവർത്തിക്കയും ചെയ്യുകയുള്ളു. സ്ഥാനങ്ങളും പദവികളും മോഹിച്ച് ഞങ്ങൾ ഒരു നാളും ദൈവത്തെ മറക്കുകയില്ല.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാ ക്രമം (പേജ് 221)

ശ്ലീഹന്മാരുടെ പെരുന്നാളിൽ സന്ധ്യാ പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന

*കർത്താവേ.... വിലയേറിയ മാണിക്യം പോലെ വിശുദ്ധ ശ്ലീഹന്മാരുടെ കൈയ്യിൽ നിന്റെ വിശുദ്ധ സഭയ്ക്കായിട്ട് നീ ഏല്പിച്ചു കൊടുത്തിട്ടുള്ള സത്യവിശ്വാസത്തെ ഞങ്ങൾ മുറുകെപിടിച്ച് അതിൽ ജീവിക്കയും മരിക്കയും ചെയ്യുമാറാകണമെ. അവരോടുകൂടെയും അവരുടെ ഇടയിലും ഞങ്ങൾ നിന്നു കൊണ്ട് നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കി തീർക്കുകയും ചെയ്യണമെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | അപ്പൊ.പ്ര.12:26 |
| തിങ്കൾ | യോഹ. 6:23-40 | മത്തായി 8:16-27 |
| ചൊവ്വ | എഫേസ്യർ 5:1-14 | തീത്തോസ് 3:1-14 |
| ബുധൻ | 1 പത്രോസ് 1:1-16 | മത്തായി 11:16-29 |
| വ്യാഴം | 2 കൊരി. 5:11-21 | റോമർ 14:1-8 |
| വെള്ളി | 1 യോഹന്നാൻ 2:1-10 | യോഹന്നാൻ 13:47 |
| ശനി | ലൂക്കോസ് 12:1-12 | സങ്കീ. 109 |
| ഞായർ | ലൂക്കോസ് 9:1-27 | - |

പാഠം 7

# കാത്തിരിപ്പും പെന്തിക്കൊസ്തിയും

**(അപ്പൊസ്തോല പ്രവൃത്തികൾ 2:1-47)**

## പഠനോദ്ദേശ്യങ്ങൾ

പെന്തിക്കോസ്തിയിലെ സംഭവങ്ങൾ വിശദമായി മനസ്സിലാക്കുക.

**മനഃപാഠവാക്യം:** ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കേണമേ (സങ്കീർത്തനങ്ങൾ 51:10).

**പഠനസഹായികൾ**

1. വി. വേദപുസ്തകം
2. പെന്തിക്കൊസ്തി ശുശ്രൂഷാക്രമം (ആണ്ടുതക്സാ)
3. വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

തയ്യാറെടുപ്പുകളില്ലാത്ത പ്രധാനപ്പെട്ട എന്തെങ്കിലും കാര്യം നിങ്ങൾ ചെയ്യാറുണ്ടോ? ഒരു പരീക്ഷയാകട്ടെ ഒരു കായിക മത്സരമാകട്ടെ, ഒരു കലാപരിപാടിയാകട്ടെ എല്ലാറ്റിനും നിങ്ങൾ മുമ്പേ തയ്യാറാകില്ലേ? ലോകമെങ്ങും സുവിശേഷം അറിയിക്കുവാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ ചുമതലപ്പെടുത്തി. പരിശുദ്ധാത്മാവ് അവരുടെ മേൽ വരുമെന്നും അങ്ങനെ സുവിശേഷ ഘോഷണത്തിനായി അവർ ശക്തരാകുമെന്നും കർത്താവ് അവരോട് പറഞ്ഞു. പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനായി അവർ തയ്യാറെടുപ്പുകളോടെ കാത്തിരുന്നു. പ്രാർത്ഥനയോടും, ജാഗരണത്തോടും കാത്തിരുന്ന അവർക്ക് ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെ ദാനമായി നൽകി.

## പാഠഭാഗം

പെന്തിക്കൊസ്തി എന്ന വാക്കിന് 50-ാം ദിവസം എന്നാണ് അർത്ഥം. ഇത് യഥാർത്ഥത്തിൽ യഹൂദന്മാരുടെ ഒരു കൊയ്ത്തു പെരുന്നാളായിരുന്നു. വാരപ്പെരുന്നാൾ എന്നപേരിലും ഇത് അറിയപ്പെട്ടിരുന്നു. (ലേവ്യാപുസ്തകം 23:15-21, ആവർത്തനം 16:9-12, സംഖ്യാപുസ്തകം 29:26-31). പെസഹായ്ക്ക് ശേഷം 50 ദിവസങ്ങൾ കഴിയുമ്പോളായിരുന്നു ഈ ദിവസം വന്നിരുന്നത്. കൊയ്ത്തിന്റെ ആഘോഷത്തോടൊപ്പം മോശ മൂലം യിസ്രായേൽ മക്കൾക്ക് ദൈവം കൽപനകൾ നൽകിയതിനെയും അവർ ഈ ദിവസം ഓർത്തിരുന്നു.

നിങ്ങൾ ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം യരുശലേമിൽ തന്നെ പാർപ്പിൻ എന്ന് കർത്താവ് ശിഷ്യന്മാരോട് അരുളിചെയ്തിരുന്നു. അങ്ങനെ അവർ വിശ്വാസിസമൂഹത്തോടൊപ്പം യരുശലേമിൽ തന്നെ പാർത്ത് പ്രാർത്ഥനയിലും, ധ്യാനത്തിലും കഴിഞ്ഞു പോരുകയായിരുന്നു. അങ്ങനെ പെന്തിക്കോസ്തി ദിവസം അവർ ഒന്നിച്ചു കൂടിയിരുന്ന സ്ഥലത്ത് പെട്ടെന്ന് കൊടുങ്കാറ്റടിക്കുന്നതുപോലെ ഒരു മുഴക്കം ഉണ്ടായി.

**അൽപം നിർത്താം... ചിന്തിക്കാം...**

1. യഹൂദന്മാരുടെ പെന്തിക്കൊസ്തി പെരുന്നാളിന്റെ മറ്റൊരു പേര് എന്ത്?
2. പെന്തിക്കൊസ്തി എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. എന്തൊക്കെ ആയിരുന്നു പെന്തിക്കൊസ്തിക്ക് യഹൂദന്മാർ ആഘോഷിച്ചിരുന്നത്.

പരിശുദ്ധാത്മാവ് അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകളായി അവർക്ക് പ്രത്യക്ഷമായി അവരുടെ മേൽ പതിഞ്ഞു. പല രാജ്യങ്ങളിൽ നിന്നും വന്നവരായി വിവിധ ഭാഷകൾ സംസാരിക്കുന്ന ആളുകൾ യരുശലേമിൽ ഉണ്ടായിരുന്നു. ഈ മുഴക്കം കേട്ടപ്പോൾ അവരെല്ലാം അവിടെ വന്നുകൂടി. അവർ വന്നപ്പോൾ കണ്ട കാഴ്ച അതിശയനീയമായിരുന്നു. വിദ്യാവിഹീനരായിരുന്ന ശിഷ്യന്മാർ തങ്ങൾക്ക് മുൻപരിചയമില്ലാത്ത ഭാഷകളിൽ സംസാരിക്കുന്നത് കണ്ട് വന്നുകൂടിയ ജനമെല്ലാം അത്ഭുതപ്പെട്ടു. ഇന്നാകുമ്പോൾ ഭാഷകൾ മനസ്സിലാക്കുവാൻ പരിഭാഷകനെ നിയോഗിക്കാറുണ്ടല്ലോ. ഇങ്ങനെയുള്ള പരിഭാഷകർ ഇല്ലാതെ ദൈവവചനം അവിടെ കൂടിയിരുന്നവർക്ക് അവരവരുടെ ഭാഷകളിൽ മനസ്സിലായി.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ഏതു രൂപത്തിലാണ് പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ആവസിച്ചത്.
2. അന്യഭാഷകൾ സംസാരിക്കുന്ന ഇവർ ഏത് ദേശക്കാർ അല്ലയോ എന്നാണ് വന്നുകൂടിയവർ ചോദിച്ചത്.

ചില ആളുകൾ ശിഷ്യന്മാർ ഇത്തരത്തിൽ സംസാരിക്കുന്നത് കണ്ടപ്പോൾ ഇവർ മദ്യപിച്ചിരിക്കയാണ് എന്ന് പറഞ്ഞ് അവരെ അപഹസിച്ചു. അപ്പോൾ ശിഷ്യന്മാരുടെ പ്രതിനിധിയായി പത്രോസ് ശ്ലീഹാ അവരോട് പ്രസംഗിച്ചു. രണ്ടു കാര്യങ്ങളായിരുന്നു പത്രോസിന്റെ പ്രസംഗത്തിന്റെ കാതൽ

1) പരിശുദ്ധാത്മാവിന്റെ വരവ് പഴയനിയമപ്രവാചകന്മാർ മുതൽ മുൻകൂട്ടി സൂചിപ്പിച്ചിട്ടുള്ളതാണ് (യോവേൽ 2: 28, 29, സഖര്യാവ് 12:10).
2) കർത്താവ് ഉയിർത്തെഴുന്നേറ്റു അവൻ സ്വർഗ്ഗാരോഹണം ചെയ്തിട്ട് പരിശുദ്ധാത്മാവിനെ അയച്ചുതരികയാണ് ചെയ്തത്. അതിനാൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായി മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവാൻ പത്രോസ് ജനത്തെ ഉത്ബോധിപ്പിച്ചു.

സഭാ വളർച്ചയുടെ ആദ്യദിനമായിരുന്നു അത്. കർത്താവിന്റെ മരണശേഷം ഭയത്തിലിരുന്ന ശിഷ്യന്മാർ പൂർണ്ണധൈര്യം പ്രാപിച്ച ദിനം ആയിരുന്നു അത്. അന്ന് ഒറ്റദിവസം തന്നെ പ്രസംഗം കേട്ട മൂവായിരത്തോളം ആളുകൾ സ്നാനം ഏറ്റ് സഭയിൽ ചേർന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. അന്ത്യകാലത്ത് സകല ജഡത്തിൻമേലും എന്റെ ആത്മാവിനെ പകരും എന്ന് ഏത് പ്രവാചകനാണ് പ്രവചിച്ചത്?
2. കർത്താവ് ഉയിർത്തെഴുന്നേറ്റ് എന്ന് ആരുടെ മരണം ഉദ്ധരിച്ചാണ് പത്രോസ് സമർത്ഥിച്ചത്?
3. എത്രപേരാണ് പെന്തിക്കൊസ്തി ദിവസം മാമ്മോദീസാ സ്വീകരിച്ചത്?

പരി. ത്രിത്വത്തിന്റെ പൂർണ്ണത വെളിപ്പെട്ട ദിവസമായാണ് പ. സഭ ഇന്ന് പെന്തിക്കൊസ്തി പെരുന്നാളിനെ കാണുന്നത്. ആദിമസഭയിൽ നടന്ന പരിശുദ്ധാത്മാവിന്റെ സ്മരണ കൊണ്ടാടുന്നതോടൊപ്പം മാമോദീസായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാനുഭവത്തെ പുതുക്കുവാനും കൂടി ഈ സന്ദർഭം നാം ഉപയോഗിക്കണം. മൂന്നു ശുശ്രൂഷകളിലായി ക്രമീകരിച്ചിരിക്കുന്ന പെന്തിക്കോസ്തി പെരുന്നാളിന്റെ ശുശ്രൂഷ അതിനുള്ള ഒരു അവസരമായി നാം കാണണം.

## നമുക്ക് എന്തെല്ലാം മനസ്സിലായി

1. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധ റൂഹായാണു പെന്തിക്കൊസ്തി ദിവസം ശിഷ്യന്മാരിൽ ആവസിച്ചത്.
2. പെന്തിക്കൊസ്തി ദിവസം പരിശുദ്ധാത്മാവിനാൽ ലഭിച്ച ശക്തിയാണ് ലോകമെങ്ങും പോയി സുവിശേഷിക്കുവാൻ ശിഷ്യന്മാരെ പ്രാപ്തരാക്കിയത്.
3. പരിശുദ്ധാത്മ നിറവ് നമ്മുടെ സഭാജീവിതത്തിലും വ്യക്തിജീവിതത്തിലും അത്യന്താപേക്ഷിതമാണ്.
4. അന്യഭാഷകളിൽ സംസാരിക്കുക എന്നാൽ ലോകത്തിൽ ആർക്കും മനസ്സിലാകാത്ത ഭാഷകളിൽ സംസാരിക്കുക എന്നല്ല. ഇന്നത്തെ പല പുതുസഭകളും പഠിപ്പിക്കുന്നത് അങ്ങനെയാണ്. പെന്തിക്കൊസ്തി ദിവസം ശിഷ്യന്മാർ സംസാരിച്ചത് ആളുകൾക്ക് മനസ്സിലാവുന്ന ഒരുപക്ഷെ ലിപികളുള്ള ഭാഷകളായിരുന്നു. ശിഷ്യന്മാർ പ്രസംഗിച്ചത് ഓരോ ദേശക്കാർക്കും അവരവരുടെ ഭാഷകളിൽ മനസ്സിലായി എന്നതാണ് പ്രധാനം.
5. പെന്തിക്കൊസ്തി ദിവസം നടന്നത് ഇളക്കവും കലക്കവും ആയിരുന്നില്ല, മറിച്ച് സഭയുടെ സ്ഥിരീകരണം ആയിരുന്നു.

## നമുക്ക് ചിന്തിക്കാം

1 പെന്തിക്കോസ്തി ദിവസം നടന്ന സംഭവങ്ങൾ വിവരിക്കുക?

2 പരിശുദ്ധാത്മാവിന്റെ പ്രത്യേകതകൾ എന്തെല്ലാം?

3 പത്രോസ് ശ്ലീഹായുടെ പ്രസംഗത്തിന്റെ രത്നചുരുക്കം എന്താണ്?

4 പെന്തിക്കോസ്തിയിലെ സംഭവം മൂലം ശിഷ്യന്മാർക്കുണ്ടായ പരിവർത്തനം എന്ത്?

5 പെന്തിക്കോസ്തി ദിവസം നടന്നത് ഇളക്കവും കലക്കവും ആയിരുന്നില്ല. മറിച്ച് സഭയുടെ സ്ഥിരീകരണം ആയിരുന്നു. സമർത്ഥിക്കുക?

## പ്രവർത്തനങ്ങൾ

1. പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചു എന്ന് പറയുന്ന പുതിയ നിയമത്തിലെ മറ്റ് ഭാഗങ്ങൾ കണ്ടു പിടിക്കുവാനായി ശ്രമിക്കുക.
2. പെന്തിക്കൊസ്തി ശുശ്രൂഷാക്രമത്തിൽ എന്തൊക്കെ നൽവരങ്ങൾക്കായി പ്രാർത്ഥിക്കുന്നു എന്ന് കണ്ടുപിടിക്കുക.
3. പരിശുദ്ധാത്മാവിനുള്ള മറ്റ് പേരുകൾ കണ്ടു പിടിക്കുക.
4. ബാബേൽ ഗോപുരത്തിന്റെ നിർമ്മാണവും പെന്തിക്കൊസ്തിയും തമ്മിൽ താരതമ്യപ്പെടുത്തുക. (ഉൽപത്തി 11)
5 പരിശുദ്ധാത്മാവിനോടുള്ള വിശ്വാസം ഏറ്റു പറയുന്ന, വിശ്വാസപ്രമാണത്തിലെ മൂന്നാം ഖണ്ഡിക ക്ലാസ്സിൽ ചൊല്ലികേൾപ്പിക്കുക.
6. 1 കൊരിന്ത്യർ 14-ാം അദ്ധ്യായം വായിച്ച് മറുഭാഷയെപ്പറ്റി വി. പൗലോസ് പഠിപ്പിക്കുന്നത് എന്തെന്ന് കണ്ടെത്തി ഡയറിയിൽ കുറിച്ചുവയ്ക്കുക.

### നമുക്ക് പാടാം...

(പെന്തിക്കൊസ്തി ഒന്നാം ശുശ്രൂഷയിലെ ഗീതം) (ദൈവത്തെ പെറ്റൊരു മാതാവാം.... എന്ന രീതി)

റൂഹ്ക്കുദിശായവരോഹം ചെയ്തിട്ടപ്പരിപാപനമാം നാളിൽ
നരരൊടു സമ്മേളിച്ചാനവരെ
സ്വർഗ്ഗീയന്മാരാ-ക്കീ-ടാൻ
പരരോടും സ്വജന-ത്തോടും
ത്രിത്വത്തെയുൽഘോഷിപ്പാൻ
തൽ വാഗ്ദാനം പ്രേ-ഷിപ്പി
ച്ചാശ്വാസം ശ്ലീഹർക്കേ-കി
ഭാഷകളരുളിയവൻ-ധ-ന്യൻ

### നിശ്ചയം

**പരിശുദ്ധാത്മാഭിഷേകത്തിന്റെ മഹത്വം ഞങ്ങൾ മനസ്സിലാക്കി. പെന്തിക്കൊസ്തി ശുശ്രൂഷയിൽ ഭക്തിയോടെ ഞങ്ങൾ സംബന്ധിക്കും. ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവിനെ പുതുക്കി സ്വയം ശുദ്ധീകരിച്ചു പ്രതിഷ്ഠിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പെന്തിക്കോസ്തി പെരുനാളിൽ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന. പ്രാർത്ഥനാക്രമം പേജ് 214.

*"ഉയരങ്ങളിൽനിന്ന് ശക്തിപ്രാപിക്കുവോളം നിങ്ങൾ ഊർശ്ലേം പട്ടണത്തിൽ പാർപ്പിൻ" എന്നും "പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽനിന്ന് എടുക്കപ്പെടുകയും ചെയ്യുന്ന വേറൊരു ആശ്വാസപ്രദനായ പരിശുദ്ധ റൂഹായെ നിങ്ങൾക്കയയ്ക്കും" എന്ന് ശിഷ്യന്മാരോട് കല്പിച്ചവനായ മശിഹാ.... നീ പിതാവിന്റെ അടുക്കൽ കരേറുകയും ആകാശത്തിലും ഭൂമിയിലും സർവ്വാധികാരവും നിനക്കു ലഭിക്കുകയും ചെയ്തതിന്റെ ശേഷം പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യന്മാരുടെ അടുക്കൽ അയച്ച് അതിനെക്കൊണ്ട് അവരെ നിറച്ചതിനാൽ നിനക്കു സ്തുതി. ബാറെക്മോർ*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | 1 കൊരി. 13:1-13 |
| തിങ്കൾ | ഗലാത്യർ 5:1-24 | ഫിലിപ്യർ 2:1-18 |
| ചൊവ്വ | ലൂക്കോസ് 11:1-13 | റോമർ 7:1-10 |
| ബുധൻ | 1 കൊരി. 14:26-39 | 2 പത്രോസ് 1:1-21 |
| വ്യാഴം | യോഹന്നാൻ 1:1-18 | അപ്പൊ. പ്രവൃ. 8:9-25 |
| വെള്ളി | 1 കൊരി. 12:1-31 | 1 കൊരി. 14:1-19 |
| ശനി | ലൂക്കോസ് 12:1-12 | സങ്കീ. 109 |
| ഞായർ | അപ്പൊ. 2:1-47 | - |

പാഠം 8

# ആദിമസഭയിലെ ജീവിതരീതി

**(അപ്പൊസ്തോല പ്രവൃത്തികൾ 4:32-35, 2:42-47)**

## പാഠോദ്ദേശ്യങ്ങൾ

സഭ എന്നത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രക്ഷിതസംഘമാണ്. ലോകത്തിൽ ജീവിക്കുമ്പോഴും ലോകത്തിന് അനുരൂപപ്പെടാതെ തനതായ ജീവിത മൂല്യവും ജീവിത വിശുദ്ധിയും കാത്തു സൂക്ഷിക്കുവാൻ നമുക്ക് ബാധ്യതയുണ്ട്. ആദിമസഭയുടെ പശ്ചാത്തലത്തിൽ ഈ ജീവിതരീതി മനസ്സിലാക്കുക. ആദിമ സഭയിലെ ജീവിത രീതിയിലെ നല്ല അംശങ്ങൾ സ്വന്ത ജീവിതത്തിൽ പ്രാവർത്തികമാക്കുക.

**മനഃപാഠവാക്യം:** വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളത് ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല (അപ്പൊ. 4:32).

**പഠനസഹായി**

1. സത്യവേദപുസ്തകം

## ആമുഖം

പല ദേശത്തിലും പല സംസ്കാരത്തിലും പെട്ട ആളുകളെ നാം കണ്ടിട്ടില്ലേ? ഉദാഹരണമായി നമ്മുടെ ജീവിതരീതിയിൽനിന്നും സംസ്കാരത്തിൽനിന്നും വ്യത്യസ്തമാണ് നമ്മുടെ അയൽസംസ്ഥാനങ്ങളിൽ ഉള്ളത്. ഓരോ വിഭാഗത്തിനും കൂട്ടത്തിനും അവരുടേതായ രീതികളുണ്ട്. ആദിമസഭയ്ക്കും ഇതുപോലെ ചില സ്വഭാവ വിശേഷങ്ങൾ ഉണ്ടായിരുന്നു. പെന്തിക്കൊസ്തിക്കുശേഷം സഭ വളർന്നപ്പോൾ സഭയെ വ്യത്യസ്തമാക്കിയത് ഈ ജീവിതരീതികളായിരുന്നു. ഇവയെക്കുറിച്ചാണ് നമ്മൾ ഇന്നു പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

പെന്തിക്കൊസ്തിയെപ്പറ്റി കഴിഞ്ഞ പാഠത്തിൽ പഠിച്ചത് ഓർക്കുന്നില്ലേ. മൂവായിരത്തോളം ആളുകൾ അന്നുതന്നെ സഭയിലേക്ക് ചേർന്നിരുന്നു. അയ്യായിരത്തോളം പേർ സഭയോട് ചേർന്നതായി അപ്പൊസ്തോല പ്രവൃത്തികൾ 5-ാം അദ്ധ്യായത്തിലും കാണുന്നു. സഭ അങ്ങനെ അതിവേഗം വളരുവാൻ തുടങ്ങി.

കർത്താവും ശിഷ്യന്മാരും എല്ലാം യഹൂദമതത്തിൽപെട്ടവരായിരുന്നുവല്ലോ. അത് കൊണ്ട് ക്രിസ്തുസഭ രൂപപെട്ടപ്പോൾ യഹൂദന്മാരുടെ ജീവിത രീതികളും ശീലങ്ങളും

കുറെയൊക്കെ അനുകരിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ കർത്താവ് പഠിപ്പിച്ചതും ശീലിപ്പിച്ചതുമായ നന്മകളും സൂക്തങ്ങളുമായി ലോകത്തിന് അനുരൂപമാകാതെയുള്ള ഒരു ജീവിതക്രമം അവർ ചിട്ടപ്പെടുത്തി എടുത്തു. നാലു കാര്യങ്ങൾ ആയിരുന്നു അവരുടെ ജീവിതക്രമത്തിൽ അവർ കൃത്യമായി കാത്തുസൂക്ഷിച്ചിരുന്നത്.

1. അവർ അപ്പൊസ്തോലന്മാരുടെ ഉപദേശം കേട്ടിരുന്നു.
2. അവർ കൂട്ടായ്മ ആചരിച്ചിരുന്നു.
3. അവർ അപ്പം നുറുക്കിവന്നിരുന്നു (വി. കുർബ്ബാന)
4. പ്രാർത്ഥനാ ജീവിതം നയിച്ചിരുന്നു.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ആരുടെ ജീവിതരീതികളാണ് ക്രിസ്ത്യാനികൾ ഒരു പരിധിവരെ അനുകരിച്ചിരുന്നത്?
2. ക്രിസ്ത്യാനികൾ കൃത്യമായി പാലിച്ചുവന്നിരുന്ന നാലു കാര്യങ്ങൾ ഏതൊക്കെ ആയിരുന്നു?

അപ്പൊസ്തോലന്മാരുടെ ഉപദേശം ആയിരുന്നു അവർ പ്രധാനമായും സ്വീകരിച്ചുവന്നത്. കർത്താവിൽ നിന്ന് കണ്ടും കേട്ടും പഠിച്ചിരുന്ന കാര്യങ്ങളെ അവർ ശിരസ്സാ വഹിച്ചിരുന്നു. അപ്പൊസ്തോലന്മാർക്ക് കർത്താവ് നൽകിയ അധികാരങ്ങളെയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ആദിമസഭ മാനിച്ചിരുന്നു. അപ്പൊസ്തോലന്മാരും കർത്താവിന്റെ മാതൃകയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തു. അപ്പൊസ്തോലിക അധികാരമായിരുന്നു ആദിമസഭയുടെ ഒന്നാമത്തെ മുഖമുദ്ര.

ഏകമനസ്സും, ഏകഹൃദയവും, ഏക ആത്മാവും ഉള്ളവരായി അവർ ജീവിച്ചു എന്നതാണ് അവരുടെ രണ്ടാമത്തെ മുഖമുദ്ര. ഇങ്ങനെയുള്ള ഏകതാ മനസ്സോടെ അവർ യരുശലേം ദേവാലയത്തിൽ കൂടിവന്നിരുന്നു. തങ്ങൾ ഒന്നാണ് എന്ന ഒരു ബോധം അവർക്ക് ഉണ്ടായിരുന്നു. തങ്ങളുടെ ഇടയിൽ ധനം ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസം ഉണ്ടാകരുത് എന്ന് അവർ തീരുമാനിച്ചിരുന്നു. അതുകൊണ്ട് എല്ലാവരുടെയും സ്വകാര്യ സമ്പത്ത് അവർ പൊതുവക എന്ന് കണക്കാക്കിയിരുന്നു. സ്വത്തുക്കൾ വിറ്റ് അവർ സഭയിൽ കൊണ്ടുവരികയും അപ്പൊസ്തോലന്മാർ അത് വീതിച്ച് ആവശ്യക്കാർക്ക് നൽകുകയും ചെയ്യുമായിരുന്നു.

**അൽപം നിർത്താം... ചിന്തിക്കാം...**

1. എന്തായിരുന്നു ആദിമസഭയുടെ ജീവിത രീതി?
2. സ്വകാര്യസമ്പത്തുകളെ ആദിമസഭ എങ്ങനെയാണ് കണക്കാക്കിയിരുന്നത്?

ഞാൻ വരുന്നതുവരെ എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്‌വിൻ (ലൂക്കോ. 22:19, 1 കൊരി. 11:24) എന്ന് പറഞ്ഞുകൊണ്ട് കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചു. അതുകൊണ്ട്

തന്നെ അപ്പംനുറുക്കൽ എന്നത് ആദിമസഭ ഒരിക്കലും ഒഴിവാക്കിയിരുന്നില്ല. കർത്താവിന്റെ ഉത്ഥാനത്തിന്റെ ദിനമായ കർതൃദിവസത്തിൽ അവർ അപ്പം നുറുക്കുവാനായി ഒരുമിച്ചു കൂടിയിരുന്നു. ഇന്നത്തെപ്പോലെയുള്ള പള്ളികൾ ഇല്ലാതിരുന്നതിനാൽ ഭവനങ്ങളിലായിരുന്നു അപ്പം നുറുക്കലിന് അഥവാ വി. കുർബ്ബാനയ്ക്കായി ഒരുമിച്ചു കൂടിയിരുന്നത്. ഇവയെ കുടുംബസഭകൾ എന്നു വിളിച്ചിരുന്നു (House Churches) (അപ്പൊ. 2:46) ഒരേ അപ്പത്തിന്റെ അവകാശികളാണ് തങ്ങൾ എന്ന് ഈ അപ്പം നുറുക്കലിലൂടെ അവർ വിശ്വസിച്ചിരുന്നു. ഈ ശുശ്രൂഷയോട് ചേർന്ന് സ്നേഹവിരുന്നുകൾ ക്രമീകരിക്കയും ചെയ്തിരുന്നു.

പ്രാർത്ഥനയിലും ദൈവത്തെ സ്തുതിക്കുന്നതിലും ആദിമസഭ മുൻപന്തിയിൽ ആയിരുന്നു. യഹൂദ സുനഗോഗുകളിലെ പ്രാർത്ഥനയുടെ മാതൃകയിൽ ആദിമസഭ പ്രാർത്ഥനകൾ ചിട്ടപ്പെടുത്തിയിരുന്നു. ഒരുപാട് പ്രതിസന്ധികളിലൂടെയും പീഢകളിലൂടെയും ആയിരുന്നു ആദിമസഭയ്ക്ക് കടന്നുപോകേണ്ടിയിരുന്നത്. അതിനെയൊക്കെ അതിജീവിച്ചത് തങ്ങളുടെ പ്രാർത്ഥനയുടെ ശക്തികൊണ്ടായിരുന്നു. ആരാധനയിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം ആയിരുന്നു ആദിമസഭയ്ക്ക് ഉണ്ടായിരുന്നത്.

കർത്താവിന്റെ കൽപനകളെ ശിരസാവഹിച്ച അപ്പൊസ്തോലന്മാരുടെ ഉപദേശത്തെ അനുസരിച്ചും ആയിരുന്നു ആദിമസഭയുടെ വളർച്ച. തങ്ങൾക്ക് ചുറ്റുമുള്ളവരിൽനിന്ന് വ്യത്യസ്തരായിട്ടായിരുന്നു അവർ ജീവിച്ചത്. അതുകൊണ്ട് ആദിമസഭയെ ഒരു മാതൃകാ സമൂഹമായി നമുക്ക് കണക്കാക്കാം.

## നമുക്ക് എന്തെല്ലാം മനസ്സിലായി

1. ആദിമസഭയുടെ സ്വഭാവ സവിശേഷതകൾ പിൻപറ്റുവാൻ നമുക്കും സാധിക്കണം.
2. പങ്കിടുവാനും മറ്റുള്ളവരെ കരുതുവാനും സഭയായും വ്യക്തികളായും നമുക്ക് കഴിയണം.
3. ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതശൈലിയാണ് ആദിമസഭ സ്വീകരിച്ചത്.
4. അപ്പൊസ്തോലിക അധികാരത്തെപ്പറ്റി അവർക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഇന്ന് നമുക്കും ആ അപ്പൊസ്തോലിക പിൻതുടർച്ച സഭയിലെ പൗരോഹിത്യഗണത്തിലൂടെ ലഭ്യമാണ്.
5. ആരാധനയ്ക്ക് മുൻതൂക്കം നൽകിയുള്ളതാണ് മാതൃകാ സഭാജീവിതം. ദൈവത്തെ സ്തുതിക്കുവാനും ദൈവരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുവാനും ആണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്.
6. ദൈവരാജ്യത്തിന്റെ പ്രത്യേകതകളായ നീതിയും, സമാധാനവും, സ്നേഹവും സഭയിലും നിറഞ്ഞു കവിയേണ്ടതാണ്.

## ചിന്തിക്കാം

1 ആദിമസഭയിലെ ജീവിത ക്രമത്തിൽ അവർ അനുഷ്ഠിച്ചിരുന്ന നാല് കാര്യങ്ങളേവ? ഓരോന്നും വിശദീകരിക്കുക.

2 ആദിമസഭയിലെ ജീവിത ക്രമത്തിന് ഇന്നത്തെ സഭയിലുള്ള പ്രസക്തി വ്യക്തമാക്കുക

3 “വി. കുർബ്ബാന സ്ഥാപിച്ചത് കർത്താവാണ്” സമർത്ഥിക്കുക

4 കുടുംബ സഭകൾ എന്നാലെന്ത്?

5 ആദിമസഭയെ ഒരു മാതൃകാ സമൂഹമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

## പ്രവർത്തനങ്ങൾ

1. ആദിമസഭയുടെ പ്രത്യേകതകൾ കുറിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക. ഓരോ പ്രത്യേകതയുടെയും നേർക്ക് ഇന്ന് നാം സഭാജീവിതത്തിൽ അത് പാലിക്കുന്നുണ്ടോ എന്ന് ഉദാഹരണസഹിതം രേഖപ്പെടുത്തുക.
2. അപ്പം നുറുക്കൽ എന്നതിന് സഭാചരിത്രത്തിൽ രൂപപ്പെട്ടു വന്നിട്ടുള്ള മറ്റ് പേരുകൾ കണ്ടുപിടിക്കുക.

## നമുക്ക് പാടാം

(ശ്ഹിമാ നമസ്കാരം)

(ചൊവ്വ, സന്ധ്യ)

ഹൂദോസ് ഈത്തോ ഞായറാഴ്ച ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഒരു ഗീതം. അത്മീയന്മാരീറേരും.....എന്ന രീതി. വി. കുർബ്ബാനക്രമം പേജ് 260

പുണ്യമെഴും-രക്തശരീരങ്ങൾ
നിർമ്മലമാകും മൂറോനും
ശുദ്ധതയെ-സഭയിൽ ചേർത്തീടും
മൂന്നുമഹാ മർമ്മങ്ങൾ താൻ
സാത്താനവളുടെ ദിവ്യതയെ
കണ്ടാറെ വിറയൽ പൂണ്ടു
കർത്താവവളെ കാക്കുമ്പോൾ
പോരിൽ താൻ ലജ്ജിക്കുന്നേൻ
എന്നേവം ചൊല്ലി കേണാൻ

### നിശ്ചയം

**സഭാജീവിതത്തിൽ ആദിമസഭയെ മാതൃകയാക്കി ഞങ്ങൾ ജീവിക്കും. അപ്പൊസ്തോലിക പിൻതുടർച്ചയുള്ള സഭയിലെ പൗരോഹിത്യത്തെ ഞങ്ങൾ ആദരിക്കും. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരെ ആദിമസഭയിലെന്നപോലെ ഞങ്ങൾ സഹായിക്കും. മറ്റുള്ളവരെ അതിന് പ്രോത്സാഹിപ്പിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

*ത്രിയേക ദൈവമേ ആദിമ സഭയിലെന്നപോലെ ഞങ്ങളുടെ സഭാപിതാക്കന്മാരുടെ ഉപദേശങ്ങൾ കേൾക്കുവാനും കൂട്ടായ്മ ആചരിക്കുവാനും പരസ്പരം പങ്കിടുവാനും കരുതുവാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളെല്ലാം ഒരു ശരീരത്തിന്റെ അവയവങ്ങളാണെന്നും ഞങ്ങളുടെ തല ക്രിസ്തു ആണെന്നും ഉള്ള ബോധ്യത്തിൽ ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | എഫേസ്യർ 4:1-16 |
| തിങ്കൾ | മത്തായി 16:13-28 | 1 കൊരി. 3:10-23 |
| ചൊവ്വ | എഫേസ്യർ 2:1-16 | എഫേസ്യർ 4:17-32 |
| ബുധൻ | മത്തായി 5:1-16 | വെളിപാട് 22:1-9 |
| വ്യാഴം | 1 തിമോ. 2:1-15 | അ. പ്ര. 6:1-7 |
| വെള്ളി | എഫേസ്യർ 6:10-20 | 1 യോഹന്നാൻ 3:1-12 |
| ശനി | 1 യോഹന്നാൻ 3:13-24 | അ. പ്ര. 3 |
| ഞായർ | അ. പ്ര. 4 | - |

പാഠം 9

# സ്തേഫാനോസും, ഫിലിപ്പോസും

**(അപ്പൊസ്തോല പ്രവൃത്തികൾ 6, 7, 8)**

## പഠനോദ്ദേശ്യങ്ങൾ

ആദിമ സഭയിലെ ശെമ്മാശ്ശന്മാരായ വി. സ്തേഫാനോസിനെയും വി. ഫിലിപ്പോസിനെയും പറ്റി മനസ്സിലാക്കുക. അവരുടെ നല്ല മാതൃകകൾ ജീവിതത്തിൽ അനുകരിക്കുക. ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ കഴിയുക.

**മനഃപാഠവാക്യം:** ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു തന്നത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പീൻ. ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. (എഫേസ്യർ 5:1-2)

**പഠനസഹായികൾ:** അപ്പൊസ്തോല പ്രബോധനങ്ങൾ (ദിവ്യബോധനം) പുസ്തകം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

ശെമ്മാശന്മാരെ നിങ്ങൾ കണ്ടിട്ടില്ലേ. അവർ ശുശ്രൂഷക്കുപ്പായത്തിന്റെ മുകളിലൂടെ ധരിക്കുന്ന ഊറാറ ഒക്കെ നമ്മൾ കണ്ട് ശ്രദ്ധിച്ചു നിന്നിട്ടില്ലേ. ആരാധനയിൽ സഹായിക്കുക എന്നതാണ് അവരുടെ പ്രധാന കർത്തവ്യം. ആദിമസഭയിൽ തിരഞ്ഞെടുക്കപ്പെട്ട ചില ശെമ്മാശന്മാരെ ആണ് നാം ഇന്ന് പരിചയപ്പെടുവാൻ പോകുന്നത്.

തിരഞ്ഞെടുക്കപ്പെട്ട് സഭാശുശ്രൂഷയിൽ ആക്കപ്പെട്ട അവർ വളരെ ത്യാഗം സഹിച്ച് ക്രിസ്തുവിനുവേണ്ടി പ്രവർത്തിച്ചു. ആ കൂട്ടരിൽ പ്രമുഖരായ സ്തേഫാനോസിനേയും, ഫിലിപ്പോസിനേയും കുറിച്ചാണ് നാം ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

അപ്പൊസ്തോലന്മാരുടെ നേതൃത്വത്തിലാണല്ലോ ആദിമ സഭ വളർന്നത്. എന്നാൽ സഭായോഗങ്ങളിൽ തങ്ങളുടെ വിധവമാർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന യവനന്മാരുടെ (Greek ഭാഷക്കാർ) പരാതി പരിഹരിക്കുവാൻ മറ്റൊരു ഗണത്തെ തിര

ഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഇവരാണ് ആദിമ സഭയിലെ ശെമ്മാശന്മാർ. സുറിയാനിയിൽ മ്ശംശോനോ എന്ന വാക്കിന് 'ശുശ്രൂഷ ചെയ്യുന്നവൻ' എന്നാണ് അർത്ഥം.

ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴുപേരെ ആണ് അന്ന് സഭയിൽ തിരഞ്ഞെടുത്തത്. സ്തേഫാനോസ്, ഫിലിപ്പോസ്, പ്രൊഖൊരൊസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, നിക്കൊലാവൊസ് എന്നിവരായിരുന്നു ആ ശെമ്മാശന്മാർ. അപ്പൊസ്തോലന്മാർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെച്ചാണ് അവരെ ഈ ശുശ്രൂഷയ്ക്ക് ആക്കിയത്.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ശെമ്മാശൻ എന്ന വാക്കിന്റെ അർത്ഥം എന്ത്? ആദിമ സഭയിലെ ഏഴു ശെമ്മാശ്ശന്മാർ ആരെല്ലാം?
2. നിക്കൊലാവൊസ് എവിടെ ഉള്ളവനായിരുന്നു (അപ്പൊ.പ്ര. 6:5)
3. ഏഴു ശെമ്മാശന്മാരുടെ യോഗ്യതകൾ എന്തൊക്കെ?

## വി. സ്തേഫാനോസ്

സ്തേഫാനോസും, ഫിലിപ്പോസും ആയിരുന്നു ഈ ഏഴുപേരിൽ പ്രമുഖർ. ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ പരിശുദ്ധനും മഹത്വമുള്ളവനുമായ മാർ സ്തേഫാനോസ് എന്ന് നാലാം തുബ്ദേനിൽ വായിക്കുന്നത് നാം കേട്ടിട്ടുണ്ടല്ലോ.

അപ്പൊസ്തോലന്മാരുടെ കൈവെപ്പ് പ്രാപിച്ച സ്തേഫാനോസ് വലിയ സുവിശേഷ പ്രചാരകനായി ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തു. ധാരാളം ആളുകൾ സ്തേഫാനോസിന്റെ വാക്കുകളും ജീവിതവും കണ്ട് കർത്താവിൽ വിശ്വസിച്ചു. ജ്ഞാനവും ആത്മാവും നിറഞ്ഞ ഒരു പ്രവർത്തനശൈലി ആയിരുന്നു സ്തേഫാനോസിന്റേത്. അതുകൊണ്ട് അവന്റെ വാക്കുകളെ എതിർത്ത് തോൽപ്പിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

യഹൂദമതനേതാക്കൾ സ്തേഫാനോസിന്റെ പ്രവർത്തനത്തിൽ ഭയചകിതരായി ചില ആളുകളെക്കൊണ്ട് അവനെതിരായി കള്ളസാക്ഷി പറയിച്ചു. മോശയുടെ നിയമത്തിനെതിരായി സ്തേഫാനോസ് ദൈവദൂഷണം പറയുന്നു എന്നതായിരുന്നു അവരുടെ ആരോപണം. യഹൂദനേതാക്കൾ സ്തേഫാനോസിനെ ബന്ധിച്ച് ന്യായാധിപസംഘത്തിൽ ഏൽപ്പിച്ചു.

കോടതിയിൽ വച്ച് സ്തേഫാനോസ് ഒരു പ്രസംഗം നടത്തി. ദൈവം അയയ്ക്കുന്ന പ്രവാചകന്മാരെ നിന്ദിക്കുന്നതുവഴി യഹൂദ പ്രമാണിമാരാണ് ദൈവദൂഷണം നടത്തുന്നത് എന്ന് അദ്ദേഹം വെളിപ്പെടുത്തി. കുപിതരായ ശത്രുക്കൾ സ്തേഫാനോസിന്റെ നേരെ തിരിഞ്ഞ് അവന്റെ നേരെ ആക്രോശിച്ചു. സ്തേഫാനോസ് യേശുക്രിസ്തുവിനെ പോലെ ശാന്തനായി നിലകൊണ്ടു. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്നും സ്തേഫാനോസ് പറഞ്ഞു.

എല്ലാവരും ചേർന്ന് സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നു. കർത്താവേ ഇവർക്ക് ഈ പാപം നിർത്തരുതേ എന്ന് സ്തേഫാനോസ് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സ്തേഫാനോസിന്റെ രക്തസാക്ഷിമരണം സഭയ്ക്ക് ഒരു പുതിയ ദിശാബോധം നൽകി. സഭയ്ക്ക് ധാരാളം പീഡകൾ ഏറ്റു എങ്കിലും സഭ പല പ്രദേശങ്ങളിലേക്കും വ്യാപിക്കുവാൻ സ്തേഫാനോസിന്റെ രക്തസാക്ഷിമരണം ഇടയാക്കി. ക്രിസ്തുവിനുശേഷം ക്രിസ്തുവിനെപ്രതി മരണം ഏറ്റ ആദ്യത്തെ സഹദാ ആണ് വി. സ്തേഫാനോസ്. ജനുവരി 8 സ്തേഫാനോസിന്റെ ഓർമ്മയായി ആഘോഷിക്കുന്നു.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ആരുടെ നിയമത്തിനെതിരായി സ്തേഫാനോസ് പഠിപ്പിക്കുന്നു എന്നാണ് യഹൂദ നേതാക്കൾ ആരോപിച്ചത്.
2 ന്യായാധിപ സംഘത്തിൽ ഇരുന്നവർ നോക്കിയപ്പോൾ സ്തേഫാനോസിന്റെ മുഖം എന്തുപോലെ കണ്ടു എന്ന് വി. വേദപുസ്തകം നോക്കി കണ്ടുപിടിക്കുക. (അപ്പൊ. 6:15)
3 തന്നെ കല്ലെറിഞ്ഞപ്പോൾ സ്തേഫാനോസ് പ്രാർത്ഥിച്ചത് എന്ത്.

## വി. ഫിലിപ്പോസ്

സ്തേഫാനോസിനോടൊപ്പം ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടയാളാണ് ഫിലിപ്പോസും. സ്തേഫാനോസിന്റെ മരണശേഷം ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ പോയി സുവിശേഷം അറിയിച്ചു. വളരെ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച ഫിലിപ്പോസ് അനേകരെ ക്രിസ്തുവിനോട് ചേർത്തു. ദുർമാർഗ്ഗികളായിരുന്ന മന്ത്രവാദിയായ ശീമോനെപോലെയുള്ളവരും ക്രിസ്തുവിനോട് ചേർന്നു.

ഒരുദിവസം കർത്താവിന്റെ ദൂതൻ ഗസ്സ എന്ന പട്ടണത്തിലേക്ക് പോകുന്ന ആൾതിരക്ക് ഇല്ലാത്ത വഴിയിൽ പോയി നിൽക്കുവാൻ ഫിലിപ്പോസിനോട് ആവശ്യപ്പെട്ടു. പഴയ കാലത്ത് രാജകൊട്ടാരത്തിലൊക്കെ ഷണ്ഡന്മാർ എന്ന ഒരു വിഭാഗം തന്നെ ഉണ്ടായിരുന്നു. എത്യോപ്യ രാജ്ഞിയുടെ ഭണ്ഡാരവിചാരകനായ ഷണ്ഡൻ അപ്പോൾ ആ വഴിയിൽക്കൂടി വരുന്നുണ്ടായിരുന്നു. ആത്മപ്രേരിതനായി ഫിലിപ്പോസ് രഥത്തിന്റെ അടുത്തു ചെന്നു. ഷണ്ഡൻ യെശയ്യാവിന്റെ പുസ്തകം വായിക്കയായിരുന്നു. (യെശയ്യ 53:7, 8) അതിൽ പറഞ്ഞിരിക്കുന്നത് കർത്താവിനെപ്പറ്റിയാണ് എന്നും പ്രവചനങ്ങളുടെ പൂർത്തീകരണം കർത്താവിലാണ് എന്നും ഫിലിപ്പോസ് ഷണ്ഡനോട് പറഞ്ഞു. ഷണ്ഡൻ ഉടൻ തന്നെ സ്നാനം ഏൽക്കുകയും ചെയ്തു. ഇന്നും യേശുവിൽ വിശ്വസിച്ച് സഭയോടു ചേരുവാൻ താല്പര്യപ്പെടുന്ന ഇതര മതസ്ഥരായ മുതിർന്നവരെ നാം മാമോദീസാ നല്കി സഭാംഗങ്ങളാക്കാറുണ്ട്.

കൈസര്യ എന്ന പട്ടണംവരെയുള്ള ഗ്രാമങ്ങളിൽ എല്ലാം ഫിലിപ്പോസ് സുവിശേഷം അറിയിച്ചു. യഹൂദന്മാരെ മാത്രമല്ല മറ്റ് ജാതിക്കാരെയും, വിദേശത്തിലെ രാജസേവകരെ പോലും ആകർഷിച്ചു ക്രിസ്തുവിലേക്ക് അടുപ്പിക്കുവാൻ ഫിലിപ്പോസിന് കഴിഞ്ഞു. ഫിലിപ്പോസിന്റെ പെൺമക്കൾ നാലുപേരും പ്രവാചകികളായിരുന്നു (അപ്പൊ. പ്ര. 21: 8, 9).

**അൽപം നിർത്താം... ചിന്തിക്കാം...**

1. ഏത് പട്ടണത്തിലാണ് ഫിലിപ്പോസ് ആദ്യം സുവിശേഷം അറിയിച്ചത്.
2. ഏത് സ്ഥലത്തേക്ക് പോകുന്ന വഴിയിലാണ് ഫിലിപ്പോസ് ഷണ്ഡനെ കണ്ടുമുട്ടിയത്.
3. പണം കൊടുത്ത് പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ശ്രമിച്ചത് ആര് എന്ന് വേദപുസ്തകം നോക്കി പറയുക.

## നമുക്ക് എന്തെല്ലാം മനസ്സിലായി

1. സുവിശേഷത്തെ പറ്റിയുള്ള തീഷ്ണതയിൽ എന്തു നഷ്ടം വന്നാലും അത് നേരിടണം.
2. രക്തസാക്ഷികളുടെ രക്തം സഭയ്ക്ക് വളമായി തീർന്നു.
3. ക്രിസ്തുവിന്റെ മാതൃകയിലാണ് സ്തേഫാനോസ് ജീവിച്ചത്. മരണത്തിലും അതേ മാതൃകയെ പിൻപറ്റി.
4. ആദിമസഭയിലെ ശെമ്മാശന്മാർക്ക് എന്നപോലെ നമ്മുടെ ജീവിതത്തിനും ഒരു അർത്ഥമുണ്ട്. അതിനെ നാം കണ്ടെത്തണം.
5. വേദനകളുടെ നടുവിലും പരിശുദ്ധാത്മാവ് നിറഞ്ഞവരായി നാം നിലകൊള്ളണം.
6. നമ്മെ എതിർക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആണ് നമ്മിലെ ദൈവികത പൂർണമാകുന്നത്.

## നമുക്ക് ചിന്തിക്കാം

1. ആദിമ സഭയിലെ ശെമ്മാശ്ശന്മാർ ആരെല്ലാം? അവരുടെ യോഗ്യതകൾ എന്തെല്ലാം?
2 വി. സ്തേഫാനോസ് സഹദായെപ്പറ്റി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക
3 4-ാം തുബ്ദേനിൽ സൂചിപ്പിക്കുന്ന വി. സ്തേഫാനോസിനെപ്പറ്റിയുള്ള വിശേഷണം എന്ത്?
4 സ്തേഫാനോസിന്റെ പ്രസംഗം വിശദമാക്കുക
5 വി. ഫിലിപ്പോസിന്റെ ജീവിതവും പ്രേഷിത വേലയും സംബന്ധിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക
6 ഈ രണ്ട് ശെമ്മാശന്മാരുടെ ജീവിതത്തിൽനിന്നും നിങ്ങൾ ഉൾക്കൊള്ളുന്ന പാഠങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. സ്തേഫാനോസിന്റെ പ്രസംഗം, ഒരു വിസ്താരം, അതിനുള്ള മറുപടിയും വിധിയും ചേർത്ത് ഒരു സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുക.

## നമുക്ക് പാടാം

(മാർ സ്തേഫാനോസിന്റെ ഓർമ്മ കൊണ്ടാടുന്ന ദിവസം (ജനുവരി 8) വി. കുർബ്ബാനയിൽ ചൊല്ലുന്ന ഗീതം. ദൈവത്തിൻ പുത്രനെ മറിയാം..... എന്ന രീതി) വി. കുർബ്ബാനക്രമം പേജ് 280

സ്തേഫാനോസിൻ മരണത്തെ ശോധിച്ചേൻ
ഏറ്റം കഷ്ടതയവനേറ്റതിനാൽ ഞാൻ വിസ്മിതനായ്
തന്മേൽ കല്ലവർ വർഷിച്ചു - താൻ പ്രാർത്ഥിച്ചു
ബോധം വിട്ടവർ ചെയ്തതു നാഥാ - നീ ഓർക്കരുതേ
അന്ത്യമവർക്കായി പ്രാർത്ഥിച്ച - നാഥന് സന്നിഭനീദാസന്റെ
യാചനയാൽ കൃപ ഏറീടുന്നീശോ - കാത്തരുൾക.

## നമുക്ക് പ്രാർത്ഥിക്കാം

മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മദിവസത്തിൽ സന്ധ്യാ പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന. പ്രാർത്ഥനാക്രമം പേജ് 84.

*കർത്താവേ മാർ സ്തേഫാനോസ് സഹദായെപ്പോലെ കൃപയും ശക്തിയും നിറഞ്ഞവരായി പരിശുദ്ധാത്മാവിൽ തിളച്ചുകൊണ്ട് നിന്റെ തിരുനാമത്തിനു വേണ്ടി കഷ്ടതകളും ഞെരുക്കങ്ങളും സഹിപ്പാനും മരണത്തെപ്പോലും ഭയപ്പെടാതെ നിന്നിൽ ജീവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ബാറെക്മോർ.*

(ഈ ഭാഗത്തുള്ള മറ്റ് പ്രാർത്ഥനകളും ഭവനത്തിൽവച്ച് പ്രാർത്ഥിച്ച് പഠിക്കുക)

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | മത്തായി 10:16-33 |
| തിങ്കൾ | 2 കൊരി. 12:1-10 | എബ്രായർ 5:1-4 |
| ചൊവ്വ | ലൂക്കോസ് 9:1-22 | 1 കൊരി. 15:1-19 |
| ബുധൻ | മത്തായി 6:19-34 | എബ്രായർ 12:1-13 |
| വ്യാഴം | ഫിലിപ്യർ 4:1-9 | 1 കൊരി. 1:4-25 |
| വെള്ളി | യാക്കോബ് 3:1-18 | മത്തായി 18:1-14 |
| ശനി | 2 തീമോ. 4:1-18 | അ. പ്ര. 6, 7 അധ്യായങ്ങൾ |
| ഞായർ | അ. പ്ര. 8-ാം അധ്യായം | - |

പാഠം 10

# വിശുദ്ധ പത്രോസിന്റെ പ്രേഷിത പ്രവർത്തനം

## പഠനോദ്ദേശ്യങ്ങൾ

പത്രോസ് ശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങൾ മനസ്സിലാക്കുക. ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കുവാൻ സന്നദ്ധരാകുക. പത്രോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുക. ദൈവം നൽകുന്ന ദാനങ്ങളെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുക.

**മനഃപാഠവാക്യം:** വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളത് നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക (അപ്പൊ. പ്രവൃ. 3:6).

## ആമുഖം

കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസ് ശ്ലീഹായെ ഓർക്കുന്നില്ലേ. ഭീരുവായ ആ പത്രോസാണ് കുറെ നാളുകൾക്കുശേഷം ആദിമസഭയിലെ ഏറ്റവും ധീരനായ തലവനായി മാറ്റപ്പെട്ടത്. പത്രോസിന്റെ പ്രേഷിതപ്രവർത്തനം താരതമ്യം ചെയ്യാനാവാത്ത വിധം അതുല്യമാണ്. ഈ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെപ്പറ്റിയാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

കർത്താവിന്റെ ശിഷ്യന്മാരിൽ ഏറ്റവും പ്രായം കൂടിയ ആളായിരുന്നുവല്ലോ പത്രോസ്. കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം തങ്ങളിലെ മുതിർന്നവൻ എന്ന നിലയ്ക്ക് ശിഷ്യന്മാരുടെ ഇടയിൽ പത്രോസിന് ഒരു പ്രത്യേക സ്ഥാനം ലഭിച്ചിരുന്നു. മത്ഥ്യാസിനെ തിരഞ്ഞെടുക്കുമ്പോഴും പെന്തിക്കൊസ്തി ദിനത്തിലും ഒക്കെ ശിഷ്യന്മാരുടെ പ്രതിനിധി എന്ന നിലയ്ക്ക് പ്രസംഗിച്ചതും പത്രോസായിരുന്നുവല്ലോ. അപ്പൊസ്തോലിക പ്രവൃത്തികളുടെ ആദ്യ അദ്ധ്യായങ്ങളിൽ പത്രോസിന്റെ നേതൃത്വത്തിൽ നടന്ന സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്നു. കർത്താവിനെപോലെ വിവിധ രോഗസൗഖ്യങ്ങളും അത്ഭുതപ്രവർത്തനങ്ങളും പത്രോസ് ശ്ലീഹാ ചെയ്യുന്നുണ്ട്. മരിച്ചുപോയ ഒരു സ്ത്രീയെ ഉയിർപ്പിക്കുകകൂടി ചെയ്യുന്നുണ്ട് പത്രോസ് ശ്ലീഹാ (അപ്പൊ. പ്ര. 9:36–40).

പെന്തിക്കൊസ്തിയിലെ പ്രസംഗത്തിലൂടെ തന്നെ മൂവായിരത്തോളം പേർ സഭയിലേക്ക് ചേർന്നു. അതിനു ശേഷം ധാരാളം ആളുകൾ സഭയിലേക്ക് ചേർന്നുകൊണ്ടിരുന്നു. സുന്ദരം എന്ന ദേവാലയ ഗോപുരവാതില്ക്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന മുടന്തനെ കർത്താവിന്റെ നാമത്തിൽ എഴുന്നേൽപ്പിച്ചു നടത്തിയതാണ് പത്രോസ് ശ്ലീഹാ ചെയ്ത ആദ്യ അത്ഭുതം (അപ്പൊ. പ്ര. 3:1–10). ഈ അത്ഭുതങ്ങളെല്ലാം അനേകരെ

ക്രിസ്തുവിലേക്കാകർഷിക്കുവാൻ മുഖാന്തിരമായി. ഒരിക്കലും ഇതിന്റെ പുകഴ്ച പത്രോസ് ഏറ്റെടുത്തിട്ടില്ല.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ദേവാലയത്തിലെ ഏത് ഗോപുരത്തിലാണ് പത്രോസും യോഹന്നാനും ചെന്നപ്പോൾ മുടന്തൻ ഭിക്ഷ യാചിച്ചുകൊണ്ടിരുന്നത്.
2. പെന്തിക്കൊസ്തി ദിവസം എത്രപേരാണ് സഭയിലേക്ക് ചേർന്നത്.

അപ്പൊസ്തോല സംഘത്തിന്റെ തലവൻ എന്ന നിലയ്ക്കാണ് പത്രോസ് പ്രവർത്തിച്ചത്. പത്രോസിന്റെ പ്രസംഗം കേട്ട് സഭയിലേക്ക് ജനം ചേരുന്നത് കണ്ട് കോപിച്ച യഹൂദ മതമേധാവികളും പ്രമാണിമാരും അവനെ തടവിൽ ആക്കുന്നുണ്ട്. എന്നാൽ ദൈവം ഓരോ തവണയും അത്ഭുതകരമായി അവനെ വിടുവിക്കും (അപ്പ. പ്ര. 12). ഓരോ പ്രതിസന്ധികളും കൂടുതൽ ആളുകൾ സഭയിലേക്ക് ചേരുവാൻ കാരണമായിത്തീർന്നു. പത്രോസിനെയും സംഘത്തെയും എല്ലാവരും പുകഴ്ത്തിപ്പോന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും വീണാൽ സൗഖ്യം പ്രാപിക്കും എന്ന് വിശ്വസിച്ച് രോഗികളെ വഴിയിൽ കിടത്തുമായിരുന്നു (അപ്പൊ. പ്ര. 5:12-16).

പത്രോസ് ശ്ലീഹാ പ്രവർത്തിച്ച അത്ഭുതപ്രവൃത്തികൾ വേറെയും ഉണ്ട്. ഏഴു വർഷമായി പക്ഷവാതം പിടിച്ച് തളർന്നു കിടന്നിരുന്ന ഐനയാസ് എന്ന മനുഷ്യനെ സൗഖ്യമാക്കുന്നതും (9:32) യോപ്പയിൽ തബീഥാ എന്ന പേരുള്ള ശിഷ്യ മരിച്ചപ്പോൾ തബീഥയേ എഴുന്നേൽക്കുക എന്ന് വിളിച്ച് അവളെ മരണത്തിൽനിന്ന് എഴുന്നേൽപിച്ചതും (9:38). അവയിൽ പ്രധാനപ്പെട്ട ചിലതാണ്. ആദിമസഭയുടെ എല്ലാ പൊതുവായി പങ്കിടുന്ന ജീവിതശൈലിക്ക് എതിരായി വ്യാജം കാണിച്ച അനന്യാസും സഫീറയും ദൈവശിക്ഷ ഏറ്റുവാങ്ങിയതും പത്രോസ് ശ്ലീഹായുടെ സാന്നിധ്യത്തിലാണ്. എന്നാൽ ഈ പ്രവൃത്തികൾ ഒന്നും തന്റെ സ്വന്തം മഹിമയ്ക്കായല്ല പത്രോസ് ഉപയോഗിച്ചത്. മറിച്ച് അത്ഭുത പ്രവൃത്തികളിലൂടെ അനേകരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുകയാണ് അദ്ദേഹം ചെയ്തത്.

**അൽപം നിർത്താം... ചിന്തിക്കാം...**

1. പത്രോസ് സൗഖ്യമാക്കിയ തളർവാതരോഗിയുടെ പേര് എന്ത്?
2. ഏത് സ്ഥലത്ത് വച്ചാണ് പത്രോസ് ഒരു സ്ത്രീയെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചത്?
3. തബീഥാ എന്ന പേരിന്റെ അർത്ഥം എന്ത്?

സഭയുടെ ആദ്യകാലങ്ങളിൽ യഹൂദന്മാർ മാത്രമായിരുന്നു സഭയോട് ചേർന്നിരുന്നത്. എന്നാൽ പത്രോസിന്റെ പ്രവർത്തനം മൂലമാണ് വിജാതീയർക്കും സഭയിലേക്ക് ചേരുവാനുള്ള വാതിൽ തുറന്നു കിട്ടിയത് കൈസര്യക്കാരനായ കൊർന്നല്യോസ് എന്ന വിജാതിയ ശതാധിപനോട് സുവിശേഷം അറിയിച്ച് അവന് മാമോദീസാ നൽകിയതിലൂടെ ആണ് ഇതിന് തുടക്കം കുറിച്ചത്. യഹൂദ മതത്തിൽനിന്ന് ക്രിസ്ത്യാനികളായവരുടെ എതിർപ്പുകൾ ഉണ്ടായെങ്കിലും തന്റെ സാക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യത്തിൽ താൻ ഉറച്ചുനിന്നു. പിൽക്കാലത്ത് വിജാതീയരായവർ ക്രിസ്തുമതത്തിലേക്ക് ധാരാളമായി ചേരുവാൻ പത്രോസിന്റെ ഈ പ്രവർത്തനം കാരണമായി തീരുകയും ചെയ്തു.

കർത്താവിനെ പത്രോസ് മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞിരുന്നു. (യോഹ. 8:15-19). എന്നാൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം ധീരനായ ഒരു വ്യക്തിയായി പത്രോസ് മാറ്റപ്പെട്ടു. ആദിമസഭയുടെ ഏക വക്താവായി പത്രോസ് നിലകൊണ്ടു. പത്രോസിന്റെ ഈ രൂപാന്തരവും സുവിശേഷീകരണ വ്യഗ്രതയും നമുക്കും മാതൃകയാക്കാം.

നീറോ ചക്രവർത്തിയുടെ പീഡയുടെ കാലത്ത് പത്രോസ് ശ്ലീഹായെ തലകീഴായി ക്രൂശിച്ചു എന്നാണ് സഭാ പാരമ്പര്യം. പത്രോസ് ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും ഓർമ്മ ശ്ലീഹാനോമ്പിന്റെ അവസാനം ജൂൺ 29-ന് സഭ കൊണ്ടാടുന്നു.

## നമുക്ക് എന്തെല്ലാം മനസ്സിലായി

1. പരിശുദ്ധാത്മാവിനെ പ്രാപിച്ചവരായ നാം പത്രോസിനെപ്പോലെ ധീരമായി നിലകൊള്ളേണ്ടവരാണ്.
2. പ്രതികൂലങ്ങളും പ്രതിസന്ധികളും വരുമ്പോൾ നമ്മെ കൈവിടുന്നവനല്ല കർത്താവ്.
3. ക്രിസ്തീയ ജീവിതത്തിൽ ഉണ്ടാകുന്ന അത്ഭുതങ്ങളും സൗഖ്യങ്ങളും വ്യക്തികളുടെ ഉയർച്ചയ്ക്ക് ആകരുത് അത് ദൈവനാമ മഹത്വത്തിനാകണം.
4. ക്രിസ്തുവിൽ അടിയുറച്ചു നിൽക്കുമ്പോൾ നല്ല തീരുമാനങ്ങൾ എടുക്കാൻ നമുക്കാകും.

## നമുക്ക് ചിന്തിക്കാം

1. ശ്ലീഹന്മാരിൽ മൂപ്പൻ എന്ന നിലയ്ക്ക് വി. പത്രോസ് ശ്ലീഹായ്ക്ക് ഉണ്ടായിരുന്ന പ്രത്യേകതകൾ എന്തെല്ലാം?
2 പത്രോസ് ശ്ലീഹായുടെ പ്രസംഗം വിശദമാക്കുക
3 പത്രോസ് ശ്ലീഹാ തളർവാതരോഗിയെ സൗഖ്യമാക്കുന്ന സംഭവം വിവരിക്കുക
4 വിജാതീയർക്ക് സഭയിലേക്ക് ചേരുവാൻ അവസരം ഒരുക്കിയതാര്? അതിനിടയായ സാഹചര്യം വിവരിക്കുക
5 കർത്താവിനെ തള്ളിപ്പറയുന്നതിനു മുമ്പും അതിനു ശേഷവുമുള്ള പത്രോസ് ശ്ലീഹായുടെ സ്വഭാവങ്ങൾ താരതമ്യം ചെയ്യുക.
6 പത്രോസ് ശ്ലീഹായുടെ അന്ത്യം എങ്ങനെയായിരുന്നു? അതെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായമെന്ത്?
7 പത്രോസ് ശ്ലീഹായുടെ ജീവിതത്തിൽനിന്ന് നിങ്ങൾ പഠിച്ച ഗുണപാഠങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. തബീഥയെ ഉയർപ്പിക്കുന്ന സംഭവം ഒരു സ്കിറ്റായി അവതരിപ്പിക്കുക.
2. പത്രോസിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ ഒരു ചാർട്ടിൽ ക്രമീകരിക്കുക.
3. സ്വർണ്ണവെള്ളിയാഴ്ച എന്ത് എന്ന് കണ്ടുപിടിച്ച് ഡയറിയിൽ കുറിച്ചുവയ്ക്കുക?

## നമുക്ക് പാടാം

മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) ദിവസം വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ചൊല്ലുന്ന ഗീതം. വി. കുർബ്ബാനക്രമം പേജ് 319 (ദൈവത്തിൻ പുത്രനെ മറിയാം.... എന്ന രീതി.)

ഈശോ ദാശൻ ശീമോനെ-വീശിക്കൊണ്ടാൻ
മീൻ പോൽ നരരെ വൻ രക്ഷിതരോടൊ-പ്പം ചേർത്തു

റോമാ മേൽ വല വീശിതാൻ-ബന്ധിതയാക്കി
പെണ്ണാടുസമം സഭയിൽ ചേർത്താൻ പെൺ-സിംഹത്തെ
മൂർത്തികളെ-വിട്ടവളർപ്പിപ്പൂ
രക്ഷകനേ-നിന്നുടെ സ്ലീബായേ
ഞങ്ങളുമതിനെ കൂപ്പുന്നു നാഥാ-കൃപചെയ്ക.

## നിശ്ചയം

**കർത്താവിന്റെ ശിഷ്യനായ പ. പത്രോസ് ശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ആ ശ്ലീഹായെപ്പോലെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞങ്ങൾ ധീരമായി നിലകൊള്ളും. ജീവൻ പോകേണ്ടിവന്നാലും കർത്താവിനെ തള്ളിപ്പറയില്ല. ലഭിച്ചിരിക്കുന്ന ദൈവീകദാനങ്ങളെ മറ്റുള്ളവർക്ക് പങ്കിട്ടു നൽകും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാളിൽ സന്ധ്യാ പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന. പ്രാർത്ഥനാക്രമം പേജ് 220.

*മീൻപിടുത്തക്കാരായ ശ്ലീഹന്മാർമൂലം സഭയെ സത്യത്തിന്റെ അറിവു പഠിപ്പിച്ചവനായ ഉപദേഷ്ടാവേ.... സത്യത്തിന്റെ അറിവ് ഞങ്ങൾ കൈക്കൊണ്ടതിന്റെ ശേഷം സാത്താന്റെ ഉപായതന്ത്രങ്ങളാൽ വിശ്വാസത്തെറ്റിലേക്ക് വീഴുവാൻ ഞങ്ങൾക്കിടയാകരുതേ. സത്യവിശ്വാസമെന്ന കപ്പലിനെ ശ്ലീഹന്മാരെക്കൊണ്ട് നടത്തിക്കുന്നവനായ കപ്പൽ പ്രമാണിയായുള്ളവനേ നിന്റെ ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങൾ പാപസമുദ്രത്തിൽ വീഴാതെയും അതിന്റെ ഓളങ്ങളിലും തിരമാലകളിലും കുടുങ്ങാതെയും ഞങ്ങളെ കാത്തുകൊള്ളണമേ. ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | അപ്പൊ. പ്ര. 3:1-9 |
| തിങ്കൾ | മത്തായി 16:15-19 | 1 കൊരി. 3:10-23 |
| ചൊവ്വ | അപ്പൊ. പ്ര. 4:13-22 | 1 പത്രോസ് 3:18-22 |
| ബുധൻ | ലൂക്കോസ് 13:18-30 | അപ്പൊ. പ്ര. 9:32-35 |
| വ്യാഴം | യോഹന്നാൻ 6:50-60 | 2 പത്രോസ് 3:1-10 |
| വെള്ളി | അപ്പൊ. പ്ര. 9:36-43 | മത്തായി 17:1-13 |
| ശനി | അപ്പൊ. പ്ര. 10:1-8 | യോഹ. 8,15-19 |
| ഞായർ | അപ്പൊ. 9 മുഴുവൻ | -- |

യൂണിറ്റ് 2

# പ്രാർത്ഥന

പാഠം 11

## മാലാഖമാരുടെ സ്തുതിപ്പ്

### പഠനോദ്ദേശ്യങ്ങൾ

രാത്രിനമസ്കാരത്തിൽ ഉപയോഗിക്കുന്ന 'മാലാഖമാരുടെ സ്തുതിപ്പ്' എന്ന പ്രാർത്ഥനയുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. ഈ പ്രാർത്ഥന പതിവായി പ്രഭാതത്തിലെ പ്രാർത്ഥനാസമയത്ത് ഭക്തിയോടെ പ്രാർത്ഥിക്കുക.

**മനഃപാഠവാക്യം:** സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു (യശയ്യാ 6:3).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, സഭാവിജ്ഞാനകോശം, ശ്ഹീമാ നമസ്കാരം

### ആമുഖം

കുട്ടികളേ..... നിങ്ങൾ മാലാഖമാരെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ. മാലാഖ എന്ന വാക്കിന്റെ അർത്ഥം അറിയാമോ? 'ദൂതൻ', 'സന്ദേശവാഹകൻ', 'അയയ്ക്കപ്പെട്ടവൻ' എന്നാണർത്ഥം. അവരുടെ പ്രധാന ജോലി എന്താണ്? വിവിധ ജോലികൾ ദൈവകല്പന അനുസരിച്ച് ചെയ്യുന്ന ഒമ്പതു കൂട്ടം മാലാഖമാർ ഉണ്ട് എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. മാലാഖമാർ (ദൂതന്മാർ) (ഉല്പത്തി 21:17), റീശ് മാലാഖമാർ (യോശുവ 5:14, 15), റീശിനുവോസേന്മാർ (യശയ്യാ. 63:9), ശുൽത്തോനേന്മാർ (ദാനിയേൽ 10:13), മൗത്തബേന്മാർ, മോറോവോസേന്മാർ, ഹൈലേന്മാർ (എഫേസ്യർ 1:21), ക്രൂബേന്മാർ (യഹസ്കേൽ 10:3, 5) സ്രോപ്പേന്മാർ (യശയ്യാ 6) എന്നിവരാണ് വിവിധ വൃന്ദങ്ങൾ.

അവരുടെ ചുമതലകൾ ഇങ്ങനെ സംഗ്രഹിക്കാം.

1. സ്വർഗ്ഗത്തിൽ അവർ ദൈവത്തെ ആരാധിക്കുന്നു.
2. ദൈവഹിതം അനുസരിക്കുവാൻ സദാ സന്നദ്ധരായി നില്ക്കുന്നു.
3. ദൈവഹിതം മനുഷ്യരെ അറിയിക്കുന്നു.
4. ജനത്തെ കാവൽ ചെയ്യുന്നു.

'സ്രാപ്പേന്മാർ' എന്ന ഒരുകൂട്ടം മാലാഖമാർ ദൈവത്തെ സ്തുതിച്ചുകൊണ്ട് നിൽക്കുന്നതായി യശയ്യാപ്രവാചകൻ ഒരു ദർശനം കണ്ടു. എല്ലാവരും വേദപുസ്തകമെടുത്ത് യശയ്യാ പ്രവചനം ആറാം അദ്ധ്യായം ഒന്നു മുതൽ നാല് വരെ വാക്യങ്ങൾ വായിക്കുക. ഈ മാലാഖമാർ എങ്ങനെയാണ് ദൈവത്തെ സ്തുതിക്കുന്നത് എന്ന് ഈ ഭാഗത്തുനിന്ന് കണ്ടുപിടിച്ചു പറയുക. സ്വർഗ്ഗത്തിൽ മാലാഖമാർ സ്തുതിക്കുന്നതുപോലെ ഭൂമിയിലുള്ള നമുക്കും ദൈവത്തെ സ്തുതിക്കുവാൻ പിതാക്കന്മാർ നമുക്ക് ക്രമീകരിച്ചു നൽകിയിട്ടുള്ള പ്രാർത്ഥനയാണ് 'മാലാഖമാരുടെ സ്തുതിപ്പ്'. പ്രഭാതത്തിൽ നാം ചൊല്ലുന്ന രാത്രി നമസ്കാരത്തിലെ ഒരു പ്രാർത്ഥനയാണിത്. ഈ പ്രാർത്ഥനയുടെ അർത്ഥവും പ്രാധാന്യവും ഇന്ന് നമുക്ക് പഠിക്കാം.

### പാഠഭാഗം

സർവ്വശക്തനായ ദൈവത്തിന് മഹത്വം അർപ്പിക്കുന്നതിനായി വിരചിതമായിരിക്കുന്ന മനോഹരമായ സ്തുതിഗീതങ്ങളാണ് മാലാഖമാരുടെ സ്തുതിപ്പ്. രാത്രി നമസ്കാരത്തിന്റെ അവസാന ഭാഗത്താണ് ഈ പ്രാർത്ഥന ഉപയോഗിക്കുന്നത്. ജനനപ്പെരുന്നാളിൽ, തീജ്വാല ശുശ്രൂഷയ്ക്ക് മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ടാണ് തീജ്വാല ചുറ്റി കുന്തിരുക്കം സമർപ്പിക്കുന്നത്. ശവസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്തും മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലാറുണ്ട്. മാലാഖമാർ നിരകളായി നിന്ന് ദൈവത്തെ സ്തുതിക്കുന്നു എന്ന പൗരസ്ത്യ ക്രിസ്തീയ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രാർത്ഥന എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വാക്യം - പ്രതിവാക്യ രീതിയിലാണ് മാലാഖമാരുടെ സ്തുതിപ്പ് ആലപിക്കുന്നത്. നേതൃത്വം കൊടുക്കുന്ന ആൾ ഒരു ഖണ്ഡിക ചൊല്ലുകയും ബാക്കി ഉള്ളവർ ചേർന്ന് അടുത്ത ഖണ്ഡിക ചൊല്ലുകയും ചെയ്യുന്ന രീതിയാണ് സാധാരണയായി അവലംബിക്കുന്നത്. ഇപ്രകാരം നമുക്ക് ഒന്നിച്ച് ഈ പ്രാർത്ഥന ചൊല്ലാം. ഒരു ഖണ്ഡിക ടീച്ചർ ചൊല്ലുമ്പോൾ അടുത്ത ഖണ്ഡിക നിങ്ങൾ എല്ലാവരുംകൂടി ചേർന്ന് ചൊല്ലണം.

## മാലാഖമാരുടെ സ്തുതിപ്പ്

ടീച്ചർ : അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

കുട്ടികൾ : എല്ലാ കാലത്തും എല്ലാ സമയത്തും ഉയരത്തിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്ക് നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ടീച്ചർ : ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

കുട്ടികൾ : സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും യേശുമിശിഹായായ ഏക പുത്രനാകുന്ന ദൈവമായ കർത്താവേ വിശുദ്ധ റൂഹായോടു കൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

കുട്ടികൾ : പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ.

ടീച്ചർ : ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായുള്ളോവേ നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

കുട്ടികൾ : പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനേ ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമെ.

കുട്ടികൾ : എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. വിശുദ്ധ റൂഹായോടു കൂടെ യേശുമിശിഹായായ നീ മാത്രം പിതാവായ ദൈവത്തിന്റെ മഹത്വത്തിനു നിത്യമായി കർത്തവ്യമുള്ളവനുമാകുന്നു.

ടീച്ചർ : എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

കുട്ടികൾ : ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്വമുള്ളതും നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

ടീച്ചർ : സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച്ച ചേർച്ചയാകുന്നു. ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും തന്നെ.

എല്ലാവരും ചേർന്ന് : ആമ്മീൻ.

**അൽപം നിർത്താം... ചിന്തിക്കാം...**

1. 'മാലാഖമാരുടെ സ്തുതിപ്പ്' എന്ന പ്രാർത്ഥന ഏത് യാമത്തിലെ പ്രാർത്ഥനയാണ്.
2. ഈ പ്രാർത്ഥനയെ 'മാലാഖമാരുടെ സ്തുതിപ്പ്' എന്ന് വിളിക്കാൻ കാരണമെന്ത്?
3. ഏതെല്ലാം സന്ദർഭങ്ങളിലാണ് ഈ പ്രാർത്ഥന നടത്തുന്നത്?

ഏറ്റവും ശ്രേഷ്ഠമായതും ദൈവത്തോടുള്ള സ്തുതിപ്പുകൊണ്ട് നിറഞ്ഞതുമായ ഒരു പ്രാർത്ഥനയാണിത്. ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയങ്ങൾ നമുക്ക് ചിന്തിക്കാം.

മാലാഖമാരുടെ സ്തുതിപ്പിൽ ഉൾക്കൊണ്ടിരിക്കുന്ന ചിന്തകൾ (Themes)

### 1. ത്രിത്വസ്തുതി

പൗരസ്ത്യ ഓർത്തഡോക്സ് ദർശനത്തിൽ മാലാഖമാർ ദൈവത്തിന്റെ ദൂതന്മാരും, സ്തുതിപാഠകരും ആണ്. മാലാഖമാർക്ക് സമാനമായി ദൈവത്തിന് സ്തുതി അർപ്പിക്കുക എന്നതാണ് മനുഷ്യ ജീവിതോദ്ദേശം. 'ഓർത്തഡോക്സ്' എന്ന സഭാനാമം തന്നെ ശരിയായ സ്തുതി എന്ന് അർത്ഥമാക്കുന്നു. ശരിയായ സ്തുതി എന്നാൽ വിശുദ്ധ ത്രിത്വസ്തുതി (Trinitarial Parise) എന്നാണ്. ഓർത്തഡോക്സ് സഭയിലെ പ്രാർത്ഥനകളെല്ലാം ആരംഭിക്കുന്നതും അവസാനിക്കുന്നതും വി. ത്രിത്വത്തിന് (ത്രിയേക ദൈവം) സ്തുതി അർപ്പിച്ചുകൊണ്ടാണ്. മാലാഖമാരുടെ സ്തുതിപ്പിൽ ഉൾക്കൊണ്ടിരിക്കുന്നത് വി. ത്രിത്വ

സ്തുതിയാണ്. വിശുദ്ധ ത്രിത്വത്തിന് പല വിശേഷണങ്ങൾ ഇവിടെ നൽകപ്പെട്ടിരിക്കുന്നു. ശരിയായി ദൈവത്തെ സ്തുതിക്കുമ്പോൾ ദൈവിക വിശുദ്ധി നമ്മിലേക്ക് വന്ന് നമ്മിൽ നിറയുകയും, നാം വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യും.

### 2. ഭൂമിയിൽ സമാധാനം

ഭൂമിയിൽ സമാധാനവും മനുഷ്യർക്ക് ശരണവും ഉണ്ടാകുവാൻവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു.

മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്ന അവസരങ്ങൾ നമുക്കൊന്നു പരിശോധിക്കാം.

1. ക്രിസ്തുമസ് - തീജ്വാല ശുശ്രൂഷ
2. ശവസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം
3. ക്രിസ്തുമസ്, ദനഹാ, ഓശാനാ, ദുഃഖവെള്ളി, ഉയിർപ്പ് മുതലായ ദിവസങ്ങളിൽ 'ഹൗദ്മാലാഖേ' എന്നു ചൊല്ലി നാലുദിക്കുകളിലേക്കും ആഘോഷിക്കുന്നു.

കർത്താവിന്റെ ജനനസമയത്ത് മാലാഖമാർ സ്തുതിച്ചതിനെ സ്മരിക്കുവാനാണ് ജനനപ്പെരുനാളിലെ തീജ്വാല ശുശ്രൂഷയിൽ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്നത്. ശവസംസ്കാര ശുശ്രൂഷകൾക്കുശേഷം ആത്മാവിനെ നാം മാലാഖമാരെ ഭരമേല്പിക്കുന്നതിനെ സ്മരിച്ചുകൊണ്ടാണ് ആ അവസരത്തിൽ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്നത്.

## ഗ്രൂപ്പ് പ്രവർത്തനം

1 മാലാഖമാരുടെ സ്തുതിപ്പിൽ യേശുക്രിസ്തുവിന് ഉപയോഗിച്ചിരിക്കുന്ന വിശേഷണങ്ങൾ (കുട്ടികൾ പ്രാർത്ഥനാക്രമം നോക്കി കണ്ടെത്തി പറയുന്നു. ടീച്ചർ ക്രോഡീകരിച്ച് ശരിയായ ആശയമാക്കുന്നു.)

   1. ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവ്
   2. പിതാവിന്റെ പുത്രൻ
   3. വചനം
   4. ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും
   5. ദൈവത്തിന്റെ കുഞ്ഞാട്
   6. പിതാവിന്റെ വലതുഭാഗത്ത് മഹത്വത്തോടുകൂടി ഇരിക്കുന്നവൻ
   7. പരിശുദ്ധൻ
   8. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് കർത്തവ്യമുള്ളവൻ

2 ഈ പ്രാർത്ഥനയിൽ പിതാവാം ദൈവത്തിന് ഉപയോഗിച്ചിരിക്കുന്ന വിശേഷണങ്ങൾ കണ്ടെത്തുക

## നമുക്ക് ചിന്തിക്കാം

1. 'മാലാഖമാരുടെ സ്തുതിപ്പ്' എന്ന പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രധാന ചിന്തകൾ വിശദീകരിക്കുക.

2. ഈ പ്രാർത്ഥനയിൽ ഒരേ വാചകത്തിൽ തന്നെ ത്രിത്വത്തെ പ്രസ്താവിക്കുന്ന വാചകങ്ങൾ ഏവ?
3. ഈ പ്രാർത്ഥന ചൊല്ലുന്ന ആളിന്റെ വിനയം സൂചിപ്പിക്കുന്ന വിശേഷണങ്ങൾ ഏവ?
4. ഈ പ്രാർത്ഥനയിൽ യേശുക്രിസ്തുവിന് ഉപയോഗിച്ചിരിക്കുന്ന വിശേഷണങ്ങൾ ഏവ?
5 യേശുക്രിസ്തുവിന്റെ തിരുനാമത്തിന്റെ മൂന്ന് പ്രത്യേകതകൾ ഏതെല്ലാം?
6. ഈ പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രധാന ആശയം ത്രിത്വസ്തുതിയാണ്. തെളിയിക്കുക.

## പ്രവർത്തനങ്ങൾ

1. പ്രാർത്ഥനാ ക്രമം/കുടുംബാരാധനക്രമം/ശ്ഹീമാനമസ്ക്കാരം പുസ്തകത്തിൽനിന്ന് ഈ പ്രാർത്ഥനയിൽ യേശുക്രിസ്തുവിന് ഉപയോഗിച്ചിരിക്കുന്ന വിശേഷണങ്ങൾ കണ്ടുപിടിച്ച് ഒരു ചാർട്ട് തയ്യാറാക്കുക. ഏറ്റവും മുകളിൽ യേശുക്രിസ്തുവിന്റെ ഒരു ചിത്രം ഒട്ടിച്ച് താഴെ ഈ വിശേഷണങ്ങൾ എഴുതി തയ്യാറാക്കുക.
2. പതിവായി പ്രഭാത പ്രാർത്ഥന നടത്തുകയും അതിൽ ഈ പ്രാർത്ഥന നന്നായി ഉരുവിട്ട് ക്രമേണ ഹൃദിസ്ഥമാക്കുകയും ചെയ്യുക.
3. ഈ പ്രാർത്ഥന ഭംഗിയായി ഡയറിയിൽ കുറിച്ചുവയ്ക്കുക.

## നമുക്ക് പാടാം

വി. കുർബ്ബാനക്രമം പേജ് 200

വി. കുർബ്ബാനയിൽ 'അൻപുടയോനെ നിൻവാതിൽ' എന്ന ഗീതത്തിന് പകരമായി ചൊല്ലുന്ന ഗീതം.

വി. കുർബ്ബാനക്രമം നോക്കി, രണ്ട് ഗ്രൂപ്പായി നിന്ന് ഓരോ ഖണ്ഡിക മാറി മാറി ഈണത്തിൽ ചൊല്ലുക.

സ്രാപ്പികളെ കണ്ടേശായാ
ഹാലേലുയ്യാ - ഉ - ഹാ ലേലൂയ്യാ
ബസ്ക്കുദിശാ - യിൻ - നിന്മുമ്പിൽ
ബാറെക്മോർ-കുറിയേ-ലായി-സ്സോൻ

ചിറകുകളാറാ-റുള്ളവരായ്
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
എരിതീയാ-മാ-ത്മാക്കളവർ
ബാറെക്മോർ-കുറിയേ-ലായി-സ്സോൻ

പരിശുദ്ധൻ - നീ - നിൻപക്കൽ
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
നിൻ ബഹുമാനം - സ്തുത്യമഹോ
ബാറെക്മോർ-കുറിയേ-ലായി-സ്സോൻ

(ഈ ഗാനം മുഴുവനായി ക്ലാസ്സിൽ ചൊല്ലുക)

## നിശ്ചയം

'മാലാഖമാരുടെ സ്തുതിപ്പ്' എന്ന പ്രാർത്ഥന വളരെ ശ്രേഷ്ഠമായ ഒരു പ്രാർത്ഥനയാണ് എന്ന് ഞങ്ങൾ മനസ്സിലാക്കി. ഈ പ്രാർത്ഥന പതിവായി പ്രഭാതത്തിൽ ഞങ്ങൾ ഭക്തിയോടും ദൈവഭയത്തോടും കൂടെ പ്രാർത്ഥിക്കും.

## നമുക്ക് പ്രാർത്ഥിക്കാം

കുട്ടികളും ടീച്ചറും കൂടിച്ചേർന്ന് ഈ പ്രാർത്ഥന ചിട്ടയായും ഭംഗിയായും ഒരു പ്രാവശ്യം കൂടി പ്രാർത്ഥിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | യശയ്യാ 6 |
| തിങ്കൾ | സങ്കീ. 104 | യശയ്യാ 9 |
| ചൊവ്വ | യശയ്യാ 10 | യശയ്യാ 11 |
| ബുധൻ | വെളി. 1:1020 | 1 തിമോത്തി. 6: 11-19 |
| വ്യാഴം | എബ്രായർ 1: 5-14 | സങ്കീ. 96 |
| വെള്ളി | സങ്കീ. 97 | സങ്കീ. 98 |
| ശനി | സങ്കീ. 99 | സങ്കീ. 100 |
| ഞായർ | റോമർ 8 | സങ്കീ. 18-30 |

പാഠം 12

# നോമ്പിലെ നമസ്കാരക്രമം

## പാഠനോദ്ദേശ്യം

നോമ്പുകാലഘട്ടങ്ങളിൽ നമസ്കാരം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പഠിക്കുകയും അതനുസരിച്ച് നമസ്കാരങ്ങൾ നടത്തുവാൻ പരിശീലിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** യഹോവ നിങ്ങളോടു ചെയ്ത നിയമത്തിന്റെ പലകകളായ കല്പന കളെ വാങ്ങുവാൻ ഞാൻ പർവ്വതത്തിൽ കയറി നാല്പതു രാവും നാല്പതു പകലും പർവ്വതത്തിൽ താമസിച്ചു. ഞാൻ ആഹാരം കഴിക്കയോ, വെള്ളം കുടിക്കുകയോ ചെയ്തില്ല (ആവർത്തനം 9:9).

**പഠനസഹായികൾ:** നോമ്പിലെ കുടുംബാരാധനക്രമം, പാമ്പാക്കുട നമസ്കാരക്രമം, ശുശ്രൂ ഷാസംവിധാനസഹായി.

## ആമുഖം

ആരാധനയ്ക്കും നോമ്പിനും വളരെയധികം പ്രാധാന്യം നല്കുന്ന സഭയാണ് ഓർത്ത ഡോക്സ് സഭ. നിർബ്ബന്ധമായും എല്ലാ വിശ്വാസികളും അനുഷ്ഠിക്കേണ്ടതായി അഞ്ചു നോമ്പുകളാണ് ഉള്ളതെന്ന് നാം നേരത്തേ പഠിച്ചിട്ടുണ്ട്. നോമ്പിൽ പാലിക്കേണ്ട നിഷ്കർഷകൾ ഏവ? ഒഴിവാക്കേണ്ട ഭക്ഷണസാധനങ്ങൾ ഒഴിവാക്കുക, ഉപവസിക്കുക, വേദവായന, പ്രാർത്ഥന എന്നിവയ്ക്കു കൂടുതൽ പ്രാധാന്യം നല്കിക്കൊണ്ട് ദൈവസം സർഗ്ഗത്തിലായിരിക്കുക എന്നതെല്ലാം നോമ്പിന്റെ അനുഷ്ഠാനങ്ങളാണ്. ഈ ബാഹ്യ മായ അനുഷ്ഠാനങ്ങളിലൂടെ ദൈവസംസർഗ്ഗം ശക്തിപ്പെടുകയും ദൈവസാദൃശ്യത്തി ലേയ്ക്കുള്ള വളർച്ച ത്വരിതപ്പെടുകയും ചെയ്യുക എന്നതാണ് നോമ്പുകൊണ്ടുദ്ദേശിക്കു ന്നത്. “ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി ഒന്നിനാലും നീങ്ങി പ്പോകുകയില്ല” എന്ന് കർത്താവുതന്നെ പഠിപ്പിച്ചിരിക്കുന്നതിൽനിന്നും പിശാചിന്റെ പരീ ക്ഷയെ ജയിക്കുവാൻ ഉപവാസത്തിന്റെ അനിവാര്യത വ്യക്തമാകുന്നു. നോമ്പ്, ഉപവാസം എന്നിവയെ സാത്താൻ ഭയപ്പെടുന്നതെന്തുകൊണ്ടാവാം? അവന്റെ പ്രേരണകൾ ഫലി ക്കില്ല അതിനാലാണ്. നാല്പതു ദിവസത്തെ ഉപവാസത്തിന്റെ ശക്തിയാൽ സാത്താനെ ജയിച്ച ശേഷമാണ് കർത്താവ് പരസ്യശുശ്രൂഷ ആരംഭിച്ചത്. എല്ലാ നോമ്പുകൾക്കും മുമ്പു പറഞ്ഞ അനുഷ്ഠാനങ്ങൾ ഒരുപോലെയാണെങ്കിലും നിനവെ നോമ്പ് എന്നറി യപ്പെടുന്ന മൂന്നുനോമ്പിനും വലിയനോമ്പ് എന്നറിയപ്പെടുന്ന അമ്പതുനോമ്പിനും മാത്ര മാണ് നമ്മുടെ സഭ പ്രത്യേക നമസ്കാരക്രമം തയ്യാറാക്കിയിട്ടുള്ളത്. ഈ രണ്ടു നോമ്പി ലെയും നമസ്കാരങ്ങളുടെ പ്രത്യേകതകളാണ് ഇന്നു നാം പഠിക്കുന്നത്.

## പാഠഭാഗം

സാധാരണ നമസ്കാരത്തിൽ വിവിധ ദിവസങ്ങൾക്കും യാമങ്ങൾക്കും പ്രാർത്ഥനാവിഷയം വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ നോമ്പിൽ ഇല്ല. സൂത്താറാ, രാത്രി എന്നീ യാമങ്ങളിൽ അനുതാപത്തിന്റെ പ്രാർത്ഥനകളും മറ്റു യാമങ്ങളിൽ നോമ്പിനെക്കുറിച്ചുള്ള വിവരണങ്ങളും വർണ്ണനകളും അടങ്ങിയ അപേക്ഷകളും ഉദ്ബോധനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഞായറാഴ്ച സന്ധ്യാനമസ്കാരത്തോടെയാണ് നോമ്പിന്റെ നമസ്കാരം ആരംഭിക്കുന്നത്. സാധാരണ നമസ്കാരങ്ങളിൽ ഏഴുയാമങ്ങളിലെ നമസ്കാരം രണ്ടു നേരമായി നടത്താറാണ് പതിവ്. അതിന്റെ കാരണം എന്തായിരിക്കാം? ദയറാകളിലും ആശ്രമങ്ങളിലും മാത്രമേ അതാതു യാമങ്ങളിൽ പ്രാർത്ഥിക്കുന്ന രീതിയുള്ളൂ. എന്നാൽ മൂന്നുനോമ്പിലും വലിയനോമ്പിലും ഏഴുയാമങ്ങളിലെ പ്രാർത്ഥന മൂന്നു നേരമായി നടത്തണം എന്നാണ് സഭ നിഷ്കർഷിക്കുന്നത്. സന്ധ്യയുടെയും സൂത്താറായുടെയും നമസ്കാരം സന്ധ്യയ്ക്കും രാത്രി, പ്രഭാതം എന്നീ യാമങ്ങളിലെ പ്രാർത്ഥന രാവിലെയും മൂന്നാം മണി, ആറാംമണി, ഒമ്പതാംമണി എന്നീ യാമങ്ങളിലെ പ്രാർത്ഥന ഉച്ചയ്ക്കും നടത്തുന്ന രീതിയാണുള്ളത്.

**അല്പം നിർത്താം... ചിന്തിക്കാം...**

- 'നോമ്പിലെ നമസ്കാര'ത്തിന് നിങ്ങൾ പ്രത്യേക പുസ്തകങ്ങൾ ഉപയോഗിക്കാറുണ്ടോ? ഏതു പുസ്തകം?
- മൂന്നുനോമ്പിലും വലിയനോമ്പിലും ദേവാലയത്തിൽ ചെന്ന് നമസ്കാരത്തിൽ പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ടോ?

**തുടരാം**

നോമ്പുകാലങ്ങളിൽ ദേവാലയത്തിൽ നമസ്കാരം നടത്തുമ്പോൾ അല്പം ദീർഘമായ ഒരു ക്രമമാണ് ഉപയോഗിക്കുന്നത്. മസുമൂറാകളും ഗീതങ്ങളും പ്രൊമിയോൻ, സെദറാ മുതലായവയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്രമമാണത്. ദേവാലയത്തിൽ സന്ധ്യാനമസ്കാരവും പ്രഭാതനമസ്കാരവും ഉച്ചനമസ്കാരവും നടക്കുന്നുണ്ടെങ്കിൽ കുടുംബമായി അതിൽ സംബന്ധിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും. നിഷ്ഠയോടെയുള്ള നോമ്പനുഷ്ഠാനത്തിനുള്ള നിർദ്ദേശങ്ങൾ കേൾക്കുകയും പാടുകയും ചെയ്യുമ്പോൾ നമുക്ക് ഒരു രൂപാന്തരം ഉണ്ടാകും. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

1. 'വെടിപ്പുള്ള നോമ്പ് ഇതാകുന്നു' എന്ന് ദീർഘദർശി അട്ടഹസിക്കുന്നു. അതിന്റെ നടപടികൾ എങ്ങനെ പാലിക്കണമെന്ന് നമ്മോടു പ്രസംഗിക്കുകയും ചെയ്യുന്നു. "അന്യായത്തിന്റെ ബന്ധനങ്ങളെ നിന്റെ ഹൃദയത്തിൽനിന്ന് അഴിച്ചുകളയുകയും വഞ്ചനയുടെ കെട്ടുകളെ നിന്റെ ഉള്ളിൽനിന്ന് ഛേദിച്ചുകളയുകയും ദരിദ്രന്മാർക്കു നിന്റെ അപ്പത്തെ ഭാഗിച്ചു കൊടുക്കുകയും പരദേശികളെ നിന്റെ ഭവനത്തിൽ ചേർത്തുകൊള്ളുകയും വേണം." നീ കർത്താവിനെ വിളിക്കുകയും അവൻ നിന്നോട് ഉത്തരമരുളുകയും നിന്നോട് കരുണ കാണിക്കുകയും ചെയ്യും' (വലിയനോമ്പ്: ചൊവ്വ, സന്ധ്യ).

2. 'ഒരുവൻ അപ്പം വെടിഞ്ഞ് ഉപവസിക്കുകയും വചനംകൊണ്ട് പാപം ചെയ്യുകയും ചെയ്യുന്നുവെങ്കിൽ എന്തു പ്രയോജനം? എന്തെന്നാൽ അത് അവൻ പണി നടത്തിയിട്ട്

ഇടിച്ചുകളയുകയും കൂലി നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനു തുല്യമാണ്. ഉപവസിക്കുകയും നീതീകരണം പ്രാപിക്കുകയും ചെയ്തിട്ട് സ്വയനീതിയെക്കുറിച്ച് വമ്പുപറയുന്നുവെങ്കിൽ അവന്റെ വ്രതം വ്യർത്ഥമാകയും നോമ്പ് അഴിഞ്ഞുപോകയും സ്വീകാര്യമാകാതിരിക്കുകയും ചെയ്യും' (ബുധൻ: സന്ധ്യ).

3. 'ദീർഘദർശിയായ മോശ അവന്റെ നോമ്പാൽ ഇസ്രായേൽ ജനത്തിന് പലകകളെ കൈക്കൊണ്ടു. ഏലിയാ മേല്പോട്ട് എടുത്തുകൊള്ളപ്പെട്ടു. ദാനിയേൽ സിംഹങ്ങളെ ജയിച്ചു. ഞങ്ങളും മോക്ഷം നേടുവാനായിട്ട് നോമ്പുനോറ്റ് പ്രാർത്ഥിക്കുമാറാകേണമേ.'

## പ്രവർത്തനങ്ങൾ

1. ആദ്യത്തെ പ്രാർത്ഥനയിൽ പറഞ്ഞിരിക്കുന്ന ദീർഘദർശി ആര്? റഫറൻസ് കണ്ടുപിടിക്കുക?
2. മൂന്നാമത്തെ പ്രാർത്ഥനയിൽ പറയുന്ന സംഭവങ്ങൾ ചർച്ചചെയ്യുക?
3. ഈ മൂന്നു പ്രാർത്ഥനകളുടെയും പദ്യഭാഗം കണ്ടുപിടിച്ച് ചൊല്ലുക.
4. മേല്പ്പറഞ്ഞ പ്രാർത്ഥനകൾ നൽകുന്ന പ്രധാന സന്ദേശങ്ങൾ കണ്ടുപിടിച്ചെഴുതുക.
5. നോമ്പിൽ പാലിക്കേണ്ട നിഷ്കർഷകൾ ഏതെല്ലാമെന്ന് നമസ്കാരപുസ്തകത്തിൽ നിന്ന് കണ്ടുപിടിക്കുക.

മൂന്നുനോമ്പിലും വലിയനോമ്പിലും ഓരോ ദിവസത്തേക്കും ഓരോ യാമങ്ങളിലേക്കും വ്യത്യസ്തമായ നമസ്കാരങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ 'നോമ്പിലെ കുടുംബാരാധനക്രമം' എന്ന പുസ്തകത്തിലെ പ്രാർത്ഥനകൾ എല്ലാ ദിവസത്തേക്കും പൊതുവായിട്ടുള്ളതാണ്. ഇതിലെ പ്രാർത്ഥനകൾ അത്ര ദീർഘമല്ലാത്തതും അധികം സമയം ചെലവഴിക്കാതെ ഭവനങ്ങളിൽ നടത്താവുന്നതും ആണ്. ദേവാലയത്തിൽ പോയി നമസ്കരിക്കുവാൻ സാധിക്കാത്തവർ ഈ പുസ്തകം ഉപയോഗിച്ച് ഭവനങ്ങളിൽ നിർബ്ബന്ധമായും നമസ്കരിക്കണം.

## കുമ്പിടീൽ

ഓർത്തഡോക്സ് ആരാധനയുടെ ഒരു പ്രധാന ഭാഗമാണല്ലോ കുമ്പിടീൽ. നോമ്പുകാലങ്ങളിൽ അനുതാപത്തോടെ കുമ്പിടുവാനുള്ള അവസരങ്ങൾ കൂടുതലുണ്ട്. ദേവാലയാരാധനയിൽ സംബന്ധിക്കുമ്പോൾ സെദറാ വായന സമയത്ത് ധ്യാനിച്ചു കുമ്പിടുന്ന രീതിയാണ് നാം അനുവർത്തിക്കുന്നത്. ഉച്ചനമസ്ക്കാരത്തിനുശേഷം നാല്പതു കുമ്പിടുക എന്നത് നോമ്പിലെ നമസ്കാരത്തിന്റെ ഒരു സവിശേഷതയാണ്. കുറിയേലായിസോൻ എന്നു ചൊല്ലി പത്തും കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ എന്ന് പ്രാർത്ഥിച്ച് പത്തും കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ എന്നു പ്രാർത്ഥിച്ച് പത്തും കർത്താവേ ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമേ എന്നു ചൊല്ലി പത്തും - ഇങ്ങനെയാണ് നാല്പതു കുമ്പിടുന്നത്. ആത്മശരീരമനസ്സുകളെയും നമ്മുടെ എല്ലാ ഇന്ദ്രിയങ്ങളെയും ദൈവതൃപ്പാദങ്ങളിൽ സമർപ്പിക്കുന്ന വിശിഷ്ടമായ ഒരു ആരാധനക്രമമാണ് കുമ്പിട്ടുള്ള നമസ്കാരം.

| |
|---|
| മാറാനായപ്പെരുന്നാളുകളിലും ഞായറാഴ്ചകളിലും ഉയിർപ്പു മുതൽ പെന്തിക്കൊസ്തി വരെയുള്ള ദിവസങ്ങളിലും വി. കുർബ്ബാന അനുഭവിക്കുന്ന ദിവസം സന്ധ്യവരെയും കുമ്പിടുകയില്ല എന്നത് ഓർക്കുക. |

മേല്പ്പറഞ്ഞ ദിവസങ്ങളിൽ കുമ്പിടീൽ ഇല്ലാത്തതെന്തുകൊണ്ടാവാം?

## ശനി, ഞായർ ദിവസങ്ങൾ

നോമ്പുദിവസങ്ങൾ ഉപവാസദിവസങ്ങളാണെന്നറിയാമല്ലോ. എന്നാൽ വലിയ നോമ്പിൽ ശനിയും ഞായറും ഒഴിച്ചുള്ള ദിവസങ്ങളിൽ മാത്രമേ ഉപവാസം പാടുള്ളൂ. അതുകൊണ്ട് നോമ്പിന്റെ പ്രത്യേക നമസ്കാരവും ശനി, ഞായർ എന്നീ ദിവസങ്ങൾ ഒഴിച്ചുള്ള ദിവസങ്ങളിലേക്കു മാത്രമാണ്. ശനി, ഞായർ ദിവസങ്ങളിൽ സാധാരണ നമസ്കാരം തന്നെയാണ് ഉപയോഗിക്കുന്നത്. മാറാനായപ്പെരുന്നാളുകൾ നോമ്പിനിടയിൽ വന്നാൽ കുമ്പിടീൽ ഒഴിവാക്കി സാധാരണ നമസ്കാരം നടത്തും.

നോമ്പിലെ നമസ്കാരം ആരംഭിക്കുന്നത് തിങ്കളാഴ്ച സന്ധ്യ മുതൽ (ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യ) ആയതുകൊണ്ട് ഞായറാഴ്ച ഒമ്പതാംമണിയുടെ സാധാരണ നമസ്കാരം നടത്തിയിട്ടാണ് സന്ധ്യാനമസ്കാരം ആരംഭിക്കേണ്ടത്.

## നമുക്കു ചിന്തിക്കാം

1. ഒമ്പതാംമണിയുടെ സാധാരണ നമസ്കാരത്തിലെ പ്രാർത്ഥനാവിഷയം എന്ത്?
2. അമ്പതുനോമ്പിൽ സന്ധ്യാനമസ്കാരത്തിൽ ഏവൻഗേലിയോൻ വായിക്കാത്ത ദിവസം ഏത് എന്നു കണ്ടുപിടിക്കുക.
3. മൂന്നുനോമ്പിലും അമ്പതുനോമ്പിലും വരാവുന്ന മാറാനായ പെരുന്നാളുകൾ ഏവ?
4. വലിയനോമ്പ് തുടങ്ങുന്ന ദിവസം കണ്ടുപിടിക്കുന്നത് എങ്ങനെയെന്ന് അന്വേഷിച്ചറിയുക.
5. മൂന്നുനോമ്പിനും അമ്പതുനോമ്പിനും ഇടയിൽ വരുന്ന ഞായറാഴ്ചകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കുക.
6. 'പേതൃത്താ' എന്ന വാക്കിന്റെ അർത്ഥം കണ്ടുപിടിക്കുക.

### പ്രവർത്തനം

1. നോമ്പുദിവസങ്ങളിൽ ഉപവാസത്തിൽക്കൂടെ മിച്ചംവയ്ക്കുന്ന പണം ഏതെല്ലാം സുകൃതനടപടികൾക്ക് ഉപയോഗിക്കാം എന്നു ചർച്ചചെയ്യുക.
2. കൃത്യമായി നോമ്പനുഷ്ഠിക്കുന്നതുമൂലം ശരീരത്തിനും മനസ്സിനും ആത്മാവിനും ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്നു വിവരിച്ചെഴുതുക.
3. "നോമ്പിന് ഒരു സാമൂഹ്യമാനമുണ്ട്" - വിശദീകരിക്കുക (ഉദാ: ഉപോഷണവരുമാനം പാവങ്ങൾക്ക് നൽകുന്നു).

## നമുക്കു പാടാം

നാല്പതു നോമ്പതു നോൽക്കുക നീ
തീറ്റുക തീനില്ലാത്തവരെ
ഈശായീസുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴുഴം

നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയായും
നാഥൻ ശത്രുവിനെ വെന്നു
നാല്പതുനാളുപവാസത്താൽ

കടൽ കുഴിയഗ്നിച്ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാൽ വാതിൽ തുറക്കണമേ.

### നമുക്കു പ്രാർത്ഥിക്കാം

*മത്സ്യത്തിന്റെ ഉള്ളിൽവച്ച് ദീർഘദർശിയുടെ പ്രാർത്ഥന കൈക്കൊള്ളുകയും കോപത്തിൽനിന്ന് നിനവയെ വീണ്ടുകൊള്ളുകയും നിന്റെ കരുണയാൽ അതിനെ താങ്ങുകയും ചെയ്തപ്രകാരം വിലയേറിയ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ള നിന്റെ അടിയാരുടെ പ്രാർത്ഥന കൈക്കൊള്ള ണമേ. കാരുണ്യവാനേ നിനക്കു സമർപ്പിക്കുന്ന നോമ്പിലും നമസ്കാരത്തിലും നീ പ്രസാദിക്കുകയും ചെയ്യുമാറാകണമേ.*

### നിശ്ചയം

**സഭ അനുശാസിക്കുന്ന നോമ്പുകൾ ഞങ്ങൾ
കൃത്യമായി അനുഷ്ഠിക്കുകയും നോമ്പിലെ
നമസ്കാരങ്ങളിൽ ഭക്തിയോടെ സംബന്ധിക്കുകയും ചെയ്യും.**

### തുടർവായനയ്ക്ക്

| | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | | യെശയ്യ 58:3-8 |
| തിങ്കൾ | ആവർത്തനം 9:9-17 | യെശയ്യ 58:9-14 |
| ചൊവ്വ | ആവർത്തനം 9:18-21 | 1 രാജാ. 19:1-9 |
| ബുധൻ | ദാനിയേൽ 1:1-15 | യോനാ 2:1-10 |
| വ്യാഴം | എബ്രാ. 8:21-23 | യോനാ 3:1-10 |
| വെള്ളി | മത്തായി 4:1-11 | ലൂക്കോസ് 4:1-11 |
| ശനി | മർക്കോസ് 1:9-13 | മർക്കോസ് 9:19-29 |

പാഠം 13

# സൂത്താറാ പ്രാർത്ഥന

**(നാലാം സങ്കീർത്തനം)**

## പഠനോദ്ദേശ്യങ്ങൾ

സൂത്താറ പ്രാർത്ഥനയിൽ ഉപയോഗിക്കുന്ന നാലാം സങ്കീർത്തനത്തിന്റെ അർത്ഥവും സാംഗത്യവും മനസ്സിലാക്കുക. ഈ പ്രാർത്ഥന പതിവായി സൂത്താറാ പ്രാർത്ഥനാ സമയത്ത് ഭക്തിയോടെ ചൊല്ലുക

**മനഃപാഠവാക്യം:** "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദോഷവും തട്ടാത്തവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും" (സങ്കീർത്തനം 121: 5, 6).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം

## ആമുഖം

ഉറങ്ങാൻ പോകുന്നതിന് മുമ്പ് നടത്തുന്ന പ്രാർത്ഥനയ്ക്കാണ് സൂത്താറ നമസ്കാരം അല്ലെങ്കിൽ ശയന നമസ്കാരം എന്ന് വിളിക്കുന്നത്. സൂത്താറ എന്ന വാക്കിന്റെ അർത്ഥം "കാവൽ" എന്നാണ്. ഉറങ്ങാൻ പോകുന്നതിന് മുമ്പ് കർത്താവിന്റെ കാവൽ ലഭിക്കാൻ വേണ്ടി നടത്തുന്ന പ്രാർത്ഥനയായതുകൊണ്ടാണ് "സൂത്താറ പ്രാർത്ഥന" എന്ന് അറിയപ്പെടുന്നത്. കരുണയുള്ള ദൈവമേ.... എന്ന പ്രാർത്ഥനയും, ഞങ്ങൾക്കുള്ള കർത്താവേ.... എന്ന അപ്രേമിന്റെ മെമ്രായും, നാലാം സങ്കീർത്തനവും ഒക്കെ സൂത്താറാ നമസ്കാരത്തിന്റെ ഭാഗമായിട്ടുള്ളതാണ്. ഇന്ന് നമ്മൾ പഠിക്കുന്നത് സൂത്താറ നമസ്കാരത്തിലെ നാലാം സങ്കീർത്തനത്തിന്റെ അർത്ഥവും പ്രാധാന്യവുമാണ്.

## പാഠഭാഗം

എല്ലാവരും വി. വേദപുസ്തകം കയ്യിലെടുക്കൂ.... നാലാം സങ്കീർത്തനമെടുത്ത് വായിക്കുക.

നാലാം സങ്കീർത്തനം ദാവീദ് രാജാവിന്റെ ഉറങ്ങാൻ പോകുന്നതിന് മുമ്പുള്ള പ്രാർത്ഥനാ ഗീതമാണ്. ഈ പ്രാർത്ഥന എല്ലാവരും ചേർന്ന് ചൊല്ലുക.

"എന്റെ നീതിയായ ദൈവമേ, ഞാൻ വിളിക്കുമ്പോൾ ഉത്തരമരുളേണമേ.
ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്ക് വിശാലത വരുത്തി
എന്നോട് കൃപതോന്നി എന്റെ പ്രാർത്ഥന കേൾക്കേണമേ.

മനുഷ്യമക്കളെ നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും
വ്യർത്ഥത്തെ സ്നേഹിക്കുകയും
വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു.
യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു എന്ന് അറിവിൻ
ഞാൻ യഹോവയെ വിളിക്കുമ്പോൾ അവൻ കേൾക്കും.
നടുങ്ങുവീൻ, പാപം ചെയ്യാതിരിപ്പിൻ
നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പീൻ
നിങ്ങൾ നീതിയുടെ ബലികളെ കഴിച്ച് കർത്താവിൽ ആശ്രയിപ്പീൻ
നമുക്ക് ആർ നന്മകാണിക്കുമെന്ന് പലരും പറയുന്നു
യഹോവേ നിന്റെ മുഖപ്രകാശം ഞങ്ങളുടെമേൽ ഉദിപ്പിക്കേണമേ.
ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം
സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു.
ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും.
നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.''

വ്യക്തികളുടെ ഹൃദയങ്ങളിൽ ആഴമായ സ്വാധീനം ചെലുത്തുന്ന ഒരു ഹൃദയസ്പർശിയായ സങ്കീർത്തനമാണിത്. നാലാം സങ്കീർത്തനം നമുക്ക് ചില ആത്മീയ പാഠങ്ങൾ പഠിപ്പിച്ചു തരുന്നു. നാലാം സങ്കീർത്തനം നമ്മുടെ ജീവിതത്തിന് നൽകുന്ന ആത്മീയ പാഠങ്ങൾ എന്തൊക്കെ എന്ന് പരിശോധിക്കാം.

**1. ഞെരുക്കങ്ങളിൽ കർത്താവിൽ ആശ്രയിക്കണം (14:1-5)**

സങ്കീർത്തനക്കാരനായ ദാവീദ് തന്റെ ജീവിതത്തിൽ ഞെരുക്കങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോയിരുന്നത്. അവിടെയൊക്കെ തളർന്നുപോകാതെ ദൈവത്തിൽ ആശ്രയിക്കുന്ന ഒരു രീതിയായിരുന്നു ദാവീദിന്റേത്. ജീവിതത്തിൽ പ്രയാസങ്ങൾ നേരിടുമ്പോൾ ദാവീദിനെപ്പോലെ ദൈവത്തോട് കൂടുതൽ പ്രാർത്ഥിക്കുന്ന ഒരു ജീവിതശൈലി നാം രൂപീകരിക്കണം.

**2. ഭക്തൻ ദൈവത്താൽ വേർതിരിക്കപ്പെട്ടവനാണ് (4:3)**

ദൈവഭക്തനായ മനുഷ്യർക്ക് ദൈവത്തിന്റെ പ്രത്യേകമായ കാവലും കൃപയും കൂട്ടായി ഉണ്ടാകും. ദൈവത്തിന്റെ പദ്ധതി ഭക്തരിലൂടെ ദൈവം നിറവേറ്റും. ഭക്തരുടെ പ്രാർത്ഥന ദൈവം ശ്രദ്ധയോടെ കേൾക്കുകയും ചെയ്യും.

**3. കിടക്കയിലുള്ള ധ്യാനത്തിന് പ്രാധാന്യമുണ്ട് (4:4)**

ഉറങ്ങാൻ പോകുന്നതിന് മുമ്പ് കിടക്കമേൽ ധ്യാനപൂർവ്വം ജീവിതത്തെ ശോധന ചെയ്യുകയും, ദൈവമുമ്പാകെ അന്നേ ദിവസം വന്നുപോയ തെറ്റുകളെ ഏറ്റ് പറയുകയും, അന്നേ ദിവസം തന്ന എല്ലാ നന്മകൾക്കും നന്ദി അർപ്പിക്കുകയും വേണം. അതിലൂടെ നമ്മുടെ ആത്മീയ ജീവിതത്തിന് നവോന്മേഷം ഉണ്ടാകും.

**4. വ്യർത്ഥമായ സ്നേഹത്തിലും വ്യാജാന്വേഷണത്തിലും നിലനിൽപ്പില്ല (4:2)**

വ്യർത്ഥസ്നേഹവും, വ്യാജാന്വേഷണവും നൈമിഷികമാണ്. മറ്റൊരു മനുഷ്യനെ മറ

യ്ക്കുവാൻ മനുഷ്യർക്ക് കുറച്ചു കാലത്തേക്കേ സാധിക്കൂ. ആത്യന്തികമായി മനുഷ്യർക്ക് ബഹുമാനം നൽകുന്നത് ദൈവം തന്നെയാണ്.

**അൽപം നിർത്താം... ചിന്തിക്കാം...**

1. 'സൂത്താറ' എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. പ്രയാസങ്ങളിലും പ്രതിസന്ധികളിലും ദാവീദ് രാജാവ് ആശ്വാസം കണ്ടെത്തിയതെങ്ങനെ?
3. ദൈവഭക്തരുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?
4. വ്യർത്ഥമായ സ്നേഹംകൊണ്ട് ഉണ്ടാകാവുന്ന ദോഷങ്ങൾ എന്തെല്ലാം?
5. ദൈവം നൽകുന്ന ഹൃദയ സന്തോഷം ഭൗതീക സന്തോഷത്തേക്കാൾ ശ്രേഷ്ഠമാണ്. (4:7)

ഭൗതീകമായ സ്വത്തിലൂടെയും സമ്പാദ്യത്തിലൂടെയും ഒക്കെ ലഭിക്കുന്ന സന്തോഷത്തേക്കാൾ ഉപരിയായ സന്തോഷമാണ് ഭക്തരായ മനുഷ്യർക്ക് ഹൃദയത്തിൽ ദൈവം നൽകുന്ന നിത്യ സന്തോഷം. ഭൗതീകമായതിനേക്കാൾ ദൈവം നൽകുന്ന ഹൃദയ സന്തോഷം ആഗ്രഹിക്കുന്നവരാകണം നമ്മൾ.

### 6. ദൈവം നൽകുന്ന മുഖപ്രകാശം ഭക്തർക്ക് ലഭിക്കും (4:6)

34-ാം സങ്കീർത്തനം അഞ്ചാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല" ഭക്തരായ മനുഷ്യർക്ക് ആത്മീയ തേജസ്സിന്റെ അടയാളമാണ് മുഖപ്രകാശം. ഭൗതീകമായ സൗന്ദര്യത്തേക്കാൾ വിലമതിക്കതക്കതാണ് ദൈവം നൽകുന്ന മുഖപ്രകാശം.

### 7. സമാധാനത്തോടെയുള്ള ഉറക്കം തരുന്നതും ഭയത്തെ ദൂരീകരിക്കുന്നതും കർത്താവാണ് (4:3)

നിർഭയമായി ജീവിക്കുവാൻ വേണ്ട ഉൾകൃപ ദൈവം തന്റെ ഭക്തർക്ക് നൽകുന്നു. സമാധാനത്തോടെയുള്ള ഉറക്കം കർത്താവിന്റെ ദാനമാണ്.

## നമുക്ക് ചിന്തിക്കാം...

1. നാലാം സങ്കീർത്തനം നൽകുന്ന ആത്മീയ പാഠങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുക.
2. നാലാം സങ്കീർത്തനത്തിന്റെ പല പരിഭാഷകൾ താരതമ്യം ചെയ്യുക.
3. ഈ സങ്കീർത്തനത്തെപ്പറ്റിയും, സങ്കീർത്തനക്കാരനായ ദാവീദിനെപ്പറ്റിയും ഒരു ചുരുങ്ങിയ വിവരണം നൽകുക.

## പ്രവർത്തനങ്ങൾ

1. എല്ലാ ദിവസവും ഉറങ്ങാൻ കിടക്കുന്നതിനു മുമ്പ് നാലാം സങ്കീർത്തനം വായിച്ച് ധ്യാനിക്കുക.
2. ഇന്ന് പഠിച്ച പ്രാർത്ഥന മന:പാഠമാക്കി സൂത്താറാ നമസ്കാരത്തോടൊപ്പം പ്രാർത്ഥിക്കുക.

3. ഈ പ്രാർത്ഥന നൽകുന്ന ആത്മീയ പാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

4. ഈ പ്രാർത്ഥനയുടെ വരികൾ ഒരു പേപ്പറിൽ വൃത്തിയായി എഴുതി നിങ്ങളുടെ ബെഡ് റൂമിൽ ഉറങ്ങാൻ കിടക്കുമ്പോൾ വായിക്കത്തക്കവണ്ണം ഭിത്തിയിൽ ഒട്ടിച്ചുവയ്ക്കുക.

## നമുക്ക് പാടാം

ഇന്നു പകൽ മുഴുവൻ കരുണയോടെന്നെ സൂക്ഷിച്ചവനേ
നന്ദിയോടെ തിരുനാമത്തിനു സദാ വന്ദനം ചെയ്തിടുന്നേൻ
അന്നവസ്ത്രാദികളും സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം പോറ്റിടുന്ന ഉന്നതൻ നീ പരനെ
മന്നിടം തന്നിലിന്നും പലജനം ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനുസുഖം തന്നകൃപ വന്ദനീയം പരനെ
വല്ലഭൻ നീയുറങ്ങാതെ നിന്നെന്നെനല്ലപോൽ കാത്തിടുമ്പോൾ
ഇല്ലരിപുഗണങ്ങൾക്കധികാരമല്ലൽപെടുത്തിടുവാൻ
ശാന്തതയോടു കർത്താ തിരുമുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ തിരുകാന്തികണ്ടുല്ലസിപ്പാൻ.

### നിശ്ചയം

**സൂത്താറ നമസ്കാരത്തോടൊപ്പം ചൊല്ലുന്ന നാലാം സങ്കീർത്തനത്തിന്റെ അർത്ഥവും പ്രാധാന്യവും ഞങ്ങൾ പഠിച്ചു. ഈ സങ്കീർത്തനം എല്ലാ ദിവസവും ഉറങ്ങാൻ കിടക്കുമ്പോൾ ഞങ്ങൾ വായിച്ചു ധ്യാനിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

ഈ പ്രാർത്ഥന (4-ാം സങ്കീർത്തനം) എല്ലാവരും ചേർന്ന് ക്ലാസിൽ നന്നായി പ്രാർത്ഥിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | സങ്കീ. 4 |
| തിങ്കൾ | 2 തിമോത്തി 2: 14-26 | എഫേസ്യ. 4: 17-24 |
| ചൊവ്വ | എഫേസ്യ 4: 25-32 | സംഖ്യാ 6: 22-26 |
| ബുധൻ | യശയ്യാ 9: 1-10 | സങ്കീ. 3 |
| വ്യാഴം | സങ്കീ. 2 | സങ്കീ. 5 |
| വെള്ളി | സങ്കീ. 6 | സങ്കീ. 7 |
| ശനി | സങ്കീ. 8 | സങ്കീ. 9 |
| ഞായർ | സങ്കീ. 11 | - |

യൂണിറ്റ് 3

# ആരാധനാ ഗീതങ്ങൾ

പാഠം 14

# ആചാര്യന്മാരുടെ കുക്കിലിയോൻ

## പാഠനോദ്ദേശ്യം

ആചാര്യന്മാരുടെ കുക്കിലിയോൻ അർത്ഥം മനസ്സിലാക്കി പഠിക്കുകയും വി. കുർബ്ബാനയിലും മറ്റു ശുശ്രൂഷകളിലും നന്നായി ആലപിക്കുകയും ചെയ്യുക. ആരാധനയിൽ പങ്കെടുക്കുന്നതിന് ഉത്സാഹികളാകുക

**മനഃപാഠവാക്യം:** നിന്റെ പുരോഹിതന്മാർ നീതി ധരിക്കുകയും, നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കുകയും ചെയ്യട്ടെ (സങ്കീ. 132:9).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. വേദപുസ്തകം, നിത്യപ്രാർത്ഥനാക്രമം

## ആമുഖം

കുക്കിലിയോൻ എന്ന ആരാധനാചക്രത്തെക്കുറിച്ച് നാം 7-ാം ക്ലാസിൽ പഠിച്ചത് ഓർമ്മയുണ്ടല്ലോ അല്ലേ. കുക്കിലിയോന്റെ ഘടകങ്ങൾ നമുക്കൊന്ന് പറഞ്ഞു നോക്കാം: സങ്കീർത്തനം, എക്ബോ, കോലോകൾ, ബോവൂസോ. 7-ാം ക്ലാസിൽ നാം പഠിച്ചത് ഏതൊക്കെ കുക്കിലിയോനുകളാണ്? അതെ, ദൈവമാതാവിന്റെ കുക്കിലിയോനും, പരിശുദ്ധന്മാരുടെ കുക്കിലിയോനുമാണ് നാം പഠിച്ചത്. വി. കുർബ്ബാനമദ്ധ്യേ അടുത്തതായി ചൊല്ലാറുള്ള കുക്കിലിയോൻ ഏതാണെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? എല്ലാവരും വി. കുർബ്ബാനക്രമം എടുത്തു കണ്ടുപിടിച്ച് പറയുന്നു.

ടീച്ചർ: ശരിയാണ് വാങ്ങിപ്പോയ പട്ടക്കാർക്കുവേണ്ടി പ്രാർത്ഥിക്കുന്ന കുക്കിലിയോനാണ് അടുത്തതായി ചൊല്ലുന്നത്. ഈ കുക്കിലിയോൻ വിശദമായി ഇന്ന് നമുക്കു പഠിക്കാം.

## പാഠഭാഗം

എല്ലാവരും വി. കുർബ്ബാനക്രമം എടുക്കൂ. പട്ടക്കാരുടെ കുക്കിലിയോനിൽ ആദ്യം ചൊല്ലുന്ന ഗീതം ഏതാണ് വി. കുർബ്ബാനക്രമത്തിൽ നോക്കി എല്ലാവരും ചേർന്ന് ഗീതം ആലപിക്കണം.

എല്ലാവരും:	ചാർത്തും നീതിയെനിൻ ആചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും - ഹാലേ-ലൂയ്യ-ഉ-ഹാലേ-ലൂയ്യാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിൻമൂലം
നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ - ഹാലേ-ലൂയ്യ-ഉ-ഹാലേ-ലൂയ്യാ
എൻ നിയമത്തേയും ഞാനുപദേശിച്ചിടുമീ സാക്ഷിയെയും-ബാറക്മോർ.

നമ്മുടെ ആരാധനയിൽ ഉപയോഗിക്കുന്ന ഗീതങ്ങൾ എല്ലാം തന്നെ വി. വേദപുസ്തകത്തെ ആധാരമാക്കിയുള്ളവയാണ് എന്നറിയാമല്ലോ.

132-ാം സങ്കീർത്തനം 9, 10, 12 വാക്യങ്ങളാണ് ഈ ഗീതത്തിന് ആധാരമായുള്ളത്. നിന്റെ പുരോഹിതന്മാർ നീതി ധരിക്കട്ടെ, നിന്റെ ഭക്തന്മാർ മഹത്വം ധരിക്കട്ടെ. നിന്റെ ദാസനായ ദാവീദിനെ ഓർത്ത് നിന്റെ അഭിഷിക്തന്റെ നേരെ മുഖം തിരിച്ചുകളയാതിരിക്കണമേ. നിന്റെ മക്കൾ നീ കൊടുത്ത നിയമങ്ങളെയും നീ ഉപദേശിച്ചുകൊടുത്ത നിന്റെ ഉപദേശങ്ങളേയും പ്രമാണിക്കുമെങ്കിൽ നിന്റെ മക്കളെ നീ സിംഹാസനത്തിൽ ഇരുത്തും എന്നു കല്പിച്ചുണ്ടല്ലോ. ഇതാണ് ഗീതത്തിന്റെ ആശയം. എന്നാൽ 132-ാം സങ്കീർത്തനം 11-ാം വാക്യത്തിൽ പറയുന്ന 'നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തും' എന്ന ഭാഗം ഗീതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇവിടെ അഭിഷിക്തൻ എന്നത് ദൈവത്താൽ അഭിഷേകം പ്രാപിച്ച പുരോഹിതന്മാർ എന്നതിനുള്ള പദമാണ്. 2 ശമുവേൽ 7:12, 16 എന്നീ വാക്യങ്ങളിലാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്ന വാഗ്ദത്തങ്ങൾ നാഥാൻ - പ്രവാചകൻ മുഖാന്തിരം യഹോവ ദാവീദിനു നല്കുന്നത്.

## പ്രവർത്തനങ്ങൾ

1. നാം ഇപ്പോൾ പഠിച്ച ഈ ഗീതത്തിന്റെ അർത്ഥവും പ്രാധാന്യവും പറയുക.
2 ഈ ആരാധനാഗീതത്തിനുശേഷം പറയുന്ന ബാറക്മോർ, ശുബ്ഹോ...., മെൻഓലം... എന്നിവയുടെ അർത്ഥം മുൻ ക്ലാസിൽ പഠിച്ചിട്ടുള്ളത് പറഞ്ഞു കേൾപ്പിക്കുക.
3. 89-ാം സങ്കീർത്തനം വായിക്കുക അതിലെ 3, 4, 35, 49 എന്നീ വാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

## എക്ബോ

ഇനി എക്ബോ എന്ന തലക്കെട്ടിൽ കൊടുത്തിരിക്കുന്ന ഗീതം നമുക്കു പാടാം. എല്ലാവരും ചേർന്ന് പാടുന്നു.

ശുചിയൊടുശുദ്ധ്യാ ബെസ്ക്കുദിശാ
സ്പർശിച്ചുള്ളാപ്പാദങ്ങൾ
പൂക്കുദ്യാന ദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം.

അർത്ഥം: വെടിപ്പോടും വിശുദ്ധിയോടും മഹാശുദ്ധസ്ഥലത്തെ സ്പർശിച്ചിട്ടുള്ള കാലുകൾ പറുദീസായുടെ വാതിലുകൾ കടന്ന് സ്വർഗ്ഗീയരോടൊപ്പം വസിക്കുമാറാകേണമേ. ബസ്ക്കുദിശാ എന്നത് മഹാവിശുദ്ധസ്ഥലമായ മദ്ബഹായെ സൂചിപ്പിക്കുന്നു. പറുദീസായെ ഇവിടെ ഒരു പൂന്തോട്ടമായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. മദ്ബഹായിൽ ശുശ്രൂ

ഷിച്ചിട്ടുള്ള വൈദികരെ പറുദീസായുടെ അനുഭവത്തിലേക്ക് പ്രവേശിപ്പിക്കുമാറാകണമേ എന്നാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. ഇനിയും ഈ ഗീതം പാടുമ്പോൾ വാങ്ങിപ്പോയ വൈദികരെ മനസിൽ ധ്യാനിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമല്ലോ.

## പ്രവർത്തനങ്ങൾ

1. ഗീതത്തിലെ ചില വാക്കുകൾ കൊടുത്തിരിക്കുന്നു. അവയുടെ അർത്ഥം സൂചിപ്പിക്കുന്ന പദവുമായി ചേർക്കുക.

| എ | ബി |
|---|---|
| 1. ബസ്ക്കുദിശാ | സ്വർഗ്ഗീയർ |
| 2. പൂക്ക് | വിശുദ്ധസ്ഥലം |
| 3. ഉദ്യാനം | പ്രവേശിച്ച് |
| 4. വാനവർ | പൂന്തോട്ടം |

2. ഈ ഗീതത്തിന്റെ അർത്ഥവും പ്രാധാന്യവും പറഞ്ഞു കേൾപ്പിക്കുക.

### 1 കോലോകൾ

ദൈവം സൃഷ്ടിച്ചാദത്തെ
സ്രഷ്ടാവൊടുതുല്യം സൃഷ്ടി
യായ് മണ്മയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു-
ന്നതുകാണ്മനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേ മേവി
കൂറുന്നീറേന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം.
ബാറക്മോർ, ശുബഹോ......
ആദ്യാചാര്യത്വം കൈക്കൊണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്കറിയായ്ക്കതു നല്കിമൂശ: സ്കറിയാ യോന്നാനേകി
യോഹന്നാൻ കർത്താവിന്നും.
കർത്താ തൻ ശ്ലീഹന്മാർക്കും
നാനാ സൃഷ്ടിവിഭാഗങ്ങൾക്കേകിശ്ലീഹന്മാർ
മൊറിയോ.......

അർത്ഥം: നമുക്കു ഈ ഗീതത്തിന്റെ അർത്ഥം മനസ്സിലാക്കാം.

മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ശ്രേഷ്ഠത കാണിക്കുന്നതാണ് ആദ്യത്തെ കോലോ. ദൈവം ആദാമിനെ സൃഷ്ടിച്ചു. സ്രഷ്ടാവായ ദൈവത്തോടു സാദൃശ്യമുള്ള സൃഷ്ടിയായി മനുഷ്യൻ പറുദീസയിലെ വൃക്ഷനിരകളുടെ ഇടയിൽക്കൂടെ നടക്കുന്നതു ദൈവം സന്തോഷത്തോടെ നോക്കിക്കൊണ്ടിരുന്നു. മണ്ണിൽനിന്നുളവായ മനുഷ്യന്റെ ഉയർച്ച കണ്ട് സ്വർഗീയ മാലാഖമാർ അത്ഭുതപ്പെട്ടു.

അടുത്ത കോലോ വളരെ സൂഷ്മതയോടെ പഠിക്കേണ്ടതാണ്. പഴയനിയമ പൗരോഹിത്യത്തിന്റെ പൂർത്തീകരണമാണ് പുതിയ നിയമപൗരോഹിത്യം എന്നു പഠിപ്പിക്കുവാ

നാണ് പിതാക്കന്മാർ ഈ ഗീതം ഇങ്ങനെ രചിച്ചിരിക്കുന്നത്. നമുക്കീ ഗീതത്തിന്റെ അർത്ഥം പഠിക്കാം.

ആചാര്യത്വപദവി, ആദ്യമായി അഹറോനും, മോശയും ഒന്നിച്ച് ദൈവത്തിൽനിന്നും കൈക്കൊണ്ടു. മോശയിൽനിന്നും കൈമാറി അതു സഖറിയ പുരോഹിതനു ലഭിച്ചു. സഖറിയാ പുരോഹിതൻ പൗരോഹിത്യം യോഹന്നാനു നല്കുകയും, യോഹന്നാൻ കർത്താവിനു നല്കുകയും ചെയ്തു. കർത്താവ് പൗരോഹിത്യത്തിന്റെ നൽവരം ശിഷ്യന്മാർക്കു നല്കുകയും ശിഷ്യന്മാർ എല്ലാ സൃഷ്ടിവിഭാഗങ്ങൾക്കും നല്കുകയും ചെയ്തു. കർത്താവ് എന്നേക്കും നിത്യ മഹാപുരോഹിതനായിരിക്കും എന്നു നമുക്കറിയാം. അവൻ മൽക്കീസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനാണ്. എന്നാൽ പൗരോഹിത്യ പിന്തുടർച്ചയ്ക്ക് ഭംഗം വരാതിരിക്കുവാൻ നമ്മുടെ കർത്താവ് യോഹന്നാൻ സ്നാപകനിൽ നിന്നും അത് സ്വീകരിച്ചു എന്ന് ഇവിടെ നാം പാടുന്നു.

പുറപ്പാട് 28:1,41; 30:30 എന്നീ ഭാഗങ്ങൾ വായിക്കുക.

**മറ്റു കോലോകൾ**

നിർമ്മല മദ്ബഹായിൽ കർത്തൃ-
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ-
ന്നീറേന്മാർ ദേവാഗാരേ - ബാറക്മോർ, ശുബഹോ.....

ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചോരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭ ഏകേണമേ. മൊറിയോ.....

അർത്ഥം: കർത്താവിനോടുള്ള സ്നേഹത്തെപ്രതി പരിശുദ്ധ മദ്ബഹായിൽ ശുശ്രൂഷചെയ്തിട്ടുള്ള വൈദികരെ സ്വർഗ്ഗലോകത്തേക്കു എതിരേല്ക്കാനായി ഈറേന്മാരായ മാലാഖമാർ എത്തിച്ചേരും.

ദൈവപുത്രാ നിന്നെ ഭംഗിയായി ശുശ്രൂഷിച്ചിട്ടുള്ള വൈദികരെ നിന്റെ രണ്ടാമത്തെ വരവിൽ ഓർത്ത് അവർക്കു മുഖശോഭ നൽകണമേ.

കോലോകൾക്കിടയിൽ കർത്താവേ വാഴ്ത്തണമേ എന്നർത്ഥമുള്ള ബാറക്മോർ എന്നതും ത്രിത്വസ്തുതിയും ഉണ്ടായിരിക്കും എന്ന് കഴിഞ്ഞ ക്ലാസിൽ പഠിച്ചത് ഓർക്കുന്നുണ്ടല്ലോ. കോലോകളുടെ അവസാനം കർത്താവേ കരുണ ചെയ്തു ഞങ്ങളെ സഹായിക്കണമേ എന്നർത്ഥമുള്ള മൊറിയോ..... എന്ന സുറിയാനി വാചകവും പറയും. ഈറയർ എന്നത് മാലാഖമാരുടെ ഒരു വൃന്ദത്തിന്റെ പേരാണ്. ഉണർവ്വോടെ ഇരിക്കുന്നവർ എന്നാണ് ഈ സുറിയാനിപദത്തിന്റെ അർത്ഥം. ദേവാഗാരം എന്നത് സ്വർഗ്ഗരാജ്യം എന്നതിനു പകരം ചേർത്തിരിക്കുന്ന പദമാണ്.

**മറ്റൊരു ഗീതം**

മോചനമാചാര്യർക്കേകുക- ഹാലേ.
ശ്രേഷ്ഠമതാം തനുരക്തങ്ങളെ മോചനമെഴുവാൻ
പാവന ബലിപീഠേ കൈകളിലാഘോഷിച്ചവരായ്

ദയറാ ദേവാലയമിവയിൽ ശുശ്രൂഷിച്ചോ-
രാചാര്യന്മാർ ശെമ്മാശന്മാരെ-ന്നിവരുടെയാ
കടഭാരം തിരുമെയ്യാൽ നീക്കി
പോക്കണമേ - പാപം രുധിരത്താൽ
പാടീടും നാഥാ സ്തുതിയെന്നവർനിൻ-
വലഭാഗേ ബാറക്മോർ.

അർത്ഥം: കർത്താവേ ആചാര്യന്മാർക്കു മോചനം നല്കണമേ. പാപമോചനം നല്കുന്ന നിന്റെ ശരീരവും രക്തവും പരിശുദ്ധ ബലിപീഠത്തിൽ കൈകളിലെടുത്ത് ആഘോഷിച്ചിട്ടുള്ള വൈദികർ, ദയറാകളിലും ദേവാലയങ്ങളിലും ശുശ്രൂഷിച്ചിട്ടുള്ള ശെമ്മാശന്മാർ എന്നിവരുടെ പാപങ്ങളെ തിരുശരീരരക്തത്താൽ നീക്കി രക്ഷിക്കണമേ. കർത്താവേ അവർ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിന്നെ സ്തുതിക്കുവാൻ ഇടയാകണമേ.

**അൽപം നിർത്താം... ചിന്തിക്കാം...**

1. ശരീരം എന്നതിന് ഉപയോഗിച്ചിട്ടുള്ള രണ്ടു വാക്കുകൾ കണ്ടുപിടിക്കുക.
2. രക്തം എന്നതിനുപയോഗിച്ചിരിക്കുന്ന മറ്റൊരു വാക്ക് ഏത്?

### ബോവൂസോ

പട്ടക്കാരുടെ കുക്കിലിയോനിൽ സമാപന ഗീതങ്ങളായി രണ്ടു ബോവൂസോകളാണ് കൊടുത്തിരിക്കുന്നത്. ഇവ മാറിമാറി ചൊല്ലാവുന്നതാണ്.

### അപ്രേമിന്റെ ബോവൂസോ

മുടികൾ മെടഞ്ഞവ നിരനിരയായ്
ബലിപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യർക്കവ ചൂടീടും.

ഇതിലെ ആദ്യത്തെ വരി 'മുടികൾ മെടഞ്ഞൊട്ടിത്തകിടും' എന്നാണ് പഴയപുസ്തകങ്ങളിൽ കാണുന്നത്. കിരീടങ്ങൾ പണിത് ബലിപീഠത്തിൽ തിക്കി അടുക്കി വച്ചിരിക്കുന്നു എന്ന അർത്ഥത്തിലാണ് ഇങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നത്. കിരീടങ്ങൾ നിരനിരയായി ഇരിക്കുന്നു എന്നതിന്റെ ആശയവും കിരീടത്തിന്റെ ധാരാളിത്തമാണ് കാണിക്കുന്നത്. വിശുദ്ധിയോടെ ശുശ്രൂഷ ചെയ്യുന്ന ആചാര്യന്മാരെ ആ കിരീടങ്ങൾ അണിയിക്കും എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം.

### യാക്കോബിന്റെ ബോവൂസോ

ആചാര്യേശാ മശിഹാ കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം

എളുപ്പം മനസിലാകുന്ന ഒരു ഗീതമാണിത്. ആചാര്യന്മാരുടെ ഉടയവനായ മശിഹായേ കൂദാശകൾ അനുഷ്ഠിച്ചിട്ടുള്ള ആചാര്യന്മാർക്കു പുണ്യം നല്കണമേ. നാഥാ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.

## പ്രവർത്തനം

താഴെപറയുന്ന വാക്കുകൾക്കു പകരം ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടുപിടിക്കുക.

1. കിരീടം
2. പണിയുക.

## നമുക്ക് പാടാം

നമ്മൾ ഇന്ന് പഠിച്ച ഗീതങ്ങൾ ചിട്ടയായി എല്ലാവരും ചേർന്ന് ക്ലാസിൽ പാടുക.

**നിശ്ചയം**

**പട്ടക്കാരുടെ കുക്കിലിയോൻ പാടുന്ന സമയത്ത് ഞങ്ങൾ വാങ്ങിപ്പോയ പട്ടക്കാരെ ധ്യാനിച്ചുകൊണ്ട് പ്രാർത്ഥനയിൽ പങ്കെടുക്കും.**

## നമുക്ക് പ്രാർത്ഥിക്കാം.

(പ്രാർത്ഥനാക്രമം പേജ് 107. വലിയനോമ്പിനു മുമ്പ് പട്ടക്കാർക്കുവേണ്ടിയുള്ള ഞായറാഴ്ചയിലെ സന്ധ്യാനമസ്കാര പ്രാർത്ഥനയിൽനിന്ന്)

*കർത്താവേ കരുണയോടുകൂടിയ നിന്റെ കല്പനകളെ ആചരിക്കയും എല്ലാറ്റിനെയുംകാൾ അധികം നിന്റെ വാത്സല്യത്തെ സമ്പാദിക്കുകയും ചെയ്തവരായ ആചാര്യന്മാർക്ക് സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മ നൽകണമേ. നിന്റെ രാജ്യത്തിലെ വിരുന്നിൽ അവരെ പങ്കുകാരാക്കണമേ. അവരുടെ ജീവിതകാലത്തും മരണസമയത്തും തങ്ങളുടെ ആത്മാക്കളെ നിങ്കലേക്ക് എല്പിച്ചിരിക്കയാൽ നിന്റെ ശ്രേഷ്ഠത വെളിപ്പെടുന്ന ദിവസത്തിൽ അവരെ മഹത്വം ധരിപ്പിക്കയും ചെയ്യണമെ. ആമ്മീൻ*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | സങ്കീ. 132 |
| തിങ്കൾ | 2 ശമു. 7:12–16 | സങ്കീ. 89 |
| ചൊവ്വ | പുറപ്പാട് 28 | പുറപ്പാട് 30 |
| ബുധൻ | വി. യോഹ. 1:19–34 | വി. ലൂക്കോ. 3:7–22 |
| വ്യാഴം | വി. മത്തായി 3:1–12 | വി. മത്തായി 3:13–17 |
| വെള്ളി | വി. മർക്കോ. 1:1–8 | വി. മർക്കോ. 1: 9–11 |
| ശനി | സങ്കീ. 84 | സങ്കീ. 85 |
| ഞായർ | സങ്കീ. 106 | – |

പാഠം 15

# പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ

## പാഠോദ്ദേശ്യം

വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള കുക്കിലിയോൻ വിശദമായി പഠിക്കുകയും വി. കുർബ്ബാനയിലും മറ്റ് ശുശ്രൂഷകളിലും അവ അർത്ഥം മനസ്സിലാക്കി പാടുകയും ചെയ്യുക.

**മനഃപാഠവാക്യം:** അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. സങ്കീർത്തനം 103:13.

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം

## ആമുഖം

ഓർത്തഡോക്സ് ആരാധനയുടെ അവിഭാജ്യ ഘടകമാണ് വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന. എല്ലാ ആരാധനയിലും അവരെ നാം ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. വി. കുർബ്ബാനയിൽ നാം വാങ്ങിപ്പോയവരെ ഓർക്കുന്നത് എപ്പോഴെല്ലാമാണെന്ന് അറിയാമോ. വി. കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പു 'കർത്താവേ നിൻ രക്തശരീരങ്ങൾ......' എന്ന ഗീതം പാടുന്ന സമയം നാം വാങ്ങിപ്പോയവരെ ഓർക്കുകയാണു ചെയ്യുന്നത്. ആറാം തുബ്ദേൻ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മറ്റൊരവസരമാണ് പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ ചൊല്ലുന്ന സമയം. ഈ കുക്കിലിയോൻ നമുക്കു ഇന്നു പഠിക്കാം.

## പാഠഭാഗം

എല്ലാ കുക്കിലിയോനും തുടങ്ങുന്നത് ഒരു സങ്കീർത്തനഭാഗത്തോടെയാണെന്നു നാം പഠിച്ചതാണല്ലോ... പരേതർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ സങ്കീർത്തനഭാഗം വളരെ പരിചിതമായ രണ്ടു വാക്യങ്ങളാണ് 103-ാം സങ്കീർത്തനം 13, 15 വാക്യങ്ങൾ. ഈ ഗീതം നമുക്ക് പാടാം.

മക്കളിലപ്പൻ കൃപ ചെയ്വതുപോലെ - ഹാലേ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും.
പുല്ലിനു തുല്യം നരനുടെ നാൾകളഹോ - ഹാലേ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ, ബാറക്മോർ.

ഈ ഗീതത്തിന്റെ അർത്ഥം എന്താണ്? 'അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു.... മനുഷ്യന്റെ ആയുസ്സു പുല്ലുപോലെയാകുന്നു. വയലിലെ പുഷ്പംപോലെ അവൻ പൂക്കുന്നു.'

### എക്ബോ

സങ്കീർത്തനം കഴിഞ്ഞാൽ എക്ബോ എന്ന പേരിലുള്ള ഗീതമാണ്.

ശരണത്താലേ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ,
കബറീന്നുദ്യാനത്തിനായ്

'നിന്റെ കൃപയിൽ ശരണപ്പെട്ടുകൊണ്ട് മരണമടഞ്ഞിട്ടുള്ള നിന്റെ ദാസരെ, നിന്റെ ജീവൻ നല്കുന്ന സ്വരം കബറിൽനിന്നും ഉണർത്തി പറുദീസയിലേക്കു പ്രവേശിപ്പിക്കുമാറാകണമേ.' ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം. ദൈവകൃപയിൽ ആശ്രയിച്ചു ജീവിച്ചവർക്കുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. പറുദീസ എന്നതിന്, പൂന്തോട്ടം എന്നർത്ഥമുള്ള ഉദ്യാനം എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

പ്രത്യേകമായി ഏതെങ്കിലും പരേതരുടെ ഓർമ്മ നടത്തുന്ന അവസരമാണെങ്കിൽ ഇവിടെ 'നാം നല്ലവണ്ണം നില്ക്കണം' എന്നർത്ഥമുള്ള സ്തൗമെൻകാലോസ് എന്നു ശുശ്രൂഷകൻ പറയുകയും 'കർത്താവേ കരുണ ചെയ്യണമേ' എന്നർത്ഥമുള്ള കുറിയേലായിസോൻ എന്നു നാം പറയുകയും ചെയ്തശേഷം പട്ടക്കാരൻ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രൊമിയോൻ-സെദറാ ചൊല്ലും. പ്രൊമിയോൻ-സെദറാ വായിക്കാത്ത അവസരങ്ങളിലും സ്തൗമെൻകാലോസ് കുറിയേലായിസോൻ എന്നു പറയുന്ന രീതി നിലവിലുണ്ട്.

### കോലോകൾ

അടുത്തത് 'കോലോകൾ' എന്നു പറയപ്പെടുന്ന പാട്ടുകളാണ്. മൂന്നു കൂട്ടം കോലോകളാണ് സാധാരണ ഉപയോഗിക്കുന്നത്.

രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും.
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി, ബാറക്മോർ
മൃതരേ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായിടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൽ നാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

യേശുവേ (രക്ഷകൻ) നിന്റെ തിരുശരീരം ഭക്ഷിക്കുകയും, വിലയേറിയ നിന്റെ രക്തം കുടിക്കുകയും ചെയ്തിട്ടുള്ള വാങ്ങിപ്പോയവരെ നീ മരണത്തിൽനിന്നും ഉയർപ്പിച്ച് നിന്റെ മുമ്പാകെ മുഖപ്രസാദം നല്കണമേ എന്നാണ് ആ ഗീതത്തിന്റെ അർത്ഥം. ഇല്ലാതായിപ്പോകുക എന്നതിന് നാശം എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

ഇനിയും അടുത്ത ഗീതത്തിന്റെ അർത്ഥം പരിശോധിക്കാം. മരിച്ചവർക്കു ജീവൻ നല്കുവാൻ എഴുന്നെള്ളുന്ന രാജാവ് (കർത്താവ്) ആകാശത്തിലെ അഴകുള്ള (ശോഭയേറിയ) മേഘങ്ങളിൽ ആഘോഷത്തോടെ വരും. കർത്താവിന്റെ വരവിനു മുമ്പാ

യുള്ള കാഹളശബ്ദം കേട്ട്, കബറിലുള്ള ഭക്തന്മാർ വിശേഷവസ്ത്രം ധരിച്ചുകൊണ്ട് അവനെ എതിരേല്പാൻ പുറപ്പെടും. കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന കാര്യങ്ങളാണ് ഇവിടെ കാവ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്നത്.

**അല്പം നിർത്താം... ചിന്തിക്കാം...**

താഴെപറയുന്ന വാക്കുകൾക്കു പകരം ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ബ്രായ്ക്കറ്റിൽ നിന്നും തെരഞ്ഞെടുക്കുക.

(നയവാന്മാർ, കാന്തി, ഗാത്രം, അങ്കി, മുകിൽ)

1. ശരീരം ......................................................
2. പ്രസാദം ......................................................
3. മേഘം ......................................................
4. ഭക്തന്മാർ ......................................................
5. വസ്ത്രം ......................................................

ഇനിയും നമുക്കു മറ്റു കോലോകൾ പഠിക്കാം

ഉയിരേകുന്നോൻ രാജാവുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻ മൃതരാമേവർക്കും നല്കുന്നു.
കബറുകളുള്ളിൽ നിന്നിങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നിന്നെ സ്തുതിചെയ്തീടുന്നു. ബാറക്മോർ
എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്വോൻ
പാതാളത്തിൽ-പ്പോകാനായ് വിടാ-ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങെത്തിട്ടു മരിച്ചതുഞാൻ
എന്നും കർത്താ-തന്നരുളിന്നു മഹത്വം.

ജീവൻ നല്കുന്ന രാജാവ് (കർത്താവ്) സ്വർഗ്ഗത്തിൽനിന്നുമെഴുന്നെള്ളി വന്ന് മരിച്ചവർക്കു ജീവൻ നല്കുന്നു. കല്ലറകളിലുള്ളവർ ഓരോരുത്തരും ഉയിർത്തെഴുന്നേറ്റ് ജീവൻ നല്കുന്ന നിന്നെ സ്തുതിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളുടെ അനുസ്മരണമാണ് ഈ ഗീതത്തിലുള്ളത് (വി. യോഹ. 5:25-29).

നമ്മുടെ കർത്താവ് പറയുന്ന ഒരു കാര്യം കാവ്യാത്മകമായി ഇവിടെ ചിത്രീകരിച്ചിരിക്കുകയാണ്. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനെ പാതാളത്തിൽ പോകുവാൻ ഞാൻ വിടുകയില്ല. അവൻ എന്നെന്നേക്കും ജീവിച്ചിരിക്കുവാനാണല്ലോ ഞാൻ ഭൂമിയിലെത്തി (അങ്ങെത്തി) മരിച്ചത്.' കർത്താവിന്റെ ഈ അരുളപ്പാടിനു മഹത്വമുണ്ടായിരിക്കട്ടെ (വി. യോഹ. 6:54).

ഈ ഗീതത്തിൽ ഗായകർ തെറ്റിക്കാറുള്ള രണ്ടു ഭാഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. 'വിടാം' എന്നു പാടിയാൽ അതു തെറ്റാണ്. മറ്റൊരു ഭാഗം 'ജീവിപ്പാനങ്ങെത്തിട്ട്' എന്ന വാക്കാണ്. സ്വർഗ്ഗത്തിൽ ഇരിക്കുന്ന കർത്താവ് താൻ ഭൂമിയിൽ പിറന്ന കാര്യം പറയുകയാണിവിടെ. അതുകൊണ്ട് 'അങ്ങെത്തിട്ട്' എന്നതാണു ശരി. നാം ഭൂമിയിലാണല്ലോ എന്നു ചിന്തിച്ച് 'ഇങ്ങെത്തീട്ട്' എന്നു പാടിയാൽ അതു തെറ്റാണ്. ഇവിടെ സൂചിപ്പിച്ചിരിക്കുന്നത് കർത്താവ് പറഞ്ഞ വചനങ്ങളാണ് എന്ന് ഓർക്കണം.

നാഥാ താവകമിരുലോകം............

നാഥാ താവകമിരുലോകം
നിന്നധികാരം താനെങ്ങും
സ്ലീബായാൽ ജീവിതരെക്കാ-
ത്തൻപാൽ മുക്തിമൃതർക്കേക. ബാറക്മോർ

സ്തോത്രം മൃതജീവപ്ര-ദനേ
കബറീന്നേറ്റീടുന്നോനേ
നിൻ പ്രേഷകതാതനുമമലൻ
റൂഹായ്ക്കും ഹാലേലൂയ്യാ.

പരേതരുടെ കുക്കിലിയോനിൽ ഉൾപ്പെടുത്തിയിട്ടുള്ള കോലോകളിൽ അർത്ഥം മനസ്സിലാക്കുവാൻ പ്രയാസമില്ലാത്ത കോലോകളാണിവ.

നാഥാ ഭൂമിയും സ്വർഗ്ഗവും നിന്റേതാകുന്നു. എല്ലാം നിന്റെ അധികാരത്തിൽ കീഴിലാണ്. ജീവനുള്ളവരെ നിന്റെ സ്ലീബായാൽ പരിപാലിക്കുകയും വാങ്ങിപ്പോയവർക്കു നിന്റെ കരുണയാൽ മോക്ഷം നല്കുകയും ചെയ്യണമേ.

'മരിച്ചവർക്കു ജീവൻ നല്കുന്നവനേ, കബറുകളിൽനിന്നും എഴുന്നേല്പിക്കുന്നവനേ നിനക്കു സ്തോത്രം. നിന്നെ അയച്ച പിതാവിനും, പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ ഹാലേലൂയ്യാ പാടുന്നു.' ഈ ഗീതം ഒരു ത്രിത്വസ്തുതിയാണെന്നു മനസ്സിലായില്ലേ.

## പ്രവർത്തനം

താഴെ പറയുന്ന വാക്കുകൾക്കു പകരം ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ കണ്ടുപിടിക്കുക.

(മുക്തി, പ്രേഷകൻ, അമലൻ, അൻപ്, താവകം)

1. നിന്റേത് ....................................................
2. മോക്ഷം ....................................................
3. കരുണ ....................................................
4. അയച്ചവൻ ....................................................
5. പരിശുദ്ധൻ ....................................................

## ബോവൂസോ (അപേക്ഷ)

പരേതരുടെ കുക്കിലിയോനിൽ രണ്ടു ബോവൂസോകളാണ് നല്കിയിട്ടുള്ളത്. ഇതിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. കുക്കിലിയോൻ അവസാനിക്കുന്നത് ഒരു അപേക്ഷയോടെയാണ് എന്ന് നാം നേരത്തേ പഠിച്ചിട്ടുണ്ടല്ലോ.

**മാർ അപ്രേമിന്റെ ബോവൂസോ**

മരമതിനുയരെക്കർത്താവേ
കള്ളനുകിട്ടിയ നിന്റെ വരം
ത്രിത്വത്തെക്കൊണ്ടാടിമരി-
ച്ചോരും കൈകൊണ്ടീടേണം.

കർത്താവേ മരത്തിന്റെ മുകളിൽ വച്ച് കള്ളനു ലഭിച്ച വരം ത്രിത്വവിശ്വാസികളായി മരിച്ച എല്ലാവരും പ്രാപിക്കുമാറാകണമെ.

കുരിശുമരത്തിൽ വച്ചു വലത്തുഭാഗത്തെ കള്ളനു നല്കിയ വരമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ആ വരം എന്തായിരുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ, അല്ലേ. ആ പറുദീസായുടെ അവകാശം സത്യവിശ്വാസികളായ എല്ലാവർക്കും നല്കണമേ എന്നാണു നാം പാടുന്നത്. ത്രിത്വവിശ്വാസികളെ മാത്രമാണ് നാം സത്യവിശ്വാസികൾ എന്നു പറയുന്നത്. കൊണ്ടാടുക എന്ന പദം ആഘോഷമായി സ്തുതിക്കുക എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

തൻ മരണത്താൽ - മരണത്തെ
ജീവിപ്പിച്ചവനാം ദൈവസുതാ
സ്തുതി ദൈവത്തിന്നെന്നാർക്കാൻ
അടിയാരെ പൂഴീന്നേറ്റണമേ.

അർത്ഥം: തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച ദൈവപുത്രാ 'ദൈവത്തിനു സ്തുതി' എന്ന് ആർത്തു പാടുവാൻ ഞങ്ങളെ മണ്ണിൽനിന്നും ഉയിർത്തെഴുന്നേല്പിക്കണമേ.

ഈ പ്രാർത്ഥന വാങ്ങിപ്പോയവരെയും മണ്ണിലേക്കു ചേരുവാൻ തയ്യാറായിരിക്കുന്ന ജീവനോടിരിക്കുന്നവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെന്നത് ശ്രദ്ധിക്കുക.

## പ്രവർത്തനം

നാം ഇപ്പോൾ, ദൈവമാതാവ്, പരിശുദ്ധന്മാർ, വാങ്ങിപ്പോയവർ എന്നിവർക്കെല്ലാം വേണ്ടിയുള്ള കുക്കിലിയോൻ പഠിച്ചുകഴിഞ്ഞു. പ്രഭാതനമസ്കാരത്തിൽ പൊതുവായ കുക്കിലിയോൻ ഉപയോഗിക്കുന്നുണ്ട്. അതു കണ്ടുപിടിച്ച് അവിടെ സങ്കീർത്തനഭാഗം, എക്ബോ, കോലോ, ബോവൂസോ ഇവ ഏത് എന്ന് പഠിക്കുക. സ്ലീബാനമസ്കാരത്തിലേയും, ക്യംതാനമസ്കാരത്തിലെയും ബോവൂസോകൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക.

### നമുക്ക് പാടാം

ഇന്ന് പഠിച്ച ഗീതങ്ങൾ ചിട്ടയായി എല്ലാവരും ചേർന്ന് ക്ലാസിൽ ഒരിക്കൽകൂടി പാടുക.

**നിശ്ചയം**

**പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ പാടുന്ന സമയത്ത് ഞങ്ങൾ ധ്യാനത്തോടെ എല്ലാ വാങ്ങിപ്പോയവരെയും ഓർത്ത് പ്രാർത്ഥിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 109. വലിയ നോമ്പിനു മുമ്പുവരുന്ന, സകല വാങ്ങിപ്പോയ വരെയും ഓർക്കുന്ന ഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന)

*ജഡത്തിൽ മരണം അനുഭവിക്കുകയും പാതാളത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവിടെയുള്ള ആത്മാക്കളോട് ഏവൻഗേലിയോൻ പ്രസംഗിക്കുകയും ചെയ്ത വനായ മശിഹാ തമ്പുരാനേ... വഴിയാത്രക്കാരെപ്പോലെയും പരദേശികളെ പ്പോലെയും ഈ ഭൂമിയിൽ പരദേശവാസം ചെയ്തു ഞങ്ങളിൽനിന്ന് വേർപെട്ടുപോയിരിക്കുന്നവരായ നിന്റെ ദാസർ സ്വർഗ്ഗരാജ്യത്തിൽ നിന്റെ പരിശുദ്ധന്മാരോടുകൂടെ ആനന്ദിക്കുമാറാകണമേ. ആമ്മീൻ.*

(ഈ ഭാഗത്തുള്ള മറ്റ് പ്രാർത്ഥനകളും ഭവനത്തിൽവച്ച് പ്രാർത്ഥിക്കുക)

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | സങ്കീ. 1033 |
| തിങ്കൾ | റോമ. 6: 1-14 | 1 കൊരി. 15: 1-19 |
| ചൊവ്വ | റോമ. 7 4-13 | 1 കൊരി. 15: 20-34 |
| ബുധൻ | റോമ. 8: 8-13 | 1 കൊരി. 15:35-49 |
| വ്യാഴം | 2 കൊരി. 4: 10-15 | 1 കൊരി. 15: 50-58 |
| വെള്ളി | 2 കൊരി. 5: 1-15 | എബ്രാ. 2:1-18 |
| ശനി | യോഹ. 6: 47-59 | യോഹ. 8: 51-59 |
| ഞായർ | യോഹ. 11: 1-46 | - |

യൂണിറ്റ് 4

# എന്റെ സഭ

പാഠം 16

# വി. സഭ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ

## പാഠനോദ്ദേശ്യങ്ങൾ

ആദിമസഭയിലെ നടപടിക്രമങ്ങളും അതിന് സഹായകമായ സംഗതികളും എന്തെന്ന് മനസ്സിലാക്കുക. സഭയുടെ സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാതെ ഉറച്ചുനില്ക്കുക.

**മനഃപാഠവാക്യം:** ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തോലന്മാർ, രണ്ടാമത് പ്രവാച കന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്‌വാനുള്ള വരം, പരിപാലന വരം, വിവിധ ഭാഷാവരം എന്നിവ നൽകുകയും ചെയ്ത ു(1 കൊരിന്ത്യർ 12:28).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, വി. കൂദാശാക്രമം

## ആമുഖം

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണല്ലോ. വ്യക്തമായ ഒരു ഭരണക്രമവും ഭരണഘട നയുമുള്ളതാണ് ഇന്ത്യയുടെ വളർച്ചയ്ക്ക് സഹായകമായിരിക്കുന്നത്. ആദിമസഭയുടെ വളർച്ചയ്ക്ക് ഇത്തരത്തിലുള്ള ഘടകങ്ങൾ വളരെ സഹായകമായിട്ടുണ്ട്. അവ ഏതൊ ക്കെയാണെന്ന് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

സഭയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചതാണ് യറുശലേം സുന്നഹ ദോസ്. സഭയുടെ ഭരണക്രമം, സഭാജീവിതം, സഭാഗ്രന്ഥങ്ങൾ തുടങ്ങിയവയെക്കുറിച്ച് വിശദമായി പരിശോധിക്കാം.

### യറുശലേം സുന്നഹദോസ്

സഭയിലേക്കുള്ള വിജാതീയരുടെ വരവ് വിവിധ പ്രശ്നങ്ങൾ സഭയിൽ ഉടലെടുക്കു വാൻ കാരണമായി. പുറജാതികളിൽനിന്നും സഭയിലേക്ക് വരുന്നവർ ആദ്യം യഹൂദനാ

കണോ? യഹൂദ മര്യാദ പ്രകാരം ജീവിക്കണമോ? തുടങ്ങിയവയായിരുന്നു ഈ പ്രശ്നങ്ങൾ. ഇവയെക്കുറിച്ച് ചിന്തിക്കുവാൻ എ. ഡി. 49-നോടടുത്ത് യറുശലേമിൽ വച്ച് യാക്കോബിന്റെ അദ്ധ്യക്ഷതയിൽ ഒരു സുന്നഹദോസ് കൂടി. ഇത് യരുശലേം സുന്നഹദോസ് എന്നറിയപ്പെടുന്നു (അപ്പോ. പ്രവൃ. 15) ശ്ലീഹന്മാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ സുന്നഹദോസിൽ വിജാതീയരിൽനിന്നും ക്രിസ്ത്യാനികളാകുന്നവർ യഹൂദ മര്യാദകൾ പാലിച്ച് ജീവിക്കണമെന്ന് നിർബന്ധിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു.

### ഭരണക്രമം

രണ്ടാം നൂറ്റാണ്ടുമുതലാണ് സഭയിൽ ക്രമീകൃതമായ ഒരു ഭരണസമ്പ്രദായം നിലവിൽ വന്നത്. ത്രിവിധ ഭരണക്രമം (Threefold ministry) എന്നറിയപ്പെട്ട ഈ ഭരണസമ്പ്രദായത്തിന്റെ തലവൻ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കുന്ന മറ്റു രണ്ടു വിഭാഗങ്ങൾ കശ്ശീശന്മാരും (മൂപ്പന്മാർ) ശെമ്മാശന്മാരും ആയിരുന്നു. ശെമ്മാശിനിമാരുടെ സാന്നിദ്ധ്യവും സഭയിൽ നിലവിൽ ഉണ്ടായിരുന്നു. (ഉദാ. ഫേബ. റോമർ 16:1)

### സഭാജീവിതം

സഭാജീവിതം പ്രധാനമായും ആരാധനാസംബന്ധിയായിരുന്നു. ദരിദ്രരുടെയും രോഗികളുടെയും സഹായത്തിന് സഭ മുൻതൂക്കം നൽകിയിരുന്നു. ധാർമികതയ്ക്ക് ഊന്നൽ നൽകിയിരുന്ന ഒരു ജീവിതശൈലിയാണ് രൂപപ്പെടുത്തിയിരുന്നത്. ജാതീയ ആരാധനകൾക്കും അധാർമ്മികതക്കും എതിരായ ഒരു നിലപാടാണ് ക്രൈസ്തവർ സ്വീകരിച്ചിരുന്നത്. എന്നാൽ രാഷ്ട്രീയ അധികാരികളോടും നിയമങ്ങളോടും ആദരവ് പുലർത്തിപ്പോന്നിരുന്നു.

സുന്നഗോഗ് ആരാധനാശൈലി പിന്തുടർന്ന ക്രിസ്തീയ സഭയുടെ ആരാധനാ ദിനം ഞായറാഴ്ചയായിരുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യറുശലേം സുന്നഹദോസിന്റെ പ്രധാന ആലോചനാവിഷയം എന്തായിരുന്നു?
2. ത്രിവിധ ഭരണക്രമം എന്നാൽ എന്ത്?
3. വിശുദ്ധ സഭയുടെ സഭാജീവിതശൈലി എങ്ങനെ ആയിരുന്നുവെന്ന് വ്യക്തമാക്കുക.

### സഭാഗ്രന്ഥങ്ങൾ

ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ സഭയെക്കുറിച്ച് വിവരിക്കുന്ന രണ്ട് പ്രധാന ഉറവിടങ്ങളാണ് സഭയിലുണ്ടായിരുന്നത്. അപ്പസ്തോലിക പിതാക്കന്മാരും, വിശ്വാസ സമർപ്പകരും (Apologists).

### അപ്പസ്തോലിക പിതാക്കന്മാർ

അപ്പസ്തോലന്മാരുടെ ശിഷ്യരോ അവരുടെ സമകാലീനരോ ആണ് അപ്പസ്തോലിക പിതാക്കന്മാർ എന്നറിയപ്പെട്ടിരുന്നത്. എ. ഡി. 95-നും 150-നും ഇടയിൽ രചിക്കപ്പെട്ട ഈ രചനകൾ ആദിമ സഭാചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. റോമിലെ

വി. ക്ലീമിസിന്റെ ലേഖനം, ഡിഡാക്കെ (12 അപ്പസ്തോലന്മാരുടെ പഠിപ്പിക്കൽ) ബർന്ന ബാസിന്റെ ലേഖനം. അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസിന്റെ 7 ലേഖനങ്ങൾ, ഹെർമ്മാസിന്റെ ലേഖനം എന്നിവയാണ്. അപ്പസ്തോലിക പിതാക്കന്മാർ, ക്രിസ്തീയ ജീവിത രീതികൾ, ആരാധന ക്രമീകരണങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ, സഭയ്ക്കെതിരായ പീഢനങ്ങളിൽ സഭാമക്കളെ ധൈര്യപ്പെടുത്തുക, സത്യവിശ്വാസത്തിൽ സഭയെ ഉറപ്പിക്കുക. യഹൂദന്മാരിൽനിന്നും നേരിടുന്ന പ്രതിബന്ധങ്ങളെ പ്രതിരോധിക്കുക തുടങ്ങിയവയായിരുന്നു അപ്പസ്തോലിക പിതാക്കന്മാരുടെ പ്രധാന പ്രതിവാദ്യവിഷയങ്ങൾ.

### വിശ്വാസ സമർത്ഥകർ

സഭയ്ക്ക് നേരിട്ട വിമർശനങ്ങൾക്കുത്തരം നൽകുവാനും ക്രൈസ്തവർക്കെതിരെ ഉയർന്ന ആരോപണങ്ങളെ ഖണ്ഡിക്കുവാനും വിശ്വാസ വിപരീതങ്ങൾക്കെതിരായി സത്യവിശ്വാസം പഠിപ്പിക്കുവാനും മുതിർന്നവരായിരുന്നു വിശ്വാസ സമർത്ഥകർ എന്ന പേരിലറിയപ്പെട്ടവർ.

പണ്ഡിതരും തത്വജ്ഞാനികളുമായിരുന്ന ഇവർ ഇവരുടെ രചനകളിലൂടെ ക്രിസ്തീയ ജീവിത രീതികൾ, ആരാധന, വിശ്വാസം, ക്രിസ്ത്യാനികൾക്ക് രാജ്യത്തെക്കുറിച്ചുള്ള മനോഭാവം എന്നിവ വിജാതീയരുടെയും രാജാക്കന്മാരുടെയും ഇടയിൽ സമർത്ഥിച്ചു. ക്വാഡ്രാറ്റൂസ്, ആഥൻസിലെ അരിസെഡ്ഡസ്, (ജസ്റ്റിൻ മാർട്ടിയർ) രക്തസാക്ഷിയായ യൂസ്തിനൊസ്, സിറിയക്കാരനായ താസ്യാൻ, ആഥൻസിലെ അഥനാഗോറസ്, സർദ്ദീസിലെ മിലിത്തൂസ്, ഐറേനിയോസ്, തെർത്തുല്യൻ, ഹിപ്പോലിറ്റസ്, അലക്സന്ത്രിയായിലെ ക്ലീമീസ്, ഒറിഗൻ, സിപ്രിയൻ, സെറാപ്പിയാൻ, മിലിത്തിയോസ് തുടങ്ങിയവരാണ് പ്രധാന വിശ്വാസ സമർഥകർ.

## നമുക്ക് ചിന്തിക്കാം

1. സഭാപ്രവർത്തനങ്ങളെക്കുറിച്ച് വിവരം നൽകിയ ആദിമ സഭാരേഖകൾ ഏതെല്ലാം?
2. സഭയെ രൂപപ്പെടുത്തുന്നതിൽ യരുശലേം സുന്നഹദോസ് വഹിച്ച പങ്ക് എന്ത്?
3. അപ്പൊസ്തോലിക പിതാക്കന്മാർ ആരെല്ലാം?
4. വിശ്വാസ സമർത്ഥകരുടെ പ്രധാന പ്രതിവാദ്യവിഷയങ്ങൾ എന്തെല്ലാമായിരുന്നു.

## പ്രവർത്തനങ്ങൾ

1. റോമർ 12:6-8, എഫേസ്യർ 4:11 എന്നിവ വായിച്ച് സഭാ ഭരണക്രമങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഡയറിയിൽ കുറിച്ചുവയ്ക്കുക.
2. ആദിമ സഭാജീവിതശൈലിയെ ഇന്നത്തെ സഭാജീവിതശൈലിയുമായി താരതമ്യം ചെയ്യുക.
3. അപ്പൊസ്തോലിക പിതാക്കന്മാരെയും വിശ്വാസ സമർത്ഥകരെയും തമ്മിൽ താരതമ്യം ചെയ്യുക.

## നമുക്ക് ഓർക്കാം

കപടഭക്തിക്കാരുടെപോലെ നിങ്ങളുടെ ഉപവാസം തിങ്കളാഴ്ചയും, വ്യാഴാഴ്ചയും ആകരുത്. നിങ്ങൾ ബുധനും, വെള്ളിയും ഉപവസിക്കുക. (ഡിഡാകെ. 8:1)

## നമുക്ക് പാടാം

(വിവാഹശുശ്രൂഷയിൽനിന്ന്)

വി. കൂദാശാക്രമം നോക്കുക

സഭയോതുന്നെന്നേ മൂന്ന് - കോട്ടകൾ ചുറ്റുന്നു
വഞ്ചകനാം ദുഷ്ടാത്മാവിങ്ങുള്ളിൽ പൂകീ-ടാ
ബന്ധിച്ചവയാ-ണന്യോന്യം മൂന്നും
കോട്ടകളിടയിൽ സ്ഥലമില്ലിവ പാർത്താൽ
താതസുതാമല റൂഹായാം - ഏകത്വം ത്രിത്വം
മഹിമയെഴും മണവാട്ടി സമം- മദ്ധ്യേ മേവുന്നേൻ
ഹാലേലൂയ്യാ - ഉ - ഹാലേലുയ്യാ...

### നിശ്ചയം

**വിശ്വാസ വിപരീതങ്ങളോട് ഞങ്ങൾ ചേരുകയില്ല.**
**സഭയുടെ സത്യവിശ്വാസത്തിൽ എന്നും ഞങ്ങൾ ഉറച്ചുനിൽക്കും.**

## നമുക്കു പ്രാർത്ഥിക്കാം

(പ്രാർത്ഥനാ ക്രമം പേജ് 57. കൂദോശ്ഈത്തോ ഞായറാഴ്ച സന്ധ്യാനമസ്കാരത്തിലെ ഒരു പ്രാർത്ഥന)

*കർത്താവേ നിന്റെ സമാധാനം നിന്റെ സഭയിൽ നിലനിൽക്കുമാറാകണമെ. നിന്റെ സ്നേഹത്തെ അതിന്റെയുള്ളിൽ കലർത്തണമേ. കലഹങ്ങളും ശണ്ഠകളും ദുസ്തർക്കങ്ങളും അതിൽനിന്ന് നീക്കിക്കളയണമേ. കർത്താവേ നിന്റെ കുരിശുമരണത്തിന്റെ പുണ്യമുള്ള രക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന ആടുകളെ ശരിയായിട്ട് മേയിപ്പാനും ഭരിപ്പാനുംവേണ്ടി പട്ടക്കാരേയും മേൽപ്പട്ടക്കാരേയും രാജാക്കന്മാരേയും ഉദ്യോഗസ്ഥന്മാരേയും നീ ബോധ ജ്ഞാനമുള്ളവരാക്കിത്തീർക്കണമേ. മൊറിയോ റാഹേം............*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | അപ്പൊ. 15: 6-21 |
| തിങ്കൾ | മത്താ. 18: 19-20 | അപ്പൊ. 10: 17-23 |
| ചൊവ്വ | മത്താ. 16: 18-20 | 1 തീമൊ. 3: 1-16 |
| ബുധൻ | ഫിലിപ്യ. 3: 1-6 | റോമ. 12: 6-8 |
| വ്യാഴം | എഫേസ്യ. 4: 1-11 | 1 കോരി. 12 |
| വെള്ളി | ഗലാത്യ. 1 | ഗലാത്യ. 2 |
| ശനി | ഗലാത്യ. 3 | ഗലാത്യ. 4 |
| ഞായർ | ഗലാത്യ. 5,6 | - |

പാഠം 17

# വിശുദ്ധ സഭ അഞ്ചാം നൂറ്റാണ്ടുവരെ

**പീഡകൾ, സുന്നഹദോസുകൾ**

## പഠനോദ്ദേശ്യങ്ങൾ

ആദിമ സഭ പീഡനങ്ങളിലും, വിരുദ്ധോപദേശങ്ങളിലും തളർന്നുപോകാതെ നേടിയ വളർച്ചയെക്കുറിച്ച് മനസ്സിലാക്കുക. സഭ ഇന്ന് നേരിടുന്ന വേദവിപരീതങ്ങളെ എതിർക്കുകയും, സത്യവിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** സഹോദരന്മാരെ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്ന് മാറുവിൻ (റോമർ 16:17).

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം

## ആമുഖം

സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് ചിതറിപ്പോയ വിശ്വാസികൾ ചെന്നിടങ്ങളിലെല്ലാം സഭാ പ്രചാരകരായി. ഇത് സഭയുടെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിച്ചു. അതോടൊപ്പം വിവിധ പ്രതിബന്ധങ്ങളും സഭയിൽ ഉണ്ടായി. അവയാണ് സഭാ പീഡനങ്ങളും, വിശ്വാസ വിപരീതങ്ങളും. സഭ നേരിട്ട ഈ പീഡനങ്ങളും വിശ്വാസ വിപരീതങ്ങളും ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

ആദ്യ അഞ്ച് നൂറ്റാണ്ടുകളിൽ കലുഷിതമായ അന്തരീക്ഷമായിരുന്നു ആദിമസഭ നേരിട്ടത്. പീഡനങ്ങളും, വിരുദ്ധോപദേശങ്ങളും, ചില സുന്നഹദോസുകളും സഭയ്ക്ക് നേരിട്ട അഗ്നിപരീക്ഷകൾ തന്നെയായിരുന്നു. ഇവ എന്തൊക്കെയെന്ന് പരിശോധിക്കാം.

### പീഡനങ്ങൾ

ക്രൈസ്തവ സഭയുടെ ആരംഭം മുതൽക്കെ സഭയ്ക്ക് പീഡനങ്ങൾ ഉണ്ടായിട്ടുണ്ട്. 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇതിനൊരു ശമനം ഉണ്ടായത്. ക്രൈസ്തവർ നേരിട്ട പീഡനങ്ങളെ രണ്ടായി തിരിക്കാം.

1) യെഹൂദന്മാരിൽനിന്നുള്ളത്   2) റോമാ ചക്രവർത്തിമാരിൽനിന്നുള്ളത്

### 1) യെഹൂദന്മാരിൽനിന്നുള്ളത്

ക്രൈസ്തവ സഭയ്ക്ക് ആദ്യം പീഡനങ്ങൾ നേരിട്ടത് യഹൂദന്മാരിൽനിന്നു തന്നെയാണ്. ക്രിസ്തുമതം തങ്ങളുടേതിൽനിന്ന് വിഭിന്നമാണെന്ന് മനസ്സിലാക്കിയ അവർ വിവിധ

തരത്തിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. ശിഷ്യന്മാരടക്കമുള്ളവർ രക്തസാക്ഷിമരണം പ്രാപിച്ചത് ഇവർ മൂലമാണ്.

**2) റോമാചക്രവർത്തിമാരിൽ നിന്നുള്ളത്**

ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ ഇവർ പിന്നോക്കമായിരുന്നു. റോമാ ചക്രവർത്തിമാർ പിന്നീട് അതിശക്തമായി ക്രിസ്ത്യാനികൾക്കെതിരെ തിരിഞ്ഞു. ക്രിസ്ത്യാനികൾ നേരിട്ട ഏറ്റവും വലിയ പീഡനപരമ്പരയായിരുന്നു റോമാ ചക്രവർത്തിമാരിൽനിന്നുണ്ടായത്. റോമാചക്രവർത്തിമാർ ക്രിസ്ത്യാനികൾക്കെതിരെ തിരിയാനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

റോമാ ചക്രവർത്തിയോടും സാമ്രാജ്യത്തോടും ക്രിസ്ത്യാനികൾക്ക് വിധേയത്വമില്ലെന്ന സംശയം.

റോമൻ ദൈവങ്ങൾക്ക് ബലിയർപ്പിക്കാനുള്ള ക്രിസ്ത്യാനികളുടെ വിസമ്മതം

ക്രിസ്ത്യാനികളുടെ സൈനികസേവന വിമുഖത

ക്രിസ്ത്യാനികളുടെ വ്യത്യസ്തമായ ആരാധനയെക്കുറിച്ച് പരന്ന ദുർവ്യാഖ്യാനങ്ങൾ

ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഡനങ്ങൾക്ക് നേതൃത്വം നൽകിയ പ്രധാന ചക്രവർത്തിമാരാണ് നീറോ, ഡൊമീഷ്യൻ, ട്രോജൻ, ആന്റോണിയസ് പയസ്, മാർക്കസ് ഔറേലിയസ്, സെപ്റ്റിമസ്, സേവേറസ്, മാക്സിമസ്, ഡീഷ്യൻ വലേറിയൻ, ഡയോക്ലീഷൻ തുടങ്ങിയവർ.

എ. ഡി. 313-ൽ കുസ്തന്തീനോസ് രാജാവ് നടത്തിയ മിലാൻ വിളംബരത്തോടെ ക്രിസ്ത്യാനികൾക്ക് അതുവരെ നേരിട്ട എല്ലാ പീഡനങ്ങളിൽനിന്നും മോചനമായി. എന്നാൽ ഈ പീഡകൾ ക്രൈസ്തവരുടെ കെട്ടുറപ്പും ഐക്യവും വർദ്ധിപ്പിച്ചു. സഭയുടെ ശക്തമായ വ്യാപനവും നിരവധി ഗ്രന്ഥങ്ങളുടെ രൂപീകരണവും ഇക്കാലത്ത് ഉണ്ടായി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ആദിമ സഭയിൽ ക്രിസ്ത്യാനികൾ അഭിമുഖീകരിച്ച പീഡകൾ ഏതെല്ലാം?
2. റോമാ ചക്രവർത്തിമാർ സഭയെ പീഡിപ്പിക്കുവാനുള്ള കാരണങ്ങൾ എന്തെല്ലാം?
3. പീഡനങ്ങൾക്ക് നേതൃത്വം നൽകിയ ചക്രവർത്തിമാർ ആരെല്ലാം?

**വേദവിപരീതങ്ങളും സഭാഭിന്നതകളും**

ക്രൈസ്തവസഭയുടെ ആരംഭം മുതൽക്കേ പല വേദവിപരീതങ്ങളും വിശ്വാസ ഭിന്നതകളും സഭയെ അലട്ടിയിരുന്നു. ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ ഇവയുടെ ശക്തി വർദ്ധിച്ചു. ഇവ സത്യവിശ്വാസത്തിൽനിന്നു വളരെയേറെപ്പേരെ സഭയിൽ നിന്നും അടർത്തിയെടുക്കുന്നതിന് കാരണമായി. പ്രധാന വേദവിപരീതങ്ങൾ ചുവടെ ചേർക്കുന്നു.

ജ്ഞാന മതം - ജ്ഞാന സമ്പാദനത്താൽ രക്ഷ സാധ്യം

മൊണ്ടാന മതം - പരിശുദ്ധാത്മാവ് താനാണെന്ന വാദം (മൊണ്ടാനസ്)

മൈലിത്തിയോസ് ശീശ്മ ഡൊനാറ്റിസം - ക്രിസ്തുമതം വിട്ടുപോയവരെ സ്വീകരിക്കരുതെന്ന വാദം.

മാണിക്കയനിസം - ശരീരവും, ശാരീരിക പ്രവർത്തനങ്ങളും പൂർണ്ണമായും തിന്മയാണ്.
മൊണാർക്കിയനിസം - യേശുക്രിസ്തുവിൽ വിവിധ സ്വഭാവങ്ങളില്ല, യേശു ഏകനാണ്.
ഭിന്നതകൾക്ക് കാരണമായ ഇവ സഭയെ സാർവ്വത്രിക സുന്നഹദോസുകളിലേക്ക് നയിച്ചു.

## സാർവ്വത്രിക സുന്നഹദോസുകൾ

സഭാഭിന്നതകൾ റോമാസാമ്രാജ്യത്തിനകത്തും പുറത്തും അലയൊലികൾ സൃഷ്ടിച്ചു. ചക്രവർത്തിമാരുടെയും രാഷ്ട്രീയാധികാരികളുടെയും അനിയന്ത്രിതമായ ഇടപെടലുകൾ സഭയിലുണ്ടാകാൻ ഇത് കാരണമായി. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സഭയിലെ സാർവ്വത്രിക സുന്നഹദോസുകൾ. മൂന്ന് സാർവ്വത്രിക സുന്നഹദോസുകളാണ് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ അംഗീകരിച്ചിരിക്കുന്നത്.

## നിഖ്യാ സുന്നഹദോസ് (AD 325)

AD 325-ൽ കൂടിയ ഈ സുന്നഹദോസ് സഭയിലെ പ്രഥമ സാർവ്വത്രിക സുന്നഹദോസ്. കുസ്തന്തീനോസ് ചക്രവർത്തി വിളിച്ചുകൂട്ടിയ ഇതിൽ 318 പിതാക്കന്മാർ പങ്കെടുത്തു. അലക്സാൻഡ്രിയൻ സഭയിലെ ഒരു പ്രഗല്ഭ സന്യാസ പട്ടക്കാരനായ അറിയൂസിന്റെ വേദവിപരീതത്തെക്കുറിച്ച് ചർച്ച ചെയ്യാനാണ് ഇത് കൂടിയത്.

## അറിയൂസിന്റെ വേദവിപരീതം

പുത്രൻ പിതാവിനോട് സമനല്ല, പുത്രനും പരിശുദ്ധാത്മാവും കുറവുള്ളവരാണ്, പുത്രൻ ഉണ്ടാക്കപ്പെട്ടവനാകയാൽ നിത്യനല്ല, പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ട്, പിതാവ് മാത്രമാണ് യഥാർത്ഥ ദൈവം, അതുകൊണ്ട് പുത്രൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമല്ല. അറിയൂസിന്റെ വാദങ്ങളെ നിരാകരിച്ച സുന്നഹദോസ് വിശ്വാസപ്രമാണത്തിന്റെ ആദ്യ രണ്ട് ഖണ്ഡികകൾ രൂപീകരിച്ചു. കൂടാതെ മറ്റുചില കാനോനുകളും (സഭാനിയമങ്ങൾ) ഇതിൽ പാസ്സാക്കി.

## കുസ്തന്തീനോപ്പോലീസ് സുന്നഹദോസ് (AD 381)

നിഖ്യാ സുന്നഹദോസിന്റെ തീരുമാനങ്ങളെ കുറേക്കൂടി ശക്തമായി ഉറപ്പിക്കുന്നതിനും ലവോദിക്യയിലെ ബിഷപ്പായിരുന്ന അപ്പോലിനേറിയസിന്റെയും കുസ്തന്തീനോപ്പോലീസിലെ മെത്രാനായ മക്കദോന്യസിന്റെയും (മാസിഡോണിയനിസം) വേദവിപരീതങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻവേണ്ടി കൂടിയ സുന്നഹദോസ്. AD 381-ൽ തേവോദോസ്യോസ് ചക്രവർത്തിയാണ് ഇതിന് നേതൃത്വം നൽകിയത്. 150 പിതാക്കന്മാർ പങ്കെടുത്തെന്ന് വിശ്വസിക്കപ്പെടുന്ന ഇതിന്റെ തീരുമാനങ്ങളിൽ 148 പേർ ഒപ്പിട്ടിട്ടുണ്ട്. ഇതിൽ നിഖ്യാ വിശ്വാസപ്രമാണം അല്പം പരിഷ്കാരങ്ങളോടെ വീണ്ടും സ്ഥിരപ്പെടുത്തുകയും അടുത്ത ഖണ്ഡിക കൂടി ചേർക്കുകയും ചെയ്തു. മറ്റ് ഏതാനും കാനോനുകളും ഇതിൽ പാസാക്കി.

## അപ്പോലിനേറിയനിസം

ക്രിസ്തു പൂർണ്ണദൈവം മാത്രമാണ്. ക്രിസ്തുവിന് മനുഷ്യത്വത്തിന്റെ പ്രതീകമായ ശരീരം, മനസ്സ്, ആത്മാവ് ഇവ ഇല്ല.

### മാസിയോണിയനിസം

പരിശുദ്ധാത്മാവ്, ദൈവമല്ല പിതാവിനെക്കാളും, പുത്രനേക്കാളും വ്യത്യസ്തനും കുറവുള്ളവനുമാണ്.

### എഫേസൂസ് സുന്നഹദോസ് (AD 431)

എ. ഡി. 431-ൽ വാലന്റീനിയിൻ ചക്രവർത്തി എഫേസൂസിൽ വിളിച്ചുകൂട്ടിയ സുന്നഹദോസാണിത്. 198 പിതാക്കന്മാർ ഇതിൽ പങ്കെടുത്തു. കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായ നെസ്തോറിയസിന്റെ വേദവിപരീതത്തെ തള്ളുകയായിരുന്നു ഇതിന്റെ ലക്ഷ്യം. നെസ്തോറിയോസിന്റെ ഉപദേശത്തെ തള്ളിയ സുന്നഹദോസ് കന്യകമറിയാം ദൈവമാതാവെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

### നെസ്തോറിയനിസം

കന്യകമറിയാമിനെ 'ദൈവമാതാവെന്നല്ല' 'ക്രിസ്തു മാതാവ്' എന്നേ വിളിക്കാൻ പാടുള്ളു. ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും വ്യത്യസ്തമായി നിലകൊള്ളുന്നു.

## നമുക്ക് ചിന്തിക്കാം

1. ആദിമസഭ നേരിട്ട പ്രധാന വേദവിപരീതങ്ങൾ ഏവ?
2. പ്രധാന സാർവ്വത്രിക സുന്നഹദോസുകൾ ഏവ?
3. സാർവ്വത്രിക സുന്നഹദോസുകൾ കൂടിയതിന്റെ ഉദ്ദേശ്യമെന്തായിരുന്നു?
4. സാർവ്വത്രിക സുന്നഹദോസുകളിലെ ചർച്ചാവിഷയങ്ങളും തീരുമാനങ്ങളും എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. ആദിമ സഭ നേരിട്ട പീഡനങ്ങളെ ഇന്ന് ക്രൈസ്തവസഭ നേരിടുന്ന പ്രശ്നങ്ങളുമായി താരതമ്യം ചെയ്യുക (ഒരു സഭാപണ്ഡിതനുമായി ഒരു അഭിമുഖം നടത്തി വിവരശേഖരണം നടത്തുക)
2. സഭയിലുണ്ടായ വേദവിപരീതങ്ങളെ എങ്ങനെ ഇന്നത്തെ പരിതസ്ഥിതിയിൽ വിലയിരുത്താം.
3. നിങ്ങൾ ആദിമ സഭാപീഡനങ്ങളുടെയും, വേദവിപരീതങ്ങളുടെയും സമയത്ത് ജീവിച്ചിരുന്ന ആളാണെന്ന് കണക്കാക്കുക. ഇവയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുമായിരുന്നു?

## നമുക്ക് ഓർക്കാം

'86 വർഷം ഞാനവനെ (ക്രിസ്തുവിനെ) സേവിച്ചു. അവനിതുവരെയും എന്നോടൊന്നും അന്യായമായി പ്രവർത്തിച്ചിട്ടില്ല. അങ്ങനെയെങ്കിൽ എന്നെ വീണ്ടെടുത്ത എന്റെ രാജാവിനെ എനിക്കെങ്ങനെ തള്ളിപ്പറയാൻ കഴിയും' - സ്മിർണ്ണായിലെ പോളിക്കാർപ്പോസ്

## നമുക്ക് പാടാം

(കൂദോശ് ഈത്തോ ഞായറാഴ്ച വി. കുർബ്ബാനയിൽ ആലപിക്കുന്ന കാമ്പോലിക്കി ഗീതം) (വിണ്ണലകിന്നരചൻ.... എന്ന രീതി)

കീപ്പാമേൽ-മോ-റാൻ-സ്ഥാപിച്ചാൻ-പള്ളി
ഉച്ചത്തിൽ-കു-ർദു-ശൈലത്തേ വെല്ലും
മേലാകാ-ശ-ത്തിൽ-മേവീടും ശില്പി
പന്തീരാ-റാ-കും-സ്തംഭത്തിൽ നിർത്തി
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
പള്ളിയ്ക്കുൾ-പീ-ഠം-നിർമ്മിച്ചോൻ ധന്യൻ.

(പത്രോസിന്മേൽ യേശു സഭയെ സ്ഥാപിച്ചു. കുർദുപർവ്വതത്തേക്കാൾ അധികം ഉയരത്തിൽ വസിക്കുന്ന നിർമ്മാതാവ് പന്ത്രണ്ട് തൂണിൽ സഭയെ നിർത്തി. പള്ളിയ്ക്കുള്ളിൽ യാഗപീഠം ഉണ്ടാക്കിയവൻ മഹത്വമുള്ളവനാകുന്നു.)

### നിശ്ചയം

**സഭയെ തളർത്തുന്ന ആന്തരീകവും ബാഹ്യവുമായ ശക്തികളിൽ നിന്നും, വിശ്വാസവിപരീതങ്ങളിൽ നിന്നും സഭയെ സംരക്ഷിച്ച് സഭയുടെ ഉന്നമനത്തിനായി ഞങ്ങൾ പ്രവർത്തിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(നിത്യാപ്രാർത്ഥനാക്രമം പേജ് 57. കൂദോശ് ഈത്തോ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയിലെ ഒരു പ്രാർത്ഥന)

*സത്യപ്രകാശമായവന്റെ മണവാട്ടിയായ വിശുദ്ധ സഭേ. നിനക്ക് ഭാഗ്യം. നിന്റെ മണവാളൻ മരണമില്ലാത്തവനാകുന്നു. അവന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന സഭയേ അവനു സ്തുതിപാടുക. അവൻ നിനക്കുവേണ്ടി തന്നെത്തന്നെ ബലികഴിക്കുകയും നിന്റെ പ്രജകളുടെ പാപപരിഹാരത്തിനു വേണ്ടി അവന്റെ ശരീരം ഭക്ഷണവും അവന്റെ രക്തം പാനീയവുമായിട്ട് നിനക്ക് തരികയും ചെയ്തുവല്ലോ. ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | അപ്പൊ. 1 |
| തിങ്കൾ | അപ്പൊ. 2 | അപ്പൊ. 3 |
| ചൊവ്വ | അപ്പൊ. 4 | അപ്പൊ. 5 |
| ബുധൻ | അപ്പൊ. 6 | അപ്പൊ. 7 |
| വ്യാഴം | അപ്പൊ. 8 | അപ്പൊ. 9 |
| വെള്ളി | അപ്പൊ. 10 | അപ്പൊ. 11 |
| ശനി | അപ്പൊ. 12 | അപ്പൊ. 13 |
| ഞായർ | അപ്പൊ. 14 | – |

പാഠം 18

# മലങ്കര സഭ 9-ാം നൂറ്റാണ്ടുവരെ

**(ക്രൈസ്തവ കുടിയേറ്റങ്ങൾ)**

## പഠനോദ്ദേശ്യങ്ങൾ

മലങ്കര സഭയിൽ നടന്ന ആദിമ ക്രൈസ്തവ കുടിയേറ്റങ്ങളെപ്പറ്റി മനസ്സിലാക്കുക. അവയിലൂടെ സഭയുടെ തനിമയെപ്പറ്റി ഗ്രഹിക്കുക. അവ ജീവിതത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്തു എത്തുവോളം നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്ന് നിങ്ങൾ കണ്ടുവല്ലോ (ആവർത്തനം 1:31).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം

## ആമുഖം

ഇന്ത്യയിൽ അനേകം വിദേശ ആക്രമണങ്ങൾ നടന്നിട്ടുള്ളതായി നമുക്കറിയാം. ഈ വിദേശികളിൽ പലരും കച്ചവടവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെത്തിയവരാണ്. ഇവരുടെ സംസ്കാര സ്വാധീനങ്ങൾ ഇന്നും നമ്മുടെ ഇടയിലുണ്ട്. ഇതിന് സമാനമായി മലങ്കര ക്രൈസ്തവരുടെ ഇടയിൽ സംഭവിച്ച പ്രധാനപ്പെട്ട രണ്ട് പേർഷ്യൻ കുടിയേറ്റങ്ങളുണ്ട്. മലങ്കരയുടെ മാർത്തോമൻ പൈതൃകത്തെ അരക്കിട്ടുറപ്പിക്കുന്ന ഇവയെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

നാലും, ഒമ്പതും നൂറ്റാണ്ടുകളിലാണ് സുപ്രധാനങ്ങളായ ക്രൈസ്തവ കുടിയേറ്റങ്ങൾ മലങ്കരയിൽ സംഭവിച്ചത്. ക്നായിത്തൊമ്മൻ, സാബോറീശോ എന്നിവരുടെ നേതൃത്വത്തിൽ AD 345, AD 825 കാലഘട്ടങ്ങളിലായിരുന്നു ഇവ. പേർഷ്യയും, ഭാരതവും തമ്മിൽ നിലനിന്നിരുന്ന വാണിജ്യബന്ധങ്ങളും, ഇരു സ്ഥലങ്ങളിലേയും ക്രൈസ്തവ പൈതൃകവുമാണ് ഇവരെ ഇവിടേക്ക് ആകർഷിച്ചത്.

### 1. ഒന്നാം പേർഷ്യൻ കുടിയേറ്റം (AD 345)

നാലാം നൂറ്റാണ്ടിൽ സാപ്പോർ രണ്ടാമൻ രാജാവിന്റെ കാലത്ത് (AD 309-370) പേർഷ്യയിൽ ക്രൈസ്തവർക്കെതിരെ ശക്തമായ ഒരു പീഡനം ഉണ്ടായി. ഈ പീഡനത്തിൽ

നിന്ന് രക്ഷപെടുവാനായി അന്ന് മലങ്കരയുമായി വാണിജ്യബന്ധമുണ്ടായിരുന്ന ക്നായി ത്തോമ്മാ എന്നൊരു വാണിജ്യപ്രമുഖന്റെ നേതൃത്വത്തിൽ AD 345-ൽ ഒരു സംഘം മലങ്കര യിലേക്ക് കുടിയേറി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും അടങ്ങിയ ഈ സംഘത്തിൽ മാർ യൗസേഫ് എന്ന മെത്രാനും, രണ്ട് കശ്ശീശ്ശന്മാരും, രണ്ട് ശെമ്മാശന്മാരും ഉൾപ്പെടെ ഏഴ് ഗോത്രങ്ങളിലെ 72 കുടുംബങ്ങളിൽനിന്നായി 400 ആളുകളുണ്ടായിരുന്നു.

ഇവർ കൊടുങ്ങല്ലൂരിൽ എത്തുകയും അന്നത്തെ ഭരണാധികാരിയായിരുന്ന ചേരമാൻ പെരുമാളിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു. ഇവരുടെ വാണിജ്യമികവും, ഉത്സാ ഹവും മൂലം മലങ്കരയിലെ ക്രൈസ്തവർക്കനുയോജ്യമായ സ്വാതന്ത്ര്യവും അധികാരവും ഇവർക്ക് ലഭിക്കുന്നതിനിടയാക്കി. "ക്നായിത്തൊമ്മൻ ചെപ്പേട്" എന്നത് ഇവർക്ക് ലഭിച്ച ഈ അധികാരാവകാശങ്ങളായിരുന്നു. കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്ത് ഇവർ താമസി ച്ചതിനാൽ "തെക്കും ഭാഗക്കാർ" എന്നും ഇവർ അറിയപ്പെടുന്നു. ഇന്നത്തെ ക്നാനായ വിഭാഗക്കാർ ഇവരുടെ പിൻഗാമിത്വം അവകാശപ്പെടുന്നവരാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കേരളത്തിൽ സംഭവിച്ച പ്രധാന ക്രൈസ്തവ കുടിയേറ്റങ്ങൾ ഏവ?
2. ക്നായിത്തൊമ്മൻ കുടിയേറ്റത്തിന്റെ കാരണങ്ങളും പ്രത്യേകതകളും ഏവ?
3. 'തെക്കും ഭാഗക്കാർ' എന്ന പേര് എങ്ങനെയുണ്ടായി?

## രണ്ടാം പേർഷ്യൻ കുടിയേറ്റം (AD 825)

ഒമ്പതാം നൂറ്റാണ്ടിൽ സാബോറീശോ എന്ന കച്ചവട പ്രമാണിയുടെ നേതൃത്വത്തിൽ മലങ്കരയിലുണ്ടായ മറ്റൊരു പ്രധാന കുടിയേറ്റമാണിത്. മാർ സാപ്പോർ, മാർ പ്രോദ് എന്നീ രണ്ട് മെത്രാന്മാരും ഇദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നതായി കണക്കാക്കുന്നു. ഇവരിൽ മാർ സാബോർ ഉദയംപേരൂരും, മാർ പ്രോദ് കൊല്ലത്തും താമസമായി രണ്ടാം പേർഷ്യൻ കുടിയേറ്റത്തിൽ ആദ്യ കുടിയേറ്റത്തിനൊപ്പം ആൾബലമില്ലായിരുന്നു. ഇവർക്ക് ലഭിച്ച അധികാരവകാശങ്ങളാണ് തരീസ്സാപള്ളി ചെപ്പേടുകളിൽ കാണുന്നത്. AD 925-ൽ, കൊല്ലത്ത് ഇവരെ പരിശുദ്ധന്മാരായി പരിഗണിക്കുകയും ഇവരുടെ നാമത്തിൽ പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് പോർട്ടുഗീസുകാർ (കത്തോലിക്കർ) ഇതിനെ നിരോധിച്ച് ഈ പള്ളികളുടെ പേരുകൾ 'കാദീശാ' എന്നാക്കി. (ഉദാ. കൊല്ലം, കായംകുളം കാദീശാ പള്ളികൾ)

## പേർഷ്യൻ കുടിയേറ്റങ്ങളുടെ പ്രാധാന്യം

മലങ്കരയുടെ മാർത്തോമ്മൻ പാരമ്പര്യത്തെ ശക്തമാക്കി. (പേർഷ്യൻ സഭയും, മാർത്തോമായാൽ സ്ഥാപിതമായതാണ്)

മലങ്കരയിലെ ക്രിസ്ത്യാനികളുടെ സാമൂഹ്യ നിലവാരം

മലങ്കരയിൽ നിലവിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സാമൂഹ്യ ഉയർച്ചയെസൂചി പ്പിക്കുന്നു.

കൊല്ലവർഷത്തിന്റെ രൂപീകരണം

ക്രിസ്തുമത പ്രചാരത്തിന്റെ വ്യാപ്തി

പേർഷ്യാ-ഭാരത വാണിജ്യ ബന്ധത്തിന്റെ ആഴം ശക്തമാക്കി.

## നമുക്ക് ചിന്തിക്കാം

1. രണ്ടാം പേർഷ്യൻ കുടിയേറ്റം വിശദീകരിക്കുക?
2. കൊല്ലവർഷം എന്നാലെന്ത്?
3. ഇന്നത്തെ 'കാദീശാപ്പള്ളി'കളുടെ പൂർവ്വനില എന്തായിരുന്നു?
4. മലങ്കരയിലെ പേർഷ്യൻ കുടിയേറ്റങ്ങളുടെ പ്രാധാന്യം വിവരിക്കുക.

## പ്രവർത്തനങ്ങൾ

1. ഭൂപടത്തിൽ പേർഷ്യയുടെ സ്ഥാനവും, കുടിയേറ്റക്കാർ മലങ്കരയിൽ എത്തിയ വിധവും മനസ്സിലാക്കുക.
2. പേർഷ്യൻ കുടിയേറ്റങ്ങളെ ആസ്പദമാക്കി ഒരു നാടകം അവതരിപ്പിക്കുക.
3. 'കാദീശാപ്പള്ളി'കൾ സന്ദർശിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.

## നമുക്ക് ഓർക്കാം.....

"ഈ സഭ പരിശുദ്ധ തോമ്മാശ്ലീഹായുടെ സത്യപ്രഖ്യാപനത്തിൽ ഉറച്ചു നില്ക്കുക യാണ് ചെയ്തിട്ടുള്ളത്. കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പീഡനങ്ങൾ സഭയെ തളർത്തുന്നതിന് പകരം സഭാമക്കളുടെ വിശ്വാസത്തിന് ആക്കം കൂട്ടുന്നതിൽ സഹായമായി." -പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ.

## നമുക്ക് പാടാം

(ഹൂദോസ് ഈത്തോ ഞായറാഴ്ച വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ചൊല്ലുന്ന ഗീതം. വി. കുർബ്ബാനക്രമം പേജ് 260) (അഗ്ന്യാത്മീയന്മാരീറേരും........ എന്ന രീതി)

മശിഹായോ-ടേവം സഭചൊല്ലി
വേശ്യാസ്ത്രീ ഞാൻ ദുർവൃത്ത
നിൻപ്രിയായ്-തിർക്കണമെന്നേ നീ-
പരിശുദ്ധാ, പരിശുദ്ധസുതാ
എന്നെ നിർമ്മലയാക്കണമേ
താനുത്തരമവളോടരുളി
മാമോദീസാ വെള്ളത്തിൽ
മുങ്ങിപ്പാവനയായ് നീയെൻ
മണവാട്ടിസ്ഥാനം കൊൾക.

(സഭ മശിഹായോട് പറഞ്ഞു. ഞാൻ പാപിയും ദുർമാർഗ്ഗിയുമാണ്. പരിശുദ്ധനായ പുത്രാ എന്നെ നിന്റെ സ്നേഹിതയാക്കി തീർക്കണമെ. എന്നെ വിശുദ്ധിയുള്ളവളാക്ക

ണമേ. അതിനു മറുപടിയായി കർത്താവു പറഞ്ഞു: നീ മാമോദീസാ വെള്ളത്തിൽ മുങ്ങി വിശുദ്ധയായി എന്റെ മണവാട്ടിയാകുക.)

**നിശ്ചയം**

**ആദിമ ക്രൈസ്തവ കുടിയേറ്റങ്ങൾ ഞങ്ങൾ മനസ്സിലാക്കി. അവയിലൂടെ പഠിച്ച നല്ല ആശയങ്ങൾ ഞങ്ങൾ ജീവിതത്തിൽ കാത്തുസൂക്ഷിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(നിത്യപ്രാർത്ഥനാക്രമം പേജ് 57. കൂദോശ് ഈത്തോ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയിലെ പ്രാർത്ഥന നമ്മൾ കഴിഞ്ഞ പാഠത്തിൽ പ്രാർത്ഥിച്ചല്ലോ. ഇതാ മറ്റൊരു പ്രാർത്ഥന)

*കർത്താവേ, വിശുദ്ധ സഭയേയും അതിന്റെ പ്രജകളേയും നിന്റെ സ്ലീബായാൽ കാത്തുകൊള്ളണമേ. നിബിയന്മാരിലും ശ്ലീഹന്മാരിലും വസിച്ച് അവരെക്കൊണ്ട് സംസാരിപ്പിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് സഭയിൽവന്ന് വേർപെട്ടിരിക്കുന്ന ഞങ്ങളുടെ പിതാക്കന്മാരുടെയും, സഹോദരന്മാരുടെയും സകല മരിച്ചുപോയവരുടേയും പാപങ്ങൾക്കു പരിഹാരമുണ്ടാക്കി, നിന്റെ രാജ്യത്തിൽ ജീവന്റെ പുസ്തകത്തിൽ അവരുടെ പേരുകൾ എഴുതണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | അപ്പൊ 15 |
| തിങ്കൾ | അപ്പൊ 16 | അപ്പൊ17 |
| ചൊവ്വ | അപ്പൊ 18 | അപ്പൊ 19 |
| ബുധൻ | അപ്പൊ 20 | അപ്പൊ 21 |
| വ്യാഴം | അപ്പൊ 22 | അപ്പൊ 23 |
| വെള്ളി | അപ്പൊ 24 | അപ്പൊ 25 |
| ശനി | അപ്പൊ 26 | അപ്പൊ 27 |
| ഞായർ | അപ്പൊ 18 | – |

പാഠം 19

# മലങ്കര സഭ പത്താം നൂറ്റാണ്ടുവരെ

**(ചെപ്പേടുകൾ)**

## പഠനോദ്ദേശ്യങ്ങൾ

കേരളത്തിലെ ക്രിസ്ത്യാനികൾക്ക് പൂർവ്വകാലങ്ങളിലുണ്ടായിരുന്ന സമുന്നത സ്ഥാനം മനസിലാക്കുക. ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും അതിനനുസരണമായി ജീവിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** വി. യോഹന്നാൻ 10:11,12 ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതുകണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നു.

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം.

## ആമുഖം

ഇന്ന് നമ്മുടെ ഗവൺമെന്റ് ഉത്തരവുകൾ പേപ്പറുകളിൽ അച്ചടിച്ചാണല്ലോ നമുക്ക് ലഭിക്കുന്നത്. എന്നാൽ മുൻകാലങ്ങളിൽ അങ്ങനെയായിരുന്നില്ല. രാജാക്കന്മാരുടെ ഉത്തരവുകളും അധികാര നിയോഗങ്ങളും ഓലകളിൽ എഴുതിയോ ശിലാഫലകങ്ങളായോ ചെമ്പ് തകിടുകളായോ (ചെപ്പേട്) ആണ് നൽകപ്പെട്ടിരുന്നത്. അത്തരത്തിൽ കേരള ക്രൈസ്തവർക്ക് നാല് ചെപ്പേടുകളാണ് ലഭിച്ചിട്ടുള്ളത്. അവയെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

കേരള സമൂഹത്തിൽ ഉന്നത സ്ഥാനീയരായിരുന്ന മലങ്കര നസ്രാണികൾക്ക് ഇവിടുത്തെ ഭരണാധികാരികളിൽനിന്നും നാല് ചെപ്പേടുകളാണ് ലഭിച്ചിട്ടുള്ളത്. ക്നായി തൊമ്മൻ, തരീസാപ്പള്ളി I, തരീസാപ്പള്ളി II, ഇരവിക്കോർത്തൻ എന്നിവയാണവ.

### ക്നായിതൊമ്മൻ ചെപ്പേട്

പേർഷ്യയിൽനിന്ന് കുടിയേറിയ ക്നായിതൊമ്മന് കൊച്ചേറ കോരൻ പെരുമാൾ നൽകിയതാണിതെന്ന് വിശ്വസിക്കപ്പെടുന്നു. ഇത് നൽകപ്പെട്ട വർഷത്തിന്റെ കാര്യത്തിൽ ചരിത്രകാരന്മാരുടെ ഇടയിൽ തർക്കമുണ്ട്. AD 345, 774, 882 തുടങ്ങിയവ ഈ ചെപ്പേടുമായി ബന്ധപ്പെടുത്തി പറയുന്നുണ്ട്. ഈ ചെപ്പേട് ഇന്ന് കൈമോശം വന്നിരിക്കുകയാണ്. ബ്രിട്ടീഷ് മ്യൂസിയത്തിൽ ഇതിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ (പോർച്ചുഗീസ് വിവർത്തനം)

ലഭ്യമാണ്. ഈ ചെപ്പേട് വഴി മഹാദേവൻ പട്ടണവും (കൊടുങ്ങല്ലൂർ) അതിലെ പള്ളിയും ചില പ്രത്യേക പദവികളും ക്നായിതോമ്മാക്കും സന്തതികൾക്കും നൽകിയിരുന്നു. അതുപോലെ ക്നായിതോമ്മായുടെ ബന്ധുക്കൾക്കും മതാനുയായികൾക്കും ചില പ്രത്യേക അവകാശങ്ങളും രാജകീയാധികാരങ്ങളും ഇതനുവദിക്കുന്നുണ്ട്.

## തരീസാപ്പള്ളി ചെപ്പേടുകൾ

തരീസാപ്പള്ളി ചെപ്പേടുകൾ രണ്ട് താമ്രശാസനങ്ങളാണ്. ഇവയിൽ ചില തകിടുകൾ നഷ്ടമായിട്ടുണ്ട്. അവശേഷിക്കുന്നവ ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെയും മാർത്തോമ്മാ സഭയുടെയും അധീനതയിലാണ്. വട്ടെഴുത്ത് ലിപിയിൽ എഴുതപ്പെട്ട ഇതിന്റെ ആദ്യ ചെപ്പേട് AD 849-ലും രണ്ടാമത്തേത് AD 883-ലുമാണ് നൽകപ്പെട്ടത്. അന്നത്തെ ഭരണാധികാരിയായ അയ്യൻ അടികൾ ആദ്യ ചെപ്പേട് കൊല്ലത്തുള്ള ഓർത്തഡോക്സ് വിശ്വാസികൾക്കും, രണ്ടാമത്തേത് യഹൂദാ ക്രിസ്ത്യാനികൾക്കുമായി നൽകിയതാണെന്ന് വിശ്വസിക്കപ്പെടുന്നു.

പ്രാചീന തമിഴ് ഭാഷയുടെ വകഭേദമാണ് വട്ടെഴുത്ത്. 6-14 നൂറ്റാണ്ടുകൾക്കിടയിൽ കേരളത്തിലും തമിഴ്നാട്ടിലും പ്രചാരത്തിലിരുന്നത് ഈ ഭാഷയാണ്.

ഈ ചെപ്പേടിലൂടെ അന്നത്തെ ക്രൈസ്തവരുടെ സാമൂഹികനില മനസ്സിലാക്കുവാൻ സാധിക്കുന്നു. ക്രൈസ്തവർക്ക് നിരവധി ഭരണ നീതിന്യായ അവകാശങ്ങളും അധികാരങ്ങളും നൽകിയ ചെപ്പേടുകളായിരുന്നു ഇവ. താഴ്ന്ന ജാതികളുടെ നിയന്ത്രണം, സ്ഥലങ്ങളുടെയും പള്ളികളുടെയും സംരക്ഷണം, നികുതി പിരിവ്, രാജാവിന്റെ പടയാളി എന്ന സ്ഥാനം, 72 ജന്മിത്വ അധികാരങ്ങൾ തുടങ്ങിയവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കേരളാ ക്രൈസ്തവർക്ക് ലഭിച്ച ചെപ്പേടുകൾ എന്തെല്ലാം?
2. ക്നായിതൊമ്മൻ ചെപ്പേട് ലഭിച്ചുവെന്നതിന് തെളിവുകൾ ഏതെല്ലാം?
3. ക്നായിതൊമ്മൻ ചെപ്പേടിലൂടെ ലഭിച്ച അധികാരാവകാശങ്ങൾ എന്തെല്ലാം?
4. വട്ടെഴുത്ത് എന്നാൽ എന്ത്?
5. തരീസാ ചെപ്പേടുകളെക്കുറിച്ച് ഒരു വിവരണം നൽകുക.

## ഇരവികോർത്തൻ ചെപ്പേട്

വീരരാഘവ ചക്രവർത്തി ഇരവികോർത്തന് നൽകിയ ചെപ്പേടുകളാണിവ. അതിനാൽ ഇതിനെ 'വീരരാഘവപട്ടയം' എന്നും വിളിക്കുന്നു. വട്ടെഴുത്തിൽ വിരചിതമായ ഇതിന്റെ കാലഗണന ഇന്നും തർക്കവിഷയമാണ്. AD 230, 680, 775, 1320 തുടങ്ങിയ നിരവധി വർഷങ്ങളാണ് ഇതിന്റെ കാലഘട്ടമായി പറയപ്പെടുന്നത്. മലങ്കര ഓർത്തഡോക്സ് സഭയുടെ മേൽനോട്ടത്തിലാണ് ഇന്ന് ഈ ചെപ്പേടുകളുള്ളത്. ക്രിസ്ത്യാനികൾക്ക് ഹിന്ദുക്കൾക്കൊപ്പം ഉന്നത സ്ഥാനമുണ്ടെന്നും സാമുദായികമായി നിലയും വിലയും ഉണ്ടായിരുന്നു എന്നതിനുള്ള തെളിവാണ് ഈ ചെപ്പേട്. മണിഗ്രാമം എന്ന പേരിൽ പ്രസിദ്ധിയാർജിച്ചിരുന്ന ഒരു കച്ചവടസംഘത്തിന്റെ നേതൃസ്ഥാനം (പെരുംചെട്ടി), ചില രാജകീയ അധികാരങ്ങൾ, നികുതി പിരിക്കുന്നതിനുമുള്ള അവകാശം, വാണിജ്യാവശ്യങ്ങൾ, അടിമകളുടെ മേലുള്ള അവകാശം തുടങ്ങിയവാണ് ഈ ചെപ്പേടിലൂടെ ഇരവികോർത്തന് ലഭ്യമായത്.

**ചെപ്പേടുകളുടെ പ്രാധാന്യം**

രാജസന്നിധിയിലുള്ള ക്രിസ്ത്യാനികളുടെ ഉയർച്ചയും നിലവാരവും സൂചിപ്പിക്കുന്നു.

ക്രിസ്ത്യാനികളുടെ നിലവാരോന്നതി വിളിച്ചറിയിക്കുന്നു.

ക്രിസ്ത്യാനികൾ വിശ്വസ്തരാണെന്ന് സൂചിപ്പിക്കുന്നു.

ക്രിസ്ത്യാനികളുടെ വാണിജ്യതൽപരതയും കൃത്യതയും വിളിച്ചറിയിക്കുന്നു.

രാജാക്കന്മാർ അവരുടെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന സൂക്ഷിപ്പുകാരായി ക്രിസ്ത്യാനികളെ കണക്കാക്കിയിരുന്നു.

## നമുക്ക് ചിന്തിക്കാം

1. ഇരവികോർത്തൻ ചെപ്പേടുകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
2. ആരാണ് ഇരവികോർത്തൻ?
3. ചെപ്പേടുകളുടെ പ്രാധാന്യം വിശദമാക്കുക.

## പ്രവർത്തനങ്ങൾ

1. ചെപ്പേടുകൾക്ക് സമാനമായ മറ്റ് ശാസനങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
2. ചെപ്പേടുകളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
3. ക്രിസ്ത്യാനികളുടെ പൂർവ്വ നിലവാരവും ഇപ്പോഴത്തെ അവസ്ഥയും താരതമ്യം ചെയ്തുകൊണ്ട് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.
4. സഭയിലെ ചരിത്രപണ്ഡിതന്മാരുമായി അഭിമുഖം നടത്തി ചെപ്പേടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചോദിച്ചറിഞ്ഞ് ഡയറിയിൽ കുറിച്ചുവയ്ക്കുക.

**നമുക്ക് ഓർക്കാം...**

"അറുനൂറ്റവരും അഞ്ചുവർണ്ണവും മണിഗ്രാമവും പള്ളിയെയും ഭൂമിയെയും രക്ഷിച്ചു കൊള്ളണം. ഭൂലോകവും ചന്ദ്രാദിത്യന്മാരും ഉള്ള നാളെല്ലാം ചെമ്പുപാത്രത്തിൽ ഉള്ള വണ്ണം അഞ്ചുവർണ്ണവും മണിഗ്രാമവും ചെയ്തുകൊള്ളണം?" -തരീസാപ്പള്ളി രണ്ടാം ചെപ്പേട്

## നമുക്ക് പാടാം

(ഹൂദോസ് ഈത്തോ ഞായറാഴ്ച വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ചൊല്ലുന്ന മറ്റൊരു ഗീതം) (അഗ്ന്യാത്മീയന്മാരീറേരും....... എന്ന രീതി)

പുണ്യമെഴും - രക്തശരീരങ്ങൾ
നിർമ്മലമാകും മൂറോനും
ശുദ്ധതയേ-സഭയിൽച്ചേർത്തീടും
മൂന്നു മഹാ മർമ്മങ്ങൾ താൻ
സാത്താനവളുടെ ദിവ്യതയെ
ക്കണ്ടാറേ വിറയൽ പൂണ്ടു
കർത്താവവളെ കാക്കുമ്പോൾ

പോരിൽ ഞാൻ ലജ്ജിക്കുന്നേൻ
എന്നേവം ചൊല്ലിക്കേണാൻ

(പുണ്യംനിറഞ്ഞ തിരുശരീര രക്തങ്ങളും നിർമ്മലമായ വി. മൂറോനും സഭയുടെ വിശുദ്ധിക്ക് കാരണമായ മൂന്ന് വലിയ മർമ്മങ്ങളാകുന്നു. സഭയുടെ വിശുദ്ധി കണ്ട് സാത്താൻ വിറച്ചുപോയി. കർത്താവ് സഭയെ കാത്തു പാലിക്കുന്നിടത്തോളം എന്റെ പോരാട്ടത്തിൽ ഞാൻ ലജ്ജിതനാകും അഥവാ പരാജിതനാകും എന്ന് പറഞ്ഞു.)

**നിശ്ചയം**

**ക്രിസ്ത്യാനികൾക്ക് പൂർവ്വകാലങ്ങളിലുണ്ടായിരുന്ന വിശ്വാസ്യതയും ആദ്ധ്യാത്മീക നിലവാരവും നിലനിർത്തുവാൻ ഞങ്ങൾ പ്രയത്നിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(നിത്യപ്രാർത്ഥനാക്രമം പേജ് 58. കൂദോശ് ഈത്തോ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയിലെ മറ്റൊരു പ്രാർത്ഥന)

*തന്റെ സഭയിൽ വസിക്കയും മേല്പട്ടക്കാരെക്കൊണ്ടും പട്ടക്കാരെക്കൊണ്ടും ശെമ്മാശ്ശന്മാരെക്കൊണ്ടും അതിനെ അലങ്കരിക്കുകയും ചെയ്തവനായ മശിഹാതമ്പുരാന് സ്തുതി. സഭയെ തെരഞ്ഞെടുത്ത അദൃശ്യനായ പിതാവിനും സ്ലീബായാൽ അതിനെ രക്ഷിച്ച പുത്രനും അതിനെ ശുദ്ധീകരിച്ചവനായ പരിശുദ്ധാത്മാവിനും സ്തുതി.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | റോമർ 1 |
| തിങ്കൾ | റോമർ 2 | റോമർ 3 |
| ചൊവ്വ | റോമർ 4 | റോമർ 5 |
| ബുധൻ | റോമർ 6 | റോമർ 7 |
| വ്യാഴം | റോമർ 8 | റോമർ 9 |
| വെള്ളി | റോമർ 10 | റോമർ 11 |
| ശനി | റോമർ 12 | റോമർ 13, 14 |
| ഞായർ | റോമർ 15, 16 | – |

യൂണിറ്റ് 5

# വി. കുർബ്ബാന ഒരു പഠനം

പാഠം 20

# വി. കുർബ്ബാനയുടെ മുൻകുറികൾ

## പഠനോദ്ദേശ്യങ്ങൾ

വി. കുർബ്ബാനയുടെ മുൻകുറികളായി കരുതാവുന്ന വേദപുസ്തക മർമ്മങ്ങൾ ആഴത്തിൽ മനസ്സിലാക്കുക. നമ്മുടെ വി. കുർബ്ബാന പൂർണ്ണമായും വേദപുസ്തകാടിസ്ഥാനത്തിലുള്ള ആരാധനയാണെന്ന് മനസ്സിലാക്കുക. വി. കുർബ്ബാനയിൽ പതിവായി ഭക്തിയോടും ദൈവസാന്നിദ്ധ്യബോധത്തോടും പങ്കെടുത്ത് അനുഗ്രഹം നേടുക.

**മനഃപാഠവാക്യം:** അവന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല. അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു (എബ്രായർ 7:3).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, നിത്യപ്രാർത്ഥനാക്രമം.

## ആമുഖം

കുട്ടികളേ.... നമ്മുടെ വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ എല്ലാവർക്കും ഉത്സാഹമായിരിക്കുമല്ലോ? പതിവായി ഇതിൽ പങ്കെടുക്കുകയും കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്യുമ്പോൾ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ വളരെയാണ്, അല്ലേ? വി. കുർബ്ബാനയുടെ പ്രാധാന്യം നമ്മൾ താഴ്ന്ന ക്ലാസുകളിൽ പഠിച്ചത് ഓർക്കുന്നുണ്ടാവുമല്ലോ? നമ്മുടെ വി. കുർബ്ബാന വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണോ? നിങ്ങൾ എന്തുപറയുന്നു?

ഇതിലെ ഗീതങ്ങൾ, പ്രാർത്ഥനകൾ, പ്രതിവാക്യങ്ങൾ ഇവയെല്ലാം തന്നെ വി. വേദപുസ്തകത്തെ അടിസ്ഥാനമാക്കിയാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. ഇത് കൂടുതൽ വ്യക്തമാക്കുന്നതിനായി വി. കുർബ്ബാനയുടെ മുൻകുറികളായി കരുതാവുന്ന വേദപുസ്തക മർമ്മങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. ഇവ നന്നായി മനസ്സിലാക്കിയാൽ വി. കുർബ്ബാനയോടുള്ള നമ്മുടെ ആരാധനയും മതിപ്പും വർദ്ധിക്കുകയും കൂടുതൽ ഭക്തിയോടും ദൈവസാന്നിദ്ധ്യബോധത്തോടും അതിൽ പങ്കെടുക്കാനുള്ള താൽപര്യം നമ്മിൽ

ഉണ്ടാവുകയും ചെയ്യും. വി. കുർബ്ബാനയുടെ ഏറ്റവും പ്രധാനപ്പെട്ട മുൻകുറികളാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

വിശുദ്ധ കുർബ്ബാനയിലെ സുപ്രധാന നിമിഷങ്ങളിലൊന്നാണ് അപ്പവീഞ്ഞുകളുടെ ആഘോഷം. നമ്മുടെ കർത്താവ് തന്റെ അന്ത്യഅത്താഴസമയത്ത് അപ്പവും വീഞ്ഞും എടുത്തു സ്തോത്രം ചെയ്തു വാഴ്ത്തി തന്റെ ശിഷ്യന്മാർക്കു നൽകിയതിനെയാണ് ഇവിടെ അനുസ്മരിക്കുന്നത്. നമ്മുടെ കർത്താവായ യേശു മിശിഹായുടെ ജനനം മുതൽ ഉയിർത്തെഴുന്നേൽപ്പുവരെയുള്ള എല്ലാ പ്രധാന സംഭവങ്ങൾക്കും യിസ്രായേൽ ജനതയുടെ പഴയ നിയമചരിത്രത്തിൽ സൂചനകൾ ലഭിച്ചിരുന്നു. പുതിയനിയമ പുസ്തകങ്ങൾ എഴുതിയവർ പല സമയത്തായി ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ. മത്തായി 1:21-22), ലൂക്കോസ് 24:25-27) തന്റെ അന്ത്യ അത്താഴത്തെ സംബന്ധിച്ചും ഇക്കാര്യം പ്രസക്തമാണ്. യേശു അപ്പവും വീഞ്ഞും എടുത്ത് ആഘോഷിച്ച് തന്റെ ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് 'ഇതെന്റെ ശരീര'മെന്നും 'പുതിയനിയമത്തിനായി ചൊരിയപ്പെട്ട എന്റെ രക്തമാണിത്' എന്നും അരുളിചെയ്തപ്പോൾ പഴയനിയമകാലത്തു നടന്ന പല സംഭവങ്ങളും ഇവയ്ക്ക് മുൻകുറിയായിരുന്നു എന്നു നാം മനസ്സിലാക്കുന്നു. അവയിൽ സുപ്രധാനങ്ങളായവ താഴെ കുറിക്കുന്നു.

### 1. ഏദനിലെ കനി

സൃഷ്ടിയുടെ ആരംഭത്തിൽ ആദാമിനും ഹവ്വായ്ക്കും നിഷേധിക്കപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം (ഉല്പത്തി 2:9-17) വി. കുർബ്ബാനയുടെ ഒന്നാമത്തെ മുൻകുറിയായിരുന്നു. ഇത് മനുഷ്യന് ഒരിക്കലും നൽകുകയില്ല എന്നുള്ളയർത്ഥത്തിലല്ല നാം മനസ്സിലാക്കേണ്ടത്. ദൈവപദ്ധതിക്ക് വിരുദ്ധമായി മനുഷ്യൻ തന്റെ സ്വന്തയിഷ്ടപ്രകാരം നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചതിനാൽ ഇനി അവൻ ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ചുതിന്ന് എന്നേയ്ക്കും പാപത്തിൽ ജീവിക്കാൻ ഇടയാകും എന്നു കരുതിയാണ് ദൈവം ആദാമിനെയും ഹവ്വായെയും തോട്ടത്തിൽനിന്ന് പുറത്താക്കിയത് (ഉല്പത്തി 2:22-24). വി. കുർബ്ബാനയിലൂടെ ഈ ഫലമാണ് നാം ഭക്ഷിക്കുന്നത് എന്ന് വി. മാമോദീസായ്ക്കു ശേഷം വി. കുർബ്ബാന നൽകുന്ന സമയം നാം പാടാറുണ്ടല്ലോ.

'പറുദീസയിലാദാം രുചിനോക്കാത്തഫലം
സാമോദം വയ്ക്കുന്നീ നാൾ നിൻ വായിൽ'

### 2. ഹാബേലിന്റെ കാഴ്ച

ദൈവസൃഷ്ടിയായ മനുഷ്യൻ തന്റെ അധ്വാനത്തിന്റെ ഫലം ദൈവത്തിന് സ്തോത്രയാഗമായി സമർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ആദിമസഹോദരങ്ങളായ കായേനും, ഹാബേലിനും ഇതിനുള്ള ഊഴംവന്നപ്പോൾ ഹാബേൽ നിർമ്മലമായ തന്റെ ഹൃദയത്തിന്റെ സമർപ്പണമായി തന്റെ ആട്ടിൻകൂട്ടത്തിൽനിന്ന് ഒരു ആദ്യകടിഞ്ഞൂലിനെ സമർപ്പിച്ചു (ഉല്പത്തി 4:4). കാർമ്മികമായി പറഞ്ഞാൽ ഇതു വലിയ ഒരു സമ്മാനമായിരുന്നു. അക്കാലത്ത് ഏറ്റവും വിലപിടിപ്പുള്ള ഒരു വഴിപാടായിരുന്നു അത്. അതിലൂടെ ദൈവമാണ്

എനിക്ക് ജീവിതത്തിൽ ഏറ്റവും വിലപിടിപ്പുള്ളവൻ എന്ന് കാണിച്ച ഹാബേലിന്റെ കാഴ്ച ദൈവം അംഗീകരിച്ചു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യേശുവിന്റെ ജീവിതത്തിലെ എല്ലാ പ്രധാന സംഭവങ്ങൾക്കും പഴയനിയമത്തിൽ സൂചനകളുണ്ടായിരുന്നു എന്നതിന് ഒരു തെളിവ് ചൂണ്ടിക്കാണിക്കുക.
2. ഏദൻ തോട്ടത്തിൽ, വി. കുർബ്ബാനയുടെ മുൻകൂറായി നമുക്ക് കാണാവുന്നതെന്ത്?
3. ഹാബേലിന്റെ കാഴ്ച, വി. കുർബ്ബാനയുടെ ഒരു മുൻകൂറിയാണ് എന്ന് പറയുന്ന തെന്തുകൊണ്ട്?

### 3. മൽക്കീസദേക്കിന്റെ കാഴ്ച

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ പുരോഹിതനായ മൽക്കീസദേക്ക് എതിരേറ്റത് അപ്പവും വീഞ്ഞും കൊണ്ടുവന്നാണ് (ഉല്പത്തി 14:18-20). 'എന്റെ രാജാവ് നീതിമാനാകുന്നു' എന്നയർത്ഥം വരുന്ന 'മൽക്കീസദേക്ക്' ദൈവത്തിന്റെ പുരോഹിതനും "ശാലേം" (സമാധാനം) എന്ന രാജ്യത്തെ രാജാവുമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആരെന്ന് വേദപുസ്തകം സൂചിപ്പിക്കുന്നില്ല. 'നീ മൽക്കീസദേക്കിന്റെ ക്രമത്തിൽ എന്നേയ്ക്കും പുരോഹിതനായിരിക്കും' എന്ന ദൈവവചനം (സങ്കീ. 76:2) നമ്മുടെ കർത്താവിനാൽ പൂർത്തിയായി. ഇക്കാര്യം എബ്രായലേഖനത്തിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നുണ്ട് (എബ്രാ. 7:1-10).

### 4. കരുവേലകത്തിൽ അബ്രഹാം കണ്ട കുഞ്ഞാട്

നമ്മുടെ കർത്താവിന്റെ യാഗത്തിന്റെ ഏറ്റവും വലിയ സാദൃശ്യം നാം കാണുന്നത് യിസ്ഹാക്കിന്റെ ബലിയിലാണ് (ഉല്പത്തി 22:1-17). വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനെ തനിക്ക് യാഗമായി സമർപ്പിക്കണമെന്ന് ദൈവം ആവശ്യപ്പെട്ടപ്പോൾ വിശ്വാസികളുടെ പിതാവായ അബ്രഹാം യാതൊരു മടിയും കൂടാതെ അതിന് തയ്യാറെടുക്കുകയാണുണ്ടായത്. എന്നാൽ അബ്രഹാമിന്റെ നിഷ്കളങ്കതയും, ദൈവവിശ്വാസവും കണ്ട ദൈവം യിസ്ഹാക്കിനു പകരം കരുവേലകത്തിനിടയിൽ ഒരു ആട്ടുകൊറ്റനെ തയ്യാറാക്കി. നമ്മുടെ പാപങ്ങൾക്കുവേണ്ടി യാഗമായിത്തീർന്ന യേശുതമ്പുരാൻ നാം ഏൽക്കേണ്ട ശിക്ഷകളൊക്കെ സ്വയം ഏറ്റുവാങ്ങി.

### 5. ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽ ലഭിച്ച മന്നാ

ദീർഘകാലം മിസ്രയീമിൽ അടിമകളായിരുന്ന യിസ്രായേൽക്കാർ മോശയുടെ നേതൃത്വത്തിൽ കനാൻ ദേശത്തേക്കു നടത്തിയ "പുറപ്പാട്" യിസ്രായേൽ ചരിത്രത്തിലെ സുവർണ്ണ അദ്ധ്യായമാണ്. ചെങ്കടൽ കടന്ന ജനം കാലാവസ്ഥയെയും, ശത്രുക്കളെയും, പ്രകൃതിദുരന്തങ്ങളെയും അതിജീവിച്ച് നാല്പതു വർഷക്കാലം തങ്ങളുടെ മരുഭൂയാത്ര തുടർന്നു. ഏലീമിനും സീനായ്ക്കും മദ്ധ്യേയുള്ള സീൻ മരുഭൂമിയിൽ എത്തിയ ജനം പട്ടിണികൊണ്ട് പൊറുതിമുട്ടി. അന്ന് യഹോവയായ ദൈവം അവർക്കു കൊടുത്ത ഭക്ഷണമാണ് "മന്നാ". ഒരു സുപ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റ ജനം ഈ പുതിയ വസ്തു

കണ്ട് ആശ്ചര്യപ്പെട്ടു. എന്താണിത്? എന്നവർ മോശയോടു ചോദിച്ചപ്പോൾ മോശ പറഞ്ഞത് 'ഇത് ദൈവം നിങ്ങൾക്കയച്ചുതന്ന സ്വർഗ്ഗീയ അപ്പ'മാണെന്നാണ് (പുറ. 16:16). ഓരോരുത്തനും അന്നന്നത്തേക്കുള്ള അപ്പം ശേഖരിക്കുവാൻ ദൈവം കല്പിച്ചു; ശേഖരിച്ചുവയ്ക്കാൻ ശ്രമിച്ചവർ നിരാശരായി. എന്നാൽ ഓരോ ദിവസവും അവർക്ക് അതാതു ദിവസത്തേക്ക് മന്നാ ലഭിച്ചുകൊണ്ടിരുന്നു. യേശുതമ്പുരാൻ അരുളിച്ചെയ്തത് മോശ നൽകിയതിനെക്കാൾ ശ്രേഷ്ഠമായ അപ്പം താൻ നൽകിയെന്നാണ്; സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന യേശു തന്നെയാണ് യഥാർത്ഥ മന്നാ (യോഹ. 6:32-33). തന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ നിത്യജീവന് അവകാശികളാകുമെന്നും താൻ അവരെ അവസാന നാളിൽ ഉയിർപ്പിക്കുമെന്നും യേശു അരുളിച്ചെയ്തു (യോഹ. 6:53).

**അല്പം നിർത്താം... ചിന്തിക്കാം...**

1. നിത്യപുരോഹിതനായ മൽക്കീസദേക്കിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
2. ശാലേം എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. യിസ്ഹാക്കിന്റെ ബലിയിൽ വി. കുർബ്ബാനയുടെ മുൻകുറിയായി കാണുന്നതെന്ത്?
4. യിസ്രായേൽക്കാർക്ക് മരുഭൂമിയിൽ വച്ച് ദൈവം നൽകിയ ഭക്ഷണം എന്ത്? അതിന്റെ പ്രത്യേകത എന്തായിരുന്നു?

## 6 ദാവീദ് ഭക്ഷിച്ച കാഴ്ചയപ്പം

ദാവീദ് രാജാവ് തന്റെ യാത്രകളിലൊന്നിൽ നോബിലെ പുരോഹിതനായ അഹീമേലക്കിന്റെ അടുക്കൽ വന്നത് വളരെ ക്ഷീണിതനായിട്ടായിരുന്നു. ശത്രുക്കളിൽ നിന്ന് രക്ഷ നേടിവന്ന ദാവീദും കൂട്ടരും ഭക്ഷണമാവശ്യപ്പെട്ടപ്പോൾ അഹീമേലേക്ക് പറഞ്ഞത് ഇവിടെ എന്റെയടുക്കൽ പുരോഹിതന്മാർ മാത്രം ഭക്ഷിക്കുവാൻ അവകാശപ്പെട്ട കാഴ്ചയപ്പം മാത്രമേ ഉള്ളൂ എന്നായിരുന്നു (1 ശമു. 21:1-6). യിസ്രായേൽക്കാർ സമാഗമനകൂടാരമുണ്ടാക്കി ദൈവാരാധന നടത്തിയ കാലത്തുതന്നെ ദൈവം അവരോട് കല്പിച്ചതാണ് ഗോത്രമൊന്നിന് ഒന്ന് എന്ന കണക്കിൽ പന്ത്രണ്ട് അപ്പം ഉണ്ടാക്കി രണ്ട് നിരകളിലായി വിശുദ്ധ സ്ഥലത്തു സൂക്ഷിക്കണമെന്നുള്ളത് (ലേവ്യ. 24:5-9). മശിഹായുടെ പൂർവ്വപിതാവായ ദാവീദിന് അഹീമേലേക്ക് ഈ കാഴ്ചയപ്പം നൽകിയത് തികച്ചും ഉചിതമായിരുന്നു എന്ന് യേശുവും പഠിപ്പിക്കുന്നു (മത്താ. 12:3-4).

## 7. ഏലിയാവിന് കാക്ക നൽകിയ അപ്പം

പ്രവാചകന്മാരുടെ കൂട്ടത്തിൽ മുൻപന്തിയിൽ നിന്ന ഒരാളാണ് തീശ്ബ്യനായ ഏലിയാവ്. ദേശം മുഴുവൻ പട്ടിണിയാൽ വലഞ്ഞപ്പോൾ ദൈവം ഏലിയാവിന് ഭക്ഷണമെത്തിച്ചത് കാക്കകളിലൂടെയാണ്. പ്രഭാതത്തിൽ ഭക്ഷണവും അരുവിയിൽനിന്ന് വെള്ളവും നൽകിയ ദൈവം തന്നെയാണ് (1 രാജാ. 17:2-6). നമുക്ക് നിത്യജീവനായി വി. കുർബ്ബാനയിലൂടെ തന്റെ ശരീരരക്തങ്ങൾ നൽകുന്നത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ദാവീദ് രാജാവ് ദൈവാലയത്തിലെ കാഴ്ചയപ്പം ഭക്ഷിക്കുവാനിടയായ സാഹചര്യം എന്തായിരുന്നു?
2. ഏലിയാവിന് കാക്ക നൽകിയ അപ്പം വി. കുർബ്ബാനയുടെ മുൻകുറിയാണെന്ന് പറയുന്നതെന്തുകൊണ്ട്?

## 8. കർമ്മേൽ മലയിലെ ബലി

യിസ്രായേൽ രാജാക്കന്മാരിൽ പ്രമുഖനായിരുന്ന ആഹാബ് രാജാവിന്റെ കാലത്ത് തന്റെ പത്നിയായ ഇസബേലിന്റെ സ്വാധീനം വളരെ കൂടുതലായിരുന്നു. ഇസബേൽ യഹോവയായ ദൈവത്തിൽ വിശ്വസിക്കാതെ "ബാൽ" എന്ന ദൈവത്തെ ആരാധിച്ചുവന്നതുകൊണ്ട് യഹോവയിൽ വിശ്വസിക്കുന്നവർ കഷ്ടതയനുഭവിപ്പാൻ തുടങ്ങി. മാത്രവുമല്ല, യഹോവയുടെ പ്രവാചകന്മാരെ കൊല്ലുവാനും തുടങ്ങി. ബാൽ യഹോവയെക്കാൾ ബലവാനാണ് എന്ന് പ്രവചിപ്പിച്ച ഇസബേലിനും കൂട്ടർക്കും വലിയ തിരിച്ചടിയായിത്തീരുന്നതു ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങളെക്കാളുപരി യഹോവയുടെ ക്രോധം മൂലമുണ്ടായ വരൾച്ചയാണ്. പൊറുതി മുട്ടിയ ജനത്തിനു നടുവിൽ ബാലിന്റെ 450 പ്രവാചകർ ഒരുവശത്തും കർമ്മേൽ മലമേൽ ഏലിയാവും യാഗമർപ്പിച്ചു. ദൈവം ഏലിയാവിന്റെ യാഗത്തിൽ പ്രസാദിച്ച് ദേശത്തു മഴവരുത്തിയ സംഭവം രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ നാം വായിക്കുന്നു (1 രാജാ 18:16-46).

## 9. യെശയ്യാവിന്റെ നാവിനെ ശുദ്ധീകരിച്ച തീക്കനൽ

യെശയ്യാ പ്രവാചകന്റെ ദൈവവിളി സംബന്ധിച്ച വിവരണം ഏവർക്കും പരിചയമുള്ളതാണല്ലോ (യെശ. 6:1-7). ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യനാണ് താൻ എന്ന് ചിന്തിച്ച് അനുതപിച്ച യെശയ്യാവിന്റെ നാവിൽ സാറാഫുകളിൽ ഒരുവൻ വന്ന് യാഗപീഠത്തിൽനിന്ന് കൊടിൽകൊണ്ട് തീക്കനൽ കൊണ്ട് സ്പർശിച്ചു. ഉടൻതന്നെ അവന്റെ 'അകൃത്യം നീങ്ങി പാപങ്ങൾക്ക് പരിഹാരം വന്നു' (യെശ. 6:7). നമ്മുടെ പാപങ്ങളെ പോക്കുന്ന അഗ്നിയാണല്ലോ വി. കുർബ്ബാന.

ചുരുക്കത്തിൽ, വി. കുർബ്ബാനയെ സൂചിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ പഴയനിയമകാലത്തു നടന്നു. ഇവയിൽ ഒന്നും തന്നെ വി. കുർബ്ബാനയുടെ പൂർണ്ണ അർത്ഥം ഉൾക്കൊള്ളുന്നില്ലാ. എന്നാൽ ഒന്നല്ലായെങ്കിൽ മറ്റൊരർത്ഥത്തിൽ ഇവയെല്ലാം വി. കുർബ്ബാനയുടെ അർത്ഥം ഭാഗികമായി വെളിവാക്കുകയായിരുന്നു.

## നമുക്ക് ചിന്തിക്കാം

1. വി. കുർബ്ബാനയുടെ മുൻകുറികൾ ഏതെല്ലാം? ഇവ ഓരോന്നിനെപ്പറ്റിയും ലഘുവിവരണങ്ങൾ നൽകുക.

2. താഴെപ്പറയുന്ന ഓരോ ആശയവുമായി ബന്ധപ്പെട്ട ആൾ ആരെന്ന് കണ്ടുപിടിക്കുക.

| ആശയം | ബന്ധപ്പെട്ട ആൾ |
|---|---|
| 1. കർമ്മേൽ മലയിലെ ബലി | 1. ദാവീദ് |
| 2. ദൈവാലയത്തിലെ കാഴ്ചയപ്പം | 2. ഹാബേൽ |
| 3. അഗ്നിക്കൊടിൽ | 3. മൽക്കീസദേക്ക് |
| 4. നിത്യമഹാപുരോഹിതൻ | 4. യിസ്ഹാക്ക് |
| 5. കുഞ്ഞാടിനെ നൽകിയ വൃക്ഷം | 5. യശയ്യാവ് |
| 6. ദൈവത്തിന് സ്തോത്രയാഗമായി നൽകിയ കുഞ്ഞാട് | 6 ഏലിയാവ് |

## പ്രവർത്തനങ്ങൾ

1. വി. കുർബ്ബാനയുടെ മുൻകുറികൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പഠനം നടത്തുക. വി. വേദപുസ്തകം, മറ്റ് ഗ്രന്ഥങ്ങളും, അഭിമുഖവും ഒക്കെ ഇതിനായി പ്രയോജനപ്പെടുത്തുക. ലഭിച്ച വിവരങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുകയും, അവ ഡയറിയിൽ കുറിച്ചുവയ്ക്കുകയും ചെയ്യുക.
2. വി. കുർബ്ബാനയിൽ പതിവായി ഭക്തിയോടും, ദൈവസാന്നിദ്ധ്യബോധത്തോടും കൂടെ പങ്കെടുക്കുക.

### നമുക്ക് പാടാം

അഗ്നിമയന്മാരാരേ നോക്കി വിറച്ചീടുന്നു.
അവനേ മേശയി-ലപ്പം വീഞ്ഞായ് നീകാണുന്നു.
...........................................................................................
...........................................................................................
കുരിശിപ്പാനായ് സുതനെ സെഹിയോൻ നാട്ടിമരത്തെ
കുഞ്ഞാടതിനെ ജനിപ്പിച്ചൊരു മരമുണ്ടായവിടെ
എവിടെ പുത്രൻ കൈകളിലാണിതറയ്ക്കപ്പെട്ടു.
ഇസ്സഹാക്കിന്റെ കെട്ടുകളെ ഛേദിച്ചതുമവിടെ.
...........................................................................................
ഓർമ്മയതും നന്നായുണ്ടാകട്ടെല്ലായ്പ്പോഴും.

(ഈ ഗാനം വി. കുർബ്ബാനക്രമം നോക്കി കുട്ടികൾ രണ്ട് ഗ്രൂപ്പായി നിന്ന് ഓരോ ഖണ്ഡിക മാറിമാറി ഈണത്തിൽ ചൊല്ലുക.)

### നിശ്ചയം

**വി. കുർബ്ബാനയുടെ മുൻകൂറികളായ അനേകം വേദപുസ്തക മർമ്മങ്ങൾ ഞങ്ങൾ മനസ്സിലാക്കി. നമ്മുടെ വി. കുർബ്ബാന എത്ര ശ്രേഷ്ഠമാണ് എന്നും ഞങ്ങൾക്ക് ബോദ്ധ്യമായി. ഇനിമുതൽ വി. കുർബ്ബാനയിൽ അതീവ ഭക്തിയോടും ദൈവ സാന്നിദ്ധ്യബോധത്തോടും കൂടെ ഞങ്ങൾ പങ്കെടുക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 198. ഹാശാ ആഴ്ചയിലെ പ്രാർത്ഥനകൾ എന്ന ഭാഗത്ത് പെസഹാവ്യാഴാഴ്ച സന്ധ്യാനമസ്കാരത്തിൽ ചൊല്ലുന്ന ഒരു പ്രാർത്ഥന)

*മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിക്കുകയും പാറയിൽനിന്ന് വെള്ളമൊഴുക്കുകയും വൃക്ഷത്തിൽനിന്ന് ആടിനെ കാണിക്കുകയും കന്യകയിൽനിന്ന് ജനിക്കുകയും ചെയ്തവനായ കർത്താവ് അപ്പവും വീഞ്ഞും തന്റെ തൃക്കൈകളിൽ എടുത്തു വാഴ്ത്തി തന്റെ ശരീരവും രക്തവുമാക്കിത്തീർത്ത് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി അതിനെ നിയമിച്ചു. കർത്താവേ... അതു ഞങ്ങൾക്കു ശിക്ഷാവിധിക്കായി തീരരുതേ. ഞങ്ങളോടുള്ള നിന്റെ കൃപകൾക്കായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | എബ്രായർ 1 |
| തിങ്കൾ | മത്തായി 1 | എബ്രാ. 2 |
| ചൊവ്വ | ലൂക്കോ. 24 | യശയ്യ 6 |
| ബുധൻ | ഉല്പ. 2 | 1 രാജാ. 17 |
| വ്യാഴം | ഉല്പ. 4 | 1 ശമു. 21 |
| വെള്ളി | ഉല്പ. 14 | 1 രാജാ. 18 |
| ശനി | ഉല്പ. 22 | മത്താ. 12 |
| ഞായർ | ലേവ്യ 24 | – |

പാഠം 21

# വി. കുർബ്ബാനയിലെ തുബ്ദേനുകൾ

## പഠനോദ്ദേശ്യങ്ങൾ

വി. കുർബ്ബാനയിലെ തുബ്ദേനുകളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. ഓരോ തുബ്ദേനിലൂടെയും നാം ഓർക്കുന്നതാരെയെല്ലാം എന്ന് മനസ്സിലാക്കുക. വി. കുർബ്ബാനയിലെ വളരെ പ്രധാനപ്പെട്ട ഒരു പ്രാർത്ഥനയാണ് ഇത് എന്ന് മനസ്സിലാക്കി ഈ സമയം ഭക്തിയോടെ അതിൽ പങ്കെടുക്കുക.

**മനഃപാഠവാക്യം:** നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ (എബ്രായർ 13:7).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

വി. കുർബ്ബാനയുടെ മുൻകുറികളാണല്ലോ കഴിഞ്ഞ പാഠത്തിൽ നമ്മൾ പഠിച്ചത്. നമ്മുടെ വി. കുർബ്ബാന വേദപുസ്തക അടിസ്ഥാനത്തിലുള്ള ആരാധനയാണെന്ന് നാം മനസ്സിലാക്കി. വി. കുർബ്ബാനയുടെ ഏറ്റവും പ്രധാനമായ മറ്റൊരു പ്രത്യേകത, അത് മദ്ധ്യസ്ഥ പ്രാർത്ഥനകളാൽ നിറഞ്ഞതാണ് എന്നതാണ്. നമ്മൾ എപ്പോഴും പ്രാർത്ഥിക്കുന്നത് നമുക്കു വേണ്ടി മാത്രമാണോ? ഒരിക്കലും അല്ല. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരാവാൻ നാം ഉത്സാഹിക്കണം. വി. കുർബ്ബാനയിലെ വിവിധ മദ്ധ്യസ്ഥ പ്രാർത്ഥനാ സന്ദർഭങ്ങളും അതിൽ ഏറ്റവും പ്രധാനപ്പെട്ട തുബ്ദേനുകളെപ്പറ്റിയുമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

വി. കുർബ്ബാനയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നാം വലിയ പ്രാധാന്യമാണ് നൽകുന്നത്. ജീവനോടിരിക്കുന്നവരുടെ ക്ഷേമത്തിനായും മരിച്ചുപോയവരുടെ നിത്യശാന്തിയ്ക്ക് (ആശ്വാസത്തിന്) വേണ്ടിയും നാം പ്രാർത്ഥിക്കുന്നു. പ്രധാനമായും അഞ്ച് അവസരങ്ങളിലാണ് ഇക്കാര്യം വി. കുർബ്ബാനയിൽ പ്രകടമാക്കുന്നത്. ഇതിൽ ആദ്യത്തെ രണ്ട് അവസരങ്ങളും രഹസ്യപ്രാർത്ഥനകളാണ്; ഒന്നാമത്, തുയോബോയുടെ സമയത്തും, രണ്ടാമത്, യാചിക്കേണ്ടും എന്ന ഗീതം ആലപിക്കുമ്പോഴും. തുബ്ദേനുകളുടെ സമയത്തും, 'അൻപുടയോനെ' എന്ന ഗീതത്തിനുശേഷമുള്ള ലുത്തിനിയാകൾ (litanies) വായിക്കു

മ്പോഴും, കുക്കിലിയോൻ ചൊല്ലുമ്പോഴും നാം പരസ്യമായി മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുന്നു.

തുബ്ദേനുകൾ എന്ന പ്രാർത്ഥന ഇവയിൽ വളരെ ശ്രേഷ്ഠമാണ്. ആ പ്രാർത്ഥനകളടങ്ങിയ ഈ ഭാഗത്ത് മൊത്തം പതിനെട്ടു മദ്ധ്യസ്ഥപ്രാർത്ഥനകളാണുള്ളത്. ഓരോ തുബ്ദേന്റെയും സമയത്ത് പട്ടക്കാരൻ രഹസ്യമായും, തുബ്ദേനുകൾക്കുശേഷം പരസ്യമായും അതാതു തുബ്ദേനനുസരണമായ മദ്ധ്യസ്ഥപ്രാർത്ഥനകൾ ചൊല്ലുന്നു. ശുശ്രൂഷക്കാരൻ വായിക്കുന്ന ഭാഗത്തിനാണല്ലോ നാം തുബ്ദേൻ എന്ന പേര് നൽകിയിരിക്കുന്നത്. ഇതിനു കാരണം ഈ ആറ് പ്രാർത്ഥനകളും സുറിയാനിയിൽ ആരംഭിക്കുന്നത് 'തുബ്ദേൻ' (എന്നാൽ വീണ്ടും) എന്ന പദപ്രയോഗത്തോടെയാണെന്നുള്ളതാണ്. പുരാതന സഭയിൽ ഈ ആറു പ്രാർത്ഥനകളും ഒരുമിച്ചു മടക്കാവുന്ന രണ്ട് എഴുത്തുപലകയിലാണ് രേഖപ്പെടുത്തിയിരുന്നത്. അവയ്ക്ക് Diptychs എന്ന ഗ്രീക്കുപേരാണുണ്ടായിരുന്നത്. ആയതിനാൽ ഇംഗ്ലീഷിൽ തുബ്ദേനുകളെ 'ദിപ്തിക്കാ' (Diptychs) എന്നു പേരുവിളിക്കുന്നു. ആറു പ്രാർത്ഥനകളിൽ ആദ്യത്തെ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും അവസാനത്തെ മൂന്നെണ്ണം വാങ്ങിപ്പോയവർക്കുംവേണ്ടിയുള്ളതാണ്. ഇനി നമുക്ക് ഓരോ തുബ്ദേനും എന്തു പറയുന്നു എന്നു നോക്കാം.

### 1. ഒന്നാം തുബ്ദേൻ

ഇത് സഭാഭരണാധികാരികളെ ഓർക്കുന്ന പ്രാർത്ഥനയാണ്. സഭാതലവന്മാരായ അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസിനെയും, പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസേലിയോസിനെയും (ഇപ്പോൾ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ), യറുശലേമിലെ പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസിനെയും ഓർക്കുന്നു. അതിനുശേഷം അതാതു ഭദ്രാസന മെത്രാപ്പോലീത്തായെയും സഭയിലെ സകല പിതാക്കന്മാരെയും ഓർക്കുന്നു. വി. കുർബ്ബാനയർപ്പിക്കുന്നത് ഒരു മേൽപ്പട്ടക്കാരനാണെങ്കിൽ അദ്ദേഹത്തെയും (ഈ വന്ദ്യ പിതാവിനുവേണ്ടിയും) പേര് എടുത്തു പറയാറുണ്ട്. നമ്മുടെ സഭയുമായി വി. കുർബ്ബാന ബന്ധമുള്ള എല്ലാ പിതാക്കന്മാരെയും ഇവിടെ ഓർക്കുന്നതിൽ തെറ്റില്ല.

### 2. രണ്ടാം തുബ്ദേൻ

ഈ പ്രാർത്ഥന പ്രധാനമായും വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർക്കുവേണ്ടിയും പ്രത്യേകാൽ ആവശ്യങ്ങളുന്നയിച്ച് വി. കുർബ്ബാനയ്ക്ക് പേര് നൽകിയവർക്കുവേണ്ടിയും നമ്മുടെ അറിവിലും പരിചയത്തിലുമായി ക്ലേശങ്ങൾ അനുഭവിക്കുന്ന സകലർക്കുംവേണ്ടിയുള്ളതാണ്. ജന്മദിനവും വിവാഹ വാർഷികവും ആഘോഷിക്കുന്നവരെയും രോഗികളെയും മനഃപ്രയാസമനുഭവിക്കുന്നവരെയും ഒക്കെ ഈയവസരത്തിൽ ഓർക്കുന്നതിനാൽ വി. കുർബ്ബാനയ്ക്കുശേഷമുള്ള ജന്മദിന, വിവാഹ വാർഷിക പ്രാർത്ഥനകൾ വാസ്തവത്തിൽ നമ്മുടെ ആരാധനാരീതിയ്ക്ക് വിപരീതമാണ്. പട്ടക്കാരൻ ഇത്തരുണത്തിൽ ചൊല്ലുന്ന പരസ്യപ്രാർത്ഥനയിൽ 'അത്യാവശ്യത്തിലും ദാരിദ്ര്യത്തിലും ക്ലേശിക്കുന്ന എല്ലാവർക്കും നിന്റെ സഹായങ്ങൾ നല്കിക്കൊണ്ട് അവർക്ക് സഹായഹസ്തം നീട്ടുന്നവരെയും കാത്തുകൊള്ളണമെ' എന്നും 'കർത്താവേ പീഡിതരെയും, ക്ലേശിതരെയും, പ്രയാസപ്പെടുന്നവരെയും, ദുഃഖിതരെയും, ദരിദ്രരെയും, അഗതികളെയും, വിദേശികളെയും,

നിരാശ്രയരെയും, ബന്ധിതരെയും, അടിമകളെയും, വിധവകളെയും, അനാഥരെയും നീ പോറ്റി പുലർത്തിക്കൊള്ളണമേ' എന്നും പ്രാർത്ഥിക്കുന്നതിനാൽ ജാതിമതഭേദമെന്യേ ദൈവകൃപ ആവശ്യമുള്ള ഏവർക്കുംവേണ്ടിയാണ് നാം വി. കുർബ്ബാനയർപ്പിക്കുന്നത് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. 'തുബ്ദേൻ' എന്ന പദത്തിന്റെ അർത്ഥമെന്ത്?
2. തുബ്ദേനുകളുടെ ഭാഗത്ത് മൊത്തം എത്ര മദ്ധ്യസ്ഥപ്രാർത്ഥനകളുണ്ട്?
3. ഒന്നാം തുബ്ദേനിൽ നാം ഓർക്കുന്ന പിതാക്കന്മാർ ആരെല്ലാം?
4. രണ്ടാം തുബ്ദേനിൽ നാം ഓർക്കുന്നത് ആരെയെല്ലാമാണ്?

### 3. മൂന്നാം തുബ്ദേൻ

ഇത് സഭ സമാധാനത്തിൽ കാത്തുകൊള്ളപ്പെടേണ്ടതിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയാണ്. ആയതിനാൽ സകല ഭരണകർത്താക്കളെയും ഈയവസരത്തിൽ ഓർമ്മിക്കുന്നു. പുരാതന സഭയിൽ ആശ്രമ പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ വി. കുർബ്ബാന തക്സാരൂപം പ്രാപിച്ചുവന്നതിനാൽ അതിന്റെ ഭരണകർത്താക്കളെ ഓർക്കുന്ന പ്രാർത്ഥനയാണുണ്ടായിരുന്നത്. ക്രൈസ്തവ രാജാക്കന്മാർ ഭരിച്ചിരുന്ന പ്രദേശങ്ങളിൽ വസിച്ചിരുന്നവർ പ്രാർത്ഥിച്ചപ്പോൾ 'സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ സകല ഭരണകർത്താക്കളെയും ഞങ്ങൾ ഓർക്കുന്നു' എന്ന പ്രാർത്ഥന വളരെ അർത്ഥവത്തായിരുന്നു. ഭാരതത്തെപ്പോലെയുള്ള ഒരു രാജ്യത്ത് വസിക്കുന്ന നമ്മുടെ സഭയുടെ ആരാധനയിൽ ഇവിടുത്തെ രാഷ്ട്രീയ ഭരണാധികാരികൾക്കുവേണ്ടികൂടിയാണ് ഈ പ്രാർത്ഥന എന്നും നാം ഓർക്കണം. സഭയുടെ ഐക്യവും, സമാധാനവും സുപ്രധാനമാകയാൽ 'പട്ടക്കാരും വിശ്വാസികളായ ജനങ്ങളുടെ സംഘവും ക്രിസ്ത്യാനിസമൂഹം മുഴുവനും സുകൃതമുള്ളവരായി തീരുവാൻ' നാം പ്രാർത്ഥിക്കുന്നു.

### 4. നാലാം തുബ്ദേൻ

നാലാം തുബ്ദേൻ മുതൽ വാങ്ങിപ്പോയവരെയാണ് അനുസ്മരിക്കുന്നത്. ദൈവമാതാവു മുതൽ നമ്മുടെ കാവൽപിതാക്കന്മാർവരെയുള്ള സകല പരിശുദ്ധന്മാരെയും, ശുദ്ധിമതികളെയും പ്രാർത്ഥനയിൽ നാം ഓർക്കുന്നുണ്ട്. നിബിയന്മാർ അഥവാ പ്രവാചകന്മാർ (Prophets), ശ്ലീഹന്മാർ (apostles), ഏവൻഗേലിസ്ഥന്മാർ (സുവിശേഷങ്ങൾ ചമച്ച Evangelists), രക്തസാക്ഷികളായ സഹദേന്മാർ (Martyrs), വിശ്വാസസംരക്ഷകരായ മൗദ്യാനന്മാർ (Confessors) എന്നിവരെ നാം ഓർക്കുന്നു. അവരുടെ ഇടയിൽനിന്നുതന്നെ യോഹന്നാൻ സ്നാപകനെയും, സ്തേഫാനോസ് സഹദായെയും, പത്രോസ് പൗലോസ് ശ്ലീഹന്മാരെയും, നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെയും ഓർമ്മിക്കുന്നു. അതാതു ദേവാലയം ആരുടെ നാമത്തിൽ സ്ഥാപിതമായോ ആ പിതാവിനെയും ഓർത്തു പ്രാർത്ഥിക്കുന്ന സമയം ഇതാണ്.

### 5. അഞ്ചാം തുബ്ദേൻ

പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസ സംഹിതകൾക്ക് അടിസ്ഥാനമിട്ടവരും പീഡനകാലത്ത് സഭയുടെ വിശ്വാസം പരിപൂർണ്ണമായി സംരക്ഷിച്ചവരുമായ പിതാക്കന്മാരെ ഓർക്കുന്ന സമയമാണിത്. ആദ്യത്തെ മൂന്നു പൊതുസുന്നഹദോസുകളിൽ വിശ്വാസം പ്രഖ്യാപിച്ചവരെയും, കൽക്കദോൻ സുന്നഹദോസിൽ വിശ്വാസത്തിനുവേണ്ടി പോരാട്ടം നടത്തിയവരേയും, അതിനുശേഷം പീഡനമേറ്റ സഭയെ നയിച്ചവരേയും, സന്യാസ പ്രസ്ഥാനങ്ങളുടെ സ്ഥാപകരെയും, പൗരസ്ത്യ ആരാധനകളെ ക്രോഡീകരിച്ചവരെയും, മലങ്കര സഭയുടെ പരിശുദ്ധ പിതാക്കന്മാരെയും ഈയവസരത്തിൽ നാം ഓർത്ത് പ്രാർത്ഥിക്കുന്നു. അഞ്ചാം തുബ്ദേനിലെ പിതാക്കന്മാർ ആരൊക്കെയാണെന്നുള്ളത് വിശദമായി നമുക്ക് അടുത്ത വർഷം പഠിക്കാവുന്നതാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. മൂന്നാം തുബ്ദേനിൽ നാം ഓർത്തു പ്രാർത്ഥിക്കുന്നതെന്താണ്?
2. നാലും അഞ്ചും തുബ്ദേനുകളിൽ പ്രധാനമായും നാം ഓർക്കുന്നത് വാങ്ങിപ്പോയ പിതാക്കന്മാരെയാണല്ലോ. അവരിൽ പ്രധാനപ്പെട്ട ചിലരുടെ പരുകൾ പറയുക.

### 6. ആറാം തുബ്ദേൻ

സഭയുടെ വിശ്വാസത്തിൽ ജീവിച്ച് വി. കൂദാശകൾ സ്വീകരിച്ച് ദൈവഹിതമനുസരിച്ച് വാങ്ങിപ്പോയ സകലരെയും ഈ തുബ്ദേനിൽ ഓർത്തു പ്രാർത്ഥിക്കുന്നു. അവരുടെ കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും, നിത്യജീവനും വേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്.

തുബ്ദേനുകൾ ഇത്രശ്രേഷ്ഠമായ പ്രാർത്ഥനകളാകയാൽ നാം വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ മൂന്നു കാര്യങ്ങൾ ഓർത്തിരിക്കേണ്ടതായിട്ടുണ്ട്. ഒന്നാമത്, തുബ്ദേൻ വായിക്കുന്ന സമയം വിശ്രമത്തിനുള്ള സമയമാണെന്നു തെറ്റിദ്ധരിക്കാതെ അച്ചടക്കത്തോടെ ധ്യാനനിമഗ്നരായി ഈ പ്രാർത്ഥനകളിൽ നാം പങ്കെടുക്കണം. രണ്ടാമത്, നമ്മുടെ അറിവിലും പരിചയത്തിലും ക്ലേശങ്ങൾ അനുഭവിയ്ക്കുന്നവർ ഉണ്ടെങ്കിൽ അവരുടെ പേര് വി. കുർബ്ബാനയുടെ എല്ലാ മദ്ധ്യസ്ഥപ്രാർത്ഥനകളിലും ഓർമ്മിക്കത്തക്കവണ്ണം പ്രഭാത നമസ്ക്കാരസമയത്തു തന്നെ ശുശ്രൂഷകനെ ഏൽപ്പിക്കണം. മൂന്നാമത് പട്ടക്കാരനും ശുശ്രൂഷകനും പ്രാർത്ഥനകൾ ചൊല്ലുന്ന സമയത്ത് നാമും മദ്ധ്യസ്ഥ പ്രാർത്ഥന ആവശ്യമുള്ളവർക്കുവേണ്ടി രഹസ്യമായി പ്രാർത്ഥിക്കണം.

## നമുക്ക് ചിന്തിക്കാം

1. അഞ്ചാം തുബ്ദേനിൽ നാം ഓർമ്മിക്കുന്ന പ്രധാന പിതാക്കന്മാർ ആരെല്ലാം?
2. വി. കുർബ്ബാനയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വളരെ പ്രാധാന്യമുണ്ട് എന്ന് തെളിയിക്കുക.
3. വി. കുർബ്ബാനയിലെ മദ്ധ്യസ്ഥ പ്രാർത്ഥനാസന്ദർഭങ്ങൾ ഏതെല്ലാം?

## പ്രവർത്തനങ്ങൾ

1. തുബ്ദേനുകളിൽ ഓർമ്മിക്കുന്ന പിതാക്കന്മാരുടെ ഒരു പട്ടിക തയ്യാറാക്കുക. താഴെ ത്തന്നിരിക്കുന്ന മാതൃക നോക്കുക.

| ക്രമനമ്പർ | തുബ്ദേൻ | ഓർമ്മിക്കുന്നവർ |
|---|---|---|
| 1 | ഒന്നാം തുബ്ദേൻ | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |

2. സഭയ്ക്കു വേണ്ടിയും, രോഗികൾക്കു വേണ്ടിയും, വാങ്ങിപ്പോയവരും, ജീവിച്ചിരിക്കു ന്നവരുമായ പിതാക്കന്മാർക്കുവേണ്ടിയും, പ്രത്യേകം പ്രാർത്ഥിക്കുക.
3. രോഗികളുടെ ഭവനങ്ങൾ മുതിർന്നവരോടൊപ്പം സന്ദർശിക്കുക, പ്രാർത്ഥിക്കുക.

### നമുക്ക് പാടാം

പിതാക്കന്മാരെയും മല്പാൻമാരെയും ഓർക്കുന്ന ദിവസം ഏവൻഗേലിക്കു ശേഷം ആലപിക്കുന്ന ഒരു ഗീതം. വി. കുർബ്ബാനക്രമം പേജ് 338 നോക്കുക.

(ശിശുവായ് സ്വയമേ വെളിവായി................. എന്ന രീതി)

ഓർത്തോ ദുക്സോ വിശ്വാസം-
നിശ്ചിതമായ് സ്ഥാപിച്ചോരാം
ഇഗ്നാത്തീയോസ്സഗ്നിമയൻ-
ജ്ഞാനാർണ്ണവ-തേവോ ലോഗോസ്
നല്ലുറവാകും കൂറിലോസ് - കാഞ്ചന ജിഹ്വൻ
മാർ ഈവാനിയോസ്
മാർ ബേസിൽ ഗ്രീഗോറിയോസ്
മാർ ദീയസ്ക്കോറോസ് ക്ലിമ്മീസ്
മാർ പീലക്സീനോസ് - ഉൽകൃഷ്ടൻ സേവേറിയോസ്
ഈ നിർമ്മല താതന്മാർത-
ന്നോർമ്മദിനങ്ങൾ - ആഘോ-ഷിച്ചീടാം വരുവിൻ.

### നിശ്ചയിക്കുക

**വി. കുർബ്ബാനയിൽ തുബ്ദേനുകളുടെ സമയത്ത് ഞങ്ങൾ ഭയഭക്തിയോടെ ഓരോ തുബ്ദേനിലും ഓർക്കുന്നവർക്കായി പ്രാർത്ഥിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യും**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 237. പരിശുദ്ധ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മയിൽ പ്രഭാതനമസ്കാരത്തിൽ ചൊല്ലുന്ന പ്രാർത്ഥന)

*നിഖ്യായിലും, കുസ്തന്തീനോസ്പ്പോലീസിലും, എഫേസോസിലും പരിശുദ്ധ പിതാക്കന്മാർ പരിശുദ്ധ റൂഹായാൽ സ്ഥിരപ്പെടുത്തിയിട്ടുള്ള സത്യവിശ്വാസത്തിൽനിന്ന് ഇടത്തോട്ടോ വലത്തോട്ടോ വിട്ടുമാറുവാൻ ഞങ്ങൾക്കിടയാകരുതേ. കർത്താവേ കാതോലികവും ശ്ലൈഹികവുമായ സത്യവിശ്വാസത്തിൽ നിന്ന് അവസാന ശ്വാസംവരെ ഇളകാതെ അതിൽ മരിപ്പാനും അതിൽ ജീവിപ്പാനും അതിന്റെ വൈരികളെ മറിച്ചിടുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | എബ്രായർ 3 |
| തിങ്കൾ | എബ്രായർ 4 | എബ്രായർ 5 |
| ചൊവ്വ | എബ്രായർ 6 | എബ്രായർ 7 |
| ബുധൻ | എബ്രായർ 8 | എബ്രായർ 9 |
| വ്യാഴം | എബ്രായർ 10 | എബ്രായർ 11 |
| വെള്ളി | എബ്രായർ 12 | എബ്രായർ 13 |
| ശനി | യാക്കോ. 1, 2 | യാക്കോ. 3, 4 |
| ഞായർ | യാക്കോ. 5 | – |

യൂണിറ്റ് 6

# വിശ്വാസ സത്യങ്ങൾ

പാഠം 22

## വി. മാമോദീസാ

### പഠനോദ്ദേശ്യങ്ങൾ

നാം സ്വീകരിച്ചിരിക്കുന്ന വി. മാമോദീസായുടെ അർത്ഥവും ശുശ്രൂഷയുടെ ക്രമീകരണങ്ങളും മനസ്സിലാക്കുക. വി. മാമോദീസായുടെ പ്രാധാന്യം മനസ്സിലാക്കുക. ഭക്തിയോടെ അതിൽ സംബന്ധിക്കുക.

**മനഃപാഠവാക്യം:** നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽ നിന്നും പുറത്തു വന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു (യിരമ്യാവ് 1:5).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. മാമോദീസാക്രമം (കൂദാശാക്രമങ്ങൾ), പ്രാർത്ഥനാക്രമം, വി. കുർബ്ബാനക്രമം.

### ആമുഖം

നാം ക്രിസ്തീയജീവിതത്തിൽ ആദ്യം സ്വീകരിക്കുന്ന കൂദാശ ഏതാണ്? മാമോദീസായോടൊപ്പം സ്വീകരിക്കുന്ന കൂദാശകൾ ഏതെല്ലാമാണ്. വി. മൂറോനും, വി. കുർബ്ബാനയും. മാമോദീസായിൽ എന്തെല്ലാമാണ് നടക്കുന്നത് എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? മാമോദീസാ ശുശ്രൂഷയുടെ വിവിധ വശങ്ങൾ നമുക്കു വിശദമായി പഠിക്കാം.

### പാഠഭാഗം

എന്താണ് ക്രിസ്തീയ സ്നാനം? ഒരുവൻ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട് തന്റെ ജീവിതം ആരംഭിക്കുന്നതിനാണ് സ്നാനം നല്കുന്നത്. സ്നാനം കഴിപ്പിക്കുന്ന ആൾ സ്നാനാർത്ഥിയെ പ്രാർത്ഥനകൾ ചൊല്ലിച്ചും വെള്ളത്തിൽ കഴുകിയും ത്രിത്വനാമത്തിൽ മുദ്രയിട്ടും. വിശുദ്ധ മൂറോൻ തൈലത്തിൽ അഭിഷേകം ചെയ്തും മാമോദീസാ മുക്കുന്നു. ഇത് നമ്മുടെ കർത്താവിന്റെ അന്ത്യകല്പനയനുസരിച്ചാണ് (വി. മത്തായി 28:19). നമ്മുടെ കർത്താവ് നിക്കോദിമോസിനോട് അരുളിച്ചെയ്തത് “വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ, ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല” എന്നാണ്.

മാമോദീസാ മുങ്ങുന്ന ഒരുവൻ നമ്മുടെ കർത്താവിന്റെ മരണത്തിൽ പങ്കാളിയായിത്തീർന്ന് അവനോടുകൂടെ കുഴിച്ചിടപ്പെട്ട് അവനോടൊപ്പം ഉയിർത്തെഴുന്നേല്ക്കുന്നു എന്നാണ് പരിശുദ്ധനായ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് (റോമർ 6:34).

മാമോദീസായിൽ കൂടി നാം പ്രാപിക്കുന്ന നല്വരങ്ങൾ താഴെ പറയുന്നവയാണ്.

### 1. വീണ്ടും ജനനം

ശാരീരികമായി മാതാപിതാക്കളിൽനിന്നും ജനിച്ച കുഞ്ഞ് മാമോദീസാതൊട്ടിയാകുന്ന സഭാമാതാവിന്റെ ഗർഭപാത്രത്തിൽനിന്നും ദൈവത്തിന്റെ മകൻ/മകൾ ആയി ജനിക്കുന്നു.

### 2. പുത്രസ്വീകാരം

മാമോദീസാ ഏല്ക്കുന്ന ആൾ ദൈവത്തിന്റെ സന്നിധിയിൽ ദാസന്മാരായിട്ടല്ല മറിച്ച് 'അബ്ബാപിതാവേ' എന്ന സ്വാതന്ത്ര്യത്തോടെ വിളിക്കുന്ന ദൈവമക്കളായിട്ടാണ് തീരുന്നത് (റോമർ 8:15).

### 3. പരിശുദ്ധാത്മദാനം

മാമോദീസായോടൊപ്പം നല്കുന്ന മൂറോനഭിഷേകത്താൽ നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങളായിത്തീർന്നു (1 കൊരി. 3:16, 17).

### 4. പാപമോചനം

പാപപങ്കിലമായ ഈ ലോകത്തിൽ ജീവിക്കുന്ന ആൾ എപ്പോഴും പാപത്തിന്റെ സ്വാധീനത്തിലാണ് വളരുന്നത്. എന്നാൽ വി. മാമോദീസായിലൂടെ സാത്താനിൽനിന്നും പാപത്തിൽനിന്നും വീണ്ടെടുക്കപ്പെട്ടവരായിത്തീരുന്നു. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു. പഴയതു കഴിഞ്ഞുപോയി' (2 കൊരി. 5:17).

**അല്പം നിർത്താം... ചിന്തിക്കാം...**

1. വി. മാമോദീസായുമായി ബന്ധപ്പെട്ട് നമ്മുടെ കർത്താവ് നിക്കോദീമോസിനോട് അരുളി ചെയ്ത വചനം എന്ത്?
2. വി. മാമോദീസായിൽകൂടി നാം പ്രാപിക്കുന്ന നൽവരങ്ങൾ എന്തെല്ലാം?
3. വി. മാമോദീസായിൽകൂടി ഒരുവൻ നിത്യജീവന് അവകാശിയായിത്തീരുന്നതെങ്ങനെ?
5. നിത്യജീവൻ

ത്രിത്വനാമത്തിൽ മാമോദീസാ ഏറ്റ ആൾ മൂറോനഭിഷേകത്താൽ പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ പ്രാപിക്കുകയും വി. കുർബ്ബാന അനുഭവത്തിൽകൂടി നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളിൽ പങ്കാളികളായിത്തീരുകയും ചെയ്യുന്നു. ഇതു മൂലം നമ്മുടെ കർത്താവ് വാഗ്ദത്തം ചെയ്ത നിത്യജീവന് അവകാശിയായി ഭവിക്കുന്നു (യോഹ. 6:56-58).

### മാമോദീസാ ശുശ്രൂഷ

ക്രിസ്തീയ മാതാപിതാക്കളുടെ മക്കളായി ജനിക്കുന്ന ശിശുക്കളേയും മറ്റ് മതങ്ങ

ളിൽ ജനിച്ചു വളർന്നശേഷം സഭയിലേക്കു വരുന്ന മുതിർന്നവരെയും സഭയിൽ മാമോദീസാ മുക്കാറുണ്ട്. ഹൂദായകാനോൻ അനുസരിച്ച് ആൺകുട്ടികളെ നാല്പതു ദിവസം പ്രായമായതിനുശേഷവും, പെൺകുട്ടികളെ അൻപത്തിയാറ് ദിവസം തികഞ്ഞതിനുശേഷവും മാമോദീസാ മുക്കുന്നു.

മാമോദീസാ ശുശ്രൂഷയിൽ താഴെ പറയുന്ന കർമ്മങ്ങളാണുള്ളത്.

**1. മാമോദീസായ്ക്കുള്ള ഒരുക്കം**

സ്നാനാർത്ഥി മുതിർന്ന ആളാണെങ്കിൽ ആ വ്യക്തിയും, ശിശുവാണെങ്കിൽ കുഞ്ഞിന്റെ മാതാപിതാക്കളും തലതൊടുന്ന ആളും പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടി വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ച് ശുശ്രൂഷയ്ക്കായി ഒരുങ്ങുന്നു.

**2. സമർപ്പണം**

ദൈവകൃപയാൽ ലഭിച്ച കുഞ്ഞിനെ ദേവാലയത്തിൽ സമർപ്പിക്കുന്ന പതിവ് നമ്മുടെ കർത്താവിന്റെ കാലം മുതൽ തന്നെയുണ്ട്. മാമോദീസായിലെ പ്രാരംഭ പ്രാർത്ഥനകളിൽ ഈ ആശയമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**3. പേരിടീൽ കർമ്മം**

നമ്മുടെ പാരമ്പര്യമനുസരിച്ച് ക്രിസ്തീയ പൈതങ്ങൾക്ക് വേദപുസ്തകത്തിലെ പുരുഷന്മാരുടെ/സ്ത്രീകളുടെ പേരുകളോ വിശുദ്ധന്മാരുടെ/ശുദ്ധിമതികളുടെ പേരുകളോ ആണ് നൽകുന്നത്.

**4. ഭൂതോച്ചാടനം**

പാപത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നും സ്നാനാർത്ഥിയെ മോചിപ്പിക്കുന്നതിനായി ഉള്ള പ്രതിജ്ഞകൾ ശുശ്രൂഷയിൽ ചേർത്തിരിക്കുന്നു.

**5. വിശ്വാസപ്രഖ്യാപനം**

ക്രിസ്തുവിൽ ഉള്ള വിശ്വാസം മുതിർന്ന ആളെങ്കിൽ ആ വ്യക്തിയും ശിശുക്കളെങ്കിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥനും ഏറ്റുപറയുന്നു. അതിനുശേഷം സമൂഹമൊന്നാകെ നിഖ്യ വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നു.

**6. മുദ്രയിടീൽ**

സ്നാനാർത്ഥിയുടെ ശിരസ്സിൽ തൈലം കൂടാതെയും സന്തോഷതൈലവുമുപയോഗിച്ചും (മാമോദീസാ സൈത്ത്) കഴുകലിനുശേഷം വി. മൂറോൻ ഉപയോഗിച്ചും ത്രിത്വനാമത്തിൽ മുദ്രകുത്തുന്നു.

**7. കഴുകൽ**

പ്രാർത്ഥനകൾ ചൊല്ലിയും മൂറോൻ തൈലം ഒഴിച്ചും ശുദ്ധീകരിക്കപ്പെട്ട വെള്ളത്തിൽ സ്നാനാർത്ഥിയ്ക്ക് മാമോദീസാ നല്കുന്നു. സ്നാനാർത്ഥി മുതിർന്ന ആളാണെങ്കിൽ ശുദ്ധീകരിക്കപ്പെട്ട വെള്ളം ഒഴിക്കുന്നു.

**8. മൂറോനഭിഷേകം**

കഴുകപ്പെട്ട ആൾ വി. മൂറോൻ തൈലത്താൽ മുദ്രകുത്തപ്പെടുകയും ശരീരം ആസകലം അഭിഷേകം പ്രാപിക്കുകയും ചെയ്യുന്നതിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു.

**9. വി. കുർബ്ബാനാനുഭവം**

നമ്മുടെ വിശ്വാസമനുസരിച്ച് മാമോദീസാ ഏറ്റ ആൾ മുതിർന്നവരെങ്കിലും ശിശുക്കളെങ്കിലും അന്നു മുതൽ വി. കുർബ്ബാന സ്വീകരിക്കുന്നു. നമ്മുടെ കർത്താവിന്റെ വചനം ഇവിടെ പ്രസക്തമാണ്. 'എന്നിൽ വിശ്വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും' (യോഹ. 15:4).

**10. പിരിച്ചുവിടീൽ**

മാമോദീസാ സ്വീകരിച്ച ആളിന്റെ പരിപാലനവും വിശ്വാസത്തിലുള്ള വളർച്ചയും സംബന്ധിച്ച് പ്രബോധനം നല്കി ശുശ്രൂഷ അവസാനിപ്പിക്കുന്നു. മദ്ധ്യസ്ഥനായ ആളിന്റെ പ്രത്യേക ചുമതലകൾ ഈ അവസരത്തിൽ കാർമ്മികൻ ഓർപ്പിക്കുന്നു. സ്നാനമേറ്റ ആൾ അന്നു മുതൽ വി. സഭയുടെ ഭാഗവും കർത്താവായ യേശുക്രിസ്തുവിന്റെ സഹോദരൻ/സഹോദരിയും ആയിത്തീരുന്നു.

## പ്രവർത്തനം

1. കുട്ടിയെ സമർപ്പിക്കുന്ന സമയം ചൊല്ലുന്ന ഗീതം പഠിക്കുക.
2. മാമോദീസ ശുശ്രൂഷയിൽ പരാമർശിക്കപ്പെടുന്ന വേദഭാഗങ്ങൾ കണ്ടുപിടിക്കുക.
3. ഒരു മാമോദീസാ ശുശ്രൂഷയിൽ പങ്കെടുത്ത് ഒരു നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
4. നിങ്ങളുടെ മാമോദീസായിലെ മുഖ്യകാർമ്മികൻ, തലതൊട്ടയാൾ, നടന്ന തീയതി, പള്ളി തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
5. നിത്യപ്രാർത്ഥനാക്രമം പുസ്തകത്തിൽ ദനഹാപെരുന്നാളിന്റെ സന്ധ്യയിലേയും പ്രഭാതത്തിലെയും പ്രാർത്ഥനകൾ കണ്ടുപിടിച്ച് ചൊല്ലി പഠിക്കുക.

## നമുക്ക് പാടാം

വി. മാമോദീസായിലെ ഒരു ഗാനം എല്ലാവരും ചേർന്ന് ഇവിടെ പാടുക (കൂദാശാക്രമങ്ങൾ പേജ് 12)

കാക്കുക നാ-ഥാ സ്ലീബായാൽ
ഉണ്ണികളെ-സ്നാനാ-ർത്ഥികളെ
ഈ സ്നാന-ത്തെ മുൻ-നിർത്തി
മുൻ-ചൊന്നാൻ-സ്കറിയാ-തനയൻ
നൽ-കുന്നേൻ-നീരിൽ-സ്നാനം
വന്നീടു-ന്നോനാ-ത്മാ-വിൽ

(ഈ ഗാനം മുഴുവനായി പുസ്തകം നോക്കി പാടുക)

## നിശ്ചയം

**ഓർത്തഡോക്സ് സഭയുടെ വിശ്വാസമനുസരിച്ച് ക്രിസ്തീയ മാതാപിതാക്കൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ ശൈശവപ്രായത്തിൽ തന്നെ മാമോദീസാ സ്വീകരിച്ച് പരിശുദ്ധാത്മ നൽവരം പ്രാപിച്ച് ദൈവകൃപയിൽ വളരുവാൻ സഹായിക്കുന്ന സഭയുടെ അനുഷ്ഠാനത്തെ ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 79. ദനഹാപെരുന്നാളിൽ സന്ധ്യയുടെ പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രത്യേക പ്രാർത്ഥനയിൽ നിന്ന്)

*തന്റെ മാമോദീസാ മൂലം പാപത്തിന്റെ അശുദ്ധിയിൽ നിന്ന് ഞങ്ങളെ വെടിപ്പാക്കുന്നതായ മാമോദീസായെ ഞങ്ങൾക്ക് ശുദ്ധീകരിച്ചു തന്നവനായ കർത്താവേ..... പാപത്തിന്റെ സകല അഴുക്കുകളെയും കരുണയോടെ ഞങ്ങളിൽനിന്ന് കഴുകിക്കളയേണമെ. ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമോദീസായ്ക്കു ചേരാത്തതായ യാതൊന്നും വിചാരിപ്പാനും പറവാനും പ്രവർത്തിപ്പാനും ഞങ്ങൾക്കിടയാകുകയും അരുതേ. ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | യിരെമ്യാ 1 |
| തിങ്കൾ | മത്താ. 28 | റോമ. 6 |
| ചൊവ്വ | 1 കൊരി. 3 | റോമ. 8 |
| ബുധൻ | 2 കൊരി. 5 | യോഹ. 6 |
| വ്യാഴം | യോഹ. 15 | ലൂക്കോ. 3:7-22 |
| വെള്ളി | മത്താ. 3:13-17 | മർക്കോ. 1:9-11 |
| ശനി | യോഹ. 1:29-34 | ലൂക്കോ. 5,6 |
| ഞായർ | ലൂക്കോ. 9 | - |

പാഠം 23

# ശിശുസ്നാനം

### മുഖ്യസന്ദേശം

ശിശുക്കളെ സ്നാനം കഴിപ്പിക്കുന്നത് വേദാനുസരണമാണെന്നു മനസ്സിലാക്കുക. ശിശുക്കളെ സ്നാനത്തിന്റെ വേദപുസ്തകാടിസ്ഥാനം കണ്ടെത്തുക. ശിശുക്കളെ സ്നാനത്തിന്റെ ആദിമസഭാ പാരമ്പര്യം കണ്ടെത്തുക.

**മനഃപാഠവാക്യം:** ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്, ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ (വി. മർക്കോസ് 10:14).

**പഠന സഹായികൾ:** യേശുവിന്റെ അടുക്കൽ കുഞ്ഞുങ്ങളെയുംകൊണ്ടു നില്ക്കുന്ന അമ്മമാരുടെ പടം, ഒരു കുഞ്ഞിനെ മാമോദീസാ മുക്കുന്ന ചിത്രം, വി. വേദപുസ്തകം.

### ആമുഖം

കുഞ്ഞുങ്ങളെ മാമോദീസാ മുക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്? ഏതു പ്രായത്തിലുള്ള കുഞ്ഞുങ്ങളെ മാമോദീസാ മുക്കുന്നതാണ് നിങ്ങൾ കണ്ടിട്ടുള്ളത്. നിങ്ങളുടെ ക്രിസ്തീയ സുഹൃത്തുക്കളിൽ മാമോദീസാ മുങ്ങാത്ത ആരെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് അവർ മാമോദീസാ മുങ്ങാത്തത്? പ്രായപൂർത്തിയായശേഷം മാമോദീസാ മുങ്ങുന്നതാണ് ശരി എന്നാണ് അക്കൂട്ടർ വിശ്വസിക്കുന്നത്. എന്നാൽ ശിശുസ്നാനം വേദാനുസൃതമാണെന്ന് മനസ്സിലാക്കുകയാണ് ഇന്നത്തെ പാഠത്തിന്റെ ഉദ്ദേശം.

### പാഠഭാഗം

#### 1. ശിശുസ്നാനം ആദിമസഭാപാരമ്പര്യം

ശിശുസ്നാനം അഥവാ ശിശുക്കൾക്ക് മാമോദീസാ നല്കുന്നത്, ആദിമകാലം മുതൽ സഭയിലുള്ള രീതിയാണ്. പുതിയനിയമത്തിലെ പല സംഗതികളും സഭയുടെ ആരംഭത്തിലെ കാര്യങ്ങളാണ്. മുതിർന്നവർ ക്രിസ്തുവിനെ സ്വീകരിക്കുന്നതിന്റെ പരാമർശനങ്ങളോടൊപ്പം അവരുടെ 'കുടുംബവും' സ്നാനം സ്വീകരിച്ചുവെന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ. അ. പ്ര. 16:15, 16:33, 1 കൊരി. 1:16) ശിശുക്കൾക്ക് അക്കൂട്ടത്തിൽ സ്നാനം നല്കിയിരുന്നു. ശിശുക്കളെ ഒഴിവാക്കിയിരുന്നെങ്കിൽ അക്കാര്യം രേഖപ്പെടുത്തണമായിരുന്നു. "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്, ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (വി. മർക്കോസ് 10:14). എന്ന് പറഞ്ഞ

യേശുക്രിസ്തുവിനോടു ചേരുന്നതിൽനിന്നു ശിശുക്കളെ ആർക്കു മാറ്റിനിർത്താനാവും? ആദിമസഭയുടെ ഗ്രന്ഥങ്ങളായ 'അപ്പോസ്തോലന്മാരുടെ ഉപദേശം' (രണ്ടാം നൂറ്റാണ്ട്) എന്ന കൃതിയിലും 'അപ്പോസ്തോലിക പാരമ്പര്യം' (മൂന്നാം നൂറ്റാണ്ട്) എന്ന കൃതിയിലും ശിശുസ്നാനത്തെക്കുറിച്ചു വ്യക്തമായി പറയുന്നുണ്ട്.

### 2. ശിശുക്കൾക്കും വിശ്വസിക്കുവാനുള്ള കൃപ നല്കപ്പെടുന്നു - അതുകൊണ്ട് ശിശുസ്നാനം വിശ്വാസസ്നാനം അഥവാ ജ്ഞാനസ്നാനം തന്നെ

'വിശ്വാസം' എന്നു പറഞ്ഞാൽ യുക്തിപരമായ ബോധ്യം ആണെന്നു ധരിക്കുന്നതുകൊണ്ടാണ് ശിശുക്കൾക്ക് വിശ്വസിക്കാൻ പ്രായമായില്ല എന്നു പറയുന്നത്. എന്നാൽ 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു' എന്നാണ് വേദപുസ്തകം നിർവചിക്കുന്നത് (എബ്രാ. 11:1). ആശിക്കുന്നതിൽ ഉറപ്പും കാണാത്തതിലുള്ള നിശ്ചയവും ഏറ്റവും കൂടുതൽ ഉള്ളത് ശിശുക്കളിലാണ്. ഉദാഹരണത്തിന് തങ്ങളുടെ മാതാപിതാക്കൾ തങ്ങൾക്ക് ലോകത്തിൽ എല്ലാമെല്ലാമാണ് എന്നു ശിശുക്കൾ വിശ്വസിക്കുന്നു. ഇതുപോലെ ദൈവം തമ്പുരാൻ തനിക്ക് എല്ലാമെല്ലാമാണെന്നു ഒരു ദൈവപൈതലിന് വിശ്വസിക്കാം. അപ്രകാരം വിശ്വസിക്കുവാനുള്ള കൃപ ദൈവം തന്നെയാണ് നൽകുന്നതെന്നും ദൈവവചനം സാക്ഷിക്കുന്നു.

"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രെയാകുന്നു" (എഫെ. 2:1).

**അല്പം നിർത്താം... ചിന്തിക്കാം...**

1. ശിശുസ്നാനത്തെക്കുറിച്ചു പറയുന്ന ആദിമസഭയിലെ രണ്ടു ഗ്രന്ഥങ്ങൾ ഏവ.
2. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്' എന്ന് യേശു പറയാനുണ്ടായ സാഹചര്യം എന്ത്?
3. ശിശുസ്നാനം വിശ്വാസസ്നാനം തന്നെയാണോ? എന്തുകൊണ്ട്?

### 3. ശിശുക്കൾ സ്നാനം സ്വീകരിച്ചതിനെ തെളിയിക്കുന്ന മറ്റു വേദപരാമർശങ്ങൾ

**1. കുഞ്ഞുങ്ങൾക്കും വിശുദ്ധർ എന്ന വിശേഷണം:** പുതിയനിയമത്തിൽ 'വിശുദ്ധർ' എന്ന പദം മാമോദീസാ സ്വീകരിച്ചവർക്ക് ഉപയോഗിച്ചിരിക്കുന്നു. ഇതേ പദം കുഞ്ഞുങ്ങളെ സംബന്ധിച്ചും ഉപയോഗിച്ചിരിക്കുന്നതിനാൽ കുഞ്ഞുങ്ങൾക്കും മാമോദീസാ നൽകിയിരുന്നുവെന്ന് വിശ്വസിക്കാം. "ഇപ്പോഴോ അവർ വിശുദ്ധർ ആകുന്നു" (1 കൊരി. 7:14).

**2. പരിശുദ്ധാത്മ വാഗ്ദത്തം മക്കൾക്കും:** മാമോദീസായിലെ പ്രധാന നൽവരം പരിശുദ്ധാത്മാവാണ്. ഈ പരിശുദ്ധാത്മാവിന്റെ പ്രാപ്തിക്കായി കുഞ്ഞുങ്ങളെയും ദൈവം വിളിക്കുന്നുവെന്ന് വി. പത്രോസ് പ്രഖ്യാപിച്ചു. 'വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഉള്ളതല്ലോ' (അ. പ്ര. 2:39). അമ്മയുടെ ഗർഭത്തിൽവച്ചു തന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയ്ക്കുവാൻ (ലൂക്കോ. 1:15). കഴിയുന്ന ദൈവമാണ് മാമോദീസായിൽ പ്രവർത്തിക്കുന്നത്. മാമോദീസായിൽകൂടി പരിശുദ്ധാത്മകൃപ പ്രാപിച്ച് ദൈവസ്നേഹത്തെ അറിഞ്ഞതിനെക്കുറിച്ചാണ് വി. യോഹന്നാൻ മറ്റൊരവസരത്തിൽ സൂചിപ്പിക്കുന്നത്. 'ബാല്യക്കാരേ നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. കുഞ്ഞുങ്ങളേ

നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു' (1 യോഹ. 2:13).

## നമുക്കു പ്രവർത്തിക്കാം

1. അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും. സന്ദർഭം കണ്ടുപിടിക്കുക.
2. പുതിയനിയമത്തിൽ മാമോദീസാ ഏറ്റവരെ വിശുദ്ധർ എന്നു വിളിച്ചിരിക്കുന്ന മൂന്നു സന്ദർഭങ്ങൾ കണ്ടുപിടിക്കുക.
3. "പിള്ള എന്റെ ഗർഭത്തിൽ ആനന്ദം കൊണ്ടു തുള്ളി." ആരു പറഞ്ഞു? പിള്ള ആര്? ആനന്ദം ഉണ്ടാകുവാൻ കാരണം എന്ത്? (ലൂക്കോസ് 1:44)
4. ശിശുസ്നാനത്തിന്റെ വേദപുസ്തകാടിസ്ഥാനങ്ങൾ കണ്ടുപിടിച്ചു വായിക്കുക.
5. മാമോദീസാക്രമം വായിച്ച് മദ്ധ്യസ്ഥന്റെ പങ്ക് മനസ്സിലാക്കുക.

## നമുക്കു പാടാം

കർത്താവിന്റെ മാമോദീസ (ജനുവരി 6) ദിവസം ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഗീതം.

(ചേർത്തു സലിലം...... എന്ന രീതി)

യൂഹാനോൻ മാമോദീസാ-വെള്ളം-ചേർ-ത്തു
മശിഹാ ശുദ്ധി വരുത്തിയതിൽ-മുങ്ങു-കയും ചെയ്തു
വാരിയിൽനിന്നും-താനേറും നേരം
പാരും വാനും-മാനിച്ചൊരുപോലെ
അർക്കനുമമ്പിളിയും കൂപ്പി-മാലിന്യം-നീക്കി
ലോകം രക്ഷിപ്പാൻ ഗിരി-ന്നമലത ചേർത്തവനേ
ഹാലേലുയ്യാ-മേഘങ്ങൾ വാഴ്ത്തി

(വി. കുർബ്ബാനക്രമം പേജ് 277)

### നിശ്ചയം

**ശിശുക്കളെ മാമോദീസാ മുക്കുന്നത് വേദാനുസൃതമാണെന്ന് ഞങ്ങൾ മനസ്സിലാക്കി.**
**അത് ഞങ്ങൾ എന്നും വിശ്വസിക്കും.**
**സഭയുടെ സത്യവിശ്വാസം ഞങ്ങൾ കാത്തുസൂക്ഷിക്കും**

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ ശിശുസ്നാനം വേദാനുസൃതമാണെന്നു മനസ്സിലാക്കുവാനും, ആരുടെ പ്രേരണ ഉണ്ടായാലും സത്യവിശ്വാസത്തിൽനിന്നും മാറിപ്പോകാതിരിക്കുവാനും ഞങ്ങളെ സഹായിക്കണമേ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | വി. മർക്കോസ് 10:13-16 |
| തിങ്കൾ | അപ്പൊ. 16 | 1 കൊരി. 1 |
| ചൊവ്വ | എബ്രാ. 11 | മത്തായി 19: 3-15 |
| ബുധൻ | ലൂക്കോ. 18: 5-17 | മത്താ. 18: 2-3 |
| വ്യാഴം | 1 കൊരി. 14 | 1 കൊരി. 7 |
| വെള്ളി | അപ്പൊ. 2 | ലൂക്കോ. 1:15 |
| ശനി | 1 യോഹ. 2 | മത്താ. 18: 4-5 |
| ഞായർ | മർക്കൊ 9:33-37 | – |

പാഠം 24

# ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായുള്ള സംസർഗ്ഗം

## മുഖ്യസന്ദേശം

വാങ്ങിപ്പോയവരും ദൈവസന്നിധിയിൽ സജീവരാണെന്നു മനസ്സിലാക്കുക. അവരുമായി പ്രാർത്ഥനാസംസർഗം സാദ്ധ്യമാണെന്നു മനസ്സിലാക്കുക. വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുക.

**മനഃപാഠവാക്യം:** ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല (യോഹ. 11:25-26).

**പഠന സഹായികൾ:** വിശുദ്ധന്മാരുടെ ചിത്രം

## ആമുഖം

നാം നമ്മുടെ പ്രിയപ്പെട്ടവരെ സംസ്കരിച്ചിരിക്കുന്ന സ്ഥലത്ത് പോയി പ്രാർത്ഥിക്കുകയും വിശുദ്ധന്മാരുടെ കബറുകൾ സന്ദർശിച്ച് മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്ന പതിവുണ്ടല്ലോ. ഇതിന്റെ അർത്ഥം നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ? വാങ്ങിപ്പോയവർക്കു വേണ്ടി നാം പ്രാർത്ഥിക്കണമെന്നും വാങ്ങിപ്പോയവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുമെന്നുമുള്ള നമ്മുടെ വിശ്വാസം വി. വേദപുസ്തകാടിസ്ഥാനത്തിൽ നമുക്കു പഠിക്കാം.

## പാഠഭാഗം

'വാങ്ങിപ്പോകുക' എന്നു പറഞ്ഞാൽ ഒരു സ്ഥലത്തുനിന്നോ അവസ്ഥയിൽനിന്നോ മറ്റൊന്നിലേക്ക് മാറുക എന്നാണർത്ഥം. ക്രിസ്തീയ വിശ്വാസപ്രകാരം ഒരു വിശ്വാസി മരിച്ചുവെന്നു പറയുന്നതിനേക്കാൾ വാങ്ങിപ്പോയി എന്നു പറയുന്നതാണ് ശരി.

### 1. വാങ്ങിപ്പോകുന്നവരുടെ അവസ്ഥ

1. അവർ സജീവരും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ തുടരുന്നവരും ആണ്. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല (യോഹ. 11:26).

2. അവർ ക്രിസ്തുവിനോടു കൂടുതൽ സമീപസ്ഥർ.

വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ (ഫിലി. 1:23).

3. അവർ ക്രിസ്തുവിനെ പ്രസാദിപ്പിക്കാവുന്ന അവസ്ഥയിൽ.

അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരംവിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു (2 കൊരി. 5:9).

4. അവർ എപ്പോഴും ആരാധന നടത്തുന്നു.

....അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു (വെളി. 7:15).

5. അവർ ദൈവസ്നേഹത്തെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, അധികാരങ്ങൾക്കോ.... നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു (റോമ. 8:38-39).

6 അവർ ദൈവപുത്രനെ കേട്ടു മനംതിരിയുവാൻ സാധിക്കുന്ന അവസ്ഥയിൽ

ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത്. അവർ ജഡസംബന്ധമായി മനുഷ്യരെപ്പോലെ വിധിക്കപ്പെടുകയും ആത്മാവു സംബന്ധമായി ദൈവത്തിനൊത്തവണ്ണം ജീവിക്കുകയും ചെയ്യേണ്ടതിനുതന്നെ. (1 പത്രോസ് 4:6)

## 2. വാങ്ങിപ്പോയവരുടെ നിദ്രയും വിശ്രമവും ന്യായവിധിയും

വാങ്ങിപ്പോയവർ നിദ്രയിലും വിശ്രമത്തിലുമാണെന്ന് പറയുന്നത് ഏതർത്ഥത്തിലാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിദ്ര അഥവാ ഉറക്കം നടക്കുമ്പോൾ ബാഹ്യേന്ദ്രിയങ്ങൾ വിശ്രമിക്കുകയാണെങ്കിലും ആന്തരികാവയവങ്ങൾ പ്രവർത്തിക്കുകയാണല്ലോ. ഇപ്രകാരം, വാങ്ങിപ്പോകുന്നവർ ലൗകികപ്രവർത്തനങ്ങളിൽനിന്നു വിരമിച്ചിരിക്കുന്നുവെന്ന അർത്ഥത്തിലാണ് 'നിദ്ര' പ്രാപിച്ചുവെന്നും വിശ്രമിക്കുന്നുവെന്നും പറയുന്നത്. പക്ഷേ, അവർ ആത്മീയാവസ്ഥയിൽ സജീവരാണുതാനും; വളരുകയോ തളരുകയോ ചെയ്യാവുന്ന നിലയിൽതന്നെ. അതുകൊണ്ട് ന്യായവിധിയിങ്കൽ അതുവരെയുള്ള കാര്യങ്ങൾ ദൈവംതമ്പുരാൻ പരിഗണിക്കുന്നു. അനുതപിച്ചു മോചനം പ്രാപിച്ചവ ഒഴികെയെല്ലാം ന്യായവിധിയിൽ ശ്രദ്ധിക്കപ്പെടും.

## 3. വാങ്ങിപ്പോയവരും ശരീരത്തോടെ ഇരിക്കുന്നവരുമായുള്ള സംസർഗ്ഗം

വാങ്ങിപ്പോയവരും ശരീരത്തോടെ ഇരിക്കുന്നവരും തമ്മിൽ ലോകപ്രകാരമുള്ള ആശയവിനിമയമോ, സംസർഗ്ഗമോ സാധ്യമല്ല. പക്ഷേ, രണ്ടുകൂട്ടരും ക്രിസ്തുവിന്റെ ശരീരത്തിൽ അംഗങ്ങളാകയാലും രണ്ട് അവസ്ഥയിൽ സജീവരാകയാലും ക്രിസ്തുവിൽകൂടി ഒരു കൂട്ടായ്മ അഥവാ സംസർഗ്ഗം അനുഭവിക്കാവുന്നവരാണ്. ക്രിസ്തുവിൽക്കൂടിയുള്ള കൂട്ടായ്മ അഥവാ സംസർഗ്ഗം സാധിക്കുന്നത് ആരാധനയിലും പരസ്പര പ്രാർത്ഥനയിലും കൂടിയാണ്. അനുതാപത്തിനും പാപമോചനത്തിനും ആന്തരിക വളർച്ചയ്ക്കും

പ്രാർത്ഥന പരസ്പരം സഹായിക്കുന്നുവെങ്കിലും, ഓരോരുത്തർക്കും കൃപയിൽ വളരുവാൻ ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വംകൂടി വിനിയോഗിക്കണം.

**അല്പം നിർത്താം... ചിന്തിക്കാം...**

1. മരിച്ചു എന്നു പറയുന്നതിനേക്കാൾ വാങ്ങിപ്പോയി എന്നു പറയുന്നതാണ് ശരി. എന്തുകൊണ്ട്?
2. വാങ്ങിപ്പോകുന്നവരുടെ അവസ്ഥയെക്കുറിച്ചുള്ള വേദപുസ്തക സൂചനകൾ എന്തൊക്കെ?
3. വാങ്ങിപ്പോകുന്നവർ 'നിദ്ര' പ്രാപിച്ചുവെന്നും വിശ്രമത്തിലായിയെന്നും പറയുന്നത് ഏതർത്ഥത്തിൽ?
4. വാങ്ങിപ്പോകുന്നവരുമായി ശരീരത്തോടെ ഇരിക്കുന്നവർക്ക് ഉള്ള സംസർഗ്ഗത്തിന്റെ സ്വഭാവമെന്ത്?

## 1. ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏകമദ്ധ്യസ്ഥൻ യേശുക്രിസ്തു മാത്രം

പിതാവാം ദൈവത്തിനും ലോകത്തിനുമിടയിൽ ഏക മദ്ധ്യസ്ഥൻ യേശുക്രിസ്തുവാണ്.

"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ" (1 തിമൊ. 2:5). ഈ മദ്ധ്യസ്ഥൻ യേശുക്രിസ്തുവാണെന്ന് അടുത്ത വാക്യത്തിൽ പറയുന്നു. യേശുക്രിസ്തു മുഖാന്തിരം ദൈവവും മനുഷ്യനും ഐക്യപ്പെടുന്നുവെന്ന് പുതിയനിയമം ആവർത്തിച്ചു പറയുന്നു (ഉദാ. എഫേസ്യർ 2:13-18).

## 2. ഏകമദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെയടുക്കൽ മദ്ധ്യസ്ഥത അണയ്ക്കാൻ മനുഷ്യർക്ക് യേശുക്രിസ്തുതന്നെ ചുമതല നൽകി

വിശ്വാസികൾ പരസ്പരം പ്രാർത്ഥിക്കുമ്പോഴും വൈദികർ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോഴും വിശുദ്ധന്മാരായ (നീതിമാന്മാർ) ആളുകൾ പ്രാർത്ഥിക്കുമ്പോഴും ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുതന്നെ ഭരമേല്പിച്ചിരിക്കുന്ന മദ്ധ്യസ്ഥതാ ദൗത്യമാണ് നിറവേറ്റപ്പെടുന്നത്. ഈ മദ്ധ്യസ്ഥതാ ദൗത്യം യേശുവിന്റെ പക്കൽ അപേക്ഷകൾ സമർപ്പിക്കുക എന്നതാണ്. യേശുവാണ്, പിതാവാം ദൈവത്തിന്റെ അടുക്കലേക്ക് ഈ അപേക്ഷകൾ കരേറ്റുന്നത്.

## 3. മദ്ധ്യസ്ഥതയുടെ മൂന്നു വശങ്ങൾ

1. പരസ്പരം പ്രാർത്ഥിക്കുക (പരസ്പരം മദ്ധ്യസ്ഥത അണയ്ക്കുക)

   "ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല, അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും" (യോഹ. 16:24). "ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ" (യാക്കോ. 5:16).

2. വൈദികശുശ്രൂഷയുടെ മദ്ധ്യസ്ഥതാ ദൗത്യം

"നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ (മൂപ്പന്മാരെ) കശ്ശീശന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ". (യാക്കോ. 5:14) "ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നുക്രിസ്തു വിനു പകരം അപേക്ഷിക്കുന്നു" (2 കൊരി. 5:20).

"നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ. 5:16).

## 4. വാങ്ങിപ്പോയ (ഈ ലോകം വിട്ട) നീതിമാന്മാർ സജീവരാണ്; അതുകൊണ്ട് അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

പുണ്യവാന്മാരും പുണ്യവതികളും ഈ ലോകത്തിൽ ജീവിച്ചപ്പോൾ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ചു. അവർ വാങ്ങിപ്പോയിയെങ്കിലും സജീവരാണ്. "എന്നിൽ വിശ്വസി ക്കുന്നവർ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല" (യോഹ. 11:26). ഈ വചനപ്രകാരം സജീവരായിരിക്കുന്ന പുണ്യവാ ന്മാരും പുണ്യവതികളും ലോകത്തിനുവേണ്ടി യേശുക്രിസ്തുവിന്റെയടുക്കൽ അപേക്ഷി ക്കയല്ലാതെ മറ്റെന്താണ് ചെയ്യുന്നത്? അവർ ഇടതടവില്ലാതെ ദൈവത്തെ ആരാധിക്ക യാണ് (വെളി. 7:13-15). സാക്ഷികളുടെ വലിയ സമൂഹം നമുക്കു ചുറ്റും ഉണ്ടെന്നും (എ ബ്രാ. 12:1), ആരാധനയ്ക്കു കൂടുമ്പോൾ 'സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്ക് (എബ്രാ. 12:23) അടുക്കലാണ് നാം എന്നും ദൈവവചനം ഓർമ്മിപ്പിക്കുന്നു.

## നമുക്കു പ്രവർത്തിക്കാം

1. യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥതയും മനുഷ്യരുടെ മദ്ധ്യസ്ഥതയും തമ്മിലുള്ള പ്രധാന വ്യത്യാസം ചർച്ച ചെയ്യുക.
2. വി. കുർബ്ബാനയിലും നമസ്കാരങ്ങളിലും പരിശുദ്ധന്മാരെയും ശുദ്ധിമതികളെയും ഓർക്കുന്ന സന്ദർഭങ്ങൾ ഏതെന്നു പരിശോധിക്കുക.
3. പരിശുദ്ധന്മാരുടെ കുക്കിലിയോനിലെ ഗീതങ്ങളുടെ അർത്ഥം പഠിക്കുക.

## നമുക്കു പാടാം

വാങ്ങിപ്പോയവരുടെ ഞായറാഴ്ച വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗാനം. വി. കുർബ്ബാനക്രമം പേജ് 287.

(ഉത്ഥാനത്താൽ............എന്ന രീതി)

നിൻദാസന്മാർക്കാശ്വാസം നൽകേണം നാഥാ
സിദ്ധന്മാരോടൊപ്പം നിത്യവാസം തന്നിൽ
വാങ്ങിപ്പോയോർക്കുത്ഥാനത്തിൻ നാളിൽ ജീവൻ
ഏകി തേജോവസ്ത്രം നൽകുന്നോനേ സ്തോത്രം

(ഈ ഗീതം മുഴുവനായി പുസ്തകം നോക്കി പാടുക)

## നിശ്ചയം

**വാങ്ങിപ്പോയവർ ദൈവസന്നിധിയിൽ**
**സജീവരാണെന്ന് ഞങ്ങൾ മനസ്സിലാക്കി.**
**വാങ്ങിപ്പോയവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കും.**
**അവരുടെ പ്രാർത്ഥനയിൽ ഞങ്ങൾ ശരണപ്പെടുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, നിന്റെ ശരണത്തിന്മേൽ നിദ്ര പ്രാപിച്ച് തങ്ങളുടെ പരദേശ വാസം അവസാനിപ്പിച്ചവരായ ഞങ്ങളുടെ പിതാക്കന്മാരേയും സഹോദര ങ്ങളേയും നിന്റെ ഇഷ്ടപ്രകാരം ജീവിച്ച് നിന്നെ പ്രസാദിപ്പിച്ചവരോടു കൂടെ ആനന്ദിപ്പാൻ യോഗ്യരാക്കിത്തീർക്കണമെ.*

(പ്രാർത്ഥനാക്രമം പേജ് 110)

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | യോഹ. 11 |
| തിങ്കൾ | ഫിലി. 1 | 2 കൊരി. 5 |
| ചൊവ്വ | വെളി. 7: 9-17 | റോമ. 8 |
| ബുധൻ | 1 പത്രോ. 4 | 1 തിമോ. 2 |
| വ്യാഴം | യാക്കോ. 5 | യോഹ. 16 |
| വെള്ളി | എബ്രാ. 12 | 2 രാജാ. 13: 20-21 |
| ശനി | 1 ശമു. 28: 11-20 | വെളി. 8 |
| ഞായർ | ഫിലിപ്യ. 3 | - |

യൂണിറ്റ് 7

# മഹത് വ്യക്തി പരിചയം

പാഠം 25

# നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ്

## പാഠോദ്ദേശ്യം

'കപ്പദോക്യൻ പിതാക്കന്മാർ' എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 3 പേരിൽ ഒരാളായ നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജീവിത വൈശിഷ്ട്യങ്ങൾ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ നല്ല മാതൃകകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു (യാക്കോബ് 1:27).

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം, ഫിലോക്കാലിയാ ഗ്രന്ഥങ്ങൾ.

## ആമുഖം

കുട്ടികളേ, 'കപ്പദോക്യൻ പിതാക്കന്മാർ' എന്ന് കേട്ടിട്ടുണ്ടല്ലോ. ആരാണിവർ? ഇവരിൽ രണ്ടുപേരെപ്പറ്റി നമ്മൾ താഴ്ന്ന ക്ലാസിൽ പഠിച്ചതാണല്ലോ. (കുട്ടികൾ വലിയ മാർ ബസ്സേലിയോസിനെപ്പറ്റിയും, അദ്ദേഹത്തിന്റെ സഹോദരനായ നിസ്സായിലെ മാർ ഗ്രീഗോറിയോസിനെപ്പറ്റിയും വിവരങ്ങൾ നൽകുന്നു. കൂടാതെ ടീച്ചർ നൽകുന്ന ചുരുങ്ങിയ ചില വിവരങ്ങൾ കുട്ടികൾ ശ്രദ്ധയോടെ കേൾക്കുന്നു.) ഇവരുടെ രണ്ടുപേരുടേയും സുഹൃത്തായ മൂന്നാമത്തെ പിതാവാണ് നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ്. അദ്ദേഹവും കപ്പദോക്യയിൽ തന്നെ ജനിച്ചു വളർന്ന പിതാവാണ്. ഇവർ മൂന്നുപേരും സമകാലീനരും, വളരെ അടുപ്പമുള്ളവരും, സമസ്വഭാവമുള്ള പണ്ഡിതരും ആയിരുന്നു. തന്നെയുമല്ല ആ കാലത്തുണ്ടായ വേദവിപരീതങ്ങൾക്കെതിരെ സത്യവിശ്വാസത്തിനുവേണ്ടി ഒരേ ആത്മാവിലും, മനസ്സിലും ചിന്തയിലും പോരാടിയവരുമായിരുന്നു. 'നിസ്സാ' എന്നും 'നാസ്സി

യാൻസ്' എന്നും പറഞ്ഞാൽ എന്താണ് എന്നറിയാമോ? ഇവർ മെത്രാപ്പോലീത്താമാരായിരുന്ന സ്ഥലങ്ങളുടെ പേരുകളാണ്. ആ പേരുകൂടി ചേർത്ത് അവരെ വിളിച്ചിരുന്നതു കൊണ്ടാണ് ഇങ്ങനെ പേരുവന്നത്. ഇവരിൽ മൂന്നാമത്തെ പിതാവിനെകുറിച്ചാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

'ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവം ആയിരുന്നു' (യോഹ. 1:1). ഈ സത്യം ആദ്യം പഠിപ്പിച്ച വി. യോഹന്നാൻ ശ്ലീഹായെ ആണ് പൗരസ്ത്യ സഭകൾ ദൈവശാസ്ത്രജ്ഞൻ എന്ന പേരുനൽകി ആദരിച്ചത്. അതുപോലെ നാസിയാൻസിലെ ഗ്രീഗോറിയോസിന് പൗരസ്ത്യ സഭകൾ ഈ ബഹുമതി നൽകിയിട്ടുണ്ട്. ദൈവശാസ്ത്രജ്ഞൻ അഥവാ തേയോലോഗോസ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ത്രിത്വത്തെക്കുറിച്ചും പ്രത്യേകിച്ച് ക്രിസ്തുവിലുള്ള ദൈവത്വവും മനുഷ്യത്വവും എങ്ങനെ സംയോജിച്ചിരിക്കുന്നു എന്നുള്ള പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണം വികസിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്കിനെ കണക്കിലെടുത്തും കൊണ്ടാണ്. ഇദ്ദേഹത്തെക്കുറിച്ചുകൂടി പഠിക്കുമ്പോഴേ കപ്പദോക്യൻ പിതാക്കന്മാരെക്കുറിച്ചുള്ള പഠനം പൂർത്തിയാവുകയുള്ളു.

ഈ പിതാവിനെക്കുറിച്ച് പ്രാഥമികമായ വിവരങ്ങൾ സഭാവിജ്ഞാനകോശത്തിൽ ലഭ്യമാണ്. ഇദ്ദേഹത്തിന്റെ ദൈവശാസ്ത്രപരമായ പ്രബന്ധങ്ങൾ വിശേഷാവസരങ്ങളിലെ പ്രസംഗങ്ങൾ, കത്തുകൾ, കവിതകൾ എന്നിവയിൽക്കൂടി ഈ പിതാവിന്റെ സംഭാവനകളെ കൂടുതലായി മനസ്സിലാക്കാം.

## ജനനവും ബാല്യവും

കപ്പദോക്യയിലെ നാസിയാൻസിന് സമീപമുള്ള ആരിയാൻസനിലാണ് എ.ഡി. 330-ൽ ഇദ്ദേഹം ജനിച്ചത്. സാമ്പത്തികമായി ഉന്നതി പ്രാപിച്ച ഒരു കുടുംബമായിരുന്നു അത്. ക്രിസ്തീയ മതവിശ്വാസത്തിൽ തീഷ്ണതയുള്ള അമ്മ പിതാവായ ഗ്രിഗറിയെ സഭയിലേക്കു ചേർത്തു എന്നാണ് ചരിത്രം. അദ്ദേഹം എ.ഡി. 328-ൽ നാസിയാൻസിലെ ബിഷപ്പായി തീർന്നു. പൗലൂസ് ശ്ലീഹാ തിമോത്തിയോസിന് എഴുതുന്ന ലേഖനത്തിൽ അദ്ധ്യക്ഷൻ (Episcopos) ഏകഭാര്യയുടെ ഭർത്താവ് ആയിരിക്കണം എന്ന് വ്യക്തമായിട്ടുണ്ടല്ലോ (1 തീമോ. 3:1). ആദിമനൂറ്റാണ്ടുകളിൽ മേല്പട്ടക്കാർ അവിവാഹിതരായിരിക്കണമെന്നുള്ള നിർബന്ധം ഇല്ലായിരുന്നു. നാസിയാൻസിലെ ഈ പിതാവ് ആ കൂട്ടത്തിൽ ഉള്ള ആളായിരിക്കണം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനു അലക്സാന്ത്രിയായിലും പിന്നീട് ഏഥൻസിലും പോയി. ഒരിക്കൽ ഏഥൻസിലേക്കുള്ള യാത്രാമദ്ധ്യേ അതിഭയങ്കരമായ ഒരു കൊടുങ്കാറ്റിൽപെട്ടു. പ്രാണഭയംവന്ന ഗ്രിഗറി ഇപ്രകാരം പ്രാർത്ഥിച്ചു. ജീവനിലേക്കു തിരിച്ചുവന്നാൽ ശിഷ്ടകാലം ക്രിസ്തുവിന്റെ വേലയിൽ മുഴുകാമെന്ന്. രക്ഷപെട്ട ഗ്രിഗറി സഭാശുശ്രൂഷയിലേക്കു തിരിഞ്ഞത് ഈ വിധത്തിലാണ്. ചരിത്രത്തിലും പ്രസംഗകലയിലും തത്വചിന്തയിലും ഊന്നിയാണ് ഉപരിപഠനം നിർവ്വഹിച്ചത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കപ്പദോക്യൻ പിതാക്കന്മാർ ആരെല്ലാം?
2. നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ് ആരായിരുന്നു?
3. അദ്ദേഹത്തിന്റെ ജനനവും ബാല്യവും വ്യക്തമാക്കുക.

ഏഥൻസിൽവെച്ചാണ് മാർ ബസ്സേലിയോസിനെ പരിചയപ്പെടുന്നത്. ആ സൗഹൃദം ജീവിതാന്ത്യം വരെയും നീണ്ടുനിന്നു. പിന്നീട് ചക്രവർത്തിയായിത്തീർന്ന ജൂലിയനും, ഏഥൻസിൽ ഇവരുടെ സഹപാഠിയായിരുന്നു. നാട്ടിൽതിരിച്ചെത്തിയ മകന്, പിതാവു തന്നെ 361-ൽ വൈദികനായി പട്ടം നൽകി. സഭാജീവിതത്തിന്റെ ഉയർന്ന പടികളിലേക്കു മകൻ കടക്കണമെന്ന് പിതാവ് ആഗ്രഹിച്ചുവെങ്കിലും, ഏകാന്തവാസിയായി ജീവിക്കാനാണ് മകൻ ആഗ്രഹിച്ചത്. അതേചൊല്ലി അച്ചനും, മകനും തമ്മിൽ ഭിന്നതയും, അകൽച്ചയും ഉണ്ടായി. ഈ സമയം ഗ്രീഗോറിയോസ് ഉറ്റസ്നേഹിതനായ ബസേലിയോസിന്റെ ആശ്രമത്തിൽ ചെന്നു താമസിച്ചു. അവർ രണ്ടുപേരും കൂടി ചേർന്ന് 'ഫിലോകാലിയ' എന്ന ആത്മീയഗ്രന്ഥം ക്രോഡീകരിച്ചു.

ജൂലിയൻ ചക്രവർത്തി ക്രിസ്തീയവിശ്വാസത്തിനെതിരായിരുന്നു. സ്നേഹിതനായിരുന്ന ചക്രവർത്തിക്കെതിരെ "Against Julian" എന്ന കൃതി രചിച്ചു. ഇത്തരത്തിലുള്ള അപക്വമതികളായ ചക്രവർത്തിമാരുടെ ഭരണത്തെ ക്രിസ്തീയ വിശ്വാസം അതിജീവിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ക്ഷമയും സ്നേഹവും ഒന്നുചേർന്ന ദൈവീകരണത്തിലേക്കുള്ള (THEOSIS) വളർച്ച ഇത്തരം അതിജീവനങ്ങൾക്കു സഹായകമാകുമെന്നു അദ്ദേഹം സമർത്ഥിച്ചു. Theosis അഥവാ ദൈവീകരണം എന്ന പൗരസ്ത്യ ആത്മീയതയുടെ അടിത്തറ ഈ സന്ദർഭത്തിലാണ് അദ്ദേഹം വിശദീകരിച്ചത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. മാർ ഗ്രീഗോറിയോസിന്റെ പൗരോഹിത്യപദവികൾ സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാം?
2. ആരെല്ലാമായിരുന്നു അദ്ദേഹത്തിന് ഈ പദവികൾ നൽകിയത്?
3. ജൂലിയൻ ആരായിരുന്നു?
4. ജൂലിയന് ഈ പിതാവ് നൽകിയ തിരിച്ചടി എന്തായിരുന്നു?

എ.ഡി. 372-ൽ സസീമാ എന്ന സ്ഥലത്തെ ബിഷപ്പായി സ്നേഹിതനായ വലിയ മാർ ബസ്സേലിയോസ് വാഴിച്ചു. ഏകാന്തവാസമാണ് ആഗ്രഹിച്ചതെങ്കിലും പിതാവിന്റെ ആഗ്രഹത്തിനും സ്നേഹിതന്റെ നിർബന്ധത്തിനും വഴങ്ങിയാണ് ഈ സ്ഥാനം അദ്ദേഹം സ്വീകരിച്ചത്. 381-ലെ കുസ്തന്തിനോപ്പോലീസിലെ സുന്നഹദോസിൽ ഒരു ഘട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വിശ്വാസപ്രമാണത്തിന്റെ മൂന്നാം ഖണ്ഡിക രൂപപ്പെടുത്തുന്നതിൽ സാരമായ പങ്കുവഹിച്ചു. കുറച്ചുനാൾ കുസ്തന്തീനോപ്പോലീസിലെ ബിഷപ്പായും സേവനം അനുഷ്ഠിച്ചു. സത്യവിശ്വാസ സംരക്ഷണത്തിൽ, എതിരാളികളിൽനിന്ന് ശാരീരിക പീഡ

നവും ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. അവിടുത്തെ ഭരണം അത്ര സുഖകരമായിതോന്നിയില്ല. വീണ്ടും നാസിയാൻസിൽ തിരിച്ചെത്തി. 383-ൽ എല്ലാ ഭരണത്തിൽനിന്നും ഒഴിഞ്ഞ് 6 വർഷം സ്വസ്ഥമായി ജീവിച്ച് 389 ജനുവരി 25-ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

വി. ത്രിത്വം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, നിത്യത ഇവയെപ്പറ്റിയെല്ലാം വ്യക്തമായി അദ്ദേഹം പഠിച്ചു. ദൈവശാസ്ത്രത്തിന് അദ്ദേഹം നൽകിയ സംഭാവനകളെ ആദരിച്ച് 451-ലെ കൽക്കദുൻ സുന്നഹദോസിൽവച്ച് 'തെവോലോഗോസ്' (ദൈവശാസ്ത്രജ്ഞൻ) എന്ന പേരു നൽകി ആദരിച്ചു.

## നമുക്ക് ചിന്തിക്കാം

1. നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസിന്റെ ബാല്യകാലത്തെക്കുറിച്ച് വിവരിക്കുക.
2. ആദിമനൂറ്റാണ്ടിൽ എപ്പിസ്കോപ്പാമാർ വിവാഹിതരായിരുന്നു എന്നതിന്റെ തെളിവുകൾ ഏവ?
3. 'ദൈവശാസ്ത്രജ്ഞൻ' എന്ന് വിളിക്കപ്പെട്ടത് ആരെയൊക്കെയാണ്? അങ്ങനെ വിളിക്കപ്പെടുവാനുള്ള കാരണം എന്താണ്?
4. നാസിയാൻസിലെ വി. ഗ്രീഗോറിയോസിന്റെ പഠിപ്പിക്കലുകളെപ്പറ്റി വിവരിക്കുക?

## പ്രവർത്തനങ്ങൾ

1. ഈ പിതാവിന്റെ ജീവചരിത്രം വായിക്കുക. പണ്ഡിതരോട് ചോദിച്ചറിയുക, ലഭിക്കുന്ന വിവരങ്ങൾ ഡയറിയിൽ കുറിച്ചുവയ്ക്കുക.
2. കപ്പദോക്യൻ പിതാക്കന്മാരുടെ ജീവിത വൈശിഷ്ട്യങ്ങൾ സഭാ സേവന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച നടത്തുക. മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെകൂടി പങ്കെടുപ്പിച്ച് പൊതുവായ ഒരു ചർച്ചയും സംശയനിവാരണവും വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

## നമുക്ക് പാടാം

പിതാക്കന്മാരെയും മൽപാന്മാരെയും ഓർക്കുന്ന ദിവസം ഹൂത്തോമ്മായ്ക്ക് ആലപിക്കുന്ന ഒരു ഗീതം. (വി. കുർബ്ബാനക്രമം പേജ് 340 നോക്കുക)

(പൗലോസ് ശ്ലീഹാ ധന്യൻ...... എന്ന രീതി)

കാതോലികമാം ശ്ലൈഹിക
നിർമ്മല സഭതന്നിൽ
സത്യവിശുദ്ധപിതാക്കന്മാർ
വിശ്വാസികളാം മല്പാന്മാർ
ഇഗ്നാത്തിയോസ് ബാസേലിയോസ്
ഗ്രീഗോറിയോസ് കൂ-റീലോസ്
ഉന്നതനാം സേവേറിയോസ്
അപ്രേം യാക്കോബെന്നുള്ളോർ
ചൊല്ലിയതാം സദ്വിശ്വാസം
ഘോഷിക്കപ്പെട്ടീടുന്നു.

**നിശ്ചയം**

**സഭയുടെ നെടുംതൂണായി ആദിമസഭയിൽ പരിലസിച്ച ഒരു പുണ്യ പിതാവായ നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസിനെകുറിച്ച് ഞങ്ങൾ മനസ്സിലാക്കി. ഈ പിതാവിന്റെയും മറ്റ് സഭാ പിതാക്കന്മാരുടെയും നല്ല മാതൃകകൾ ഞങ്ങൾ ജീവിതത്തിൽ അനുകരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 236. പരിശുദ്ധപിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മയിൽ സന്ധ്യാനമസ്കാരത്തിൽ ചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ സത്യവിശ്വാസം ഞങ്ങളോട് ഉപദേശിക്കുകയും നല്ല മേച്ചിൽസ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരുടേയും ഉപദേഷ്ടാക്കന്മാരുടേയും ഉപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ നടപടികളിൻപ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവരുടെ പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിക്കുമാറാകണമെ. ബാറെക്മോർ.*

(ഈ ഭാഗത്ത് നൽകിയിട്ടുള്ള മറ്റ് പ്രാർത്ഥനകളും ചൊല്ലി പഠിക്കുക)

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | 1 കൊരി. 1 |
| തിങ്കൾ | 1 കൊരി. 2, 3 | 1 കൊരി. 4,5 |
| ചൊവ്വ | 1 കൊരി. 6 | 1 കൊരി. 7 |
| ബുധൻ | 1 കൊരി. 8 | 1 കൊരി. 9 |
| വ്യാഴം | 1 കൊരി. 10 | 1 കൊരി.11 |
| വെള്ളി | 1 കൊരി. 12 | 1 കൊരി. 13 |
| ശനി | 1 കൊരി. 14 | 1 കൊരി. 15 |
| ഞായർ | | 1 കൊരി. 16 – |

പാഠം 26

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ

**പഴയസെമിനാരി സ്ഥാപകൻ**

## പഠനോദ്ദേശ്യം

മലങ്കര ഓർത്തഡോക്സ് സഭയുടെ ആധുനിക ചരിത്രത്തിൽ നിർണ്ണായകമായ നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ജീവിതവൈശിഷ്ട്യങ്ങൾ മനസ്സിലാക്കുക. അദ്ദേഹം സഭയ്ക്കു ചെയ്ത സേവനങ്ങൾ മനസ്സിലാക്കുക. ആ പിതാവിന്റെ നല്ല മാതൃകകൾ പിൻപറ്റുക. അദ്ദേഹത്തിന്റെ സംഭാവനകളെ പ്രകീർത്തിക്കുക.

**മനഃപാഠവാക്യം:** ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതുകൊണ്ട് സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക (എബ്രാ. 12:1.).

**പഠന സഹായികൾ**

മലങ്കരസഭാ വിജ്ഞാനകോശം, പുലിക്കോട്ടിൽ തിരുമേനിയുടെ ചിത്രം
മലങ്കസഭാപിതാക്കന്മാർ - സാമുവൽ ചന്ദനപ്പള്ളി
കാലം ചെയ്ത അച്ചൻ - ഫാ. പി.എം. ജോസഫ്, വി. വേദപുസ്തകം,
വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

നമ്മുടെ സഭയിലെ വൈദികർ, അവരുടെ വൈദികപഠനം എവിടെയാണ് നടത്തുന്നത് എന്ന് നിങ്ങൾക്ക് അറിയാമോ? (ചില കുട്ടികൾ ഉത്തരം പറഞ്ഞു എന്നിരിക്കാം) കോട്ടയത്ത് പഴയസെമിനാരിയിലാണ് അവർ പഠിക്കുന്നത്. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി എന്നാണ് ഇപ്പോഴത്തെ അതിന്റെ പേര്. ഈ സെമിനാരി സ്ഥാപിച്ചത് ആരാണെന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ? പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ ആണ് നമ്മുടെ പഴയസെമിനാരി സ്ഥാപിച്ചത്. ഈ പിതാവിനെക്കുറിച്ചാണ് ഇന്ന് നാം പഠിക്കുന്നത്.

## പാഠഭാഗം

സുറിയാനി ക്രിസ്ത്യാനികൾ കൂട്ടമായി താമസിച്ചിരുന്നതും ഇപ്പോഴും അങ്ങനെ തുടരുന്നതുമായ ചില പ്രദേശങ്ങൾ കേരളത്തിലുണ്ട്. കുന്നംകുളം ആ കൂട്ടത്തിലുള്ള

ഒരു പ്രദേശമാണ്. (നമ്മുടെ ഇപ്പോഴത്തെ കാതോലിക്കാ ബാവാ പരിശുദ്ധ ബസേലി യോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ആ പ്രദേശത്തുനിന്നുള്ള മറ്റൊരു പിതാവാണെന്നും നാം അറിഞ്ഞിരിക്കണം.) അവിടെയുള്ള പുലിക്കോട്ടിൽ എന്ന കുടുംബത്തിലാണ് 1740 നവംബർ 25-ന് ഇദ്ദേഹം ജനിച്ചത്. മാതാപിതാക്കൾ ചുമ്മാർ-ഏലിയാമ്മ എന്നിവരായിരുന്നു. ഇട്ടൂപ്പ് അഥവാ യൗസേഫ് എന്നായിരുന്നു മാമോദീസാ പേര്. മാതൃ ഇടവക ആർത്താറ്റ് ആയിരുന്നെങ്കിലും അമ്മയുടെ ഇടവക പഴഞ്ഞിയാകയാൽ ആ പള്ളിയും അവിടുത്തെ വികാരിയുമായും അദ്ദേഹത്തിന് കൂടുതൽ ബന്ധമുണ്ടായി. അവിടെവെച്ചാണ് സുറിയാനി ഭാഷാപഠനവും, തച്ചുശാത്രവും, ഗണിതശാസ്ത്രവും അഭ്യസിച്ചത്. ആഴമേറിയ ഒരു ആത്മീയ ജീവിതം ഇവിടെവച്ചു വളർത്തിയെടുക്കുകയും ക്രമേണ ശെമ്മാശുപട്ടവും, വൈദിക പട്ടവും സ്വീകരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ കുന്നംകുളം ചിറളയം പള്ളിയിൽ ഒരു മൽപ്പാൻ പാഠശാല ആരംഭിച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ അദ്ദേഹം ഇട്ടൂപ്പ് മൽപ്പാൻ ആയി.

ആ കാലത്തുണ്ടായ മറ്റൊരു വലിയ സംഭവമാണ് ടിപ്പുസുൽത്താന്റെ ആക്രമണം. നിർബന്ധമായി അദ്ദേഹം ആളുകളെ മതം മാറ്റി. വഴങ്ങാത്തവരെ ക്രൂരമായി പീഡിപ്പിക്കുകയും, ചിലരെ വധിക്കുകയും ചെയ്തു. വിശ്വാസികൾ പലയിടങ്ങളിലായി ചിതറിയോടി. ഈ സമയത്ത് മൽപ്പാൻ അവരെ ധൈര്യപ്പെടുത്തി. വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ നേതൃത്വം നൽകി. വാസ്തുശിൽപ കലയിലുള്ള അദ്ദേഹത്തിന്റെ കഴിവ് പല പള്ളികളും പുതുക്കിപണിയാൻ ഇടയാക്കി. ആ കൂട്ടത്തിൽ തീ കത്തിനശിച്ച ആർത്താറ്റു പള്ളിയും ഉൾപ്പെടുന്നു.

**അൽപ്പം നിർത്താം... ചിന്തിക്കാം...**

1. പുലിക്കോട്ടിൽ തിരുമേനിയുടെ മാമോദീസാ പേര് എന്തായിരുന്നു?
2. കുന്നംകുളം പ്രദേശത്തിന്റെ സവിശേഷത എന്താണ്?
3. ഇദ്ദേഹത്തെ മൽപ്പാനായി പരിഗണിക്കാൻ ഇടയായതിന്റെ കാരണം എന്തായിരുന്നു?
4. ടിപ്പുവിന്റെ പടയോട്ടത്തിൽ എന്താണ് സംഭവിച്ചത്? ഇവിടെ ഇട്ടൂപ്പ് മൽപ്പാൻ എന്തുചെയ്തു?
5. അദ്ദേഹത്തിന്റെ അറിവ് ഏതെല്ലാം വിഷയങ്ങളിൽ വ്യാപരിച്ചിരുന്നു?

### സഭാചരിത്രത്തിൽ ഓർക്കപ്പെടുന്ന സംഭവങ്ങൾ

മൽപ്പാനായി ശോഭിച്ച ജോസഫ് അച്ചൻ 1809-ൽ റമ്പാനായി, ഇതിനോടകം സഭയിൽ ചെയ്യേണ്ട കാര്യങ്ങൾ എന്തെന്ന് ആലോചിച്ചുകൊണ്ട് പടിയോലകൾ ഉണ്ടായി. ആർത്താറ്റ് പടിയോലയും, കണ്ടനാട് പടിയോലയും. കത്തോലിക്കാ സഭയിലെ മിഷനറിമാരെ തുടർന്ന് പ്രൊട്ടസ്റ്റന്റ് മിഷനറിമാരും ഇവിടെ ശക്തമായി പ്രവർത്തിക്കുന്ന കാലമായിരുന്ന അത്. വേദപുസ്തകവും, ആരാധനാ ഭാഷയും ഈ മിഷനറിമാർ മലയാളത്തിലേക്കു മാറ്റിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു. അതോടൊപ്പം വൈദികർക്ക് പാശ്ചാത്യ രീതിയിൽ കുറച്ചുകൂടി ഗൗരവമായ പഠനം നൽകേണ്ടതും ആവശ്യമാണെന്നുള്ള ചിന്ത ശക്തമായി. ഈ രണ്ടുകാര്യങ്ങളിലും ഇട്ടൂപ്പ് റമ്പാൻ വളരെ ശക്തമായി നേതൃത്വമാണ് നൽകിയത്. കായംകുളം ഫീലിപ്പോസ് റമ്പാനുമായി ചേർന്ന് വേദപുസ്തകം, സുറിയാ

നിയിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. എന്നാൽ സുവിശേഷങ്ങൾ മാത്രമേ ബോംബെയിലെ കൊറിയർ പ്രസിൽ അച്ചടിക്കാൻ സാധിച്ചുള്ളു.

വൈദിക വിദ്യാർത്ഥികൾക്കായി 'ഒരു പഠനവീട്' ആരംഭിക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം ശക്തമായിതന്നെ നിലനിർത്തി. അതിനായി പരിശ്രമിച്ചുതുടങ്ങി. ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺറോയും, തിരുവിതാംകൂർ രാജ്ഞിയും ജോസഫ് റമ്പാച്ചന്റെ പ്രയത്നങ്ങൾക്ക് പ്രോത്സാഹനം നൽകി. അന്ന് മലങ്കരസഭയ്ക്ക് ഒരു മെത്രാപ്പോലീത്താ ഉണ്ടായിരുന്നെങ്കിലും ജോസഫ് റമ്പാച്ചനാണ് പഠന വീടിന്റെ പണിക്ക് നേതൃത്വം നൽകിയത്. സഭയുടെ ഭാവിയെപ്പറ്റി അദ്ദേഹത്തിന് ദീർഘവീക്ഷണമുണ്ടായിരുന്നു. തന്നെയുമല്ല കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് വൈദികർ ആധുനിക വിദ്യാഭ്യാസംനേടി ഇടവകയെ നയിക്കുമ്പോൾ, സുറിയാനി സഭയിലെ വൈദികരുടെ നിലവാരം താഴെയാകരുത് എന്ന് അദ്ദേഹം ആഗ്രഹിച്ചു. അതോടൊപ്പം ജനങ്ങൾക്കും വിദ്യാഭ്യാസം ലഭിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. സർക്കാർ ജോലികളിൽ അന്ന് ക്രിസ്ത്യാനികൾക്ക് പ്രവേശനം ഇല്ലായിരുന്നു. വിദ്യാഭ്യാസം ലഭിച്ച പലർക്കും അദ്ദേഹത്തിന്റെ പ്രോത്സാഹനത്താൽ ജോലികൾ ലഭിച്ചു. ഞായറാഴ്ചദിവസം പൊതു ഒഴിവായി പ്രഖ്യാപിക്കപ്പെട്ടതും അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടായിരുന്നു.

**അൽപ്പം നിർത്താം... ചിന്തിക്കാം...**

1. മല്പാനച്ചൻ റമ്പാനായി വാഴിക്കപ്പെട്ടതെന്ന്?
2 പ്രധാനമായ രണ്ട് പടിയോലകൾ ഏതെല്ലാമായിരുന്നു?
3 വേദപുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് ആരെല്ലാം ചേർന്നാണ്.

## മെത്രാപ്പോലീത്തായാകുന്നു

ജോസഫ് റമ്പാച്ചനായിട്ടായിരുന്നു ഈ പ്രവർത്തനങ്ങളെല്ലാം ചെയ്തിരുന്നത്. എന്നാൽ പഠിത്തവീടിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ടപ്പോൾ, ഗവൺമെന്റിന്റെ പല ആനുകൂല്യങ്ങളും ലഭിക്കുന്നതിന്, അദ്ദേഹം മെത്രാപ്പോലീത്തായാകണമെന്ന ഒരു സന്ദർഭം തന്നെ ഉണ്ടായി. ശരിയായ ഒരു താപസനായ തനിക്ക് സ്ഥാനമാനങ്ങൾ, മെത്രാൻ സ്ഥാനം പോലും താല്പര്യമില്ലായിരുന്നെങ്കിലും, സഭയ്ക്കുവേണ്ടി അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചു. തൊഴിയൂരിലെ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് 1815 മാർച്ച് 21-ാം തീയതി ദീവന്നാസ്യോസ് എന്ന നാമധേയത്തിൽ അദ്ദേഹം മെത്രാപ്പോലീത്തായായി. ഇതിനോടകം 1814-ൽ ആരംഭിച്ച സെമിനാരി (പഠിത്തവീട്) നിർമ്മാണം 1815-ൽ പൂർത്തിയാക്കി. ശെമ്മാശന്മാരെ അവിടെ പഠിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. 200 വർഷം പൂർത്തിയാക്കുന്ന പഴയസെമിനാരിയിലെ നാലുകെട്ട് തിരുമേനിയുടെ വാസ്തു ശില്പത്തിലുള്ള വൈദഗ്ധ്യത്തിന്റെയും അടയാളമാണ്. ആധുനിക വിദ്യാഭ്യാസവും പഴയ മൽപ്പാൻ പാഠശാലയും യോജിപ്പിക്കുന്ന ഒരു പരിശീലനമാണ് തിരുമേനി ശെമ്മാശന്മാർക്കു നൽകിയത്. റവ. തോമസ് നോർട്ടൻ എന്ന ഇംഗ്ലീഷുകാരനെ അവിടെ പഠിപ്പിക്കുവാൻ ആക്കിയെങ്കിലും, പ്രാർത്ഥന, നോമ്പ്, ഉപവാസം, ഏകാന്തത തുടങ്ങിയ പാരമ്പര്യമായ നിഷ്ഠകളൊക്കെ തിരുമേനി ശിഷ്യന്മാരെ പഠിപ്പിച്ചു. എന്നാൽ ദീർഘനാൾ അദ്ദേഹത്തിന് മെത്രാപ്പോലീത്തായായി പ്രവർത്തിക്കാനായില്ല. 1816 നവംബർ 24-ന് അദ്ദേഹം ദൈവസന്നിധിയിലേക്കു കടന്നുപോയി. നവംബർ 25-ന് കബറടക്കം നടന്നു. പഴയസെമിനാരിയിലെ

ചാപ്പലിനകത്തുള്ള കബറിടം സ്ഥാപകനായ ഈ പിതാവിന്റേതാണ്. പകലോമറ്റം തറവാട്ടിൽനിന്നു മാത്രം മെത്രാപ്പോലീത്താമാരെ വാഴിക്കുന്ന പതിവും ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തോടുകൂടി നിന്നു എന്നുപറയാം. തുടർന്നുള്ള സഭയുടെ ചരിത്രത്തിൽ നിർണ്ണായകമായ സ്ഥാനം വഹിച്ചത് പഴയസെമിനാരിയും, അവിടം ആസ്ഥാനമാക്കി സഭയെ നയിച്ച മലങ്കര മെത്രാപ്പോലീത്താമാരുമാണ്. പലതുകൊണ്ടും 'പഴയസെമിനാരി' അഥവാ പഠിത്തവീടിന്റെ സ്ഥാപനം സഭാചരിത്രത്തിലെ അതിപ്രധാനമായ സംഭവം തന്നെയാണെന്ന് പിൽക്കാല സംഭവങ്ങൾ വെളിപ്പെടുത്തുന്നു. അതേപ്പറ്റി പിന്നീടുള്ള ക്ലാസ്സുകളിൽ നാം പഠിക്കുന്നതാണ്.

ദിവന്നാസ്യോസ് എന്ന പേര് ആറാം മാർത്തോമ്മായ്ക്ക് നേരത്തെ നൽകിയിട്ടുള്ളതിനാൽ ഇദ്ദേഹം ദിവന്നാസ്യോസ് രണ്ടാമനാണ്. പുലിക്കോട്ടിൽനിന്നുള്ള ആദ്യത്തെ മെത്രാനാകയാൽ പുലിക്കോട്ടിൽ ഒന്നാമനെന്നും ഇദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ വലിയ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് 1991 ഒക്ടോബർ 31-ാം തീയതി ഈ തിരുമേനിയെ "സഭാ ജ്യോതിസ്" എന്ന പേരു നൽകി ആദരിച്ചു.

## നമുക്ക് ചിന്തിക്കാം

1. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ മറ്റു പേരുകൾ എന്തൊക്കെയാണ്?
2. തിരുമേനിയുടെ ഏറ്റവും വലിയ സംഭാവനയായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഏതുകാര്യമാണ്?
3. ബൈബിൾ വിവർത്തനത്തിൽ മറ്റാരൊക്കെ തിരുമേനിയെ സഹായിച്ചു എന്ന് മറ്റു വായനകളിൽ കൂടി കണ്ടെത്തുക.
4. വൈദിക വിദ്യാഭ്യാസത്തെപ്പറ്റി അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുക.
5 തിരുമേനി സഭയ്ക്കും സമൂഹത്തിനും ചെയ്ത സേവനങ്ങൾ വിവരിക്കുക.

## പ്രവർത്തനങ്ങൾ

1 "പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സഭാസേവന പ്രവർത്തനങ്ങൾ'' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു പ്രോജക്ട് തയ്യാറാക്കുക

2 തിരുമേനിയുടേയും, അദ്ദേഹം സ്ഥാപിച്ച പഴയ സെമിനാരിയുടേയും ചിത്രങ്ങൾ ശേഖരിക്കുക

3 തിരുമേനിയുടെ ജീവിതത്തിലെ നാഴികക്കല്ലുകൾ എന്ന തലക്കെട്ടിൽ പ്രധാന സംഭവങ്ങളും തീയതിയും ചേർത്ത് ഡയറിയിൽ കുറിച്ചുവയ്ക്കുക

## നമുക്ക് പാടാം

വി. കുർബ്ബാനക്രമം പേജ് 351. മഹാപുരോഹിതന്മാരുടെ ഓർമ്മ ദിവസം. (ദൈവത്തിൻ പുത്രനെ മറിയാം...... എന്ന രീതി)

കരുണാബ്ധേ....മശിഹാനാഥാ-തിരുരക്തത്താൽ
വാങ്ങിയ സഭയിൽ ശ്രേഷ്ടാചാ-ര്യൻതൻ സ്മൃതി ധന്യം

ദിവന്നാസ്യോസിൻ പെരുന്നാൾ-സ്വ പ്രാർത്ഥനയിൽ
സങ്കേതപ്പെട്ടോർക്കെല്ലാം വാഴ്‌വി-ന്നാകട്ടെ
തൻ പ്രാർത്ഥന-ഞങ്ങൾക്കവലംബം
തൽ ബഹുമാ-നം വർദ്ധിച്ചീടാൻ
കഷ്ടത ഞങ്ങൾക്കില്ലാതാക്കണമെ-കർത്താവേ

(ഈ ഭാഗത്തുള്ള മറ്റ് ഗീതങ്ങളും പാടി പഠിക്കുക)

### നിശ്ചയം

**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പിതാവ് സഭയ്ക്കും സമൂഹത്തിനും ചെയ്ത നിസ്തുലമായ സേവനങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയപ്പെടുകയും പ്രാർത്ഥിക്കുകയും ചെയ്യും. ആ നല്ല മാതൃക ഞങ്ങൾ പിന്തുടരും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 237. പരിശുദ്ധ പിതാക്കന്മാരുടേയും മല്പാന്മാരുടേയും ഓർമ്മയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ എല്ലായ്പ്പോഴും നാലുഭാഗങ്ങളിലും സത്യവിശ്വാസമെന്ന വിളക്ക് കത്തിച്ച് ലോകത്തെ പ്രകാശിപ്പിക്കയും സത്യവിശ്വാസത്തിനുവേണ്ടി ഞെരുക്കങ്ങളും പീഡകളും സഹിക്കയും ചെയ്തവരായ ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മയെ നീ മഹത്വപ്പെടുത്തണമേ. അവരുടെ പ്രാർത്ഥനകളാൽ അവരെപ്പോലെ നിന്നെ സ്നേഹിക്കുന്നവരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | 1 തിമോത്തി 1:1-11 |
| തിങ്കൾ | 1 തിമോ. 1: 12-20 | 1 തിമോ. 2 |
| ചൊവ്വ | 1 തിമോ. 3 | 1 തിമോ. 4 |
| ബുധൻ | 1 തിമോ. 5: 1-16 | 1 തിമോ. 5. 17-25 |
| വ്യാഴം | 1 തിമോ. 6: 1-10 | 1 തിമോ. 6: 11-22 |
| വെള്ളി | 2 തിമോ. 1: 1-18 | 2 തിമോ. 2: 113 |
| ശനി | 2 തിമോ. 2: 14-26 | 2 തിമോ. 3 |
| ഞായർ | 2 തിമോ. 4 | - |

പാഠം 27

# പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ അഥവാ ദീവന്നാസ്യോസ് അഞ്ചാമൻ

## പഠനോദ്ദേശ്യങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഇന്നത്തെ പ്രവർത്തനങ്ങൾക്ക് ഇന്നലെകളുമായി വളരെ ബന്ധമുണ്ട്. ആ ബന്ധം സൃഷ്ടിച്ച പ്രമുഖരായ പിതാക്കന്മാരെക്കുറിച്ചും അവരുടെ സംഭാവനകളെയും തിരിച്ചറിയുക. അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുക. നല്ല മാതൃകകൾ ജീവിതത്തിൽ അനുകരിക്കുക.

**മനഃപാഠവാക്യം:** ന്യായപ്രമാണം ബലഹീന മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു. ന്യായപ്രമാണത്തിനു പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു (എബ്രായ. 7:28).

**പഠന സഹായികൾ:** മലങ്കരസഭാ വിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ - സാമുവൽ ചന്ദനപ്പള്ളി, ദീവന്നാസ്യോസ് അഞ്ചാമൻ - ജീവചരിത്രം - ഫാ. ജോസഫ് ചീരൻ

## ആമുഖം

പുലിക്കോട്ടിൽ (ജോസഫ് മാർ ദീവന്നാസ്യോസ്) ഒന്നാമനിൽ നിന്നും നാം ദീവന്നാസ്യോസ് അഞ്ചാമനിലേക്കു കടക്കുകയാണ്. അതിനിടയിലുള്ള ചരിത്രം കൂടി അല്പം മനസ്സിലാക്കേണ്ടതുണ്ട്. പുലിക്കോട്ടിൽ ഒന്നാമൻ ദീവന്നാസ്യോസ് രണ്ടാമനാണെന്നു കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. അദ്ദേഹത്തിനുശേഷം രണ്ടു പേർ കൂടി മലങ്കര മെത്രാപ്പോലീത്താമാരായി സഭയെ ഭരിച്ചു. പുന്നത്ര മാർ ദീവന്നാസ്യോസ് (1817-1825) മൂന്നാമനായും ചേപ്പാട് മാർ ദീവന്നാസ്യോസ് (1825-1855) നാലാമനായും അറിയപ്പെട്ടു. അവരുടെ കാലഘട്ടത്തെക്കുറിച്ചും നാം പഠിക്കേണ്ടതാണ്. അതിനുശേഷം മലങ്കര മെത്രാപ്പോലീത്തായായ, തിരുമേനിയെക്കുറിച്ചാണ് ഇവിടെ പഠിക്കുന്നത്. പുലിക്കോട്ടിൽ തറവാട്ടിലെ രണ്ടാമനാകയാൽ പുലിക്കോട്ടിൽ രണ്ടാമനെന്നും, ദീവന്നാസ്യോസ് പരമ്പരയിലെ അഞ്ചാമനാകയാൽ, ദീവന്നാസ്യോസ് അഞ്ചാമനെന്നും ഇദ്ദേഹം അറിയപ്പെടുന്നു. ആ കാലങ്ങളിൽ സഭയ്ക്കു ഒരു മെത്രാൻ മാത്രമേയുള്ളൂ എന്നതിനാൽ അവരുടെ പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾക്കും സഭാചരിത്രത്തിൽ വളരെ സ്വാധീനമുണ്ട്. അതേപ്പറ്റിയാണ് നാം കൂടുതൽ മനസ്സിലാക്കുന്നത്.

## പാഠഭാഗം

സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ തിരുമേനിയുടെ അനുജന്റെ മകൻ താരു കുര്യന്റെ മകനാണ് ഇദ്ദേഹം. ജോസഫ് എന്നായിരുന്നു ഇദ്ദേഹത്തിന്റെയും മാമോദീസാ പേര്. മാതൃപിതൃ വഴിയിലും ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ വളർത്തപ്പെട്ട ജോസഫ്, സ്വാഭാവികമായി വൈദിക വൃത്തിയിലേക്കു ആകർഷിക്കപ്പെട്ടു. കുന്നംകുളം, ആർത്താറ്റു പള്ളിക്കാർ വേണ്ട പ്രോത്സാഹനവും നൽകി. 1845 ഒക്ടോബർ 5-ന് കോതമംഗലം ചെറിയപള്ളിയിൽവെച്ച് ചേപ്പാട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന് ശെമ്മാശപട്ടം നൽകി. 1853-ൽ വൈദികനായി. നവീകരണ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്ത മാത്യൂസ് മാർ അത്താനാസിയോസ് അന്ത്യോഖ്യയിൽ ചെന്ന് പട്ടം സ്വീകരിച്ച കാലമായിരുന്നു അത്. മലങ്കര മെത്രാപ്പോലീത്തായായി, രാജകീയ അംഗീകാരം കിട്ടാൻ ഈ അന്ത്യോഖ്യൻ പട്ടത്തെ ഒരു ഉപാധിയായി അവർ മുന്നോട്ടുവെച്ചിരുന്നു. ആ അവകാശവാദത്തെ നേരിടാൻ മറ്റൊരു വഴിയില്ലായ്കയാൽ പുലിക്കോട്ടിൽ രണ്ടാം തിരുമേനിയും വളരെ ബന്ധപ്പെട്ട് മർദീൻവരെ യാത്രചെയ്തു. കൂട്ടത്തിൽ യാത്രചെയ്ത മട്ടുമ്മേൽ ഗീവർഗീസ് കത്തനാർ അവിടെവെച്ചു അസുഖംവന്നു മരിച്ചു. ഇത് വലിയ ഒരു ദുഃഖമായിരുന്നു എന്നിരുന്നാലും, ആമീദ് എന്ന സ്ഥലത്തെത്തി അവിടെവെച്ച് യാക്കോബ് II പാത്രിയർക്കീസിൽ നിന്ന് ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേൽപട്ടസ്ഥാനം സ്വീകരിച്ചു. തിരികെ മലങ്കരയിലെത്തി.

**അല്പം നിർത്താം.... ചിന്തിക്കാം...**

1. പുലിക്കോട്ടിൽ ഒന്നാം തിരുമേനിയുമായി ഈ തിരുമേനിക്കുള്ള ബന്ധം എങ്ങനെയായിരുന്നു?
2. പുലിക്കോട്ടിൽ ഒന്നാമനും, രണ്ടാമനും ഇടയിൽ മലങ്കര സഭയെ ഭരിച്ച മേൽപ്പട്ടക്കാർ ആരെല്ലാമായിരുന്നു.
3. മേൽപ്പട്ട സ്ഥാനം ഏൽക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കൽ പോകാനുള്ള കാരണം എന്തായിരുന്നു?

### മാർത്തോമ്മാക്കാരുമായുള്ള വേർപിരിയൽ

പുലിക്കോട്ടിൽ തിരുമേനി മെത്രാൻപട്ടം സ്വീകരിച്ചുവരുമ്പോൾ ഇവിടെ മറ്റൊരു മെത്രാൻ ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം നവീകരണ ആശയങ്ങളോട് ചായ്‌വു കാണിക്കുകയും പുരാതനമായ ഓർത്തഡോക്സ് വിശ്വാസത്തെ പരിഷ്ക്കരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്നു. എന്നാൽ പൗരസ്ത്യസഭയുടെ അടിസ്ഥാനവിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാൻ പുലിക്കോട്ടിൽ രണ്ടാമൻ ആഗ്രഹിച്ചില്ല. നവീകരണക്കാർ തിരുത്തിയ നമസ്ക്കാര, കുർബ്ബാനക്രമങ്ങൾ മാറ്റി ശരിയായ ആരാധനാക്രമങ്ങൾ അദ്ദേഹം അച്ചടിച്ചു. യഥാർത്ഥ മലങ്കരമെത്രാപ്പോലീത്താ ആരെന്ന് നിശ്ചയിക്കാനുള്ള വ്യവഹാരവും നടക്കുന്നുണ്ടായിരുന്നു. ഒടുവിൽ 1889-ലെ റോയൽ കോർട്ടു വിധിമൂലം അതിനു പരിഹാരം ഉണ്ടായി. തിരുമേനിയുടെ സ്ഥാനവും നിലപാടും അംഗീകരിക്കപ്പെട്ടു. സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാൻ സാധിച്ചുവെങ്കിലും, മലങ്കരയിൽ 'മാർത്തോമാ' എന്ന പേരിൽ പുതിയ ഒരു സഭയുണ്ടായി.

## മുളന്തുരുത്തി സുന്നഹദോസ് 1876

പുലിക്കോട്ടിൽ രണ്ടാം തിരുമേനിയുടെ കാലത്തെ സുപ്രധാനമായ സംഭവമാണ് മുളന്തുരുത്തി സുന്നഹദോസ്. അന്ത്യോഖ്യായിൽ നിന്നുവന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസിന് ഈ സുന്നഹദോസുമൂലം ചില പ്രത്യേക താല്പര്യങ്ങളുണ്ടായിരുന്നു. അതായത് മലങ്കര സഭയുടെ മേൽ ആത്മീയവും ഭൗതീകവുമായ അധീശത്വം സ്ഥാപിക്കുക. ആഴമേറിയ ദൈവാശ്രയവും, പ്രാർത്ഥനയും മൂലം, പരസ്യമായ കലഹങ്ങൾ ഉണ്ടാക്കാതെ പുലിക്കോട്ടിൽ രണ്ടാമൻ അതിനെ സധൈര്യം നേരിട്ടു. മലങ്കരയെ വിഭജിച്ച് ഏഴു ഭദ്രാസനങ്ങളാക്കി, ആറു മെത്രാന്മാരെ വാഴിച്ചു. അവർക്കു ഭദ്രാസനങ്ങളെ വിഭജിച്ചുനൽകി. ഇതിലൊന്നിലും പുലിക്കോട്ടിൽ തിരുമേനിയെ സഹകരിപ്പിച്ചുമില്ല. സഹകരിച്ചുമില്ല. എന്നാൽ പാത്രിയർക്കീസ് ഇവിടംവിട്ടു കഴിഞ്ഞപ്പോൾ ഈ മെത്രാപ്പോലീത്താമാരെല്ലാം തിരുമേനിയെ അംഗീകരിക്കാനും, തിരുമേനിയുടെ നേതൃത്വത്തിൽ സഭയെ നയിക്കാനും ഇടയായി. അതിൽ ഏറ്റവും ശ്രദ്ധേയനായത് പരിശുദ്ധ പരുമലതിരുമേനിയായിരുന്നു.

മുളന്തുരുത്തി സുന്നഹദോസുകൊണ്ട് സഭയ്ക്കു പിൽക്കാലചരിത്രത്തിൽ വളരെ പ്രയോജനമുണ്ടായി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ, മാനേജിംഗ് കമ്മറ്റി, മലങ്കര മെത്രാപ്പോലീത്തായോടൊപ്പം വൈദിക, അത്മായ ട്രസ്റ്റികൾ തുടങ്ങി സഭയുടെ ജനാധിപത്യപരമായ ഒരു ഭരണക്രമത്തിനു അടിസ്ഥാനം ഇടുവാൻ മുളന്തുരുത്തി സുന്നഹദോസ് മുഖാന്തിരമായി. കണ്ടനാട്, കൊച്ചി, അങ്കമാലി, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നീ ഏഴു ഭദ്രാസനങ്ങളാണ് അന്നു നിലവിൽവന്നത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. മലങ്കരയിൽ മാർത്തോമ്മാ എന്ന പേരിൽ ഒരു സഭയുണ്ടാവാൻ കാരണമെന്ത്?
2 മുളന്തുരുത്തി സുന്നഹദോസ് കൂടിയതെന്ന്? അതിന് കാരണമെന്ത്?

## സഭയിൽ വരുത്തിയ മാറ്റങ്ങൾ

1865 മുതൽ 1909 വരെയുള്ള ഏകദേശം 44 വർഷങ്ങളിൽ സഭയ്ക്ക് വളർച്ചയുണ്ടാകത്തക്ക ഒട്ടേറെ കാര്യങ്ങൾ തിരുമേനി നടപ്പിൽ വരുത്തി. പരുമല സെമിനാരിയുടെ ആരംഭവും, കൊച്ചു തിരുമേനിയുടെ ദയറാ വാസവും ഒക്കെ ആരംഭിച്ചത് പുലിക്കോട്ടിൽ രണ്ടാമന്റെ കാലത്താണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഭയിൽ മാത്രമായി ഒതുങ്ങിനിന്നില്ല. 250-ലധികം സ്കൂളുകൾ അദ്ദേഹം ആരംഭിച്ചത് കേരളത്തിൽ വിദ്യാഭ്യാസത്തിലൂടെ അധഃകൃത വർഗ്ഗത്തിനു നവോത്ഥാനമുണ്ടാകാൻ ഇടയാക്കി. അച്ചടിശാലകളും, പത്രപ്രവർത്തനവും, പുസ്തക പ്രസാധനങ്ങളുമെല്ലാം സാംസ്ക്കാരിക കേരളത്തിന് മുതൽക്കൂട്ടായി. മലയാളിമെമ്മോറിയൽ, മലങ്കര മഹാജനസഭ എന്നിവയുടെ പ്രവർത്തനങ്ങളിൽക്കൂടി ബ്രാഹ്മണരല്ലാത്തവർക്കും സർക്കാർ ജോലിയിൽ പ്രവേശിക്കുവാൻ അവസരം ഉണ്ടാക്കി.

ആദ്ധ്യാത്മിക സംഘടനകളായ സൺഡേസ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, സുവിശേഷസംഘം ഇവയൊക്കെ ആരംഭിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്. വിജാതീയ മിഷനും ബ്രഹ്മവാർ-ഗോവാ മിഷനും ഉണ്ടായത് ഇദ്ദേഹത്തിന്റെ കാലത്താണ്. റോമാസഭയിൽ നിന്നു വന്ന വൈദികനെ അൽവാറീസ് യൂലിയോസ് എന്ന പേരിലും, പ്രിസ്ബിറ്റീരിയൻ

സഭയിലെ വൈദികനെ റിനിവിലാത്തി തീമോത്തിയോസ് എന്ന പേരിലും മെത്രാൻ സ്ഥാനം നൽകി യഥാക്രമം ഗോവയിലും, അമേരിക്കയിലും നിയമിച്ചു. പിൻഗാമിയായി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ നിയമിച്ച് ചുമതലകൾ ഏൽപ്പിച്ച് കോട്ടയം ചെറിയ പള്ളിയിൽ വിശ്രമിക്കുകയും 1909 ജൂലൈ 12-ന് ഇഹലോകവാസം വെടിയുകയും ചെയ്തു. പഴയസെമിനാരിയുടെ വടക്കുവശത്തായി അദ്ദേഹത്തെ കബറടക്കി.

നവീകരണക്കാരുടെയും, അന്ത്യോഖ്യൻ അധീശത്വത്തിന്റെയും ശക്തമായ തള്ളിക്കയറ്റത്തിനിടയിലാണ് ഈ തിരുമേനി സഭയെ നയിച്ചത്. ആഴമേറിയ ദൈവാശ്രയം, ബുദ്ധിശക്തി, ദീർഘവീക്ഷണം, കഠിനാദ്ധ്വാനം, മനുഷ്യസ്നേഹം, സുവിശേഷ തല്പരത, സാമൂഹിക നവോത്ഥാനം തുടങ്ങി ഒട്ടേറെ നല്ല ലക്ഷ്യങ്ങൾ വെച്ചു പ്രവർത്തിച്ച തിരുമേനിയുടെ സംഭാവനകളുടെ അനന്തരഫലങ്ങൾ മലങ്കര സഭാഗാത്രത്തിൽ ഇന്നും തെളിഞ്ഞു കാണാനുണ്ട്.

## നമുക്ക് ചിന്തിക്കാം

1. പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ അറിയപ്പെടുന്ന പേരുകൾ ഏതെല്ലാം?
2 തിരുമേനി അന്ത്യോഖ്യയിൽ പോയി പട്ടമേൽക്കാനുള്ള സാഹചര്യം എന്തായിരുന്നു. അത് സഭാചരിത്രത്തെ എങ്ങനെയെല്ലാം ബാധിച്ചു. കൂട്ടായി ചർച്ചചെയ്യുക?
3. മുളന്തുരുത്തി സുന്നഹദോസിന്റെ നേട്ടങ്ങളും, കോട്ടങ്ങളും വിലയിരുത്തുക?
4. പരുമലയുടെ വളർച്ചയിൽ തിരുമേനിയുടെ സംഭാവനകളെ എങ്ങനെ വിലയിരുത്താം?
5. സമൂഹത്തിനായി അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെ ഏതെല്ലാം വിധത്തിൽ മനസ്സിലാക്കാം?

## പ്രവർത്തനങ്ങൾ

1. പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ തിരുമേനിയുടെ സംഭാവനകളുടെ ജീവിത സംഭവങ്ങളും ഡയറിയിൽ കുറിച്ചുവയ്ക്കുക.
2 ഈ പിതാവിന്റെയും മറ്റ് സഭാപിതാക്കന്മാരുടെയും കബറിടങ്ങൾ സന്ദർശിക്കുക, പ്രാർത്ഥിക്കുക.

## നമുക്ക് പാടാം

മഹാപുരോഹിതന്മാരുടെ ഓർമ്മദിവസം. വി. കുർബ്ബാനക്രമം പേജ് 351.

ദൈവത്തിൻ പുത്രനെ മറിയാം..... എന്ന രീതി

സൂ-ര്യസമപ്രഭ താൻ വീശിയ ലോകത്തിൽ തൻ
തീഷ്ണതയും ബഹു ദിവ്യപരാക്രമവും-വിഖ്യാതം
സ്വ-പ്രാർത്ഥനമൂലം ഞങ്ങൾക്കുണ്ടായീടും
സഹായങ്ങൾ ക്ഷോണിയിലെങ്ങും കേ-ട്ടീടട്ടെ
ജീവിതകാ-ലേ താൻ ചൊന്നതുപോൽ
പിന്നടി പൂ-കീടണമെ ഞങ്ങൾ
നിർത്തുക ഞങ്ങളെ അവനൊപ്പം വലമായ്-നിൻവരവിൽ

## നിശ്ചയം

ഈ പിതാവ് സഭയ്ക്കും സമൂഹത്തിനും ചെയ്ത സേവനങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ എന്നാളും സഭാപിതാക്കന്മാരെ ഓർക്കുകയും അവരുടെ നല്ല മാതൃകകൾ ജീവിതത്തിൽ പിന്തുടരുകയും ചെയ്യും.

## നമുക്ക് പ്രാർത്ഥിക്കാം

സഭാപിതാക്കന്മാരുടെ ഓർമ്മദിവസം പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനാക്രമം പേജ് 237

*കർത്താവേ, കാതോലികവും ശ്ലൈഹികവുമായ സത്യവിശ്വാസത്തിൽനിന്ന് അവസാന ശ്വാസംവരെ ഇളകാതെ അതിൽ മരിപ്പാനും അതിൽ ജീവിപ്പാനും അതിന്റെ വൈരികളെ മറിച്ചിടുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമെ. മൊറിയോറാഹേം...*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | റോമർ 1, 2 |
| തിങ്കൾ | റോമർ 3 | റോമർ 4 |
| ചൊവ്വ | റോമർ 5 | റോമർ 6 |
| ബുധൻ | റോമർ 7 | റോമർ 8 |
| വ്യാഴം | റോമർ 9 | റോമർ 10 |
| വെള്ളി | റോമർ 11 | റോമർ 12 |
| ശനി | റോമർ 13 | റോമർ 14, 15 |
| ഞായർ | റോമർ 16 | – |

യൂണിറ്റ് 8

# നല്ലശീലങ്ങൾ

പാഠം 28

# പൗരബോധം

## പഠനോദ്ദേശ്യങ്ങൾ

നാം ജീവിക്കുന്ന സമൂഹത്തോടും രാഷ്ട്രത്തോടും മാത്രമല്ല, മനുഷ്യവർഗ്ഗത്തോടുമുഴുവൻ നമുക്കുള്ള ധർമ്മം നിർവ്വഹിക്കുന്നത് നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഭാഗമാണെന്നുള്ള തിരിച്ചറിവ് ഉണ്ടാവുക. ഒരു ഉത്തമ പൗരനായി സമൂഹത്തെ സേവിച്ച് ജീവിക്കുക.

**മനഃപാഠവാക്യം:** ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രോ. 2:1, 22).

**പഠന സഹായികൾ:** വി. വേദപുസ്തകം, പ്രാർത്ഥനാക്രമം, വി. കുർബ്ബാനക്രമം

## ആമുഖം

കുട്ടികളേ, ലോകത്തോടും, നമ്മുടെ രാജ്യത്തോടും, സഭയോടും, സമൂഹത്തോടും, കുടുംബത്തോടും ഒക്കെ നമുക്ക് കടമകൾ ഉണ്ട് അല്ലേ? നമ്മുടെ കടമകൾ ശരിയായി നിർവ്വഹിക്കുന്നതിൽ നാം ശ്രദ്ധാലുക്കളാണോ എന്ന് ചിന്തിക്കണം. നികുതികൊടുക്കുന്നതുകൊണ്ടോ, നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതുകൊണ്ടോ നമ്മുടെ കടമ നിർവ്വഹണം അവസാനിക്കുകയാണോ? നമ്മുടെ ആത്മീയ ജീവിതവിശുദ്ധിയോടൊപ്പം ഏതൊരു പൗരനും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളെയും കടമകളെയുമാണ് പൗരധർമ്മം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ഇവയെപ്പറ്റി വിശദമായി നമുക്ക് ഇന്ന് പഠിക്കാം.

## പാഠഭാഗം

### പൗരധർമ്മം വിശുദ്ധ വേദപുസ്തക വീക്ഷണത്തിൽ

1. ലോകത്തോടുള്ള ദൈവസ്നേഹം എന്തെന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. യോഹന്നാൻ 3:16-ൽ ഇപ്രകാരം പറയുന്നു. 'തന്റെ ഏകജാതനായ പുത്രനിൽ

വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു, ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.' ഇവിടെ ലോകത്തെ സ്നേഹിച്ചു എന്ന പ്രഖ്യാപനത്തിന് ആഴമേറിയ അർത്ഥമുണ്ട്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും അതുമൂലമുള്ള വീണ്ടെടുപ്പും ലോകത്തിന് മുഴുവനും വേണ്ടിയാണ്. ഇടുങ്ങിയ രാജ്യസ്നേഹത്തിനകത്തുമാത്രം തങ്ങളുടെ പൗരധർമ്മത്തെ പരിമിതപ്പെടുത്തുവാൻ യഥാർത്ഥ ക്രിസ്തീയ വിശ്വാസം നമ്മെ അനുവദിക്കുന്നില്ല.

2. യേശുക്രിസ്തു കരം കൊടുക്കുന്നതിൽ നിന്നും ഒരു സൗജന്യവും വേണ്ടെന്ന് വച്ച് പൗരധർമ്മം അനുഷ്ഠിക്കുന്നതായി കാണുന്നു. വി. മത്തായി 17:24-27 വരെയുള്ള വാക്യങ്ങളിൽ കരം പിരിക്കുന്നവർ പത്രോസിനെ സമീപിച്ചു 'നിങ്ങളുടെ ഗുരു കരം കൊടുക്കുന്നുണ്ടോ' എന്ന് ചോദിച്ചു. താൻ അതിൽ നിന്ന് ഒഴിവുള്ളവനാണ് എന്ന് പത്രോസിനെ ബോദ്ധ്യപ്പെടുത്തിയശേഷം കടലിൽ പോയി ചൂണ്ടലിട്ട് അതിന്റെ വായിൽനിന്നു കിട്ടുന്ന നാണയം എടുത്ത് തനിക്കും പത്രോസിനുംവേണ്ടി കരം കൊടുക്കുവാൻ കർത്താവ് കല്പിച്ചു. കർത്താവ് കാണിച്ചു തന്ന പൗരധർമ്മം മാതൃകയാക്കുവാൻ നമുക്ക് കടപ്പാടുണ്ട്.

3. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പീൻ" (വി. മത്തായി 22:21). പരീശന്മാർ യേശുതമ്പുരാനെ ഏതെങ്കിലും വിധത്തിൽ കുറ്റം കണ്ടെത്തി പിടിക്കുവാൻ ആഗ്രഹിച്ചിരുന്നു. കൈസറെ അതായത് റോമൻ ഭരണാധികാരികളെ കർത്താവ് ധിക്കരിക്കുന്നുവെന്ന് തെളിവുണ്ടാക്കുവാൻ കർത്താവിനോട് അവർ ചോദിക്കുന്നു. "കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ" എന്ന്. അതിനുള്ള മറുപടിയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. അവിടെയും കർത്താവ് ഒരു കാര്യം വ്യക്തമാക്കി. ഒരു പൗരൻ രാഷ്ട്രത്തിന് ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നത് തീർച്ചയായും ചെയ്തിരിക്കണമെന്ന് വ്യക്തമായി പഠിപ്പിച്ചു.

4. പ. പൗലോസ് ശ്ലീഹായുടെ പ്രബോധനം (റോമർ 12:102) 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ.' തിന്മപെട്ട അധികാരികൾക്കും കീഴടങ്ങണമോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ദൈവരാജ്യം പൂർണ്ണമായി സ്ഥാപിക്കുന്നതുവരെ ഏത് ഭരണക്രമത്തിലായാലും നന്മയും, തിന്മയും ഇടകലർന്നേ സ്ഥിതിചെയ്യുകയുള്ളു. കുടുംബത്തിലും, ഇടവകയിലും, സഭയിലും ഈ വിധത്തിൽ തിന്മകൾ നിലനിർക്കുന്നുണ്ടാവാം. അവിടെയൊക്കെ അംഗങ്ങളായിരിക്കുന്നവരുടെ നന്മയുടെ കുറവുകൾ എല്ലാ ഭരണസംവിധാനങ്ങളെയും ബാധിക്കാതിരിക്കയില്ല. ആ കാര്യം പറഞ്ഞ് സമൂഹത്തോടുള്ള നമ്മുടെ ധർമ്മം നിർവ്വഹിക്കാതിരിക്കാനാവില്ല. റോമാക്കാർക്ക് നികുതി കൊടുക്കുന്നത് വിലക്കാത്ത കർത്താവ് ഈ സത്യം നമ്മെ പഠിപ്പിക്കുന്നു. തിന്മയോട് എതിർക്കുമ്പോഴും, നമ്മുടെ പൗരധർമ്മം ഉപേക്ഷിക്കരുതെന്നു തന്നെയാണ് വേദപുസ്തകവും യേശുക്രിസ്തുവും നമ്മെ പഠിപ്പിക്കുന്നത്. പൗരധർമ്മം നമ്മുടെ ആത്മീകതയുടെ ഭാഗാണ്.

### പൗരധർമ്മം നമുക്ക് എങ്ങനെയൊക്കെ നിർവ്വഹിക്കാം?

1. നിയമങ്ങൾ അനുസരിക്കണം: നിങ്ങളുടെ വീട്ടിൽ ചില നിയമങ്ങളും ചട്ടങ്ങളും ഇല്ലേ? നമ്മുടെ ഭവനങ്ങളിലെ ദിനചര്യകൾ തന്നെ നോക്കാം. പിതാവ് രാവിലെ 8 മണിക്കും മാതാവ് 9 മണിക്കും കുട്ടികൾ 10 മണിക്കും എഴുന്നേൽക്കാൻ തുടങ്ങിയാൽ ആ കുടുംബത്തിന്റെ സ്ഥിതി എന്താകും. ഭക്ഷണം പാകം ചെയ്യുക, പഠിക്കുക, മറ്റു ചുമതലകൾ നിർവ്വഹിക്കുക ഇവയൊക്കെ നടക്കാതെ പോവില്ലേ? കുടുംബത്തിന്റെ നിലനില്പിനും ഐശ്വ

ര്യത്തിനും അവിടെ ചില നിയമങ്ങളും ചിട്ടകളും ആവശ്യമാണ്. ഒരു സമൂഹം, രാഷ്ട്രം ഇവയൊക്കെ നിലനില്ക്കണമെങ്കിൽ പൊതുവായ നന്മയ്ക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ പഠിക്കുവാൻ നാം ബാധ്യസ്ഥരാണ്. പൗരന്മാർ നൽകേണ്ട സേവനം, നികുതി തുടങ്ങിയ ഒട്ടേറെ കാര്യങ്ങളുണ്ട്. ഇതിൽ വീഴ്ച വരുത്തിയാൽ അത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നിലനില്പിനെ ബാധിക്കും.

ട്രാഫിക് നിയമങ്ങൾ ഇതുപോലെ തന്നെ പ്രാധാന്യമുള്ളതാണ്. വാഹനാപകടത്തിൽ കൂടുതൽ പേർ മരണമടയുന്ന രാജ്യമാണ് ഇന്ത്യ. അതിൽതന്നെ നമ്മുടെ സംസ്ഥാനം മുൻപിൽ നിൽക്കുന്നു. മദ്യപാനം, അമിതവേഗം, ട്രാഫിക് നിയമങ്ങളുടെ ലംഘനം തുടങ്ങി ഒട്ടേറെ കാരണങ്ങൾ ഇതിനു പിൻപിലുണ്ട്. കുട്ടികൾ വാഹനം ഓടിക്കരുത്. വളരെ സൂക്ഷ്മതയോടും ഗതാഗത നിയമങ്ങൾ പാലിച്ചും വാഹനങ്ങൾ ഓടിക്കുന്നത് സംസ്കാര സമ്പന്നതയുടെയും പൗരധർമ്മം നിർവ്വഹിക്കുന്നതിന്റെയും അടയാളമാണ്.

2. പരിസ്ഥിതിയെ സംരക്ഷിക്കുക. പ്രകൃതിയെ നശിപ്പിച്ചതുമൂലം ലോകം ഭയങ്കര മായ വിപത്തിനെ അഭിമുഖീകരിക്കുകയാണ്. കുടിവെള്ളക്ഷാമം, പകർച്ചവ്യാധികൾ, ഇനിയും കണ്ടുപിടിക്കാത്ത അസുഖങ്ങൾ ഇവയെല്ലാം പരിസ്ഥിതിയെ നശിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ളതാണ്. മാലിന്യങ്ങൾ പൊതുവഴികളിൽ വലിച്ചെറിയുക, പ്ലാസ്റ്റിക്കിന്റെ ദുരു പയോഗം, വെള്ളം, പെട്രോൾ, ഡീസൽ, വൈദ്യുതി തുടങ്ങിയ ഊർജ്ജസ്രോതസ്സുക ളുടെ അനാവശ്യമായ വിനിയോഗം ഇവയൊക്കെ ഒഴിവാക്കപ്പെടേണ്ടതാണ്.

3. ഇതര മതങ്ങളോടുള്ള ആദരവും ബഹുമാനവും ആത്മീയതയും സംസ്കാരവും ഒരുപോലെ സൂക്ഷിക്കേണ്ട ഗുണങ്ങളാണ്. നാനാത്വത്തിൽ ഏകത്വമെന്നത് നമ്മുടെ രാഷ്ട്രം ഉയർത്തിപ്പിടിക്കുന്ന വലിയ മൂല്യമാണല്ലോ. സ്വന്തവിശ്വാസത്തിൽ ഉറച്ചുനിന്നു കൊണ്ട് മറ്റുള്ളവരെ ആദരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മതത്തിന്റെ പേരിലുള്ള തീവ്രവാദം അപകടകരമായി തീർന്നിട്ടുണ്ടല്ലോ. അതുണ്ടാകരുത്.

4. സ്വരാജ്യസ്നേഹം: 'ലോകമേ തറവാട്' എന്ന മനോഭാവത്തിൽ നിന്നുകൊണ്ടു തന്നെ തന്റെ രാജ്യത്തെ സ്നേഹിക്കുകയെന്നത് ഏതു പൗരന്റെയും കടമയാണ്. ചിലർക്ക് സ്വന്തരാജ്യത്തേക്കാൾ വൈദേശികമായതിനോടാണ് ഏറെ അടുപ്പം. മറ്റുചിലർ മറ്റു രാജ്യ ങ്ങളെയും അവിടുത്തെ ജനതയെയും വെറുത്തുകൊണ്ട് സ്വന്തരാജ്യത്തോട് അന്ധവും തീവ്രവുമായ ഭക്തി പ്രകടിപ്പിക്കുന്നതും നല്ല മനോഭാവമല്ല. സ്വന്തം അമ്മയെ സ്നേഹി ക്കണമെന്നുള്ള കടപ്പാട് നിർവ്വഹിക്കുമ്പോൾ മറ്റ് അമ്മമാരെ വെറുക്കണമെന്ന് ഉദ്ദേശിച്ചി ട്ടില്ലല്ലോ. അതുപോലെയാകണം സ്വന്തരാജ്യസ്നേഹവും. രാജ്യത്തെ സ്നേഹിക്കുക എന്നു പറഞ്ഞാൽ, രാജ്യത്തിന്റെ നിയമങ്ങൾ കലാസാംസ്ക്കാരിക തനിമകൾ, വിവിധ ജാതി-മതജീവിത സമ്പ്രദായങ്ങൾ, പ്രകൃതി, ഭാഷ, ആചാര്യമര്യാദകൾ, ഭക്ഷണക്രമം, വസ്ത്രധാരണ രീതികൾ തുടങ്ങി എല്ലാ കാര്യങ്ങളെയും സ്നേഹിക്കുക എന്നതുതന്നെ.

### 5. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യുക

ഒരു കുടുംബത്തിൽ അഞ്ചു മക്കളിൽ ഒരാൾ അംഗവൈകല്യമുള്ളവനും ബുദ്ധിമാ ന്ദ്യമുള്ളവനുമായി പിറന്നാൽ ആത്മീയരും സംസ്കാരചിത്തരുമാണ് കുടുംബാംഗങ്ങൾ എങ്കിൽ പ്രത്യേകമായ കരുതലും സംരക്ഷണവും ഈ കുട്ടിക്ക് നൽകുന്നു. എന്നാൽ മറ്റു ചില വീടുകളിൽ ഇങ്ങനെയുള്ളവർ അവഗണിക്കപ്പെടും. സഭയിലും സമൂഹത്തിലും ഇതു ണ്ടാവാം. സമ്പത്ത്, വിദ്യാഭ്യാസം, അധികാരം, സ്ഥാനമാനങ്ങൾ ഇവ നേടുന്നവരെ

സമൂഹം അംഗീകരിക്കുകയും ഇതൊന്നുമില്ലാത്തവർ പലപ്പോഴും അവഗണിക്കപ്പെടുകയും ചെയ്യുന്നു. ഇവിടെ പൗരധർമ്മം വിസ്മരിക്കപ്പെടുകയാണ്. സമൂഹത്തിൽ ഇങ്ങനെ അതിരുകളിലേക്ക് മാറ്റപ്പെടുന്ന അനേകരുണ്ട്. ആദിവാസികൾ, വിദ്യാവിഹീനർ, അംഗവൈകല്യമുള്ളവർ, മനോരോഗികൾ, ദരിദ്രന്മാർ, ചേരികളിൽ പാർക്കുന്നവർ, തലചായ്ക്കാനിടമില്ലാതെ തെരുവോരങ്ങളിൽ കഴിയുന്നവർ കുടുംബാംഗങ്ങൾ ഉപേക്ഷിക്കുന്ന വൃദ്ധന്മാർ, മാറാരോഗികൾ, കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ തുടങ്ങി ഒട്ടനവധി പേർ ഈ ഗണത്തിൽ പെടുന്നു. അവരെ കരുതുവാനും അവർക്കുവേണ്ടി ചില ജനക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുവാനും അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരുവാനും പൗരബോധമുള്ള ഏവർക്കും കടമയും കടപ്പാടുകളുമുണ്ട്. “ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എനിക്കാകുന്നു ചെയ്തത്” എന്ന നമ്മുടെ കർത്താവിന്റെ വചനം സമൂഹം സാധാരണ അവഗണിക്കുന്നവരെക്കുറിച്ചാണ്.

### 6. സമൂഹത്തിൽനിന്ന് എന്തു കിട്ടുമെന്നല്ലാ എനിക്ക് എന്തു കൊടുക്കാമെന്ന ചിന്തയാണ് യഥാർത്ഥ പൗരബോധത്തിന്റെ അടയാളം.

വെടിയേറ്റ് മരിച്ച അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ കന്നി പ്രസംഗത്തിൽ അദ്ദേഹം അമേരിക്കൻ ജനതയോട് പറഞ്ഞത് ‘You think about not what America can do for you but what you can do for America’ അമേരിക്ക നിങ്ങൾക്ക് എന്തുതരുമെന്നല്ല, നിങ്ങൾ അമേരിക്കയ്ക്കുവേണ്ടി എന്തു ചെയ്യണമെന്നതിനെപ്പറ്റി ചിന്തിക്കുക. ഇന്നത്തെ മനോഭാവം അങ്ങനെയല്ല. സഭ, സമൂഹം എനിക്ക് എന്തു ചെയ്തു അല്ലെങ്കിൽ എന്ത് എനിക്ക് പിടിച്ചുവാങ്ങാം എന്ന് ചിന്തിക്കുന്നു. എനിക്ക് അങ്ങോട്ട് എന്ത് ചെയ്യാമെന്ന് കാര്യമായി ആരും ചിന്തിക്കുന്നില്ല. നമുക്കെല്ലാം മാതൃകയായി ജീവിച്ച, സഭാരത്നം വന്ദ്യനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട് “സമൂഹം എനിക്ക് തരുന്നതനുസരിച്ച് ഞാൻ തിരിച്ചുനൽകിയിട്ടില്ല.” വാർദ്ധക്യത്തിലും വലിയ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചത് ഈ മനോഭാവത്തിൽനിന്നാണ്. ക്രിസ്തുവിനുവേണ്ടി എനിക്ക് എന്തു ചെയ്യാനാവും? ഈ ചോദ്യം നാം ആത്മാർത്ഥമായി ചോദിച്ചാൽ ഈ ലോകത്തിലെ നല്ല പൗരന്മാരായി അനേകകാര്യങ്ങൾ സമൂഹത്തിനുവേണ്ടി ചെയ്യാനാവും. നമ്മുടെ ആത്മീയതയും പൗരബോധവും ഒന്നിച്ച് ശക്തിപ്പെട്ട് നല്ല ക്രിസ്തീയസാക്ഷ്യം നിർവ്വഹിക്കുവാൻ കഴിയണം.

## നമുക്ക് ചിന്തിക്കാം

1. പൗരധർമ്മം വേദപുസ്തകാടിസ്ഥാനത്തിൽ വിശദമാക്കുക.
2 പൗരധർമ്മം നിർവ്വഹിക്കുവാനുള്ള മാർഗ്ഗങ്ങൾ വിവരിക്കുക.
3 ഉത്തമ പൗരധർമ്മം നിർവ്വഹിച്ചിട്ടുള്ള ഏതാനും മഹാന്മാരുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുക.

## പ്രവർത്തനങ്ങൾ

1. സഭയുടെയും ഇടവകയുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
2. മരണവീടുകളിലും, രോഗികളുടെ ഭവനങ്ങളിലും പ്രാർത്ഥനകൾ നടത്തുമ്പോൾ അതിൽ പങ്കെടുക്കുക.

3. ഇടയ്ക്കിടെ ഭക്ഷണം വെടിഞ്ഞും, ആവശ്യമില്ലാത്ത ഉപഭോഗം കുറച്ചും ലഭിക്കുന്ന പണം ദരിദ്രർക്ക് നൽകുക.

4. ജന്മദിനം അനാഥാലയങ്ങളിലോ, വൃദ്ധസദനങ്ങളിലോ ഒരു നേരത്തെ ഭക്ഷണം നൽകികൊണ്ട് ആഘോഷിക്കുക.

## നമുക്ക് പാടാം

മാർ അപ്രേമിന്റെ അനുതാപത്തിന്റെ കീർത്തനങ്ങൾ എന്ന ഭാഗത്തുള്ള ഒരു ഗീതം പ്രാർത്ഥനാ ക്രമം പേജ് 504-506. (ഞങ്ങൾക്കുള്ള കർത്താവേ..... എന്ന രീതി)

കർത്താവേ കറയില്ലാത്ത ഹൃദയമെനിക്കരുളീടണമെ.
പിഴയധികാരം ചെയ്തതിനാൽ മുന്നേക്കാളതുവഷളായി.
കർത്താവേ എൻ പ്രാർത്ഥനയാൽ സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെയെന്നുള്ളിൽ നന്നായൊന്നു പുതുക്കണമെ.
.......................................................................................................
.......................................................................................................
എൻ കാലുകൾ ദുർമാർഗ്ഗത്തിൽ വയ്ക്കുന്നതിനിടയാകരുതേ
സന്മാർഗ്ഗത്തിൽകൂടി സദാ ഞാനടിയൂന്നി നടക്കണമെ.
(പ്രാർത്ഥന ക്രമം പുസ്തകം നോക്കി ഈ ഗീതം രണ്ടുവരികൾ

വീതം രണ്ടു ഗ്രൂപ്പായി തിരിഞ്ഞ് ക്ലാസ്സിൽ ഈണത്തിൽ ചൊല്ലുക.)

### നിശ്ചയം

**ഉന്നതപൗരബോധമുള്ളവരായി,
ഞങ്ങളുടെ കടമകളും ചുമതലകളും നിറവേറ്റി, സമൂഹത്തിനും, സഭയ്ക്കും, ഇടവകയ്ക്കും, കുടുംബത്തിനും പ്രയോജനമുള്ളവരായി ഞങ്ങൾ ജീവിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 94. മൂന്നു നോമ്പിലെ പാതിരാത്രിയുടെ നമസ്ക്കാരത്തിലെ 3-ാം കൗമ്മയ്ക്കു ശേഷമുള്ള പ്രാർത്ഥന

*യേശുവേ നീ ഞങ്ങൾക്ക് സഹായക്കാരനായിരിക്കേണമെ. യേശുവേ നീ ഞങ്ങൾക്ക് അഭയസ്ഥാനമായിരിക്കണമെ. യേശുവേ നീ ഞങ്ങളെ ശക്തിപ്പെടുത്തണമെ. യേശുവേ നീ ഞങ്ങളെ കാത്തുകൊള്ളണമെ. യേശുവേ ദുഷ്ടനെ നീ ഞങ്ങളിൽനിന്ന് മാറ്റിക്കളയണമെ. യേശുവേ-ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും നീ പരിഹരിക്കണമെ. യേശുവേ നീ ന്യായം വിസ്തരിക്കുമ്പോൾ ഞങ്ങളോട് ദയവു ചെയ്യണമെ. കുറിയേലായിസ്സോൻ... കുറിയേ..... കുറിയേ.......*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | സദൃ. 1–ാം അദ്ധ്യായം |
| തിങ്കൾ | സദൃ. 2 | സദൃ. 3 |
| ചൊവ്വ | സദൃ. 4 | സദൃ. 5 |
| ബുധൻ | സദൃ. 6 | സദൃ. 7 |
| വ്യാഴം | സദൃ. 8 | സദൃ. 9 |
| വെള്ളി | സദൃ. 10 | സദൃ. 11 |
| ശനി | സദൃ. 12 | സദൃ. 13 |
| ഞായർ | | സദൃ. 14 |

പാഠം 29

# വായനാശീലം - അറിവിന് ഉത്തമം

## പഠനോദ്ദേശ്യങ്ങൾ

കുട്ടികളിൽ വായനാശീലം വളർത്തി അറിവ് സമ്പാദിക്കുക. അതിൽകൂടെ സ്വഭാവ രൂപവൽക്കരണം സാദ്ധ്യമാക്കുക. തിരുവചന വായനയിൽ ഉത്സാഹം വർദ്ധിപ്പിക്കുക. മറ്റ് പുസ്തകങ്ങളും വായിച്ച് അറിവ് വർദ്ധിപ്പിക്കുക. വായന ഒരു ശീലമാക്കുക.

**മനഃപാഠവാക്യം:** ജ്ഞാനം മുത്തുകളെക്കാൾ നല്ലതാകുന്നു. മനോഹരമായതൊന്നും അതിന് തുല്യമാകയില്ല (സദൃശവാക്യങ്ങൾ 8:11).

**പഠന സഹായികൾ:** വി. വേദപുസ്തകം, പ്രാർത്ഥനാക്രമം, വി. കുർബ്ബാനക്രമം, ഏതാനും നല്ല പുസ്തകങ്ങൾ (ഉദാ. അഗ്നിച്ചിറകുകൾ എ. പി. ജെ. അബ്ദുൾ കലാം).

## ആമുഖം

കുട്ടികളേ, നിങ്ങൾ പുസ്തകങ്ങൾ വായിക്കാറുണ്ടോ? ഏതെല്ലാം പുസ്തകങ്ങളാണ് വായിക്കാറുള്ളത്? എന്തെല്ലാം പ്രയോജനങ്ങളാണ് വായനയിലൂടെ നമുക്ക് കിട്ടുന്നത്. ശരിയാണ് ധാരാളം അറിവ് നമുക്ക് ലഭിക്കുന്നു. കൂടാതെ നല്ല അനുഭവസമ്പത്തും പക്വതയും നമുക്കുണ്ടാവും. വായനയുടെ പ്രാധാന്യവും ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ പുസ്തകങ്ങളുടെ സ്വാധീനവും എന്തെന്ന് ഒരന്വേഷണപഠനമാണ് ഈ പാഠം.

## പാഠഭാഗം

നിങ്ങൾ വായിച്ചിട്ടുള്ള ഒരു പുസ്തകത്തിന്റെ പേര് പറയുക. അതിൽനിന്നും നിങ്ങൾക്ക് ലഭിച്ച ആശയങ്ങൾ - ഗുണപാഠങ്ങൾ എന്തെല്ലാം?

കുട്ടികൾ പറയുന്ന ആശയങ്ങൾ, ഗുണപാഠങ്ങൾ ഇവയെക്കുറിച്ച് ചർച്ച ചെയ്യുക.

നമ്മുടെ കർത്താവ് ന്യായപ്രമാണങ്ങളും മറ്റ് തിരുവെഴുത്തുകളും ഹൃദിസ്ഥമാക്കിയിരുന്നു. പന്ത്രണ്ടാം വയസ്സിൽ യെറുശലേം ദേവാലയത്തിൽ പെസഹാപ്പെരുന്നാളിനു പോയപ്പോൾ യേശുവിനെ യാത്രയിൽ കാണാതായ വിവരം നമുക്ക് അറിയാമല്ലോ. അന്വേഷിച്ച് ദേവാലയത്തിലേക്ക് തിരികെ ചെന്ന മാതാപിതാക്കൾ യേശു ദേവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും, അവരോട് ചോദിക്കുകയും ചെയ്യുന്നതായും കണ്ടു. യേശുവിനെക്കുറിച്ച് വി. വചനം പറയുന്നത്. 'അവന്റെ വാക്കു കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി' (വി. ലൂക്കോസ് 2:47). സാത്താന്റെ പ്രലോഭനസമയത്ത് തിരുവചന

ത്തിൽനിന്നും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് സാത്താനെ പരാജയപ്പെടുത്തിയത്. തന്റെ പ്രസംഗങ്ങളിലും പഠിപ്പിക്കലുകളിലും എല്ലാം തിരുവചനം ഉദ്ധരിച്ചു പറയുന്നത് കാണാം. ന്യായപ്രമാണങ്ങളും സങ്കീർത്തനങ്ങളും പ്രവാചകപുസ്തകങ്ങളും എല്ലാം കർത്താവിനു ഹൃദിസ്ഥമായിരുന്നു. പുസ്തകച്ചുരുളുകൾ വായിച്ച് ഹൃദിസ്ഥമാക്കിയതിന്റെ അറിവ് ദൈവ പുത്രനിൽ നാം കാണുന്നു.

### വായന അറിവു വർദ്ധിപ്പിക്കുന്നു

അറിവിന്റെ അനന്ത ചക്രവാളങ്ങളിലേക്ക് ജിജ്ഞാസയുടെ ചിറക് വിടർത്തി പഠിക്കു വാനാഗ്രഹിക്കുന്നവർക്ക് വായന അനുപേക്ഷണീയമാണെന്ന് ഒരു ചിന്തകൻ അഭിപ്രായ പ്പെടുന്നു. അറിവിനെ കോറിയെടുത്ത് ആസ്വദിച്ച് വളരുവാൻ സാധ്യത നൽകുന്ന ഒന്നാണ് വായന. അറിവിലൂടെ പൂർണ്ണതയും പൂർണ്ണതയിലൂടെ ശുദ്ധീകരണവും കൈവരിക്കു വാൻ വായന ആവശ്യമാണ്. Reading maketh man perfect"എന്ന ചൊല്ല് വളരെ പ്രസക്ത മാണ്. വിവിധതരം പുസ്തകങ്ങളുണ്ട്. ചരിത്രങ്ങൾ, നിരൂപണങ്ങൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, യാത്രാവിവരണങ്ങൾ, കഥകൾ, നോവലുകൾ, നാടകങ്ങൾ, കവിതകൾ തുടങ്ങിയവയെല്ലാം അറിവിന്റെ ശേഖരങ്ങളാണ്. അതിനാൽ സമയം കിട്ടുമ്പോഴെല്ലാം നല്ല പുസ്തകങ്ങൾ വായിക്കുകയും ലഭിച്ച ആശയങ്ങളും ഗുണപാഠങ്ങളും ഡയറിയിൽ കുറിച്ചുവയ്ക്കുകയും ചെയ്താൽ നമ്മുടെ അറിവും അനുഭവവും വർദ്ധിക്കും.

### വായന മൂല്യബോധം ഉണ്ടാക്കുന്നു

പുസ്തക പ്രസാധനത്തിന്റെ തുടക്കം മതഗ്രന്ഥങ്ങളിലൂടെയാണ്. മനുഷ്യനിൽ മൂല്യ ബോധമുണ്ടാക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ധ്യാനത്തിലൂടെ ഋഷിമാരുടെ മനസ്സുകളെ ശുദ്ധീകരിക്കുന്നതിനുതകുന്ന വേദങ്ങളും, അള്ളാഹുവിന്റെ തിരുവചനങ്ങ ളാകുന്ന ഖുറാനും, രാമായണം, മഹാഭാരതം, ഭഗവത്ഗീത തുടങ്ങിയ ഗ്രന്ഥങ്ങളും നന്മയുടെ വഴികളിലൂടെ മനുഷ്യനെ നയിക്കുവാനാധാരമായി രചിക്കപ്പെട്ട ഗ്രന്ഥ ങ്ങൾതന്നെ.

'യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു' എന്നുപദേശിക്കുന്ന ജ്ഞാനവച നവും 'മകനെ അപ്പന്റെ വാക്കു കേൾക്ക, അമ്മയുടെ ഉപദേശം നിഷേധിക്കയുമരുത്.' എന്ന പിതൃനിർവിശേഷമായ ഉപദേശങ്ങളും ഉൾക്കൊള്ളുന്നതാണ് വി. വേദപുസ്തകം. ദൈവാനുരൂപിയായി ജീവിക്കുന്നതിന് സത്യത്തിന്റെയും സാധനയുടെയും വഴികൾ നമുക്ക് കാണിച്ചുതരുന്ന പുസ്തകമാണ് വി. വേദപുസ്തകം. മോശ മുഖാന്തിരം സീനായ് മല യിൽ വച്ച് ദൈവം നൽകിയ പ്രമാണങ്ങൾ മനുഷ്യജീവിതം വൈകാരികതയുടെ തല ങ്ങൾക്കപ്പുറം മനുഷ്യബന്ധത്തിന്റെ തലങ്ങളിലേക്ക് സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിന്റെ തലങ്ങളിലേക്ക് വളരണമെന്ന് പഠിപ്പിക്കുന്നു. തൊഴിലുമായോ, പഠനവു മായോ ബന്ധമില്ലാത്ത പുസ്തകങ്ങൾ വിശ്രമസമയത്ത് വായിക്കുന്നത് അടിസ്ഥാനമൂല്യ ങ്ങളെ പരിപോഷിപ്പിക്കുവാനും വികാരങ്ങളെ നിയന്ത്രിക്കുന്നതിനു കാരണമാകും.

നല്ല പുസ്തകങ്ങളുടെ വായന നന്മയുള്ള മനസ്സും നല്ല ജീവിതത്തിലേക്കുള്ള വഴി കാട്ടിയുമായിരിക്കും. മനസ്സിന്റെ മരുന്നുശാലയാണ് വായന എന്നു പറയുന്നത് ഇക്കാര ണത്താലാണ്. സ്വതന്ത്രമായി ചിന്തിക്കുവാനും സ്വന്തമനസ്സാക്ഷിയുടെ പിൻബലത്തെ ആശ്രയിക്കുന്നതിനും പക്വമായ ജീവിതരീതി അവലംബിക്കുന്നതിനും വായന ഒരു വ്യക്തിയെ പ്രാപ്തമാക്കും.

**അല്പം നിർത്താം.... ചിന്തിക്കാം......**

1. വായനകൊണ്ട് അറിവു വർദ്ധിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക?
2. വായനകൊണ്ട് എങ്ങനെയാണ് മൂല്യബോധമുണ്ടാകുന്നത്?

## വായന ഒരു ബോധനോപാധി

അജ്ഞതയിൽ നിന്ന് അറിവിന്റെ വെളിച്ചത്തിലേക്ക് വിദ്യാഭ്യാസം ഒരുവനെ നയിക്കുന്നു. നല്ല പുസ്തകങ്ങളും അങ്ങനെ തന്നെയാണ്. പുസ്തകങ്ങളിലെ ആശയങ്ങൾ നമ്മുടെ മനസ്സിനെ പുഷ്ടിപ്പെടുത്തുകയും നമ്മുടെ ആത്മാവിനെ ഉയർത്തി ആനന്ദത്തിന്റെ പരമകോടിയിലേക്ക് എത്തിക്കുകയും ചെയ്യും. പാഠ്യപദ്ധതിയെക്കുറിച്ച് അറിവു നേടുന്നതിനപ്പുറമായി അറിവിന്റെ സീമ വികസിക്കുകയും വായിക്കുന്നവന് ആനന്ദാനുഭൂതി ലഭിക്കുകയും ചെയ്യുന്നു. സദാ ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന അന്തരാത്മാവിൽ സന്തുഷ്ടിയുടെ തേന്മഴ പെയ്യിക്കുവാൻ വായനകൊണ്ട് സാധിക്കും.

## വായന ജീവിത ശ്രേയസ്സ് വർദ്ധിപ്പിക്കുന്നു

ജീവിത ശ്രേയസ്സിന് ആധാരം ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടാകുന്ന സന്തോഷം, ആനന്ദം, ക്രിയാത്മകത എന്നിവയാണ്. നിസ്വാർത്ഥരും മഹാമനസ്കരും സമചിത്തരുമായ വ്യക്തികളുടെ വാർത്തെടുക്കലാണ് സമൂഹത്തിന്റെ ഭദ്രതയ്ക്കടിസ്ഥാനം. ഒരു വ്യക്തിയുടെ സന്തോഷം അവൻ തന്നോടുതന്നെയും തന്റെ സഹജീവികളോടും ദൈവസങ്കല്പത്തോടും അവനുണ്ടാകുന്ന ബന്ധത്തിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിലുമാണ് നിർണ്ണയിക്കപ്പെടുക. സമൂഹത്തിന്റെ ആരോഗ്യം ഇപ്രകാരമുള്ള വ്യക്തികളെ ആശ്രയിച്ചുമായിരിക്കും. ഇവിടെ നല്ല പുസ്തകത്തിന് വളരെ സ്വാധീനമുണ്ട്.

പുസ്തകത്തിൽ സൗഖ്യദായകമായ ഒരു വരമുണ്ട്. പലപ്പോഴും കുറ്റകൃത്യങ്ങൾ നടക്കുന്നത് പെട്ടെന്നുണ്ടാകുന്ന പ്രകോപനഫലമായാണ്. വായന ഒരുവനെ ഇതിൽനിന്നും പിന്തിരിപ്പിക്കും. വായന ഒരുവനെ തിരക്കുള്ളവനാക്കുന്നുവെന്നല്ല, പ്രത്യുത ഇതിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്ന് അവനു വ്യക്തമാക്കിക്കൊടുക്കുന്നു.

## വായന മനുഷ്യാത്മാവിനെ വിശുദ്ധീകരിക്കുന്നു

ആത്മാവിന് വെളിച്ചമേകി മനുഷ്യന് ഉത്തമവും അധമവുമായതെന്തെന്ന് മനസ്സിലാക്കിത്തരുന്നത് പുസ്തകങ്ങളാണ്. പുസ്തകങ്ങളിൽ കാണുന്ന കഥയിലെ കഥാപാത്രങ്ങൾക്ക് നമ്മെ ചിലത് പഠിപ്പിക്കുവാനുണ്ടാകും. മുടിയനായ പുത്രന്റെ കഥ (വി. ലൂക്കോസ് 15). വഴിക്കണ്ണുമായി കാത്തിരിക്കുന്ന പിതാവ്, സ്വന്തമായ പുത്രൻ, മുടിയൻപുത്രൻ എന്നീ കഥാപാത്രങ്ങൾ ചേരുന്ന ഒന്നാണ്. ഓരോ കഥാപാത്രത്തേയും നാം വായിക്കുമ്പോൾ നമ്മുടെ ഉള്ളിൽ ആത്മാവിന്റെ ഒരു പുതുക്കം സംഭവിക്കുന്നുണ്ട്. അതിൽ തിന്മയുടെ ഒരു അംശമുണ്ടെന്നും അതിനെ തോല്പിച്ച് നന്മയുടെ വിജയത്തിന് കൂട്ടുനിൽക്കണമെന്നും ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ അധമചിന്തകളെ ഇല്ലാതാക്കി ദിവ്യമായതിനെ പ്രാപിക്കുവാൻ നമുക്കു കഴിയുന്നു.

**അല്പം നിർത്താം.... ചിന്തിക്കാം.....**

1. വായന ഒരു ബോധനോപാധിയാണെന്ന് പറയുന്നതെന്തുകൊണ്ട്?
2. വായന ജീവിത ശ്രേയസ്സ് വർദ്ധിപ്പിക്കുന്നതെങ്ങനെ?
3. വായന മനുഷ്യാത്മാവിനെ വിശുദ്ധീകരിക്കുന്നു എന്ന് വെളിപ്പെടുത്തുന്ന ഒരു ഉദാഹരണം പറയുക?

## വായനാശീലം - ഒരു ദിനചര്യ

ദിനചര്യ എന്ന നിലയിൽ ശീലിക്കേണ്ട ഒന്നാണ് വായന. വളരെ ചെലവ് കുറഞ്ഞതും നിത്യഫലം തരുന്നതുമായ ഒന്നാണിത്. മഹത്തായ ഒരു വിനോദമായി വായനയെ സ്വീകരിക്കണം. 'നല്ലത്' തെരഞ്ഞെടുത്ത് വായിക്കുകയാണ് ഉത്തമം. സഭാപ്രസംഗി ഓർമ്മിപ്പിക്കുന്നത് കിട്ടുന്നതെല്ലാം വായിക്കുവാനല്ല, തെരഞ്ഞെടുത്ത് വായിക്കണമെന്നാണ് (സഭാപ്രസംഗി 12:12).

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ വിസ്ഫോടനം വായനയെ ദോഷകരമായി ബാധിക്കുന്നുണ്ട്. എന്നാലും നന്മ-തിന്മകളെ വിവേചിച്ചറിഞ്ഞ് നല്ല മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ വായനാശീലം ഉണ്ടായേ തീരൂ. വായനയെപ്പറ്റി കുഞ്ഞുണ്ണി മാഷ് പറയുന്നതിങ്ങനെയാണ്. 'വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും, വായിച്ചു വളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും'. വായനയുടെ പ്രാധാന്യം എത്ര അധികമാണെന്ന് ഈ ആശയം വ്യക്തമാക്കുന്നു.

സൺഡേസ്കൂൾ വിദ്യാർത്ഥികൾ വി. വേദപുസ്തകവുമായുള്ള ബന്ധം ജീവിത സന്തോഷമായി കരുതുക. അനുദിനം വേദപുസ്തകം വായിക്കുകവഴി നാം ദൈവമനസ്സുമായി ബന്ധം ഉറപ്പിക്കുകയാണ്. ദൈവവചനം ഹൃദിസ്ഥമാക്കുന്നത് പ്രയോജനകരമാണ്. അതുമൂലം പ്രലോഭനങ്ങളെ തോല്പിക്കാം. ദൈവഹിതപ്രകാരം ബുദ്ധിപൂർവ്വമായി തീരുമാനങ്ങൾ എടുക്കാം. ആകുലചിന്ത ഒഴിവാക്കാം. വിശ്വാസവും ധൈര്യവും വർദ്ധിപ്പിക്കാം. മാത്രമല്ല നല്ല ഉപദേശങ്ങൾ മറ്റുള്ളവർക്കു നൽകാം. ദൈവീക കാഴ്ചപ്പാടിൽ പ്രവർത്തിക്കാം. ക്രിസ്തീയ മനോഭാവം സംരക്ഷിക്കാം. ദൈവമക്കളുടെ സ്വഭാവത്തിൽ വളരാം.

വായനാശീലം ജീവിതത്തിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് വി. വേദപുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നു (അപ്പോ. പ്രവൃത്തികൾ 8:26-40). എത്യോപ്യാരാജ്ഞിയുടെ ഒരു ഷണ്ഡനും മഹാനുമായ മനുഷ്യൻ തന്റെ യാത്രയിൽ തേരിൽ ഇരുന്നു വി. വേദപുസ്തകം വായിക്കുകയായിരുന്നു. പീലിപ്പോസിനോട് ദൈവാത്മാവ് തേരിനോട് അടുത്തുചെല്ലുവാൻ ആജ്ഞാപിച്ചതനുസരിച്ച് ചേർന്നു നടന്നു. വായിക്കുന്ന ഭാഗം മനസ്സിലാക്കുന്നുണ്ടോ എന്ന് ചോദിച്ചതിന് പൊരുൾ തിരിച്ചുതരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു മറുചോദ്യം ഷണ്ഡൻ ചോദിച്ചു. വായിച്ചത് ഗ്രഹിക്കുവാൻ വാഞ്ഛിച്ച ഷണ്ഡന് പൊരുൾ തിരിച്ചുകൊടുത്തപ്പോൾ കർത്താവിൽ വിശ്വസിച്ച് സ്നാനം ഏൽക്കുവാനുള്ള ആഗ്രഹം ഫീലിപ്പോസിനെ അറിയിച്ചു. സ്നാനം ഏറ്റു കർത്താവിനോട് ചേർന്നു. വായന ജീവിതത്തിൽ വരുത്തിയമാറ്റം. അവൻ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുവാൻ അത് കാരണമായി.

ജീവിതശൈലിയിൽ നറുമലരുകൾ വിരിയിക്കുവാൻ വായന ആവശ്യമായ ഘടകമാണ്. വായന മരിക്കാതിരിക്കട്ടെ നമ്മുടെ വരുംതലമുറ കൂടുതൽ നന്മയുള്ളവരും ധാർമ്മികരും സ്വഭാവവൈശിഷ്ട്യമുള്ളവരും ആയി വളരട്ടെ. നമുക്കു വായിക്കാം, വളർന്ന് വിളയാം.

## നമുക്ക് ചിന്തിക്കാം

1. വായനാശീലം കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?
2. 'വായനാശീലം പക്വതയുള്ള വ്യക്തിത്വവും അനുഭവസമ്പത്തും പ്രദാനം ചെയ്യുന്നു.' ഈ ആശയം സമർത്ഥിക്കുക.
3. വായന ആത്മാവിനെ വിശുദ്ധീകരിക്കുന്നു എന്ന് തെളിയിക്കുക.
4. വി. വേദപുസ്തകം ദിവസവും വായിച്ചു ധ്യാനിക്കുന്നതു വഴി നമുക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. വായനകൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും വിശദമാക്കുവാനായി ക്ലാസിൽ ഒരു ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കുക.
2. ഒരു നല്ല പുസ്തകം പൂർണ്ണമായി വായിച്ച് ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക. ഉദാ. എ. പി.ജെ. അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ.
3. നല്ല പുസ്തകങ്ങൾ ശേഖരിച്ച് വായിക്കുകയും ഡയറിക്കുറിപ്പുകൾ എഴുതിവയ്ക്കുകയും ചെയ്യുന്നത് ഒരു ശീലമാക്കുക.
4. നിങ്ങൾ ഇതുവരെ വായിച്ച പുസ്തകങ്ങളുടെ ഒരു ചാർട്ട് താഴെ കാണുന്ന പ്രകാരം തയ്യാറാക്കുക.

| ക്രമ നമ്പർ | പുസ്തകത്തിന്റെ പേര് | എഴുത്തുകാരന്റെ പേര് (Author) | വായിച്ച തീയതി | വില (രൂപ) |
|---|---|---|---|---|

5 ഇനിമുതൽ ഓരോ പുസ്തകവും വായിക്കുന്തോറും ഈ ലിസ്റ്റിൽ ആ വിവരം രേഖപ്പെടുത്തണം.

### നമുക്ക് പാടാം

മാർ അപ്രേമിന്റെ അനുതാപത്തിന്റെ കീർത്തനങ്ങളിൽനിന്ന് (ഞങ്ങൾക്കുള്ള കർത്താവേ..... എന്ന രീതി)

സച്ചിന്തകൾ, സദ്വചനങ്ങൾ, നന്മകളെന്നിവയോരോന്നും
എപ്പൊഴുമുണ്ടായീടുന്ന നിർമ്മല ചിത്തം നൽകണമെ.
ദുർന്നീതികൾ ദുശ്ചിന്തകളെ-ന്നെല്ലാവക തിന്മകളേയും
എത്രയുമകലത്താക്കുന്ന നിർമ്മല ചിത്തം നൽകണമെ.
അൻപുടയോനെ ഇതുപോലു-ള്ളാശയമെന്നിൽ നീ തന്ന്
പാപമകന്നു നിൻചേർച്ച-ഞാൻ നേടുകിലേറ്റം നന്ന്

### നിശ്ചയം

**വി. വേദപുസ്തകവും, ആത്മീയ ഗ്രന്ഥങ്ങളും മറ്റ് നല്ല പുസ്തകങ്ങളും ഞങ്ങൾ പതിവായി വായിക്കുകയും, നേടുന്ന അറിവും അനുഭവങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 214. പെന്തിക്കൊസ്തി പെരുന്നാളിൽ സന്ധ്യാനമസ്കാരത്തിലെ ഒരു പ്രാർത്ഥന.

*ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ വസിച്ച് അവരെ ജ്ഞാനമുള്ളവരാക്കുകയും അവരെക്കൊണ്ട് പല ഭാഷകളിൽ സംസാരിപ്പിക്കുകയും ചെയ്തതുപോലെ കർത്താവേ നിന്റെ വിശുദ്ധ റൂഹായെ ഞങ്ങളുടെ മേൽ അയച്ചു ഞങ്ങളെ ജ്ഞാനമുള്ളവരാക്കുകയും, ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും, എല്ലാ വിധത്തിലും നിന്റെ മഹത്വങ്ങളെ സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ നാവുകളെ വെടിപ്പാക്കുകയും ചെയ്യണമെ. മൊറിയോറാഹേം.....*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | - | സദൃ. 15, 16 |
| തിങ്കൾ | സദൃ. 17 | സദൃ. 18 |
| ചൊവ്വ | സദൃ. 19 | സദൃ. 20 |
| ബുധൻ | സദൃ. 21 | സദൃ. 22 |
| വ്യാഴം | സദൃ. 23 | സദൃ. 24 |
| വെള്ളി | സദൃ. 25 | സദൃ. 26, 27 |
| ശനി | സദൃ. 28 | സദൃ. 29, 30 |
| ഞായർ | സദൃ. 31 | - |

പാഠം 30

# സമയത്തിന്റെ ശരിയായ വിനിയോഗം

## പഠനോദ്ദേശ്യം

നമുക്ക് ലഭിച്ചിരിക്കുന്ന സമയത്തിന്റെ ഫലപ്രദമായ വിനിയോഗത്തിന്റെ പ്രധാന്യം മനസ്സിലാക്കുക. സമയം ശരിയായി വിനിയോഗിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

**മനഃപാഠവാക്യം:** ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവീൻ (എഫേസ്യർ 5:16).

**പഠനസഹായികൾ:** സമയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഏതാനും പ്ലാക്കാർഡുകൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ടീച്ചർ സമയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ആശയങ്ങൾ അടങ്ങിയ ചില പ്ലാക്കാർഡുകൾ കാണിക്കുന്നു. ഈ ആശയങ്ങളിൽ നിന്ന് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു?

നമ്മുടെ മുമ്പിലുള്ള സമയം നാം എങ്ങനെ വിനിയോഗിക്കുന്നു എന്ന് ഓർക്കുക. ചിലപ്പോൾ അത് പ്രയോജനപ്പെടുത്തുന്നുണ്ടാവാം. പലരും അലസമായി സമയം നഷ്ടപ്പെടുത്തുന്നു. സമയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നിഷ്ഠയോടെ പ്രവർത്തിക്കുവാൻ ആവശ്യമായ ചിന്തകളാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

സമയത്തെ നമുക്ക് എങ്ങനെ നിർവ്വചിക്കാം. 'അമൂർത്തവും അതുല്യവും അനശ്വര നിധിയും അതോടൊപ്പം വളരുവാനും അല്ലെങ്കിൽ നശിക്കുവാനുമുള്ള അവസരവുമാണ് സമയം.' സകലത്തിന്റെയും എന്ന പോലെ സമയത്തിന്റെയും സ്രഷ്ടാവ് ദൈവം തന്നെ. ഏതു മനുഷ്യനും ഒരു ദിവസം ലഭിക്കുന്ന സമയം തുല്യമാണ്. എന്നാൽ ഓരോരുത്തരും അതിൽ നിന്ന് പുറപ്പെടുവിക്കുന്ന ഫലം വ്യത്യസ്തമായ അളവിലാണ്. ലഭിച്ചിരിക്കുന്ന സമയത്തിന്റെ ഫലപ്രദമായ വിനിയോഗം നടക്കാത്തതാണ് ഇന്ന് പലരിലും കാണുന്നത്.

ഒരുവന്റെ ജീവിതനിലവാരം ഉയർത്തുന്നതിന് അവന് ലഭിച്ച സമയത്തിൽനിന്നും കൂടുതൽ ഫലം ഉളവാക്കുന്നതിന് സഹായകമായി പ്രവർത്തനക്ഷമമാക്കേണ്ട ചില തത്വ

ങ്ങളും നൈപുണ്യവും പരിശീലനങ്ങളും ആർജിച്ച് പ്രയോജനപ്പെടുത്തുന്നതിനെയാണ് 'സമയവിനിയോഗം' എന്നു പറയുന്നത്.

പ്രകൃതിനിയമങ്ങൾ നമുക്ക് തരുന്ന പാഠം എന്ത്? സമയനിഷ്ഠ എന്നുള്ളത് ജീവിതത്തിൽ വ്രതമായി എടുത്തിട്ടുള്ളവരുണ്ട്. അതിന് അവരെ പ്രേരിപ്പിക്കുന്നത് പ്രകൃതിനിയമങ്ങൾ തന്നെയാണ്. പ്രകൃതിയിൽ എങ്ങും സമയബന്ധിതമായി കാര്യങ്ങൾ നീങ്ങുന്നു. സൂര്യൻ ഉദിക്കുന്നത് കിഴക്ക് ദിക്കിലും കൃത്യസമയത്തും. അതുപോലെ തന്നെ അസ്തമനകാര്യവും. ഋതുക്കൾ കൃത്യമായി മാറിവരുന്നു. മാറ്റത്തിനുള്ള ദിവസങ്ങൾപോലും ക്ലിപ്തപ്പെടുത്തിയ വിധത്തിലാണ് ആകാശവിതാനത്തിൽ നക്ഷത്രജാലങ്ങൾ ക്രമമായും കൃത്യമായും ചരിക്കുന്നു. പ്രപഞ്ചത്തിൽ എല്ലാ ക്രമവും സമയക്ലിപ്തതയും സംരക്ഷിക്കപ്പെടുന്നു. രാപ്പാടികൾ രാത്രിയിൽ മാത്രം ഗാനമുതിർക്കുന്നു. ദേശാന്തരഗാമികളായ പക്ഷികൾ കൃത്യസമയങ്ങളിൽ പലായനം നടത്തുന്നു. വൃക്ഷങ്ങൾ തളിരിടുന്നതും ഫലം കായ്ക്കുന്നതും നിർദ്ദിഷ്ട സമയങ്ങളിൽത്തന്നെ. ഇങ്ങനെ പ്രകൃതിയിൽ എവിടെ നോക്കിയാലും കൃത്യമായ സമയനിഷ്ഠ സംരക്ഷിക്കപ്പെടുന്നു. പ്രകൃതിയുടെ തന്നെ ഭാഗമായ മനുഷ്യനും ആ താളം കാത്തുസൂക്ഷിക്കാൻ കടപ്പെട്ടവനാണ്. സ്രഷ്ടാവ് നമ്മെയും ആക്കി വെച്ചിരിക്കുന്നത് സമയബന്ധിത പ്രമാണങ്ങൾക്ക് അനുസരണമായിട്ടാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. 'സമയ'ത്തിന് ഒരു നിർവ്വചനം നൽകുക.
2. 'സമയവിനിയോഗം' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
3. ജീവിതത്തിൽ സമയനിഷ്ഠ പാലിക്കുവാൻ പ്രകൃതിനിയമങ്ങൾ എങ്ങനെ സഹായകമാകും?

കാര്യക്ഷമതയുടെ മുഖമുദ്രയാണ് കൃത്യനിഷ്ഠയും സമയനിഷ്ഠയും. അവ നമ്മുടെ ആത്മാർത്ഥതയുടെയും ആത്മശിക്ഷണത്തിന്റെയും വ്യക്തിമാഹാത്മ്യത്തിന്റെയും അടയാളങ്ങളാണ്. പൂർവ്വകാലത്ത് സമയം ഇഴഞ്ഞുനീങ്ങുന്ന പ്രതീതി ആയിരുന്നു. അന്ന് ഒന്നിനും തിരക്കില്ല. സമയം നിശ്ചയിക്കുന്നതു തന്നെ സൂര്യനെ നോക്കിയും നിഴലിന്റെ നീളം കണക്കാക്കിയും ആയിരുന്നു. പക്ഷെ, ഇന്നു നാഗരികതയുടെ സംസ്ക്കാരത്തിലേക്ക് വന്നപ്പോൾ എല്ലാ കാര്യങ്ങളും ഘടികാരത്തെ നോക്കിയാണ്. എല്ലാം സമയബന്ധിതമായി ചെയ്തിരിക്കണം. വിജയത്തിന്റെ പിന്നിൽ വേഗതയ്ക്ക് വലിയ സ്ഥാനമുണ്ട്. അഞ്ച് മിനിറ്റ് വൈകിയാൽ ഒരു ബസ് നഷ്ടപ്പെടും. ആ ബസ് നഷ്ടപ്പെട്ടാൽ മണിക്കൂറുകളായിരിക്കും ചിലപ്പോൾ നഷ്ടമാവുക.

ബഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന ചിന്തകൻ പറയുന്നത് നിങ്ങൾ ജീവനെ സ്നേഹിക്കുന്നുവെങ്കിൽ സമയം വ്യഥാവിലാക്കരുതെന്നാണ്. കാരണം ജീവന്റെ സത്ത സമയത്താൽ നിർമ്മിതമാണ്. അതുകൊണ്ട് നിങ്ങൾ മാറ്റത്തിന് വിധേയപ്പെടാൻ തയ്യാറാകുമ്പോഴാണ് സമയവിനിമയത്തിന്റെ തുടക്കം കുറിക്കുന്നത്. പ്രവർത്തനക്ഷമരാകാൻ ഉത്സാഹികളെങ്കിൽ നമുക്കത് എളുപ്പമാകും.

നിങ്ങൾ എത്രസമയം അദ്ധ്വാനിക്കുന്നുവെന്നോ, എത്ര കഠിനപ്രയത്നം ചെയ്യുന്നുവെന്നോ അല്ല. ലഭിച്ച സമയംകൊണ്ട് എത്രമാത്രം നേടി എന്നതാണ് പ്രധാനം. അതാ

യത് ലഭ്യമായത് പരമാവധി പ്രയോജനപ്പെടുത്തുക. സമയത്തിന്റെ തക്ക ഉപയോഗം ഫലപ്രപ്തിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു എന്ന് സാരം.

നിങ്ങളുടെ ബാങ്ക് ബാലൻസ് ശൂന്യമായാൽ അക്കൗണ്ടിൽ നിങ്ങൾ നിക്ഷേപിക്കുന്ന തുക പിൻവലിച്ചതുകൊണ്ടാണെന്ന് നിങ്ങൾക്കറിയാം. പണം ഒരു വസ്തു ആകയാൽ ഈ ബോധം എളുപ്പത്തിൽ ഗ്രഹ്യമാണ്. എന്നാൽ ആരും തന്നെ സമയത്തെക്കുറിച്ച് ഈ വിധം ചിന്തിക്കുന്നില്ല. ഒരു ദിവസം ആരംഭിക്കുമ്പോൾ, നിങ്ങളറിയാതെതന്നെ 86,400 സെക്കന്റ് നിങ്ങളുടെ സമയബാങ്കിൽ നിക്ഷേപമായി വന്നിട്ടുണ്ടാവും. നിങ്ങൾ അറിഞ്ഞാലും ഇല്ലെങ്കിലും പിറ്റേന്നാൾ ആ സമയമാകുമ്പോഴേക്കും നിങ്ങൾ സീറോ ബാലൻസിൽ എത്തും. പുതിയ നിക്ഷേപം നിങ്ങൾക്ക് ലഭിക്കുകയും ചെയ്യും. ഈ നിക്ഷേപം പിൻവലിക്കലിനെക്കുറിച്ച് ബോധ്യമുണ്ടാകുക പ്രധാനമുള്ള കാര്യമല്ലേ? അതുകൊണ്ട് നിങ്ങൾ ഒരു പരിപാടി ആസൂത്രണം ചെയ്യുമ്പോൾ അതിനായി എന്തുമാത്രം സമയനിക്ഷേപം നീക്കിവയ്ക്കാനാവുമെന്നു ചിന്തിക്കുകയും അത്രയും സമയം അതിനായി വേർതിരിക്കുകയും ചെയ്യണം. സാമ്പത്തിക കാര്യങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുപോലെ സമയ കാര്യങ്ങളിലും ഒരു 'ബജറ്റ്' ഉണ്ടാക്കുന്നത് ഉചിതം തന്നെ.

**അല്പം നിർത്താം.... ചിന്തിക്കാം...**

1. പണ്ട് കാലത്ത് മനുഷ്യർ സമയം അറിഞ്ഞിരുന്നതെങ്ങനെ?
2. സമയത്തിന്റെ ഓരോ നിമിഷവും വിലപ്പെട്ടതാണ് എന്നു വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ പറയുക?
3. നമ്മുടെ സമയത്തെ ഒരു ബാങ്ക് അക്കൗണ്ടുമായി താരതമ്യം ചെയ്യുക?

**Get smart with Time**

Smart ഒരു ചുരുക്കെഴുത്താണ്. Small Measures that Ascertain, Resourceful usage of Time. സമയത്തിന്റെ ശരിയായ വിനിമയത്തിന് അനുവർത്തിക്കേണ്ട നിസ്സാരമായ ചില നീക്കങ്ങൾ, ഒരു പട്ടിക തയ്യാറാക്കുകയാണെങ്കിൽ വളരെ നീണ്ടുപോകും. പ്രധാനമായത് ചിലത് താഴെ കൊടുക്കുന്നു.

**1. ഉത്തരവാദിത്വം ഏറ്റെടുക്കുക**

നിങ്ങളുടെ സമയം പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കാണ്. നിങ്ങളതു ചെയ്തില്ലെങ്കിൽ മറ്റാരെങ്കിലും നിങ്ങളുടെ സമയമെടുക്കും. നീട്ടിവയ്ക്കുന്ന സ്വഭാവം (നാളെ, നാളെ, നീളെ, നീളെ) ഉപേക്ഷിക്കണം.

**2. ദൈവനടത്തിപ്പിനായി പ്രാർത്ഥിക്കണം**

നിങ്ങൾക്ക് ചെയ്യുവാനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ജോലികൾ ഓരോ ദിവസത്തേക്കുമുണ്ട് എന്ന് മനസ്സിലാക്കുക. അത് യഥാവിധി തിരിച്ചറിവാനും, നിവർത്തിപ്പാനുമുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുക. ഇവ ദൈവനിശ്ചയമത്രെ (എഫേസ്യർ 2:10).

**3. ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കുക.**

ശരിയായ വിധത്തിലുള്ള മുന്നൊരുക്കമില്ലെങ്കിൽ നിങ്ങളുടെ നിയമിത വൃത്തികൾ യഥാസമയം പൂർത്തിയാക്കാനാവില്ല. എന്തു ചെയ്യണം? എങ്ങനെ ചെയ്യണം? സമയമെ

ത്രവേണം? അന്തിമലക്ഷ്യമെന്ത്? ഇത്യാദികാര്യങ്ങളിലെല്ലാം ഒരാസൂത്രണം ആവശ്യമാണ്.

**4. കാര്യങ്ങൾ ക്രമീകരിച്ചു ചെയ്യുക.**

ദൈവം പ്രപഞ്ചസൃഷ്ടി നടത്തുമ്പോൾ എത്ര ക്രമമായത് ചെയ്തത് (ഉല്പത്തി 1:1–2:3). ഈ ക്രമീകൃതാവസ്ഥ നമ്മുടെ ഓരോ പ്രവർത്തിയിലുമുണ്ടാകണം. വിശുദ്ധ വേദപുസ്തകത്തിലുടനീളം നമുക്കിതു കാണാനാകും (പുറപ്പാട് 40:1-6). നിങ്ങളുടെ ക്രമീകൃതഭാവവും പ്രവർത്തനശൈലിയും മറ്റൊരാളുടേതിൽനിന്നും വ്യത്യസ്തമാകാം.

**5. 'സാദ്ധ്യമല്ല' എന്നു പറയുവാൻ പഠിക്കുക**

പലരും തങ്ങൾക്കാവുന്നതിലധികം ജോലികളാൽ ബുദ്ധിമുട്ടുന്നതു കാണാം. ആരെങ്കിലും ഒരുത്തരവാദിത്വം ഏല്പിക്കുമ്പോൾ 'സാദ്ധ്യമല്ല' എന്ന് പറയാനാകാത്തവരാണ് ഈ വിധം കഷ്ടപ്പെടുന്നത്. അങ്ങനെയുള്ളവർക്ക് ഏൽക്കുന്ന ജോലികൾ യഥാസമയം തീർക്കാനാകാതെ വരും. അതുകൊണ്ട് പ്രാധാന്യം കുറഞ്ഞതും അത്യാവശ്യമല്ലാത്തതുമായ കാര്യങ്ങളിൽ 'സാദ്ധ്യമല്ല' എന്നു പറയാൻ കഴിയുന്നുവെങ്കിൽ പ്രധാന വൃത്തികൾക്ക് ആവശ്യമായ സമയം വിനിയോഗിക്കാനാവും.

**6. മുൻഗണനാക്രമം നിശ്ചയിക്കുക**

അനേകം കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാനുണ്ടാകും. പക്ഷേ, ഭാരപ്പെടേണ്ട പ്രഥമ പരിഗണന ഏതിനെന്ന് ആദ്യം നിശ്ചയിക്കണം. തുടർന്നു ചെയ്യേണ്ട ഓരോന്നിനും 2, 3, 4 എന്ന പരിഗണന കൊടുക്കുക. പ്രഥമഗണനീയമായത് ആദ്യം തീർക്കുക. തുടർന്നു മുൻഗണനാക്രമമനുസരിച്ച് മറ്റുള്ളവയും എല്ലാം തീർക്കാനായില്ലെങ്കിലും, വളരെയേറെ ചെയ്തു തീർക്കാനാകും. എല്ലാ ദിവസവും ഈ രീതി തുടരുക. തീർച്ചയായും അതാതു ദിവസത്തേക്ക് നിശ്ചയിച്ച ജോലികൾ പൂർത്തീകരിക്കാനാകും.

**അല്പം നിർത്താം... ചിന്തിക്കാം...**

1. സമയവിനിയോഗത്തിൽ പ്രാർത്ഥനയുടെ സ്ഥാനമെന്ത്?
2. മുൻഗണനാക്രമം നിശ്ചയിക്കുന്നത് ശരിയായ സമയവിനിയോഗത്തിന് എങ്ങനെ സഹായിക്കും?

**7. വസ്തുതകൾ എഴുതി സൂക്ഷിക്കുക**

എല്ലാം ഓർമ്മയിൽ സൂക്ഷിക്കുക എന്നത് ശ്രമകരമാണ്. വളരെ കാര്യങ്ങൾ ഉള്ളപ്പോൾ പലതും, പ്രധാനമായവപോലും മറന്നുപോകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ചെയ്തുതീർക്കേണ്ടവ മുൻഗണനാക്രമമനുസരിച്ച് എഴുതി സൂക്ഷിക്കുന്നുവെങ്കിൽ സമയവിനിമയം കൂടുതൽ ഫലപ്രദമാക്കാം.

**8. കഴിവുകളെ വിശകലനം ചെയ്യുക – വെല്ലുവിളികളെ നേരിടുക**

നിങ്ങളുടെ സാദ്ധ്യതകൾ, കഴിവുകൾ, അവസരങ്ങൾ എന്നിവ എന്തെന്നും മുന്നോട്ടുള്ള പാതയിലെ വെല്ലുവിളികൾ, തടസ്സങ്ങൾ, കഴിവുകേടുകൾ, പരിശീലനത്തിലും മറ്റു

മുള്ള അപര്യാപ്തതകൾ എന്തെന്നും തിരിച്ചറിയുക. തിരുത്തേണ്ടവ തിരുത്തിയും മൂർച്ച വരുത്തേണ്ടവ മൂർച്ച വരുത്തിയും, പരിശീലന സാദ്ധ്യതകൾ കണ്ടെത്തി നേടിയും നിങ്ങൾ ഏറ്റെടുക്കുന്ന ഉത്തരവാദിത്വം ഫലപ്രദമായി ഏറ്റവും എളുപ്പത്തിൽ പൂർത്തിയാക്കുവാൻ നിങ്ങളെത്തന്നെ ഒരുക്കുക.

### 9. മറ്റുള്ളവരുടെ പ്രവർത്തികളിൽ കൈകടത്താതിരിക്കുക

ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ ജോലികളിൽ ഇടപെട്ട് ചെയ്യാൻ ശ്രമിക്കുന്നത് സമയത്തിന്റെ ദുരുപയോഗമാണ്. പകരം നിങ്ങൾ നിങ്ങളുടെ ജോലി പൂർത്തീകരിക്കുക. അതായിരിക്കും ഉത്തമം. എന്നാൽ നമ്മുടെ സഹായം തീർത്തും ആവശ്യമായിട്ടുള്ള സന്ദർഭങ്ങളിൽ സഹായിക്കാൻ മടിക്കേണ്ട.

### 10. തിരിഞ്ഞുനോട്ടം

ദിനാന്ത്യത്തിൽ അല്ലെങ്കിൽ ഏറ്റെടുത്ത ജോലിയുടെ ഓരോ ഘട്ടവും പൂർത്തിയാക്കുമ്പോൾ കഴിഞ്ഞ കാര്യങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തണം. ഒരു വിലയിരുത്തൽ, വന്നുപോയ പാളിച്ചകൾ കണ്ടെത്തി തിരുത്തുവാൻ, മുൻഗണന നൽകിയതുപോലെ കാര്യങ്ങൾ നടന്നുവെന്ന് ഉറപ്പിക്കുവാൻ, പൂർവ്വാധികമായ ഉത്സാഹത്തോടെ അടുത്ത കർമ്മം ആസൂത്രണം ചെയ്യുവാൻ ഈ തിരിഞ്ഞുനോട്ടം സഹായിക്കും.

സമയവിനിമയതത്വങ്ങൾ പഠിക്കുന്നതുകൊണ്ടു മാത്രം വിശേഷമൊന്നുമില്ല. അവ പ്രയോഗത്തിൽ വരുത്തുമ്പോഴാണ് ഫലപ്രദമാക്കുക. ക്രമപ്പെടുത്തുവാനുള്ള പ്രതിബദ്ധത അടിസ്ഥാനപ്രമാണങ്ങളോടുള്ള ബോധപൂർവ്വവും കർശനവുമായ വിധേയത്വം പഠനത്തിനും രൂപാന്തരീകരണത്തിനുമുള്ള താല്പര്യം എന്നിവ സ്വഭാവമാക്കി മാറ്റുന്നവർക്ക് ഇത് എളുപ്പമാകും.

## നമുക്ക് ചിന്തിക്കാം

1. സമയത്തിന്റെ പ്രാധാന്യമെന്ത്?
2. "Time and Tide waits for no man" (സമയവും കാലവും ആർക്കും വേണ്ടി കാത്തു നില്ക്കാറില്ല) ഈ ആശയം പാഠഭാഗത്തെ ആസ്പദമാക്കി സമർത്ഥിക്കുക.
3. സമയത്തിന്റെ ശരിയായ വിനിയോഗത്തിന് സഹായിക്കുന്ന ഘടകങ്ങൾ വിശദമാക്കുക.
4. അലസതയും മടിയും മൂലം സമയം വളരെ നഷ്ടപ്പെടുത്തുന്ന ഒരു സുഹൃത്ത് നിങ്ങൾക്കുണ്ട് എന്നിരിക്കട്ടെ. ആ സുഹൃത്തിനെ ശരിയായ സമയവിനിയോഗത്തിന് സഹായിക്കുന്ന ഒരു കത്ത് തയ്യാറാക്കുക.

## പ്രവർത്തനങ്ങൾ

1. നമ്മുടെ ജീവിതത്തിൽ സമയവിനിയോഗം എപ്രകാരം വിജയപ്രദമായി നടക്കുന്നു എന്ന് ക്ലാസിൽ ചർച്ചചെയ്യുക.
2. അടുത്ത ഒരു മാസം നിങ്ങൾക്ക് ചെയ്തു തീർക്കേണ്ട ചെറിയതും വലിയതുമായ കാര്യങ്ങൾ അടങ്ങുന്ന ഒരു ചാർട്ട് താഴെപറയുന്ന പ്രകാരം തയ്യാറാക്കുക.

| ക്രമ നമ്പർ | ചെയ്യേണ്ട പ്രവൃത്തി | ചെയ്തു തീർക്കേണ്ട തീയതി | മുൻഗണന ക്രമം |
|---|---|---|---|

3 ഓരോ മാസവും ഇപ്രകാരം ചാർട്ട് തയ്യാറാക്കി എഴുതി സൂക്ഷിക്കുക.

4. സമയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന നല്ല കുറിവാക്യങ്ങൾ ശേഖരിച്ച് ഡയറിയിൽ കുറിച്ചുവയ്ക്കുക. ഇവ വൃത്തിയായി എഴുതി പഠനമുറിയിൽ ഭംഗിയായി ഒട്ടിച്ചുവയ്ക്കുക.

## നമുക്ക് പാടാം

വരുവീൻ ഈ നല്ല സമയം
വൃഥാവാക്കാതെ.
നിന്നെ യേശു വിളിച്ചീടുന്നു
ഉലകം മായ അഴകു സമം
അതു നമ്പാതെ മയക്കും നിന്നെ
മരണമൊരുനാൾ വന്നീടുമേ
മറക്കാതെ നിൻ രക്ഷകനെ
(വരുവീൻ.....)

(വരുവീൻ, നമുക്ക് ലഭിച്ചിരിക്കുന്ന ഈ നല്ല സമയം നഷ്ടപ്പെടുത്താതെ ദൈവത്തിനായി വേലചെയ്യാം. യേശു നമ്മെ വിളിച്ചിരിക്കുന്നു. നാം ചെയ്യുന്ന ഒരു ജോലിയും ദൈവത്തിനായ് ചെയ്യുന്നു എന്ന ബോധ്യത്തോടെ ഏറ്റവും ഭംഗിയായി ചെയ്യുക. ഈ ലോകവും അതിന്റെ സൗന്ദര്യവും മായയാണ്, അതിൽ ആശ്രയിക്കരുത് അത് നമ്മെ മയക്കുന്നതാണ്. ഒരു ദിവസം മരണം നമ്മെ പിടികൂടും അതിനാൽ നമ്മുടെ രക്ഷകനെ മറക്കാതെ അവനായ് നമുക്ക് വേലചെയ്യാം.)

## നിശ്ചയം

**ഞങ്ങളുടെ ആയുസ്സിൽ ഞങ്ങൾക്ക് ലഭിക്കുന്ന ഓരോ നിമിഷവും ജീവിതത്തിൽ വിലപ്പെട്ടതായി കണ്ട് ദൈവത്തിൽ ആശ്രയിച്ച് സമയം ഞങ്ങൾ പ്രയോജനപ്പെടുത്തും.**
**അലസതയും മടിയും ഉപേക്ഷിച്ച്, കൃത്യനിഷ്ഠയോടെ, സന്തോഷത്തോടെ ഞങ്ങൾ വേല ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പേജ് 12. സൂത്താറായുടെ നമസ്ക്കാരത്തിലെ ഒരു പ്രാർത്ഥന.

*കർത്താവേ നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ. നിന്റെ നൽവരത്തിന്റെ ഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കണമെ. ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | സന്ധ്യ |
|---|---|---|
| ഞായർ | – | സഭാപ്രസംഗി 1 |
| തിങ്കൾ | സഭാ. 2:1–17 | സഭാ. 2:18–26 |
| ചൊവ്വ | സഭാ. 3 | സഭാ. 4 |
| ബുധൻ | സഭാ. 5 | സഭാ. 6 |
| വ്യാഴം | സഭാ. 7:1–14 | സഭാ. 7:15–29 |
| വെള്ളി | സഭാ. 8 | സഭാ. 9 |
| ശനി | സഭാ. 10 | സഭാ. 11 |
| ഞായർ | സഭാ. 12 | – |